# അന്ത്യശ്വാസം

## THE LAST BREATH



വികലവും വേദവിരുദ്ധവുമായ
പഠിപ്പീരുകൾ, പ്രവണതകൾ,
കീഴ്വഴക്കങ്ങൾ എന്നിവയെക്കുറിച്ചുള്ള
ക്രിയാത്മകവിമർശനങ്ങളും പച്ചയായ
വെളിപ്പെടുത്തലുകളും ഉൾപ്പെടുത്തി
എന്ന ഏക കാരണത്താൽ മിക്ക
ക്രിസ്തീയ പ്രസാധകരും പ്രസിദ്ധീകരണം
നിഷേധിച്ച ഗ്രന്ഥം

**സണ്ണി പ്ലാന്തോപ്പിൽ**

# അന്ത്യശ്വാസം

## THE LAST BREATH

# ANTHYASWASAM

[Malayalam]

**SUNNY PLAMTHOPPIL**

© Copyright 2013 by Gospel Literature Mission.

Published by
GOSPEL LITERATURE MISSION,
Kodukulanji, Kerala

All rights reserved. No portion of this book may be reproduced or transmitted in any form or any means, electronic or mechanical, including photocopy, recording or any information storage and retrieval system, without written permission from the GLM.

For copies please contact :
Cell : 9000399808 / 9995216042
E-mail : sunnyplamthoppil@yahoo.co.in

**Price : ₹ 150.00**

# താളുകൾ മറിയുമ്പോൾ


മുഖക്കുറിപ്പ്........................................................1
വിലയിരുത്തലുകൾ......................................5
ഒരു നിമിഷം................................................................11
സ്നേഹവായ്പ്പോടെ.....................................................13
ചിന്തകൾ ഉണരും മുമ്പെ.........................................15


# ചിതറിയ ചിന്തകൾ


| | | |
|---|---|---|
| 1. | മരണം ഒരു യാഥാർത്ഥ്യം | 19 |
| 2. | ജനന മരണം- "ഒരു ഏശാവു യാക്കോബ് പോരാട്ടം" | 23 |
| 3. | "തിരശ്ശീലക്കു പിന്നിലെ അതിവിശുദ്ധ സ്ഥലം"- ഒരെത്തിനോട്ടം | 31 |
| 4. | മരണം - "ഒരു കുതിച്ചുചാട്ടം" | 39 |
| 5. | വെളിപ്പാടു പുസ്തകം - ഒരു കവി ഭാവന? | 51 |
| 6. | മരണം - "കയ്പിൽ പൊതിഞ്ഞ മധുരക്കനി" | 55 |
| 7. | മരണം - നമ്മുടെ വിലയിരുത്തൽ | 59 |
| 8. | ഒരുപിടി അപ്രിയ സത്യങ്ങൾ | 63 |
| 9. | മരണമൊഴികൾ | 69 |
| 10. | ഒരുക്കപ്പെടൽ | 79 |
| 11. | മരണം - "ഒരു കല" | 89 |
| 12. | ചുവടുമാറ്റം - പരിജ്ഞാനത്തോടെ | 93 |
| 13. | "നഗ്നവും മലർന്നതും!" | 97 |
| 14. | പിതാക്കന്മാരുടെ മരണം - ഒരു തിരിഞ്ഞുനോട്ടം | 107 |
| 15. | "Born Again" - കാർക്കു ഒരു വീണ്ടും ജനനം! | 117 |
| 16. | വിശ്വാസ തീവ്രതയുടെ സീയോൻ പർവ്വതം! | 133 |
| 17. | സ്വർഗ്ഗീയപാതയിലെ തടങ്കൽപാറകൾ | 137 |
| 18. | മലയെ നീക്കും വിശ്വാസം | 165 |
| 19. | വിധിയ്ക്കരുത്! | 171 |
| | വേദപുസ്തകത്താളുകളിലൂടെ... | 176 |

നന്ദി



# മുഖക്കുറിപ്പ്

പ്രൊഫ. കോശിതലയ്ക്കൽ

(സഭാവിഭാഗമെന്യേ ആളിക്കത്തുന്ന അഭിഷേകത്തിന്റെ അഗ്നിജ്വാലകളുയർത്തിയ, ജീവിതാനുഭവങ്ങളുടെ കനലെരിയും ഉലയിൽ പരിശുദ്ധാത്മാവിനാൽ സ്ഫുടം ചെയ്യപ്പെട്ട ഒരുപിടി പ്രത്യാശാഗാനങ്ങളുതിർത്ത അതിശക്തമായ തൂലികയുടെ ഉടമ. സി.എസ്.ഐ മദ്ധ്യകേരള മഹായിടവക ആത്മായസംഘടനയുടെ വൈസ് പ്രസിഡന്റായും ആത്മായസന്ദേശം മാസികയുടെ എഡിറ്റർ ആയും നിസ്വാർത്ഥ സേവനം അനുഷ്ടിക്കുന്ന പ്രഗൽഭ സുവിശേഷ പ്രഭാഷകനും, കവിയും തികഞ്ഞ സാഹിത്യകാരനുമായ പ്രൊഫ. കോശിതലക്കലിന്റെ, "നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ", "ദൈവമെ നിനക്ക് സ്തോത്രം പാടിടും", "നല്ലവനെ നൽവഴികാട്ടിയെന്നെ വഴിനടത്തൂ", "എൻ പ്രിയനെ നിൻ പൊൻമുഖം കാണാൻ എനിക്കാശ" എന്നിത്യാദി ഒട്ടനവധി ആത്മീയ ഗീതങ്ങൾ ക്രൈസ്തവ ആരാധനക്കു ലഭിച്ച അമൂല്യ സ്വർഗ്ഗീയ വരദാനങ്ങളാണ്.)

ആഴമേറിയ ആത്മചൈതന്യവും, വചനാധിഷ്ഠിത ധർമ്മബോധവും, അന്യാദൃശമായ ഭാഷാ സൗന്ദര്യവും ഒത്തിണങ്ങി നിൽക്കുന്ന സവിശേഷമായ ഒരു ഗ്രന്ഥമാണ് 'അന്ത്യശ്വാസം'. (THE LAST BREATH) ഗ്രന്ഥകർത്താവ് സണ്ണി പ്ലാന്തോപ്പിൽ കൊല്ലകടവ് എന്റെ ബന്ധു ആയതുകൊണ്ടാണ് ഇങ്ങനെ എഴുതിയതെങ്കിൽ അതെന്റെ സത്യബോധത്തിന്റെ ന്യൂനത എന്നേ പറയാനാവു.മരണം എന്ന ഭയജനകമായ ഭൗതിക പ്രഹേളികയെ തിരുവചന വെളിച്ചത്തിൽ അനുസന്ധാനം ചെയ്ത് അതിനെ മധുരക്കനിയാക്കി, മരണം- ഒരു കല എന്ന അത്യൂദാത്തമായ ദർശനത്തെ ഉന്നമിപ്പിക്കുന്ന ആ നിരീക്ഷണ വൈഭവം അസൂയാർഹമാണ്. "ജനന മരണങ്ങൾ - ഒരു ഏശാവു യാക്കോബ് പോരാട്ടം" എന്ന അദ്ധ്യായം അപൂർവ്വമായ വചന വ്യാഖ്യാന പാടവത്തിന് ഉദാഹരണമായി ഉദ്ധരിക്കാം. "ഏശാവിന്റെ ജനനത്തിനൊപ്പം തന്നെ അവന്റെ ഉന്മൂലനാശവും പിറവിയെടുത്തിരുന്നു. താൻ തിരഞ്ഞെടുത്ത യിസ്രായേൽ ജനതയിൽക്കൂടി താൻ ദ്വേഷിക്കുന്ന

ഏദോമ്യജാതിയുടെ മരണം യഹോവയായ ദൈവം അവന്റെ ജന നമുഹൂർത്തത്തിൽത്തന്നെ ഉറപ്പാക്കിയിരുന്നു. ഇതാ, ഇവിടെ ജന നവും മരണവും ഒരേ ഗർഭപാത്രത്തിൽനിന്ന് ഒരേ നിമിഷം തന്നെ പിറവിയെടുക്കുന്നു . ആഴത്തിലുള്ള പഠനം വിളിച്ചുവരുത്തുന്ന ഒരു നിഗമനമാണിത്.

ആധുനിക സഭകളിലെ ആരാധനാ വൈകൃതങ്ങളേക്കുറിച്ചുള്ള ഗ്രന്ഥകർത്താവിന്റെ വിലയിരുത്തലുകൾ കാലിക പ്രസക്തിയുള്ളതായി. പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം കണ്ടിരുന്ന വികലവും വേദവിപരീതവുമായ രീതികൾ അതിവേഗമാണ് കിനാവള്ളിപോലെ നമ്മുടെ വിശ്വാസ സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ് ആരാധനയും, ഭൗതികതയിലുള്ള അത്യാർത്തിയും, ദേവാലയ കവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന മെഷീനുകളിലൂടെയുള്ള സ്തോത്രകാഴ്ച- സംഭാവന സമർപ്പണവും ഒക്കെ സാങ്കേതിക സംസ്കൃതിയുടെ ഭാഗമായി മാത്രം എഴുതിത്തള്ളുവാൻ കഴിയുകയില്ല. ദൈവത്തെ ശാസ്ത്രവത്ക്കരിക്കുന്നതും, സാങ്കേതിക കള്ളികളിൽ ഒതുക്കുന്നതും മനുഷ്യബുദ്ധിയുടെ സംഭ്രമാത്മകമായ പരിമിതിയുടെ വൈകൃതം മാത്രമാണ്. ഇനിയും കണ്ടെത്താത്ത പ്രപഞ്ചരഹസ്യങ്ങളുടെ മുമ്പിൽ ശാസ്ത്രത്തിന് എന്തു പ്രസക്തി.

ദുരുപദേശങ്ങളേക്കുറിച്ചും, വചനത്തിന്റെ ദുർവ്യാഖ്യാനങ്ങളേക്കുറിച്ചും യുക്തിസഹമായ സമീപനമാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള വിചിന്തനങ്ങൾ ആത്മീയ ദർശനമുള്ള ആർക്കും ഉണ്ടാകുന്ന വേദനകൾ മാത്രമാണ്. സമൃദ്ധിയുടെ സുവിശേഷ (Prosperity Theology) ത്തേക്കുറിച്ചുള്ള വിമർശനവും വസ്തുതാപരമെന്നേ പറയേണ്ടു. മതം (Religion) എക്കാലത്തും മഹത്വപരിവേഷങ്ങളുടെ പിന്നാലെ ആയിരുന്നു. പുരോഹിതന്മാർ മഹത്വത്തിന്റെ വേദശാസ്ത്ര (Theologia Gloriae) ത്തെയാണ് അഭിലഷിച്ചത്. അവർ യേശുവിനെതിരെ ദൈവദൂഷണം ആരോപിച്ചത് അതുകൊണ്ടാണ്. എന്നാൽ ക്രിസ്തീയ മാർഗ്ഗം ക്രൂശിന്റെ ദൈവശാസ്ത്രം ആണ് അവതരിപ്പിക്കുന്നത്. (Theologia Crucis). ആധുനിക സഭകൾക്ക് കൈമോശം വരുന്നതു ക്രൂശാണ് ; ക്രൂശിന്റെ ദൈവശാസ്ത്രമാണ്. അടയാളം തിരയുന്ന ദോഷവും വ്യഭിചാരവുമുള്ള ഒരുതലമുറയായി നാം തീർന്നിരിക്കു

ന്നു. യെശയ്യാവു പ്രവചിച്ചതും യേശുകർത്താവ് ഉദ്ധരിച്ചതുമായ ആ വചനമാണ് ഇവിടെ അനുസ്മരിച്ചുപോകുന്നത്. "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്ന് ദൂരത്ത് അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" .(മർക്കൊസ് . 7:6, യെശ. 29:13)

"സ്വർഗ്ഗീയപാതയിലെ തടങ്കൽപാറകൾ " എന്ന അദ്ധ്യായം ആരും ശ്രദ്ധ സമർപ്പിച്ചു വായിക്കേണ്ടതാണ്. മരണയോർദ്ദാനിലേക്ക് കടക്കുന്നതിന് മുമ്പ് മനുഷ്യ ജീവിതത്തിൽ ഉണ്ടാകുന്ന "ആസന്ന മരണചിന്താശതകങ്ങൾ 'എന്ന് കവി വിശേഷിപ്പിക്കുന്ന ഭീതിശതകങ്ങളെ ആത്മീയ മൂശയിൽ അതിജീവനത്തിന്റെ മന്ത്രാക്ഷരിയാക്കി പരിണമിപ്പിക്കുവാൻ സഹായിക്കുന്നതാണ് പ്രസ്തുത അദ്ധ്യായത്തിലെ വിചിന്തനങ്ങൾ.

ചുരുക്കത്തിൽ അസാധാരണമായ വായനാനുഭവം നല്കിയ ഒരു ക്രിസ്തീയ ഗ്രന്ഥമാണ് 'അന്ത്യശ്വാസം'. രചനയുടെ സൗകുമാര്യംകൊണ്ടും, ഉൾക്കാഴ്ചയുടെ ഉൾക്കാമ്പുകൊണ്ടും, ദർശനത്തിന്റെ വൈശദ്യംകൊണ്ടും, വചനത്തിന്റെ സംഗതമായ സന്നിവേശം കൊണ്ടും വേറിട്ടുനിൽക്കുന്ന ഒരു ഗ്രന്ഥം. ഉള്ളിൽ എരിഞ്ഞുപിടിച്ച ആത്മീയ പ്രഭാവം കൊണ്ട് എഴുതിപ്പോയ ഒരു ഗ്രന്ഥമെന്നേ പറയേണ്ടു. യിരമ്യാവിനേപ്പോലെ ഉള്ളിലടക്കിനിർത്തുവാൻ കഴിയാതെ, അസ്ഥികളിൽ അടെക്കപ്പെട്ടിട്ട് ഹൃദയത്തിൽ തീകത്തും പോലെ എരിഞ്ഞു പടരുന്ന അഗ്നി പ്രഭാവം.( യിര. 20:9)

നിരവധി അനുവാചകർ ഈ ഗ്രന്ഥത്തിനുണ്ടാവണം. അനുവാചകർമാത്രമല്ല, ഈ ഗ്രന്ഥത്തിൽ അവതരിക്കപ്പെട്ടിരിക്കുന്ന ചിന്തകൾക്ക് നിരവധി അനുധാവനങ്ങളും ഉണ്ടാകണം. രചനയിൽ സണ്ണിയുടെ ചിന്തകളേയും തൂലികയേയും നയിച്ച ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനു സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഹൃദയ പൂർവ്വമായ ആശംസകൾ അർപ്പിച്ചുകൊണ്ട് 'അന്ത്യശ്വാസം' എന്ന ഈ കൃതി ക്രൈസ്തവ സമൂഹത്തിന്റെ ശ്രദ്ധാപൂർവ്വമായ വായനക്കായി സമർപ്പിക്കട്ടെ.

ഈലിം, കുറവൻകോണം, തിരുവനന്തപുരം.



# വിലയിരുത്തലുകൾ

പാസ്റ്റർ അനീഷ് കാവാലം

(സഭയുടെ ഭൗതിക വളർച്ച മുന്നിൽ കണ്ടും, സ്വാർത്ഥല ക്ഷ്യങ്ങൾ പരിരക്ഷിച്ചുംകൊണ്ട് പലരും തിരുവചന സത്യ ങ്ങൾക്കുനേരെ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുമ്പോൾ, മുഖം നോക്കാതെ വേദപുസ്തക ഉപദേശങ്ങളും മർമ്മങ്ങളും കണ്ണും പൂട്ടി എരിവോടെ വിളിച്ചോതുന്ന പാ.അനീഷ് കാവാലത്തിന്റെ ആത്മീയ ധൈര്യം അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തനാക്കുന്നു. ഹൈന്ദവപാരമ്പര്യത്തിൽ നിന്നും ദൈവം വിളിച്ചുവേർതിരിച്ച പ്രിയ ദൈവദാസൻ ലോക്കൽ പാസ്റ്ററായി വിവിധയിടങ്ങളിൽ സേവനം അനുഷ്ടിച്ചശേഷം ഐ.പി.സിയുടെ സഞ്ചാര സുവിശേഷകൻ, വചനപ്രഘോഷകൻ എന്നീ നിലകളിൽ, പ്രത്യേകിച്ചും പെന്തക്കോസ്തു സഭകളിലെ ശുദ്ധീകരണം പരമ ദൗത്യമായി ഏറ്റെടുത്തുകൊണ്ട്, ദാവീദ് രാജാവിന്റെ മുഖത്തു നോക്കി "ആ മനുഷ്യൻ നീ തന്നെ" എന്ന് സധൈര്യം വിളിച്ചുപ റഞ്ഞ നാഥാൻ പ്രവാചകന്റെ ആത്മാവോടുകൂടി സജീവ കത്തൃ ശുശ്രൂഷയിലായിരിക്കുന്നു.)

ക്രമീകൃത വേദശാസ്ത്രപഠനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗം ആണ് അന്ത്യകാലശാസ്ത്രം അഥവാ ESCHATOLOGY.ഈ പഠനശാഖയിലെ അടിസ്ഥാന വാക്യമായി വേദശാസ്ത്ര പഠിതാക്കൾ കരുതുന്നത്, 1 പത്രോസ് 4: 7-ാം വാക്യം ആണ്. "എന്നാൽ എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കു ന്നു. ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരു മായിരിപ്പിൻ" എന്നാകുന്നു ഈ വാക്യം. ഈ വാക്യം അടിസ്ഥാ നമാക്കി അന്ത്യകാലശാസ്ത്രത്തെ രണ്ടായി തിരിച്ച് പഠിക്കാൻ കഴിയും.

1. വ്യക്തി ജീവിതാന്ത്യശാസ്ത്രം [INDIVIDUAL ESCHATOLOGY]
2. പൊതു അന്ത്യശാസ്ത്രം [GENERAL ESCHATOLOGY]

വ്യക്തിജീവിതാന്ത്യത്തെ ജീവാവസാനം എന്നും ( എബ്രാ 13: 7) പൊതു അന്ത്യത്തെ ലോകാവസാനം (1 പത്രോസ് 4: 7) എന്നും വിളിക്കുന്നു. ഈ ചെറിയ ഗ്രന്ഥത്തിൽ വ്യക്തിജീവിതാന്ത്യത്തെ അഥവാ ജീവാവസാനം എന്ന വിഷയത്തെ ആധാരമാക്കി വിഷയം മുൻപോട്ടുകൊണ്ടുപോകുന്നതിൽ എഴുത്തുകാരൻ അതീവ ശ്രദ്ധപുലർത്തിയിരിക്കുന്നുവെന്ന് എടുത്തു പറയാതെ വയ്യ.

മനുഷ്യ ജീവിതത്തിന് പ്രധാനമായും മൂന്ന് ഘട്ടങ്ങൾ ഉണ്ട്.

(2 കൊരി.5:1-10)

1. കൂടാരമായ ഭൗമ ഭവനത്തിൽ (ശരീരത്തിൽ) വസിക്കുന്നകാലം.

2. കൂടാരം (ശരീരം) വിട്ട് ആത്മലോകത്തിൽ വസിക്കുന്ന കാലം

3. ശരീരത്തിൽ വസിക്കുമ്പോൾ ചെയ്തതിനു ഒത്തവണ്ണം പ്രതിഫലം വാങ്ങി നിത്യമായി ജീവിക്കുന്ന കാലം.

ഇവയിൽ കൂടാരമായ ഭൗമ ഭവനത്തിൽ, അതായത് ശരീരത്തിൽ വസിക്കുമ്പോൾ ഒരു ദൈവ പൈതൽ എന്തായിരിക്കുവെന്നും എങ്ങനെ ജീവിക്കണമെന്നുമുള്ള വിഷയം ആധികാരികമായി പ്രതിപാദിക്കുന്നതിൽ ഗ്രന്ഥകർത്താവ് മികവ് പുലർത്തിയിരിക്കുവെന്നതിൽ രണ്ടുപക്ഷമില്ല.

ഈ വിഷയം കൈകാര്യം ചെയ്യുമ്പോൾ സമകാലിക വിഷയങ്ങളിൽക്കൂടി ശ്രദ്ധ പതിപ്പിക്കുന്നതിൽ വിജയിച്ചിരിക്കുന്നുവെന്നതും പ്രശംസനീയമാണ്.

വർത്തമാനകാലത്തിൽ വൈദ്യശാസ്ത്രത്തിന് തലവേദനയായി മാറിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്- വിഷാദരോഗം. നാളെയെക്കുറിച്ചുള്ള ആശങ്ക മനുഷ്യമനസ്സിനെ വല്ലാതെ ഉലച്ചുകളയുമ്പോൾ ഒരു ക്രിസ്തീയ ഭക്തനു മാത്രമേ ഭാവിയോർത്ത് പുഞ്ചിരിക്കുവാൻ കഴിയുകയുള്ളു. ഈ ലക്ഷ്യ പ്രാപ്തിയിലേക്ക് വായനക്കാരെ എത്തിക്കുന്നതിലും ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ക്രിസ്തീയ ഗ്രന്ഥലോകത്തു ഈ പുസ്തകം ഒരു മുതൽക്കൂട്ടാകുമെന്നതിൽ അഭിമാനിക്കാൻ വകയുണ്ട്.

മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ അതിന്റെ അത്യുച്ചകോടിയിലെത്തി നിൽകുമ്പോഴും ശാസ്ത്രത്തിന് ചെന്നെത്താൻ കഴിയാതിരിക്കുന്ന പല വിഷയങ്ങളിലും വേദപുസ്തകത്തിന് മറുപടി നൽകാൻ കഴിയുമെന്ന യാഥാർത്ഥ്യം ഈ പുസ്തക രചനയുടെ പിമ്പിലുണ്ടെന്നതു ഏതൊരു വായനക്കാരനും ബോദ്ധ്യമാകും.

ചില നാളുകൾക്കുമുമ്പു അമേരിക്കയിലെ കണകികട്ട് [CONNECTICUT UNIVERSITY] യൂണിവേഴ്സിറ്റിയിൽ പുതിയ ഒരു വിഷയംകൂടെ പഠനശാഖയിൽ ഉൾപ്പെടുത്തി. തനറ്റോളജി [THANATOLOGY]എന്നാണ് ഈ വിഷയത്തിന് പേർ കൊടുത്തിരിക്കുന്നത്. തനറ്റോസ് എന്ന യവനഭാഷയിലെ വാക്കിനർത്ഥം- മരണം എന്നാണ്. തനറ്റോളജി എന്നാൽ ധടാഡഉഥ അആഛഡാ ഉജ്ജഅഠഒപമരണത്തെക്കുറിച്ചും മരണത്തെത്തുടർന്നു ഒരു വ്യക്തിയിൽ എന്തൊക്കെ സംഭവിക്കുന്നുവെന്നതിനെക്കുറിച്ചുമുള്ള ശാസ്ത്രീയ പഠനമാണ് ഈ വിഷയം. ഈ പഠനം മറ്റൊരു യാഥാർത്ഥ്യം വെളിവാക്കുന്നു. മരണംകൊണ്ടു ജീവിതമവസാനിക്കയല്ലെന്നും അതിനപ്പുറത്തായി മറ്റൊരു ജീവിതം ഉണ്ടെന്നും ശാസ്ത്രലോകവും അംഗീകരിക്കുന്നുവെന്നതിന് തെളിവാണ് ഈ ഉദ്യമം. ക്രിസ്തുഭക്തന്റെ ഭാവിയെന്താണെന്നും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ക്രിസ്തീയ വിശ്വാസം എന്താണെന്നും ഏതൊരു വായനക്കാരനും ബോദ്ധ്യമാകത്തക്ക വിധത്തിൽ അവതരിപ്പിക്കുന്നതിൽ രചനാശൈലി മികവു പുലർത്തിയിരിക്കുന്നു.

ക്രൈസ്തവപുസ്തകലോകത്തിന് ഈടുറ്റ ധാരാളം രചനകൾ ഇനിയും ലഭ്യമാകുവാൻ കർത്താവ് ദൈവദാസനെ സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ

**പാസ്റ്റർ അനീഷ് കാവാലം**



# വിലയിരുത്തലുകൾ

റവ. ഡോ. കുരുവിള ജോർജ്ജ് തടത്തിൽ

(സിഎസ്ഐ മദ്ധ്യകേരളമഹായിടവകയിലെ ഉന്നതരായ മുതിർന്ന വൈദികപ്രമുഖരിൽ ഒരാളായ റവ. ഡോ.കുരുവിള ജോർജ്ജ്, കറയറ്റ ഇടവക ശുശ്രൂഷകൻ, മിഷനറി എന്നി നില കൾക്ക് പുറമെ മഹായിടവക ഖജാൻജി, കണ്ണമ്മൂല സെമിനാരി പ്രിൻസിപ്പൽ എന്നീ ശ്രേഷ്ഠ പദവികളിലും സ്തുത്യർഹവും നീതി നിഷ്ടവുമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വേദപണ്ഡിതനും, വചനവ്യാഖ്യാതാവും, നിർമ്മല സുവിശേഷത്തിന്റെ വക്താവുമായ ഇദ്ദേഹം സജീവസേവനത്തിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു.)

ശ്രീ സണ്ണിപ്ലാന്തോപ്പിൽ രചിച്ച "അന്ത്യശ്വാസം" എന്ന കൃതി മരണം എന്ന വിഷയത്തെക്കാൾ ഇന്ന്, ആത്മിക പ്രസ്ഥാന ങ്ങളെ ബാധിച്ചിട്ടുള്ള വിനാശകരമായ ജീർണ്ണതയെയാണ് പരാ മർശിക്കുന്നത്. വിശ്വാസപരവും ആചാരപരവുമായ പാളിച്ചകൾ ആ പ്രസ്ഥാനങ്ങളുടെ തകർച്ചയ്ക്ക് കാരണമായിത്തീരും എന്ന് ഗ്രന്ഥകർത്താവു സൂചിപ്പിക്കുന്നു.

ആത്മീയഗോളത്തിൽ ന്യായമായും പ്രതീക്ഷിക്കുന്ന ഭയവും ഭക്തിയും ജീവിതവിശുദ്ധിയും കണ്ടെത്താൻ കഴിയാതെ നിരാശപ്പെടുന്ന ഒരു സാധാരണ വിശ്വാസിയുടെ അമർഷമാണ് ഈ ഗ്രന്ഥത്തിൽ ഉടനീളം കാണുന്നത്.

സഭകളിൽ കാണുന്ന ആത്മഹത്യാപരമായ കിടമത്സരവും തൊട്ടുകൂടായ്മയും, ദൈവവിളിരാഹിത്യം, ലൗകികത്വം, കുടും ബസ്വൈരത്തെ കെടുത്തുന്ന വിരുദ്ധോപദേശങ്ങൾ, സമൃദ്ധിയുടെ സുവിശേഷമെന്ന വേദവൈപരീത്യം, വിശ്വാസികളെ പിളർക്കുന്ന അവിശ്വസ്തത, ആരാധനാരംഗത്തെ കാപട്യം, ബൈബിൾ കോളജ്ജുകളുടെ പേരിലുള്ള തട്ടിപ്പുകൾ, പ്രവചനമെന്ന നാട്യ ത്തിലുള്ള ചൂഷണങ്ങൾ, വ്യാപകമായ അധാർമ്മികത തുടങ്ങിയ

ദുഷിച്ച പ്രവണതകളെയും വഞ്ചനകളെയും അതിശക്തമായ ഭാഷയും ആക്ഷേപഹാസ്യവുമുപയോഗിച്ച് ഗ്രന്ഥകർത്താവു വിമർശിക്കുന്നു.

അതോടൊപ്പം ജീവിതത്തോടും മരണത്തോടുമുള്ള ആരോഗ്യകരമായ സമീപനങ്ങൾ വേദപുസ്തകത്തിന്റെ അടിസ്ഥാത്തിൽ അദ്ദേഹം വ്യക്തമാക്കുന്നുമുണ്ട്. മാരകമായ രോഗംബാധിച്ച് യാതനയുടെ അടിത്തട്ടിലെത്തിയിട്ടും പരാതികൂടാതെയും പ്രത്യാശ കൈവെടിയാതെയും അന്ത്യത്തോളം കർത്താവിനോട് വിശ്വസ്തത പാലിച്ച സുദീഷ് (ഫിലിപ്പ് മാത്യു) എന്ന യുവാവിന്റെ തിളക്കമുള്ള ഉദാഹരണവും അദ്ദേഹം എടുത്തുകാട്ടുന്നുണ്ട്.

ആദ്ധ്യാത്മികരംഗത്തുള്ള ഇന്നത്തെ നാട്യങ്ങളെയും അപചയങ്ങളെയും വെറുക്കുകയും സംശുദ്ധമായ ആത്മീയ ജീവിതം ആഗ്രഹിക്കുകയും ചെയ്യുന്ന ഏതു സഭാംഗവും, സഭാ ശുശ്രൂഷകനും അവശ്യം വായിക്കേണ്ട ഗ്രന്ഥമാണിത്.

തടത്തിൽ,

മാവേലിക്കര.



# ഒരു നിമിഷം!

ഡോ. പി. തോമസ് മാത്യു

(ജീവിതയാത്രയിൽ തിക്താനുഭവങ്ങൾക്ക് ഗുരുസ്ഥാനം നൽകി ആദരിക്കുന്ന ഡോ.പി. തോമസ് മാത്യു, എപ്പിസ്ക്കോപ്പലും പെന്ത ക്കോസ്തലുമായ സഭകളുടെ ആത്മീയ കാഴ്ചപ്പാടിനും, പ്രത്യയ ശാസ്ത്രങ്ങൾക്കും, ആരാധനക്കുമതീതമായി സഭകളിൽ ഒരു വീണ്ടും ജനനവും, പരിശുദ്ധാത്മാവിൽ കേന്ദ്രീകൃത ആരാധനയും ക്രിസ്തുയേശുവിൽ പ്രത്യാശിക്കുന്നതും ആയതിലേക്ക് അജപാ ലകരെയും അജഗണത്തെയും ഒന്നുപോലെ ആഹ്വാനം ചെയ്യുന്നതും ദിനചര്യയാക്കി മാറ്റിയ ഒരു ആത്മീയ വിപ്ലവ മുന്നേറ്റത്തിന്റെ ഒറ്റയാൾ പട്ടാളമാണ്. പ്രത്യാശാനിർഭരവും ഒപ്പം ഹൃദയഭേദകവു മായ വാത്സല്യമകന്റെ അകാലവേർപാടിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട ഇദ്ദേഹത്തിന്റെ കറപുരളാത്ത കരങ്ങളിൽ, അന്ത്യയാ ത്രക്ക് മുമ്പ് മകൻ സുദീഷിനാൽ തുടക്കമിട്ടതും, മരണാസന്നരോ ഗികൾക്ക് ആത്മിയവും ഭൗതികവുമായ ആശ്വാസവും സഹായവും എത്തിക്കുന്നതുമായ Mercy Ministries എന്ന നിശ്ശബ്ദ ശുശ്രൂഷ യുടെ ചുക്കാൻ സുരക്ഷിതമാണ്.)

ഈ ചെറിയ പുസ്തകം വായിക്കുവാൻ ദൈവത്തിന്റെ ആത്മാവ് താങ്കൾക്കു പ്രേരണ തന്നു എങ്കിൽ, അതേ ആത്മാവ് തന്നെ താങ്ക ളുടെ ഉള്ളത്തോട് ഹൃദ്യമായി ഇടപെടുകയും, തീർച്ചയായും സർവ്വ ശക്തൻ, താങ്കളെ ധാരാളമായി അനുഗ്രഹിക്കുകയും ചെയ്യും എന്ന് ഞാൻ വിശ്വസിക്കുന്നു.

മാന്യ വായനക്കാരുടെ ഭാഗത്തു നിന്നും ആത്മാർത്ഥമായ ഒരു തയ്യാറെടുപ്പ് അനിവാര്യമാണ്. ക്രിയാത്മകവിമർശനബുദ്ധ്യാ വായി ക്കുന്നതു നന്ന്; നിഷേധാത്മകമനോഭാവം ഘനമേറിയതു പലതും നഷ്ടമാക്കിയേക്കാം. ഒരുവൻ എന്തു എങ്ങനെ എഴുതിയാലും പറ ഞ്ഞാലും, വായിക്കുന്നവനും കേൾക്കുന്നവനും അവ ഗ്രഹിക്കുന്നില്ല എങ്കിൽ ഇരുവർക്കും പ്രയോജനം ഏതുമില്ല. അവസാന താളു കൾ മറിയുമ്പോൾ ധനനഷ്ടവും, സമയ നഷ്ടവും, മാനഹാനിയും ഫലമെങ്കിൽ, പാളിച്ച എവിടെ എന്ന് ദയവായി വിലയിരുത്തുക. ഹാസ്യം കലർന്നിട്ടുണ്ടെങ്കിലും ഫലിതം വായിക്കുന്ന ലാഘവ ത്തോടെ വായന അരുത്. വിലയേറിയ സമയത്തെ നിഷ്ക്കരുണം

വധിക്കുവാനും ശ്രമിക്കരുത്. തിരക്കെങ്കിൽ പുസ്തകം തുറക്കുകയും, മനസ്സ് സംഘർഷമെങ്കിൽ വായന തുടരുകയും അരുത്. തുടക്കം മുതൽ ഒടുക്കം വരെ ഏകാഗ്രത താങ്കൾക്ക് മുതൽക്കൂട്ടായിരിക്കട്ടെ.

ഒരിക്കൽകൂടി വായിക്കാൻ മോഹമെങ്കിൽ, ആശയെ കെടുത്തിക്കളയരുത്. കാരണം, ഒരു പക്ഷേ, ആവർത്തനത്തിലാവാം ഒളിഞ്ഞിരിക്കുന്ന മർമ്മം താങ്കളുടെ ഹൃദയത്തെ തൊട്ടുണർത്തുന്നത്. വായന പുരോഗമിക്കുന്നതിനോടൊപ്പം സ്വയം ചോദ്യംചെയ്യലുകൾ സത്യവുമായി ഒരു നേർക്കാഴ്ചക്കും ആത്മീയവർദ്ധനക്കും തീർച്ചയായും താങ്കളെ സഹായിക്കും. ഹൃദയാന്തർഭാഗത്തുനിന്നും പൊന്തിവരുന്ന ഒരു നിശ്ശബ്ദ പ്രാർത്ഥനാ മന്ത്രത്തോടെ ആരംഭിക്കൂ...... അന്തരംഗം താനെ ഉതിർക്കുന്ന സ്തോത്രത്തോടെ അവസാനിപ്പിക്കൂ..... ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ എന്ന ഹൃദയംഗമായ പ്രാർത്ഥനയോടെ, ചിതറിയ ചിന്താശകലങ്ങളെ ഉള്ളിന്റെയുള്ളിൽ ആതീവ ശ്രദ്ധയോടെ ഒന്നൊന്നായി പെറുക്കി അടുക്കുവാൻ, സർവ്വശക്തനായ ദൈവത്തിന്റെ നാമത്തിൽ പ്രിയ വായനക്കാരാ, താങ്കളെ ഈ എളിയ സഹോദരൻ സസന്തോഷം സ്വാഗതം ചെയ്യുന്നു.

മേഴ്സി മിനിസ്ട്രീസ്,
കോടുകുളഞ്ഞി.

# സ്നേഹവായ്പോടെ...

രാത്രിയുടെ കനത്ത ഇരുളിൽ കരിമ്പാറക്കൂട്ടങ്ങൾ പോലെ ഉരുണ്ടുകൂടി, രാവെളുപ്പോളം വെള്ളിടിവെട്ടി ആർത്തലച്ചു പേമാരിയായി പെയ്തിറങ്ങുന്ന വർഷകാലമേഘങ്ങളുടെ കറുത്ത ഭീകരതയെ വെല്ലുന്ന പിണക്കത്തിന്റെ കൊടിയ കയ്പും, ആടിക്കുഴയുന്ന പുൽക്കൊടി ത്തുമ്പിലെ മഞ്ഞുതുള്ളി ആർത്തിയോടെ ആവാഹിച്ചെടുത്ത പ്രഭാത സൂര്യകിരണങ്ങളുടെ സപ്തവർണ്ണങ്ങളെ നിഷ്പ്രഭമമാക്കുന്ന ഇണക്ക ത്തിന്റെ അതിമധുരവും മാറിമാറി നുണയുവാൻ വിരുന്നൊരുക്കിയ ദാമ്പത്യ ജീവിതത്തിനായി പ്രപഞ്ചകർത്താവിന് സ്തുതി കരേറ്റുന്നു.

ജീവിതത്തിന്റെ സായംസന്ധ്യയിൽ ഞങ്ങളും താങ്കളും ഒരുപോലെ മധുരം മാത്രം ആവോളം നുകരുവാനുള്ള വരപ്രാപ്തിക്കുവേണ്ടി ഒരു പ്രാർത്ഥനാമന്ത്രമായി, ഈ ലോക ജീവിതത്തിൽ യോജിച്ച ഇണയും തുണയുമായി നൽകപ്പെട്ട എന്റെ പ്രിയ കൂട്ടുകാരി റെജിയിലൂടെ ഇണക്കത്തിലും പിണക്കത്തിലും ഒരുപോലെ അനർഗ്ഗളം നിർഗ്ഗളിക്കുന്ന സ്നേഹവാത്സല്യങ്ങളുടെ നീരുറവയുടെ ഊഷ്മളതയ്ക്കുമുമ്പിൽ ഒരു പനിനീർപ്പൂവിന്റെ നൈർമ്മല്യത്തോടെ ഞാൻ ഈ ചെറുഗ്രന്ഥം അതിരറ്റ വികാരവായ്പോടെ സമർപ്പിക്കുന്നു.

# ചിന്തകൾ ഉണരും മുമ്പെ

ഏതാനും വർഷങ്ങളായി നിശ്ശബ്ദമായി എന്നെ അനുധാവനം ചെയ്തിരുന്ന ഒരു വിഷയമായിരുന്നു 'മരണം.' അനേകം മരണങ്ങൾ കാണുകയും കേൾക്കുകയും, തീവ്രവേദനയിലായിരിക്കുന്ന ബന്ധുജനങ്ങളോടൊപ്പം വേർപാടിന്റെ ദുഃഖം പങ്കുവെയ്ക്കുകയും ചെയ്യുന്നതിനൊപ്പം 'മരണ'മെന്ന നീരാളി എന്റെ സിരാമണ്ഡലത്തെ വരിഞ്ഞുമുറുക്കിക്കൊണ്ടിരുന്നു. ദൈവപുത്രനായ യേശുവിന്റെ ക്രൂശുമരണം മനുഷ്യരാശിയുടെ എല്ലാ പാപങ്ങൾക്കും ശാപങ്ങൾക്കും ശാശ്വതപരിഹാരയാഗമായിത്തീർന്നു എങ്കിൽ അത് മരണമെന്ന പാപത്തിന്റെ ശിക്ഷയിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ മതിയായതല്ലെ എന്ന ഉത്തരം കണ്ടെത്താനാവാത്ത ചോദ്യം എന്നെ അസ്വസ്ഥനാക്കി.

അടുത്ത സമയത്ത് പൊടുന്നനെ ഒരു ദിനം 'മരണ'ത്തിന്റ ആഴങ്ങളിലേക്ക് മരണത്തിന്റെ അധികാരിയായ ദൈവം എന്നെ കടത്തിക്കൊണ്ടുപോയി.

"മരണാധികാരിയായിരുന്ന,<br>
ഘോരനാം പിശാചിനെ,<br>
മരണത്തിനാലെ നീക്കിമൃത്യു;<br>
ഭീതി തീർത്ത നാഥനെ."

സ്തുതി ചെയ്മനമെ....

ഭക്തകവിയ്ക്കൊപ്പം ഞാനും എന്റെ ജീവനാഥനെ വാഴ്ത്തിപ്പാടി. വെളിപ്പെട്ടു കിട്ടിയ അലൗകിക സത്യങ്ങൾ പ്രത്യാശയുടെ ഒരു കുഞ്ഞു തിരിനാളമായി ഹൃദയത്തിന്റെ ഉള്ളറകളിൽ പൊന്തിവന്നു. കേവലം ഒരു ദീർഘനിശ്വാസം മതിയാകുമായിരുന്നു അതിനെ കെടുത്തിക്കളയുവാൻ! അത്ഭുതമെന്നു പറയട്ടെ, ദിവസങ്ങൾക്കുള്ളിൽ അതു വളർന്ന് ഒരു തീജ്വാലയായി ഉള്ളിൽ കത്തിപ്പടർന്നു. മറ്റുള്ളവരുമായി ഈ 'മരണചിന്തകൾ' പങ്കിടുവാനുള്ള അദമ്യമായ ഉൾവിളി അവയ്ക്ക് അക്ഷരങ്ങളുടെ രൂപഭാവങ്ങൾ നല്കി.

ചിതറിയ ചിന്തകൾക്ക് അടുക്കും ചിട്ടയും കൊടുക്കവാൻ ശ്രമിച്ചിട്ടില്ല എന്നു ആത്മാർത്ഥമായും സമ്മതിക്കുന്നു. അദ്ധ്യായങ്ങൾ തമ്മിൽ ഒറ്റ നോട്ടത്തിൽ പ്രത്യക്ഷമായ ബന്ധം കണ്ടില്ലെന്ന് വരാം. എന്നാൽ ഉണർത്തപ്പെട്ട എല്ലാ ചിന്തകൾക്കും, ഉരിത്തിരിയപ്പെട്ട എല്ലാ ആശയങ്ങൾക്കും പിന്നിൽ, തമ്മിൽ അന്യോന്യം ബന്ധിപ്പിക്കുന്ന അദൃശ്യമായ ദൈവീകശക്തി വ്യാപരിച്ചിരുന്നത് എല്ലാ ഘട്ട

ങ്ങളിലും മുഹൂർത്തങ്ങളിലും ഞാൻ ഒരുപോലെ അനുഭവിച്ചറിഞ്ഞു. എല്ലാം ചന്തവും ഉചിതവുമായി നിവർത്തിക്കുന്ന അതേ പരിശുദ്ധാത്മാവുതന്നെ മാന്യവായനക്കാരുടെ ഹൃദയങ്ങളിൽ അവരവർ അർഹിക്കുംവിധം അവ ക്രിയ ചെയ്യും എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.

ചിത്രഭംഗികളോ, കൊത്തുപണികളോ ഒന്നുമില്ലാത്ത, തികച്ചും വിരൂപവും മലിനവുമായ ഒരു മൺ പാത്രത്തിൽ നിറച്ച, ഒടുങ്ങാത്ത സ്നേഹത്തിന്റെയു കരുതലിന്റെയും ദീർഘക്ഷമയുടെയും പ്രതീകമായ "മരണം" എന്ന മധുര പാനീയം നമ്മെ അതീവ ശ്രദ്ധയോടെ കുടിപ്പിച്ച്, ഒരു പുനർജനനത്തിനും, സ്വർഗ്ഗീയ പൗരത്വത്തിനും അവകാശികളാക്കുന്ന സർവ്വശക്തനായ ദൈവത്തിന്റ നീതിക്കു മുമ്പിൽ മുഴങ്കാൽ മടക്കുന്നു.

സന്ദർഭവശാൽ ചുരുക്കം ചില നഗ്ന സത്യങ്ങൾ വിമർശന, ആക്ഷേപ ഹാസ്യ രൂപേണ കടന്നു കൂടിയിട്ടുള്ളത് സദയം ക്ഷമിക്കുക. വ്യക്തിപരമായോ, സഭാപരമായോ, മനപൂർവ്വം വേദനയുളവാക്കാൻ ശ്രമിച്ചിട്ടില്ല. ദുഷ്പ്രവണതകൾ എടുത്തുകാട്ടി എന്നു മാത്രം. "പണ്ട് പണ്ട് ഒരിടത്ത് ഒരു സഭയിൽ..." തുടങ്ങി ഊഹാപോഹ വർണ്ണനകൾക്കു പകരം വ്യക്തവും യുക്തവുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും സഭയുടെയൊ സ്ഥാപനത്തിന്റെയൊ സ്ഥലത്തെക്കുറിച്ചു പരാമർശിച്ചിട്ടുണ്ടെങ്കിൽ, ആധികാരിത നഷ്ടപ്പെടുത്താതിരിക്കാൻ മാത്രമാണ്. മറിച്ച് ഏതെങ്കിലും ദൈവദാസന്മാരെയോ, സഭയെയോ പ്രസ്ഥാനത്തെയോ, പേരെടുത്തു പറഞ്ഞ് അവരുടെ ആത്മീയ പ്രതിഛായക്ക് മങ്ങലേൽപ്പിക്കാൻ ഉദ്ദേശിച്ചല്ല.

ആർക്കെങ്കിലും ഹൃദയവേദന ഉളവാകുന്നുവെങ്കിൽ ആദ്യം ഈ എളിയ സഹജീവിയോട് കർത്തൃനാമത്തിൽ ക്ഷമിച്ച്, പിന്നീട് യാഗപീഠത്തിലേക്ക് അടുത്തു ചെല്ലുക. ആശങ്കയുള്ളവരുടെ മൗനം മനമുരുകിയ പ്രാർത്ഥനകളിൽ വാചാലമാകട്ടെ. ആർക്കെങ്കിലും ആത്മീയ രോഷം ഉണ്ടാകുന്നുവെങ്കിൽ അവർ സ്വന്തം സഭയെയും, അയൽസഭയെയും, ആധുനിക ആത്മീയ ഗോളത്തെയും വസ്തുനിഷ്ഠവും നിഷ്പക്ഷവും നിശ്ശബ്ദവുമായ ഒരു വിലയിരുത്തലിന് വിധേയമാക്കട്ടെ. ഏതു രീതി അവലംബിച്ചാലും വിശ്വാസഗോളം നന്നാവണം, എല്ലാറ്റിനും മേലായി ദൈവനാമം മഹത്വപ്പെടണം എന്ന ഒരേയൊരു ആത്മാർത്ഥത മാത്രമാണ് വിമർശനങ്ങൾക്കു പിന്നിലെ പ്രചോദനാത്മാവ്.

മാന്യവായനക്കാരുമായി ഒരു ആത്മീയബന്ധം സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. തീർച്ചയായും വിമർശനങ്ങളും അഭിപ്രായങ്ങളും സ്വാഗതാർഹം. ക്രിയാത്മക ചോദ്യകർത്താക്കളെയും വിമർശക രെയും മുന്നമെ തന്നെ അഭിനന്ദിക്കുന്നു. ഉത്തരം നമുക്കൊന്നിച്ച് കണ്ടെത്താം. അനങ്ങേണ്ടിടത്ത് നിങ്ങളുടെ നാവൊന്നനങ്ങിയാൽ, ചലിക്കേണ്ടിടത്ത് നിങ്ങളുടെ അധരങ്ങളൊന്നു ചലിച്ചാൽ, ചൂണ്ടേ ണ്ടിടത്ത് നിങ്ങളുടെ ചൂണ്ടുവിരലൊന്നുയർന്നാൽ, പരിജ്ഞാനം വേണ്ടിടത്ത് നിങ്ങളുടെ വിവേകത്തിന്റെ ചെപ്പൊന്നു തുറന്നാൽ... അത് മതിയാവും സഭയെയും ആത്മാക്കളെയും തിന്മയുടെ അഴു ക്കുചാലിൽ വീഴാതെ പരിരക്ഷിക്കാൻ...! വേദപുസ്തക ഉപദേശ ങ്ങൾ മായം ചേർക്കപ്പെടാതിരിപ്പാൻ...! സാത്താന്യകോട്ടകൾ തകർക്കപ്പെടാൻ...! പാതാള ഗോപുരങ്ങൾ വിറകൊള്ളാൻ...!!

താങ്കൾ വാങ്ങുന്ന ഈ പുസ്തകത്തിന്റെ ഓരോ പതിപ്പി ന്റെയും വിലയുടെ ഗണ്യമായ പങ്ക് മരണാസന്നരായുള്ള രോഗിക ളുടെയും വന്ധ്യവയോധികരുടെയും ആശ്വാസത്തിനായും, ക്രിസ്തു വിൽ പ്രത്യാശാനിർഭരമായ ഒരു അന്ത്യയാത്രയ്ക്കായും പ്രയോജ നപ്പെടുത്തുമെന്ന് ദൈവനാമത്തിൽ ഞാൻ നിങ്ങൾക്ക് വാക്കുതരു ന്നു.

ഒരു പരിശുദ്ധാത്മ വേലിയേറ്റത്തിനായി കർത്താവിലുള്ള പ്രത്യാശയോടെ മാന്യ വായനക്കാർ സമക്ഷം ഈ എളിയ ഗ്രന്ഥം സമർപ്പിക്കുന്നു. ദൈവനാമം ഉയർത്തപ്പെടട്ടെ; താങ്കൾ അനുഗ്ര ഹിക്കപ്പെടട്ടെ.

സണ്ണി പ്ലാന്തോപ്പിൽ
കൊല്ലകടവ്

# ചിതറിയ ചിന്തകൾ

1

## "മരണം ഒരു യാഥാർത്ഥ്യം"

[1]"മനുഷ്യന്റെ ആയുസ്സു പുല്ലുപോലെയാകുന്നു; വയലിലെ പൂപോലെ അവൻ പൂക്കുന്നു. കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെ പോകുന്നു....."

തകർന്നടിഞ്ഞ ഒരു രാജ വാഴ്ചയുടെ നഷ്ടപ്രതാപത്തിന്റെ ഓർമ്മയെന്നോണം ജരാനര ബാധിച്ച് തലയുയർത്തി നില്ക്കുന്ന ഹൈദരാബാദിലെ ഗോൽകൊണ്ടാ ഫോർട്ടിന്റെ അവശിഷ്ടങ്ങൾക്കിടയിൽ, ഒരു നിമിഷം ലക്ഷ്യബോധം കൈമോശം വന്ന എന്റെ മനസ്സു, അപ്രാപ്യമായ എന്തോ ഒന്നിനെ എത്തിപ്പിടിക്കാനുള്ള വ്യഗ്രതയിൽ ആകെ ആടിയുലഞ്ഞു. കലിയിളകിയ കടൽത്തിരകൾ പോലെ ഒന്നിനു പുറകെ ഒന്നായി ചിന്തകളുടെ തിരമാലകൾ ഹൃദയഭിത്തികളിൽ ആഞ്ഞടിച്ചപ്പോൾ പത്മൊസ് ദ്വീപിലകപ്പെട്ട യോഹന്നാനെപ്പോലെ അക്ഷരാർത്ഥത്തിൽ ഞാൻ കവിണ്ണു വീണു. താമസംവിനാ ഒരു കുഞ്ഞോളം എന്റെ ഹൃദയകവാടത്തെ മെല്ലെ മെല്ലെ തള്ളിത്തുറന്നുള്ളിൽ കടന്നു. മേലുദ്ധരിച്ച സങ്കീർത്തനക്കാരന്റെ വരികൾ ഒരു കുളിർക്കാറ്റുപോലെ സിരകളെ തണുപ്പിച്ചു. സഹസ്രാബ്ദങ്ങൾക്കുമപ്പുറം അന്തരീക്ഷത്തിലലിഞ്ഞു ചേർന്ന വിലാപം ഹൃദയത്തിലൊരിക്കൽ കൂടി മാറ്റൊലിക്കൊണ്ടു. [2] "...ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രെ!"

എത്രയോ ആവർത്തി ഉറപ്പിച്ചുവെച്ച സിംഹാസനങ്ങൾ, കോട്ടകൊത്തളങ്ങളെക്കൊണ്ട് സുരക്ഷിതമാക്കിയ എത്രയെത്ര സാമ്രാജ്യങ്ങൾ. വീറും വാശിയും ശൗര്യവും മുഖമുദ്രയാക്കിയ എത്രയെത്ര രാജാക്കന്മാർ, ചക്രവർത്തിമാർ! കാറ്റ് അതിന്മേൽ അടിച്ച് ലക്ഷ്യം പൂർത്തിയാക്കി ആരോരും അറിയാതെ കടന്നുപോയി. "പിന്നീട് അതിന്റെ സ്ഥലം പോലും അതിനെ അറിയാതവണ്ണം" നശിച്ചു നാമാവശേഷമായി. ശ്വാസം എന്നെന്നേക്കുമായി വേർപെട്ടപ്പോൾ മർത്യൻ മണ്ണിലേക്കു തന്നെ മടങ്ങി. നമ്മുടെ തലമുറയ്ക്ക് കേവല ഓർമ്മയായി അവശേഷിക്കുന്നതും, അടുത്ത തലമുറക്ക് നേരിയ ഓർമ്മപോലും ഇല്ലാതെയാകുന്നതുമായ അവസ്ഥാന്തരം. ഒരു സുനാമിയോ ഒരു ഭൂകമ്പമോ വന്നാൽ തകർന്നടിയുന്ന ഓർമ്മയുടെ ചില്ലുകൊട്ടാരങ്ങൾ...!

എന്തിനു സാമ്രാജ്യങ്ങളും പ്രതാപങ്ങളും, എന്തിനേറെ രാജാക്കന്മാരും ചക്രവർത്തിമാരും. ഒരു നിമിഷം ചിന്തകൾക്കു കടിഞ്ഞാണിട്ട് കയ്യെത്തും ദൂരത്തുള്ള സമീപ ഭൂതകാലത്തെ ഒന്നയവിറക്കു. എവിടെ ഒരു കാലത്ത് നാം വ്യക്തമായറിഞ്ഞിരുന്ന നാലുകെട്ടുകളും എട്ടുകെട്ടുകളും കുടുംബങ്ങളും തറവാടുകളും പാരമ്പര്യങ്ങളും മഹിമകളും! നമ്മുടെ കൺമുമ്പിൽത്തന്നെ അവയൊക്കെ മണ്ണോടു മണ്ണായില്ലേ? എവിടെ നമ്മുടെ മുത്തശ്ശന്മാരും മുത്തശ്ശിമാരും! കാല യവനികക്കുള്ളിൽ പണ്ടേ മറഞ്ഞില്ലേ? എവിടെ നമ്മുടെ അപ്പച്ചന്മാരും അമ്മച്ചിമാരും! ഓർമ്മകളുടെ പട്ടികയിലേക്ക് അവരും ചേർക്കപ്പെട്ടില്ലേ? തീർന്നില്ല... ഞാനും നിങ്ങളും ഓർക്കാനിഷ്ടപ്പെടാത്ത ഒന്നുകൂടിയുണ്ട്. ഏതു മറവിയുടെ മറാപ്പിലൊളിച്ചിരിക്കുന്നു; കൊഴിഞ്ഞുപോയ നമ്മുടെ സംവത്സരങ്ങൾ! ഒരിക്കൽ പോലും മടങ്ങിവരാതെവണ്ണം ആഴിയുടെ അഗാധതയിൽ അവയും പോയ് മറഞ്ഞില്ലേ? ഇലകൊഴിയുന്ന ലാഘവത്തോടെ വർഷങ്ങളോരോന്നും കൊഴിഞ്ഞു വീണപ്പോൾ നിർന്നിമേഷരായി നാം നോക്കി നിന്നില്ലേ? “കാറ്റ് അതിന്മേൽ അടിക്കുമ്പോൾ അതില്ലാതെപോകുന്നു.” പ്രായാധിക്യം കൊണ്ട് ഓരോരുത്തരായി ഈ ഭൂമുഖത്തു നിന്ന് കാലാകാലങ്ങളിൽ മാറ്റപ്പെട്ടപ്പോൾ, തികച്ചും അപ്രതീക്ഷിതമായി നമ്മുടെ പ്രിയപ്പെട്ടവർ, അവർ ഏതു പ്രായത്തിലും അവസ്ഥയിലും ആയിരുന്നാൽപ്പോലും, യാത്രപറഞ്ഞോ പറയാതെയോ, കൺമുമ്പിലോ അല്ലാതെയോ, പിടഞ്ഞു മരിക്കുമ്പോൾ മാറ്റമില്ലാത്ത ഒരു സത്യം നമ്മുടെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നു; ജനനത്തിന്റെ നിഴലാകുന്ന മരണമെന്ന യാഥാർത്ഥ്യം!

കാടിളക്കുന്ന കാട്ടാനയും ചേരിയിലെ ചാവാലിപ്പട്ടിയും ഒരുപോലെ ഭയപ്പെടുന്ന മരണം! വിവേചനവും, സംവരണവും, ന്യൂനപക്ഷവും ഇല്ലാത്ത നിയമസംഹിത! മതവും, ജാതിയും, പ്രായവും, സ്ഥാനവും നോക്കാത്ത കാട്ടു നിയമം! സമയവും, കാലവും ഗൗനിക്കാത്ത രംഗബോധമില്ലാത്തവൻ! ധനവും, മാനവും, പാണ്ഡിത്യവും പരിഗണിക്കാത്ത കരിനിയമം! എന്തിനേറെ, ജനിച്ചവരെല്ലാം ഒരുപോലെ വെറുക്കുന്ന ഒരേയൊരു സത്യമേ ഭൂമിയിലുള്ള; മരണം!!

മരണമണി മുഴങ്ങുമ്പോൾ ഉള്ളു പിടയുന്നു. ചരമ വാർത്തകളിൽ കൂടി മങ്ങിത്തുടങ്ങിയ കണ്ണുകൾ സാവധാനം നിരങ്ങി നീങ്ങുമ്പോൾ ഹൃദയത്തിലെവിടെയോ ഒരു തേങ്ങൽ, “ഒരിക്കൽ ഞാനും...!” പിന്നെ ഓർക്കാനിഷ്ടപ്പെടുന്നില്ല. ശവപ്പറമ്പിന്റെ ഓരത്തുകൂടി നടക്കുമ്പോൾ കാലുകൾക്ക് വേഗതയേറുന്നു. മരണമെന്ന

വാക്കുപറയാൻ പോലും വിമ്മിട്ടപ്പെടുന്ന നാവുകൾ. അറിയാതെയെങ്കിലുമൊന്നുച്ചരിച്ചു പോയാൽ അധരങ്ങൾക്കപമൃത്യു സംഭവിച്ചാലോ?! അങ്ങകലെ നിന്നെങ്കിലും കേട്ട് ആയുസ്സറ്റുപോയാലോ?! മരണം ഇരുട്ടാണ്, അതിന്റെ നിറം കറുപ്പാണ്; അതു ദുഃഖമാണ്.

വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും നമ്മെ പകുതി മരിപ്പിച്ചു കഴിഞ്ഞു. ബാക്കി നിമിഷം തോറും നാം തന്നെ നമ്മെ മരിപ്പിക്കുന്നു. പ്രിയപ്പെട്ടവരുടെ മരണശേഷം അടുക്കളഭാഗത്തും തെക്കിനിയിലും തൊടിയിലുമൊക്കെ പതുങ്ങി നടക്കുന്ന ആത്മാക്കളെ ഉഛാടനം ചെയ്യുന്നു, ചിലരെ വിളിച്ചു വരുത്തുന്നു, മറ്റു ചിലരുമായി കുശലപ്രശ്നം നടത്തുന്നു, ഇനിയും ചിലരുമായി ഇണക്കവും പിണക്കവും പങ്കുവെയ്ക്കുന്നു. എന്തിനേറെ, ആണ്ടിലൊരിക്കലെങ്കിലും അപ്പച്ചന് ഒരു നേരത്തെ ആഹാരം കൊടുക്കുന്നു! ജീവിച്ചിരുന്ന കാലത്ത് ഒരു നേരത്തെ പുകയിലക്ക് കെഞ്ചിയ മുത്തപ്പന്റെ ആത്മാവിന്, ആണ്ടിലൊരിക്കൽ കൊച്ചുമകന്റെ എട്ടും കൂട്ടിയ സദ്യയൊരുക്കം. ഭയം! വെളുപ്പാൻ കാലത്ത്, പ്രാഥമികാവശ്യത്തിന് മുറ്റത്തേക്കിറങ്ങിയാൽ പുകയിലക്കറ പുരണ്ട മോണകാട്ടി മുത്തപ്പൻ ഇളിച്ചു കാട്ടിയാലോ? അന്ധവിശ്വാസം! ഇഷ്ടപ്പെട്ട സദ്യകൊടുത്തില്ലെങ്കിൽ രാത്രിയുടെ ഏകാന്തയാമങ്ങളിലെപ്പോഴെങ്കിലും മുത്തപ്പൻ വന്ന് തന്നേയും കൂടി കുഴിമാടത്തിലേക്കു ക്ഷണിച്ചാലോ?

വിശ്വാസങ്ങൾ എന്തു തന്നെ ആയാലും, പഠിപ്പീരുകളും സിദ്ധാന്തങ്ങളും ഏതു വിധമായാലും, ഭയമേറിയാലും കുറഞ്ഞാലും, സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെയും ഭയമെന്തന്നറിയാതെ, ലേശം പോലും കുലുക്കവും ചലനവുമില്ലാതെ, ഉറച്ച കാൽവെയ്പ്പുകളോടെ മരണം നമ്മെ പിന്തുടരുന്നു. ധൈര്യത്തോടെ നെഞ്ചു വിരിച്ചു നടന്നാലും, പേടിച്ചരണ്ട് അറയിലൊളിച്ചാലും, ഭക്തിയുടെ പാരവശ്യത്തിൽ ആട്ടിപ്പായിച്ചാലും, ഓരോ നിമിഷവും മരണം നമ്മോട് നടന്നടുക്കുന്നു.

'വണ്ണം പെരുത്താലും മണ്ണിന്നിരയാകും;
കണ്ണിന്റെ ശോഭയോ മായാമായം.
കൊട്ടാരമാണേലും വിട്ടേ മതിയാവൂ;
കോട്ടയ്ക്കകത്തേക്കും മൃത്യുവരും.'
ജീവന്റെ ദായകൻ ദേഹിയെ ചോദിച്ചാൽ;
"ഇല്ലില്ല"ന്നോതുവാൻ ഭൂതലെയാരുള്ളൂ?

സാധു കൊച്ചുകുഞ്ഞുപദേശിയുടെ ഈരടികൾ അറിയാതെ മൂളിപ്പോകുന്നു.

പലവിധ മരണങ്ങളെക്കുറിച്ച് വിവിധ മതഗ്രന്ഥങ്ങൾ പഠിപ്പി

ക്കുന്നുവെങ്കിലും, വിശുദ്ധ വേദപുസ്തകം രണ്ടു മരണങ്ങളെക്കു റിച്ചാണ് പ്രതിപാദിക്കുന്നത്. ഒന്ന് "ആത്മീയ മരണം," മറ്റൊന്ന് "ഭൗതിക മരണം" "പാപത്തെ മരിപ്പിക്കുക," "യേശുവിനോടുകൂടെ അടക്കപ്പെട്ട് യേശുവിനോടു കൂടെ ഉയിർത്തെഴുന്നേല്ക്കുക," "ജഡത്തെ മരിപ്പിക്കുക," "പാപത്തിൽ മരിച്ച് വീണ്ടും ജനിക്കുക" എന്നിത്യാദി ഭാഷാ പ്രയോഗങ്ങൾ ആത്മീയ മരണത്തെ സൂചിപ്പി ക്കുമ്പോൾ "അബ്രഹാം മരിച്ചു... അടക്കി," "യോസഫ് മരിച്ച് തന്റെ പിതാക്കന്മാരോടു ചേർന്നു", "യേശു മരിച്ച് അടക്കപ്പെട്ടു", "അവൻ പ്രാണനെ വിട്ടു," എന്നിവ ഭൗതിക മരണത്തെ ഉദ്ദേശിക്കുന്നു. ഇവ യിൽ രണ്ടാമത്തേതും, എന്നന്നേക്കുമായി ഈ ലോകത്തോട് വിട പറയുന്നതുമായ ജഡത്തിന്റെ നിർജ്ജീവ അവസ്ഥയെക്കുറിച്ച്, അഥ വാ, ഇനി ഒരിക്കലും ഈ ഭൗതിക ശരീരമായ മൺകൂടാരത്തിലേക്കു മടങ്ങി വരാതെ അവസാന യാത്രപറഞ്ഞ്, എവിടെനിന്നും വന്നുവോ അവിടേക്കു മടങ്ങിപ്പോകുന്ന ജീവശ്വാസത്തെക്കുറിച്ച്, ഏതാനും ചിന്തകൾ വായനക്കാരുമൊത്തു പങ്കുവെയ്ക്കാൻ ഞാൻ ആഗ്രഹി ക്കുന്നു.

2

# ജനന മരണം– "ഒരു ഏശാവ് യാക്കോബ് പോരാട്ടം"

ജനനം തുടക്കമെങ്കിൽ മരണം ഒടുക്കമാണ്. ജനിച്ചെങ്കിൽ മരിച്ചേ മതിയാവൂ. ജനനം പോലെ തന്നെ മരണവും ഒരു സത്യമാണ്. ജനനം മാറ്റിവെയ്ക്കുകയോ, വേണ്ടെന്നുവെയ്ക്കുകയോ ആവാം. പക്ഷെ മരണം അനിവാര്യമാണ്. ജനിക്കുന്നവന് ജനിക്കാനുള്ള ആഗ്രഹമില്ല. ഒന്നുകൂടി വിശദമാക്കിയാൽ; നമുക്കു ജനിച്ച കുഞ്ഞുങ്ങളാരും ജനിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളവരല്ല. അവരുടെ ആഗ്രഹത്തെ മാനിച്ച് നാം അവരെ ജനിപ്പിച്ചതുമല്ല. "ഞാനും കൂടി ഈ മനോഹര ഭൂമിയിൽ ഒന്നു വന്നു കൊള്ളട്ടെ; എന്നെയും കൂടി ഒന്നു ജനിപ്പിക്കു" എന്ന് ദർശനത്തിൽക്കൂടിപ്പോലും ഒരു ശിശുവും മാതാപിതാക്കളോടു പറഞ്ഞിട്ടുള്ളതായി കേട്ടുകേൾവിയില്ല. പ്രത്യേക ദൗത്യനിർവഹണത്തിനായി ചില ദിവ്യജന്മങ്ങൾ നടന്നതായി വേദപുസ്തകം പറയുന്നുണ്ടെങ്കിലും, ജനിച്ചവരാരും ജനിപ്പിച്ചവരോട് പ്രത്യക്ഷമായോ, പരോക്ഷമായോ "എനിക്ക് ഭൂമിയിൽ ചിലതു ചെയ്തുതീർക്കുവാനുണ്ട്" എന്ന് ആഗ്രഹം പറഞ്ഞു അവതരിച്ചതായി കാണുന്നില്ല. ആര് അവരെ ഈ ഭൂമിയിലേക്ക് വിട്ടുവോ, അവന് അവന്റേതായ ആഗ്രഹങ്ങളും, കണക്കുകൂട്ടലുകളും, പദ്ധതികളും ഉണ്ടായിരുന്നു. അവൻ അത് ജനിപ്പിക്കുവാൻ പോകുന്ന ദമ്പതികളോട് മുൻകൂട്ടിപ്പറഞ്ഞു എന്നു മാത്രം. നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ ദൗത്യനിർവഹണ ശേഷം അവരും ഓരോരുത്തരായി മടങ്ങിപ്പോയി. എങ്ങോട്ട്? എവിടെനിന്നു വന്നുവോ അവിടേക്ക്. അയച്ചവന്റെ പ്രവൃത്തിയെ തികച്ച് അവങ്കലേക്കു തന്നെ.

ഈ ലോകജീവിതം നശ്വരമെന്ന് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. ഒരിക്കൽ ജനിച്ചവരെല്ലാം അഥവാ അയക്കപ്പെട്ടവരെല്ലാം പരമാത്മാവിലേക്കു തന്നെ മടങ്ങുന്നു; ലയിക്കുന്നു. ഭൂമിയിൽ ജന്മഭാഗ്യം സിദ്ധിച്ചിട്ടുള്ള എല്ലാവരും പരമാത്മാവ് അവരെ ഏല്പിച്ചിട്ടുള്ള ദൗത്യ നിർവ്വഹണത്തിനു ശേഷം ഈ ഭൗമ ശരീരം വിട്ട് സൃഷ്ടികർത്താവിലലിയാൻ വിധിക്കപ്പെട്ടവരും, ന്യായാധിപനായ

സർവശക്തന്റെ മുമ്പിൽ ഹാജർ രേഖപ്പെടുത്തേണ്ടവരുമാണ്. ന്യായാസനത്തിനു മുമ്പിൽ നമ്മുടെ സാന്നിദ്ധ്യം വെളിപ്പെടുമ്പോൾ ഭൂമിയിലെ നമ്മുടെ ചെയ്തികൾക്കൊത്തവണ്ണം അർഹവും നീതി പൂർണ്ണവുമായ വിധി ഉണ്ടാകുമെന്ന് വേദപുസ്തകം പ്രഖ്യാപിക്കുന്നു. പ്രതിഫലം നിത്യസ്വർഗ്ഗമോ നിത്യനരകമോ ആവാം. അതു നമ്മുടെ പ്രവൃത്തിയെയും, വിശ്വാസത്തെയും, ജീവിതശൈലിയേയും ആശ്രയിച്ചിരിക്കും. മരണം വഴി നാം പ്രാപിക്കുന്ന മറ്റൊരവസ്ഥയും, നേരിടേണ്ട ഒരു ന്യായവിധിയും ഉണ്ടെന്നുള്ളത് മാറ്റമില്ലാത്ത സത്യവും യാഥാർത്ഥ്യവുമെന്ന് വചനം വിളിച്ചു പറയുന്നു.

"ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രെ." എങ്കിൽ ഉറപ്പിനെന്തു പ്രസക്തി? [1] "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടുചോദിക്കും..." "ഇതാകുന്നു നിന്റെ അവസാനമെങ്കിൽ..." ഈ വചനങ്ങൾ നടുക്കം ഉണ്ടാക്കുന്നില്ലേ? ഇത്തരം അവസ്ഥകൾ നമ്മെ നിസ്സഹായരാക്കുന്നു. നമുക്കു പ്രവൃത്തിക്കാനോ ചിന്തിക്കാനോ അവിടെ ഒന്നുമില്ല. ആധുനിക വൈദ്യോപകരണങ്ങളോ സംവിധാനങ്ങളോ, മരുന്നുകളോ ഉപയോഗിച്ച് ആയുസ്സു നീട്ടിയെടുക്കുന്നു എന്നു നാം വമ്പു പറയുന്നു. "മൂഢാ! എന്റെ സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നീ കാട്ടുന്ന കോപ്രായങ്ങളല്ലേ ഇതെല്ലാം" എന്നു സൃഷ്ടികർത്താവു പരിഹസിക്കുന്നു. അല്ലെങ്കിൽത്തന്നെ ഉപകരണങ്ങളുടെ സഹായത്താൽ നിലനിർത്തുന്ന നേരിയ ജീവശ്വാസത്തോടുകൂടി നിശ്ചലനായിക്കിടക്കുന്ന മനുഷ്യൻ "ജീവിക്കുന്നു" എന്നു പറയാൻ ആർക്കുണ്ടു ധൈര്യം?

വിളിക്കുന്ന സമയത്ത് പോയേ തീരു. ആ വിളി എപ്പോൾ വേണമെങ്കിലും ആർക്കു വേണമെങ്കിലും ഉണ്ടാവാം. എഴുതിക്കൊണ്ടിരിക്കുന്ന എനിക്കും വായിക്കുന്ന മാന്യ വായനക്കാർക്കും ഉണ്ടാവാം. അവിടെ പണ്ഡിതനും പാമരനും ദരിദ്രനും എന്നില്ല. മരണക്കിടക്കയ്ക്കു ചുറ്റും നിസ്സഹായരായി നോക്കിനിന്ന് നെടുവീർപ്പിടാമെന്നു മാത്രം. അതുമല്ലെങ്കിൽ പ്രിയപ്പെട്ടവരുടെ നടുവിൽ വെള്ള പുതച്ചു വിശ്രമിക്കാം. ശവസംസ്കാര പ്രാർത്ഥനകൾ പള്ളിയിലോ കല്ലറയുടെ കരയിലോ കേട്ടു വിലപിക്കാം... ശ്വാസമടക്കി നിർന്നിമേഷരും നിസ്സഹായരുമായി നോക്കിനില്ക്കുന്ന നിമിഷങ്ങൾ. അവസാനം "ദൈവഹിത"മെന്ന് പറഞ്ഞ് സ്വയമാശ്വസിക്കുകയും മറ്റുള്ളവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഇതൊഴിച്ചുകൂടാനാവാത്ത ഒന്നാണ്. സന്തോഷത്തോടെ സ്വീകരിക്കുക എന്നല്ലാതെ മറ്റു പോംവഴിയില്ല. ഒഴിച്ചുകൂടാനാവാത്ത (Inevitables) എത്രയോ സംഭ

വങ്ങളും അവസ്ഥകളും നമ്മുടെ ജീവിതത്തിലുണ്ടാകുന്നു. അവയൊക്കെയും അല്പം മനപ്രയാസത്തോടെയാണെങ്കിലും നാം സ്വീകരിക്കയല്ലേ ചെയ്യുന്നത്. വീറു കാട്ടി വീമ്പിളക്കുന്ന മനുഷ്യൻ എത്രയോ അബലനെന്ന് മരണം നമ്മെ പഠിപ്പിക്കുന്നു.

ഈ നിസ്സഹായ അവസ്ഥയിൽ ആകുവാൻ മനപൂർവ്വമായി നാം സൃഷ്ടിക്കപ്പെട്ടവരോ? എന്ത്, എവിടെ, എങ്ങനെയെന്നറിയാത്ത, ഒരിക്കലും ആഗ്രഹിക്കാത്ത, അല്ലെങ്കിൽ ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെ ഈ ജന്മം നാം തിരഞ്ഞെടുത്തതോ? അല്ല, ഒരിക്കലുമല്ല. [1] "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന് മുമ്പെ ഞാൻ നിന്നെ അറിഞ്ഞു..." എന്നു വചനം പറയുന്നു. [2] "ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ കണ്ടു." സൃഷ്ടികർത്താവ് ഓരോരുത്തരെയും, ഓരോത്തിടത്ത് ഓരോ ദൗത്യവുമായി മെനഞ്ഞുണ്ടാക്കി. ഓരോ വ്യക്തി ജീവിതങ്ങൾക്കും സമയങ്ങളും കാലങ്ങളും നിശ്ചയിച്ചു. അല്പകാലത്തെ മനുഷ്യജീവിതത്തിന് ശേഷം മടങ്ങേണ്ടുന്ന ആത്മാക്കൾക്കു ഈ ഭൂമിയിൽ ആവശ്യമുള്ളതെല്ലാം അവൻ നല്കി. ജീവിക്കേണ്ട മാർഗ്ഗങ്ങളും വഴികളും കാട്ടിത്തന്നു." "നടക്കേണ്ടുന്ന വഴി അവൻ കാണിച്ചുതന്നു." പാലിക്കേണ്ട നിയമങ്ങളും, നിബന്ധനകളും, പ്രമാണങ്ങളും വരച്ചു കാട്ടപ്പെട്ടു. മുൻ പരിചയങ്ങളോ അനുഭവങ്ങളോ ഇല്ലാത്ത ദേശത്ത് "കൈ പിടിച്ചു വഴിനടത്താം," "ഒരിക്കലും ഉപേക്ഷിക്കുകയും കൈവെടിയുകയുമില്ല," "തോളിൽ എടുത്തുകൊള്ളാം," "എന്റെ മേൽ ചാരിക്കൊൾക," എന്നിത്യാദി അനവധി വാഗ്ദാനങ്ങൾ നല്കിയും നിറവേറ്റിയും പോറ്റി വളർത്തി. ഇതല്പകാലത്തേക്കേയുള്ളൂ, അതിനു ശേഷം നിത്യമായ ഒരു ഭവനം നിനക്കുവേണ്ടി ഒരുക്കുന്നുണ്ട്, അവിടെ ഭൂമിയിലെ ഫറവോകളെ ഇനിമേൽ നീ കാണുകയില്ല, എന്നോടൊപ്പം നിത്യമായ സ്വർഗീയവാസം; എത്ര എത്ര സ്വർഗീയ വാഗ്ദാനങ്ങൾ! ഞാനും നിങ്ങളും നമ്മുടെ യഥാർഥ ഭവനത്തിലേക്കു മടങ്ങിപ്പോകുന്നു. ഒരിക്കൽ നാം അവിടെനിന്നും വന്നവരാണ്. ഒരിക്കൽ നാം അവനിലായിരുന്നു; അവന്റെ അംശം ആയിരുന്നു. മടങ്ങിപ്പോക്കു സന്തോഷകരമല്ലേ?

വിദേശരാജ്യങ്ങളിൽ വർഷങ്ങളോളം ജോലിനോക്കി സ്വന്തം മണ്ണിലേക്ക് സ്ഥിരമായി മടങ്ങുന്നവർക്കുള്ള സന്തോഷത്തേക്കാളുപരി. ഇവിടെ നാം ഏറിയാൽ 80 സംവത്സരം പിന്നെ കരഞ്ഞും വിളിച്ചും വലിച്ചും നീട്ടിയും 80-90. വിദേശങ്ങളിൽ നിന്നും വരുന്നവർ വീണ്ടും ദുരിതത്തിലേക്ക്; നാമോ നിത്യ സന്തോഷത്തിലേക്ക്. അവർ മരിക്കാനായി; നാം നിത്യജീവങ്കലേക്ക്. തട്ടിച്ചു നോക്കി

യാൽ സന്തോഷത്തിനതിരുകളില്ല. അക്കരെ നാടിനെക്കുറിച്ച് അഥവാ സ്വർഗീയ വാസത്തെക്കുറിച്ച് മനുഷ്യബുദ്ധിക്കു താങ്ങാവുന്നതിലധികമായ വർണ്ണനകളും അനുഭവങ്ങളും യോഹന്നാന് പത്മൊസ് ദ്വീപിൽ കർത്താവു വെളിപ്പെടുത്തിക്കൊടുത്തത് ഗ്രഹിക്കാനുള്ള ശക്തി കേവലം തേങ്ങാവലിപ്പമുള്ള നമ്മുടെ തലയിലില്ല. യോഹന്നാൻ തുടക്കത്തിലേ മരിച്ചവനെപ്പോലെ ആയെങ്കിൽ നമ്മുടെ അവസ്ഥ എന്താകും? അതേ, സഹോദരാ ഈ ബുദ്ധിയും ഈ ജഡവും പേറിയല്ല നാം അവിടെ എത്തുന്നത്. ഭൂമിക്ക് ചേർന്ന വേഷം ഭൂമിയിൽ തന്നെ അഴിച്ചുവെച്ച് തേജസ്ക്കരിക്കപ്പെടുന്ന നമുക്ക് ഒരു സമൂലമായ മാറ്റം സംഭവിക്കുന്നു. ഇവിടുത്തെ വേഷം കെട്ടുകളൊന്നും അവിടെ അനുവദനീയമല്ല.

[1] "കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ." പിന്നെ നാം മരണത്തെ എന്തിനു ഭയപ്പെടണം. മധുരം മാത്രമുണ്ടെങ്കിൽ എന്തിന് കയ്പും കൂടി ഊറ്റിക്കുടിക്കണമെന്ന് നിർബന്ധം. മധുരമായതു മാത്രം, സദാ ആനന്ദം, കഷ്ടവും നഷ്ടവുമില്ലാത്ത, ദാഹവും വിശപ്പുമില്ലാത്ത, അന്ധകാരം ലേശവുമില്ലാത്ത, എപ്പോഴും തേജസ്സും പ്രഭയും നിറഞ്ഞ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ ദിവ്യസാമീപ്യം. അവിടെപ്പോകാൻ നാം എന്തിനു ഭയക്കണം? കോരഹ് പുത്രന്മാർ രാജാവും ദൈവവുമായുള്ളവനെ വാഴ്ത്തിപ്പാടി, [2] "നിന്റെ പ്രാകാരങ്ങളിൽ കഴിയ്ക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ... എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവല്ക്കാരനായിരിക്കുന്നത് എനിക്ക് ഏറെ ഇഷ്ടം."

അബ്രഹാമിനോടുള്ള യഹോവയായ ദൈവത്തിന്റെ അനേകമായ വാഗ്ദത്ത നിവർത്തീകരണത്തിന്റെ തുടക്കം യിസഹാക്ക് -റബേക്ക ദമ്പതിമാർക്ക് ജനിച്ച ഇരട്ടക്കുട്ടികളിൽ നിന്നാരംഭിക്കുന്നത് കാണാം. അകലെയുള്ള തന്റെ ചാർച്ചക്കാരിൽ നിന്ന് അബ്രഹാം തന്റെ മകനായ യിസ്ഹാക്കിന് ഭാര്യയായി എടുത്ത റബേക്ക മച്ചി ആയിരുന്നു. എങ്കിലും യിസ്ഹാക്കിന്റെ പ്രാർത്ഥനയുടെ ഫലമായി ദൈവം അവളുടെ ഗർഭപാത്രത്തെ തൊട്ടു. ഏശാവ്-യാക്കോബ് ഇരട്ടകൾ അവളുടെ ഗർഭപാത്രത്തിൽ വെച്ചുതന്നെ പോരാട്ടമാരംഭിച്ചിരുന്നു. ദൈവത്തിന്റെ അവളോടുള്ള അരുളപ്പാട് ചരിത്രപ്രധാന്യമർഹിക്കുന്നതു മാത്രമല്ല, ദൈവിക പദ്ധതിയുടെ വിളംബരം കൂടിയായിരുന്നു. [3] "രണ്ടു ജാതികൾ നിന്റെ ഗർഭത്തിലുണ്ട്... മൂത്തവൻ ഇളയവനെ സേവിക്കും..." പോരാട്ടത്തിനൊടുവിൽ ആദ്യം ഏശാവും അവന്റെ കുതികാലിൽ പിടിച്ചുകൊണ്ടു യാക്കോബും ഈ ഭൂമിയിൽ പിറന്നു വീണ നിമിഷം മനുഷ്യരാശി

യുടെ ചരിത്രത്തിന്റെ ഗതിവിഗതികൾക്ക് ദൈവീക പദ്ധതിപ്രകാരം ശക്തവും വ്യക്തവും, സമൂലവുമായ ഒരു മാറ്റം സംഭവിക്കുകയായിരുന്നു. കാലത്തികവിങ്കൽ വെളിപ്പെട്ടുവരേണ്ട രക്ഷാകര പദ്ധതിയുടെ മറ്റൊരദ്ധ്യായത്തിന് യഹോവയായ ദൈവം തുടക്കം കുറിച്ചു. മൂത്തവനും, ചുവന്നവനെന്നർത്ഥമുള്ള ഏദോം എന്ന പേരോടുകൂടിയ ഏശാവും പിന്നീട് യിസ്രായേൽ എന്ന പേരിനർഹനായിത്തീർന്ന അനുജൻ യാക്കോബും രൂപത്തിലും ഭാവത്തിലും പ്രകൃതിയിലും വളരെ വ്യത്യസ്തരായിരുന്നുവെന്ന് വചനം രേഖപ്പെടുത്തുന്നു.

പ്രത്യേകം എടുത്തു പറയേണ്ടതായ ഒരു ദൈവീക ഉദ്ദേശവും അർത്ഥവും ഈ ഇരട്ട ജന്മങ്ങൾക്കു പിന്നിലുണ്ടായിരുന്നുവെന്ന് നാം മനസ്സിലാക്കണം. ഏശാവിൽ നിന്നുത്ഭവിച്ച ഏദോമ്യർ, യാക്കോബിൽ നിന്നും മുളപൊട്ടിയ യിസ്രായേല്യർ എന്നിങ്ങനെ ബദ്ധവൈരികളായ രണ്ടു ജാതികൾക്ക് റബേക്കയുടെ ഗർഭം ജന്മം കൊടുക്കുകയായിരുന്നു. കാലങ്ങൾക്കു ശേഷം യഹോവയുടെ കൈ തന്റെ ജനമായ യിസ്രായേലിൽക്കൂടി ഏദോമിന്മേൽ ഭാരമായിത്തീരും എന്ന വചന ദൃഷ്ടാന്തമായാണ് യാക്കോബിന്റെ കുഞ്ഞുകരം ഏശാവിന്റെ ഇളം കാലിൽ വിടാതെ പിടിമുറുക്കിയത്. അപ്പനായ യിസ്ഹാക്കിന്റെ അനേകമായ ശ്രേഷ്ഠ അനുഗ്രഹങ്ങൾ യാക്കോബിന്റെ മേൽ വീണു എങ്കിലും, യിസ്രായേലിൽ പോലും രാജാക്കന്മാർ ഉണ്ടാകുന്നതിനു മുമ്പുതന്നെ ഏശാവിന്റെ പിൻ തലമുറക്കാരായ ഏദോമ്യർക്ക് നിരവധി പ്രഭുക്കന്മാരും രാജാക്കന്മാരുമുണ്ടായതായി വചനം ചൂണ്ടിക്കാണിക്കുന്നു.

ഒരു വൻ ശക്തിയായി ഏദോം ഉയർന്നുവെങ്കിലും യഹോവയുടെ തിരഞ്ഞെടുപ്പ് ഏശാവിൽ ഇല്ലാതിരുന്നതിനാൽ ദൈവം ഏശാവിനെ ദ്വേഷിച്ചതായി കാണുന്നു. [1] "എന്നാൽ ഏശാവിനെ ഞാൻ ദ്വേഷിച്ച് അവന്റെ പർവ്വതങ്ങളെ ശൂന്യമാക്കി, അവന്റെ അവകാശത്തെ മരുഭൂമിയിലെ കുറുനരികൾക്കു കൊടുത്തിരിക്കുന്നു... അവർ പണിയട്ടെ ഞാൻ ഇടിച്ചു കളയും... നിങ്ങൾ സ്വന്ത കണ്ണുകൊണ്ട് അതു കാണുകയും..." ഒപ്പം യാക്കോബിനെ സ്നേഹിക്കുന്നതായും വെളിപ്പെടുത്തുന്നു. [2] "ഞാൻ യാക്കോബിനെ സ്നേഹിച്ച് ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു." കൂടാതെ ഏശാവിന്റെ ഹിത്യ വിവാഹബന്ധം മനോവ്യസനകാരണവും അസഹ്യവുമായിത്തീർന്ന റബേക്കയുടെ, തന്റെ ഇഷ്ടപുത്രനായ യാക്കോബിനും അങ്ങനെ സംഭവിച്ചാൽ താൻ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കേണ്ടിവരും എന്ന ഭീക്ഷണിക്കു മുമ്പിൽ, ഉള്ളു നീറിയ യിസ്ഹാക്ക് യാക്കോബിനു

കൊടുക്കുന്ന ഉപദേശങ്ങളും അനുഗ്രഹങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട് 1"...അബ്രഹാമിന്റെ അനുഗ്രഹം നിനക്കും നിന്റെ സന്തതിക്കും തരികയും ചെയ്യുമാറാകട്ടെ." പിതാവെന്ന നിലയിൽ നൽകിയ അനുഗ്രഹങ്ങൾക്കു പുറമെ, അബ്രഹാം പിതാവിന് യഹോവയായ ദൈവം കൊടുത്തിരുന്ന അനുഗ്രഹങ്ങൾ കൂടി യാക്കോബിന് ഇഷ്ട ദാനമായി കൊടുക്കുന്നു! വാഗ്ദത്തങ്ങൾ ക്രമേണ നിറവേറി വരുമ്പോഴേക്കും വൻ ശക്തിയായിത്തീർന്ന ഏദോമിന്റെ കുതികാലിലെ യാക്കോബിന്റെ കടും പിടുത്തത്തിന് തെല്ലും അയവുണ്ടായിരുന്നില്ല. ഏദോമിന്റെ നാശത്തിനായി അതവനെ പിൻപറ്റിക്കൊണ്ടേയിരുന്നു. കേവലം 21 വാക്യങ്ങൾ മാത്രമുള്ള ഒബദ്യാവ് പ്രവാചകന്റെ ഏദോമിനെക്കുറിച്ചുള്ള ദർശനം ശ്രദ്ധിക്കുക. [2] "അന്ന് യാക്കോബ് ഗൃഹം തീയും, യോസേഫ് ഗൃഹം ജ്വാലയും, ഏശാവ് ഗൃഹം താളടിയും ആയിരിക്കും; അവർ അവരെ കത്തിച്ച് ദഹിപ്പിച്ചു കളയും, ഏശാവ് ഗൃഹത്തിന് ശേഷിപ്പുണ്ടാകയില്ല; യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്."

ഏശാവിന്റെ ജനനത്തിനൊപ്പം തന്നെ അവന്റെ ഉന്മൂല നാശവും പിറവിയെടുത്തിരുന്നു. താൻ തിരഞ്ഞെടുത്ത യിസ്രായേൽ ജനതയിൽകൂടി താൻ ദ്വേഷിക്കുന്ന ഏദോമ്യജാതിയുടെ മരണം യഹോവയായ ദൈവം അവന്റെ ജനന മുഹൂർത്തത്തിൽത്തന്നെ ഉറപ്പാക്കിയിരുന്നു. ഇതാ ഇവിടെ ജനനവും, മരണവും ഒരേ ഗർഭപാത്രത്തിൽ നിന്ന് ഒരേ നിമിഷംതന്നെ പിറവിയെടുക്കുന്നു. മനുഷ്യ സൃഷ്ടിയുടെ അവസ്ഥയും വ്യത്യസ്തമല്ല. അവൻ ജനിക്കുന്ന നിമിഷം തന്നെ അവന്റെ മരണവും ജനിച്ചുകഴിഞ്ഞു. യാക്കോബിന്റെ കടുംപിടുത്തം പോലെ ആയുഷ്ക്കാലമൊക്കെയും മരണവും നമ്മെ ചുറ്റിപ്പിടിച്ചിരിക്കുന്നു. ഏദോമ്യ പ്രഭുക്കന്മാരും രാജാക്കന്മാരും വാഴ്ചകളും അധികാരങ്ങളും അടക്കിവാഴുന്ന നമ്മുടെ ജഡത്തിന്റെ അന്ത്യം, (മരണം) സൃഷ്ടിയുടെ ആരംഭം മുതൽ ഒരു സാർവ്വ ഭൗമ നിയമമായി സൃഷ്ടികർത്താവു നിയമിച്ചിട്ടുണ്ടെങ്കിൽ, ആ മരണം ഓരോ വ്യക്തി ജീവിതങ്ങളുടെയും ജനനനിമിഷം മുതൽ നമ്മെ പിൻതുടരുന്നു. പാപത്തിൽ ഉരുവായ നമ്മുടെ പാപത്തിന്റെ ശമ്പളം മരണമത്രെ!"മരണത്തിന്റെ" തണുത്തതും ദുർബ്ബലവുമായ കരങ്ങൾ, കാലങ്ങൾക്കു ശേഷം "രക്ഷയുടെ" ഊഷ്മളവും ബലിഷ്ഠവുമായ കരങ്ങളായി വെളിപ്പെടുന്നു. ജഢീക മരണത്തിന്റെ കറുത്ത വാതിലുകൾ തുറന്ന അതേ കരങ്ങൾ തന്നെ തേജസ്സുറ്റ സ്വർഗീയ കവാടം നമുക്കായി തുറന്നു തരുന്നു. സർവ്വഭൂവാസികളുടെയും രക്ഷയ്ക്കായി നീട്ടപ്പെട്ട ദൈവപുത്രന്റെ ആണി

പ്പഴുതുള്ള നിർമ്മല കരങ്ങൾ! യാക്കോബിന്റെ മരണപ്പിടുത്ത ത്തിൽനിന്നും യിസ്രായേലിന്റെ രക്ഷാകരങ്ങളിലേക്ക്! മരണത്തിൽ നിന്നും നിത്യജീവങ്കലേക്ക്! മരണത്തോടൊപ്പം ഒരു സ്വർഗ്ഗീയ പുനർജന്മം! അതേ, സഹോദരാ, ഭൗതിക ജനനത്തിന്റെ കൂടപ്പിറ പ്പാണ് ഭൗതിക മരണം. അതൊരു പോരാട്ടമാണ്. അന്ത്യത്തിൽ സർവ്വജാതികൾക്കും ഒരു സ്വർഗ്ഗീയ ജനനവും പൗരത്വവും നേടി ക്കൊടുക്കുന്ന ഒരു "ഏശാവ്- യാക്കോബ് പോരാട്ടം!"

3

# "തിരശ്ശീലയ്ക്കു പിന്നിലെ അതി വിശുദ്ധസ്ഥലം" - ഒരെത്തിനോട്ടം.

വെട്ടും കിളയും നനയ്ക്കലും പുതയിടീലും, വെച്ചുകെട്ടും വള മിടീലും ഒന്നുമില്ലാതെ "തോട്ടം" അങ്ങനെ നീണ്ടു നിവർന്നു കിട ക്കുകയാണ്. നമുക്ക് "കൊയ്യാനാണ്" വ്യഗ്രത. വചനത്തിൽനിന്നും വാക്യമെടുത്തു നാം അമ്മാനമാടുന്നു. "കൊയ്ത്തു വളരെയുണ്ട്... വേലക്കാരോ വിരളം!" കൊയ്ത്തിന്റെ യജമാനൻ ആര്?, കൊയ്യാൻ വിതച്ചിട്ടുണ്ടോ?, മുന്തിരിത്തോട്ടത്തിൽ വേലവല്ലതും ചെയ്തി ട്ടുണ്ടോ?, അതിനു ചുറ്റും ഇളക്കിവളമിട്ടിട്ടുണ്ടോ, മുന്തിരിത്തല വെച്ചു കെട്ടീട്ടുണ്ടോ?, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നതാര്?, ഈ വക ചോദ്യ ങ്ങൾക്കൊന്നും പ്രസക്തിയില്ല. മുന്തിരി ശേഖരിക്കാൻ നമുക്കു ധൃതിയാണ്. വിതയ്ക്കാതെ എങ്ങനെ കൊയ്യും? "വിളി" കേട്ടാലു ടൻ കച്ചമുറുക്കി അരിവാളും തിരുകി മുമ്പും പിമ്പും നോക്കാതെ അങ്കപ്പുറപ്പാടാണ്. എവിടെയാണ് വേല? വേലയൊക്കെ എന്നേ കഴിഞ്ഞു; ഞങ്ങൾ കൊയ്ത്തുകാരാണ്! ഏക്കറുകണക്കു "ഭൂമി" ഭാരതത്തിൽ തരിശായി കിടക്കുന്നു. അതിൽ വേല ചെയ്യാനാളില്ല. ലോകരാഷ്ട്രങ്ങൾ കൊയ്ത്തിനു വിളഞ്ഞു കിടക്കുകയാണ്. "ഞങ്ങൾ പോയില്ലെങ്കിൽ ആർ പോകും? വിള നശിക്കില്ലേ!" [1]"ഞാൻ നട്ടു അപ്പല്ലോസ് നനച്ചു. ദൈവമത്രെ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കു ന്നവനും ഏതുമില്ല." പൗലൊസ് അപ്പൊസ്തലന്റെ ഈ വാക്യ ത്തിലെ നട്ടതും നനച്ചതും സൗകര്യപ്രദമായി മറന്നു കളയും.

സഭ വളരെ കരുതലോടെ ശ്രദ്ധിക്കേണ്ടതുണ്ട്. നടാനും നന യ്ക്കാനും നാം കൂടുതൽ പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. സഭ കേവലം സംഘടനകളായി മാറിയപ്പോൾ ദർശനത്തിനും ദൗത്യ ത്തിനും വ്യതിയാനം സംഭവിച്ചു. എവിടെ ഇതിനൊക്കെ സമയ മെന്ന ഒഴുക്കൻ രീതിയാണ്. "കോട്ടമുള്ള തലമുറ"യെ മാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതും പാപം തന്നെ. യേശു പറഞ്ഞു, [2]"എന്നാൽ നീ സഹോദരന്റെ കണ്ണിലെ കരടു നോക്കുകയും സ്വന്തകണ്ണിലെ കോൽ വിചാരിക്കാതിരിക്കയും

ചെയ്യുന്നത് എന്ത്?" ഇന്ന് അക്ഷരാർത്ഥത്തിൽ സഭയും അതുതന്നെയാണ് ചെയ്യുന്നത്. സ്വന്തം കണ്ണിലെ മുഴുത്ത കോൽ ഗൗനിക്കാതെ സഹോദര സഭയോടു "നില്ല്, സഹോദരാ, എന്റെ കണ്ണിലെ കോൽ അവിടെക്കിടന്നാലും, ഞാൻ വേദനകൊണ്ടു പുളഞ്ഞാലും നിന്റെ കണ്ണിലെ കരട് ഞാൻ എടുത്തു കളയട്ടെ." എന്നു പറയുമ്പോൾ സഹോദരസഭ അതിലും മുഴുത്ത കോലിന്റെ മറവിൽ നിന്നും കൊണ്ട് അപരന്റെ കരട് എടുക്കാൻ ശ്രമിക്കുന്നു. സഹോദരസ്നേഹത്തിന്റെ കത്തൽ! സഹാനുഭൂതി! കുരിശിലെ യാഗത്തിന്റെ പ്രതിഫലനം! "നിന്റെ ആലയത്തെക്കുറിച്ചുള്ള ഏരിവ്" നമ്മെ മൊത്തം തിന്നു കളഞ്ഞു. "അബ്രഹാം പിതാവേ, ഞാനോ നശിച്ചു. എന്റെ സഹോദരന്മാരെങ്കിലും നശിച്ചുപോകാതിരിപ്പാൻ ലാസറിനെ ഭൂമിയിലേക്കയക്കണമേ." എന്നു യാചിച്ച ധനവാന്റെ സഹോദരസ്നേഹം ഒന്നോർത്തു നോക്കിയാൽ നമ്മുടെ മുമ്പിൽ ഒന്നുമല്ല! ഒരുനാൾ അരിവാൾ തിരിഞ്ഞു കൊയ്യാതിരിക്കട്ടെ! (ആവോളം മധുരത്തിൽ പൊതിയുവാൻ ശ്രമിക്കുന്നു. പൊളിച്ചെഴുതിയാൽ പലതും പൊളിച്ചടുക്കേണ്ടിവരും).

[1] "എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു." എന്ന യേശുദേവന്റെ തിരുവായ്മൊഴികൾ ഭയഭക്തിയോട ഉരുവിട്ടു നടന്ന സാമുദായിക സഭാംഗം, ആചാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും ഭാരമുള്ള നുകം തട്ടിത്തെറിപ്പിച്ച്, വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളോടൊപ്പം കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിച്ചു തുടങ്ങിയ നാൾ മുതൽ, വീണ്ടും ജനിച്ച പാരമ്പര്യങ്ങളുടെ അതി ഭാരമുള്ള നുകത്തിനൊപ്പം പുതുപുത്തൻ പരിജ്ഞാനത്തിന്റെയും അഭിനയകലകളുടേയും ആഴങ്ങളിലേക്കു സ്വയം താഴ്ത്തിസമർപ്പിക്കേണ്ടിവരുന്ന ദുരവസ്ഥ! സംഗീതോപകരണങ്ങളുടെ അകമ്പടിയിൽ ചുറുചുറുക്കോടെ കയറിവരുന്ന 'ആത്മാവ്' വൈദ്യുതിത്തകരാറു സംഭവിക്കുന്ന നിമിഷത്തിൽ തലയിൽ മുണ്ടിട്ട് ആരോരുമറിയാതെ സഭാഹോൾ വിടുന്ന വിരോധാഭാസം! (ശരിയാണ്. പരിജ്ഞാനം വേണ്ടേ?) "അഭിഷേകം" ശരിയാകുന്നില്ലെങ്കിൽ താളവും ബാസും മൂപ്പിയ്ക്കാൻ ആംഗ്യം കാട്ടുന്ന 'വിവേകം'! (ആദിവാസി നൃത്തം കണക്കെ ഉറഞ്ഞുതുള്ളട്ടെ!) താങ്ങായി നില്ക്കുന്നത് ഒരേ ഒരു വചനം. [2] "രാജകോലാഹലം അവരുടെ മദ്ധ്യേ ഉണ്ട്." (ഇതേതു രാജാവ്? രാജരാജമഹാരാജൻ കോലാഹലപ്പെരുമാളോ?) ചെയ്യേണ്ടതൊന്നും ചെയ്യാതെ ചട്ടവും ചിട്ടയുമില്ലാതെ കയ്യും കെട്ടിയിരുന്ന് "പരിശുദ്ധാത്മാവ് എല്ലാം ചന്തവും ഉചിതവുമായി ചെയ്യും" എന്ന്! (പിതാവയച്ച തന്റെ കാര്യസ്ഥന്

സഭകൽപ്പിച്ചു നൽകിയ സ്ഥാനം - അടിച്ചു തളിക്കാരിയുടേത്!) "എടു കുടുക്കെ ചോറും കറിയും" എന്നു പറയുന്നതുപോലെയാണ് ചിലരുടെ യേശുവിനോടുള്ള ആക്രോശം. ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു സഭയിൽ ക്ഷണിക്കാതെ വന്ന "ദൈവദാസൻ" പ്രസംഗ ത്തിനിടെ, തമ്പുരാൻ പ്രസാദിച്ചു നല്കിയ വിവേകവും പരിജ്ഞാ നവും നിറഞ്ഞ, ഭൂമിയുടെ നാനാഭാഗത്തുനിന്നും ആരാധകരെ ആകർഷിച്ച ശലോമോൻ രാജാവിനെ 'മൂഢാ' എന്നു സംബോ ധന ചെയ്യുന്നതു കേട്ടു! മറ്റൊരു "ദൈവദാസൻ" കുറഞ്ഞ മുതൽ മുടക്കിൽ ഒരു തട്ടുകട തുറന്നു എന്നു പറയുന്ന ലാഘവത്തോടെ കേവലം 1.5 ലക്ഷം രുപ കൊണ്ട് ഞാനൊരു "Ministry" തുടങ്ങി; ദൈവം എന്നെ 'മാനിച്ചു' എന്നു വീമ്പിളക്കി. (സഹോദരാ, ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക.)

വിശ്വാസികൾ അറിഞ്ഞിരിക്കണം ഇന്നത്തെ ദുരവസ്ഥ. ലോകത്തെ മറ്റേതൊരു സംഘടനയും പോലെ, അഥവാ മാഫിയാ പോലെ ആത്മീയ ഗോളവും വളർന്നു; അല്ല തളർന്നു. 2012, ഏപ്രിൽ 8-ാം തീയതി 'ദ ഹിന്ദു' ദിനപ്പത്രത്തിൽ വന്ന ഒരു വാർത്ത മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതായിരുന്നു. നിരവധി സംഘ ട്ടനങ്ങളുടെയും ഒളിപ്പോരുകളുടേയും കേളീരംഗമായ സിയാച്ചിൻ എന്ന ഇന്ത്യാ-പാക്ക് അതിർത്തി പ്രദേശം ആക്രമണങ്ങൾക്കൊപ്പം അപ്രതീക്ഷിത അപകടങ്ങളും പതിയിരിക്കുന്ന യുദ്ധക്കളമാണ്. മൂടി ക്കെട്ടിയ ആകാശവും അന്തരീക്ഷവും താപനില പൂജ്യം ഡിഗ്രി സെൽഷ്യസിൽ താഴ്ത്തി മഞ്ഞു മലകളെ സൃഷ്ടിക്കുമ്പോൾ, സൂര്യ പ്രകാശം ഉയർത്തുന്ന ഊഷ്മാവ് ഭീമമായ മലയിടിച്ചിലുകൾക്കും അപകടങ്ങൾക്കും വഴി ഒരുക്കുന്നു. കാലാവസ്ഥ ചതിക്കുഴിയൊരു ക്കുന്ന ഈ കഠിന പർവ്വത പ്രദേശങ്ങളിലാണ് സ്വജീവനെ ബലി യർപ്പിച്ചു കൊണ്ട് ഇന്ത്യയുടെയും പാകിസ്ഥാന്റെയും ധീരയോദ്ധാ ക്കൾ അവരവരുടെ രാജ്യത്തിന്റെ അതിർത്തി കാത്തുകൊണ്ട് നിതാന്ത ജാഗ്രത പുലർത്തുന്നത്. ഇരുവശവും കൊല്ലാൻ തക്കം പാർത്തിരിക്കുന്നവരിൽ ഒരു നല്ല ശതമാനത്തിന്റെ ജീവനെ മലയി ടിച്ചിലും കൊടും ശൈത്യവും തട്ടിയെടുക്കുന്നു. ശേഷിക്കുന്നവരിൽ പലരും സംഘട്ടനങ്ങളിൽ വീരമൃത്യു വരിക്കുന്നു.

ഈ സാഹചര്യത്തിലാണ് ഏപ്രിൽ 7-ാം തീയതി അതിദാരുണ മായ ആ സംഭവം നടക്കുന്നത്. 13,000 അടി ഉയരത്തിലുള്ള ഗയാരി മേഖലയിൽ ഉണ്ടായ അതിഭീമമായ മലയിടിച്ചിലിൽ പാകിസ്ഥാന്റെ ഒരു ബറ്റാലിയൻ ഒന്നാകെ ഭൂമുഖത്തുനിന്നും തുടച്ചു മാറ്റപ്പെട്ടു. എട്ട് സിവിലിയൻസ് ഉൾപ്പെടെ 139 മനുഷ്യജീവനാണ് നിമിഷനേരം

കൊണ്ട് ഗയാരിയിൽ അപ്രത്യക്ഷമായത്. പാകിസ്ഥാൻ ആർമി ചീഫ് Gen. Kayani-യുടെ വികാരാധീനവും ഒപ്പം ചിന്തോദ്ദീപകവുമായ വാക്കുകൾ മനുഷ്യത്വത്തെ തൊട്ടുണർത്തുന്നവയാണ്. "പൊതു ശത്രുവായ കാലാവസ്ഥയുടെ സംഹാരതാണ്ഡവം കണക്കിലെടുത്ത് ഇരു രാജ്യങ്ങളും സിയാച്ചിൻ മേഖലയിലുള്ള സൈന്യബലം ഗണ്യ മായ തോതിൽ കുറയ്ക്കണം." എന്ന ആഹ്വാനം തികച്ചും സ്വാഗ താർഹവും ശ്ലാഘനീയവുമാണ്. യുദ്ധതന്ത്രമോ, രാഷ്ട്രീയ കുത ന്ത്രമോ എന്തുമായിക്കൊള്ളട്ടെ, നാം ക്രിസ്ത്യാനികൾക്ക്, പ്രത്യേ കിച്ചും വീണ്ടും ജനനം പ്രാപിച്ച കൂട്ടർക്ക് ചിന്തിക്കാനും പഠിക്കാനും അനുകരിക്കാനും ഏറെ ആ വാക്കുകളിലുണ്ട്.

ക്രിസ്തീയ സമൂഹം ഇന്നു തികച്ചും ഒരു യുദ്ധരംഗമാണ്. വിവിധ വിഭാഗങ്ങളുടെ അണിയറയിൽ നിത്യേന പടയൊരുക്കം നടക്കുക യാണ്. അത്യാവശ്യഘട്ടങ്ങളിൽ, എതിരാളിയുടെ ശത്രുവിനെ മിത്ര മാക്കി അവനെ സ്വന്തം സഹോദരനെതിരെ തിരിക്കാനോ അവ നിൽ നിന്ന് പടക്കോപ്പുകൾ വാങ്ങി സ്വരൂപിച്ച് സ്വന്തം ജനത്തിനെ തിരേ പ്രയോഗിക്കാനോ വരെ നാം മടി കാട്ടില്ല. അന്യോന്യം പട വെട്ടി നശിക്കുകയാണ്. നിനച്ചിരിക്കാത്ത വേളകളിലാണ് വൻ സ്ഫോടനങ്ങൾ നടക്കുക. നിമിഷനേരം കൊണ്ട് പല സഭകളും പൊട്ടിത്തെറിക്കുകയാണ്. സ്ഥാപിത താല്പര്യങ്ങളും കുതികാൽ വെട്ടലും ഒളിപ്പോരുകളും ഒക്കെച്ചേർന്ന് പല ക്രിസ്തീയ കൂട്ടങ്ങളും വിസ്ഫോടനത്തിന്റെ വക്കിലാണ്. എപ്പോൾ വേണമെങ്കിലും എട്ടു നിലയിൽ പൊട്ടാം. ദൈവദാസന്മാരുടെ നിഴൽ യുദ്ധവും നിശ്ശ ബ്ദപോരാട്ടവും നിസ്സഹകരണവും ഉൾപ്പോരും എല്ലാം ചേർന്ന് ക്രിസ്തീയ ഗോളം പ്രത്യേകിച്ചും പെന്തക്കോസ്തു സഭകൾ ഇന്ന് ഒരു അങ്കക്കളരിയായി മാറിയിരിക്കുകയാണ് എന്ന് നിഷ്പക്ഷവാ ദികൾ ആരും ഇരുകരങ്ങളുമുയർത്തി സമ്മതിക്കും. തുറന്നു സമ്മ തിക്കാൻ പലർക്കും വിമ്മിട്ടമാണെന്നു മാത്രം. പൊതുവേദികളിൽ പ്രത്യക്ഷപ്പെടുമ്പോൾ മുഖത്തു തേച്ചു പിടിപ്പിക്കുന്ന വിനയവും, ഇഞ്ചുകൾ നീളുന്ന പുഞ്ചിരിയും, ഗുസ്തിക്കു മുന്നോടിയായുള്ള ഹസ്തദാനവും, 'പ്രെയ്സ് ദ ലോർഡ്' എന്ന പോർ വിളിയും, ധൃതരാഷ്ട്രാലിംഗനവും, അങ്കക്കലി ഒളിപ്പിക്കുന്ന ചേഷ്ടകളും ഒന്നു മൊന്നും ഉള്ളിൽ നീറുന്ന ഉമിത്തീയണയ്ക്കാൻ പര്യാപ്തമല്ല. "അപ്പം ഒന്നാകകൊണ്ട് പലരായ നാം" എന്ന ഗുരുവചനത്തിന് ഭ്രഷ്ട് കല്പിച്ച്, "മേശ ഒന്നാകകൊണ്ട് പലരായ നാം" എന്ന നൂതന പ്രത്യയശാസ്ത്രത്തിന്റെ കുടക്കീഴിൽ "കൂട്ടിച്ചേർക്കപ്പെടുന്നു" എന്നു മാത്രം.

ഇവയെല്ലാം കണ്ടു കേട്ടും മടുത്ത് ഉള്ളുനൊന്ത എത്രയോ പേർ പഴയ തൊഴിലായ "മീൻ വല"യുമേന്തി സംസാരസാഗരത്തിലേക്കു മടങ്ങുന്നു. "എന്നാൽപ്പിന്നെ എനിക്കും ആവാമല്ലോ" എന്ന ചിന്തയിൽ അവിടെത്തന്നെ ഒതുങ്ങുന്നവരും ഏറെ. രണ്ടായാലും ഒരു നല്ല ശതമാനം പൊതു ശത്രുവായ സാത്താനൊരുക്കുന്ന ആത്മീയ മരവിപ്പിന് ഇരയാകുന്നു. തണുത്തുറയുന്ന വിശ്വാസത്തിന്റെ ഇരട്ടി ആത്മീയ മലയിടിച്ചിലിൽ ഒടുങ്ങുന്നു. ആത്മീയ സാമ്രാജ്യത്തലവന്മാർ വട്ടമേശ സമ്മേളനം കൂടി ഉറക്കെ ചിന്തിക്കേണ്ട വിഷയമാണിത്. ഈ ആത്മീയ സിയാച്ചിൻ മേഘലയിലെ പോരാട്ടം ഒന്നവസാനിപ്പിച്ചുകൂടെ? നൂറുശതമാനം വിജയം കൈവരിക്കാനാവില്ലെങ്കിലും മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ അതു സഹായകമാകും. കുറഞ്ഞ പക്ഷം സൈന്യബലം കുറച്ചെങ്കിലും ഒരു പറ്റം ആത്മാക്കളെ ആത്മീയ മരണത്തിൽ നിന്നും രക്ഷിക്കാമല്ലോ! പൊതുശത്രുവായ പിശാചിനോടു ഒറ്റക്കെട്ടായി നിന്ന് പോരാടുന്നതിനു പകരം അന്യോന്യം തീയമ്പുകളും ഒളിയമ്പുകളും തൊടുത്തു വിട്ട് സ്വയം നശിക്കുകയും സാത്താന്റെ ചതിക്കുഴിയിൽ സ്വമനസ്സാലെ ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്ന ഈ പ്രവണതയ്ക്കു ഒരന്ത്യം കുറിച്ചേ മതിയാവൂ.

"സർവ്വായുധവർഗ്ഗം" ധരിച്ച് സ്വന്തം തട്ടകത്തിൽ മാത്രം വീട്ടുമൂപ്പുള്ള നായുടെ മുറു മുറുപ്പോടെ തലങ്ങും വിലങ്ങും ഉലാത്തിയാൽ മാത്രം പോരാ, സാത്താന്റെ തന്ത്രങ്ങളെ മുന്നമേ തന്നെ അറിഞ്ഞ് സഹോദരവിഭാഗങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കട്ടെ, ആദരിക്കട്ടെ, സഹകരിക്കട്ടെ. എങ്കിൽ "സാത്താൻ നിങ്ങളെ വിട്ടോടിപ്പോകും." അടുത്തയിടെ ഹൈദരാബാദിൽ നടന്ന ഒരു മലയാളം കൺവെൻഷന്റെ വിശദവിവരങ്ങൾ മറ്റൊരു മലയാളി ദൈവദാസൻ ചുക്കാൻ പിടിയ്ക്കുന്ന പരിപാടിയിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ പാതിവഴിയിൽ വെച്ച് മൂന്നുവട്ടം മൈക്കിലേക്കുള്ള വൈദ്യുതി ബന്ധം വിഛേദിക്കുവാൻ ദൈവദാസൻ കല്പന നല്കി നടപ്പാക്കിയതായി വളരെ വിശ്വസനീയമായി അറിയാൻ സാധിച്ചു. രാഷ്ട്രീയ തിരഞ്ഞെടുപ്പു പ്രചാരണക്കാർ ഇത്തരക്കാരുടെ ശിഷ്യത്വം സ്വീകരിക്കണം. ഒരു സഭാ കൺവൻഷന്റെ അറിയിപ്പുണ്ടായാൽ ധൃതഗതിയിൽ സ്വന്തസഭയിൽ അതേദിവസങ്ങളിൽ തന്നെ നിർബ്ബന്ധിത ഉപവാസ പ്രാർത്ഥന പ്രസിദ്ധപ്പെടുത്തി ആത്മഹത്യാ പ്രവണത കാട്ടുന്ന ഇടയന്മാർ വരെ നമ്മുടെ ഇടയിലുണ്ട്! അനേകർ ദൈവവചനം കേൾക്കേണ്ട ഒരു വഴിയാണ് ദൈവദാസൻ അടച്ചത്. ഒരു വഴി അടഞ്ഞാൽ ഒൻപതു വേറെ തുറക്കുന്ന

സർവ്വശക്തൻ ആ കൺവൻഷനിൽ കൂടി അത്ഭുതങ്ങൾ പ്രവർത്തിച്ചു.

പത്രവാർത്തയെക്കുറിച്ചെഴുതിയപ്പോൾ മറ്റൊരു വാർത്ത വിട്ടു കളഞ്ഞാൽ ഞാൻ മാദ്ധ്യമങ്ങളോടു നീതി പുലർത്താതെ വരും. മാന്യവായനക്കാർ അത്യാവശ്യം അറിഞ്ഞിരിക്കണമെന്ന ബോധ മുള്ളതുകൊണ്ടാണ് ഇതും കൂടി കുറിക്കാൻ സ്ഥലം കണ്ടെത്തുന്ന ത്. ‘ഹിന്ദു’ പത്രത്തിൽ തന്നെയാണ് ഈ വിശേഷ വാർത്തയും വന്നത്. All India X'an Federation, Hyderabad-ൽ സംഘടിപ്പിച്ച X'an Leaders Conference-ൽ സംസാരിച്ച ബഹു. Union Minister (Petroleum and natural gas) S. Jaipal Reddy യുടെ തിരുവചന വെളി പ്പെടുത്തലുകൾ നാം ഇന്നേവരെ വച്ചുപുലർത്തിയിരുന്ന വേദപു സ്തക വിശ്വാസങ്ങളിലേക്ക് ഒരു നൂതന വെളിച്ചം വീശുന്നതായി രുന്നു! ഈ പുതിയ ദർശനത്തിങ്കൽ സാധാരണ വിശ്വാസികൾ മുതൽ വേദപുസ്തക പണ്ഡിതന്മാർ വരെ ഒന്നടങ്കം മൂക്കത്തു വിരൽ വെച്ചിട്ടുണ്ടാകണം.

വേദപുസ്തകത്തിലെ ഗിരിപ്രഭാഷണത്തിന്റെ രചനാവകാശം വിശുദ്ധ പൗലൊസ് സ്ലീഹായുടെ നാമത്തിൽ ചാർത്തി നല്കിയ ഇടിവെട്ടു വാർത്ത മന്ത്രി സസന്തോഷം ഉറക്കെ വിളംബരം ചെയ്ത പ്പോൾ, സാക്ഷാൽ ദൈവപുത്രനായ യേശു പണ്ടു സ്തേഫാനോ സിന്റെ കാലത്തെപ്പോലെ ഒരിക്കൽകൂടി സ്വർഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് എഴുന്നേറ്റു നിന്നിരിക്കാം! അപ്രതീക്ഷിതമായി വീണു കിട്ടിയ സൗഭാഗ്യം ദർശിച്ച്, തനിക്കുവേണ്ടി കരുതിയിരുന്ന വാടാ കിരീടം ഇതു തന്നെയല്ലയോ എന്നു തെറ്റിദ്ധരിച്ച്, ആനന്ദാ തിരേകത്താൽ പൗലൊസ് അപ്പൊസ്തലൻ സകല വിശുദ്ധന്മാ രെയും ഒന്നടങ്കം ക്ഷണിച്ചു വരുത്തി, സ്തോത്രപ്രാർത്ഥന നട ത്തി, വിരുന്നൊരുക്കി, “എന്നോടുകൂടെ സന്തോഷിപ്പീൻ” എന്നു വിളിച്ചു കൂവി വിരുന്നു ശാലയ്ക്കു തലങ്ങും വിലങ്ങും നെഞ്ചു വിരിച്ചുലാത്തിയിരിക്കാം! കേവലം മഹാപുരോഹിതന്റെയല്ല, അധി കാരം കയ്യാളുന്ന സാക്ഷാൽ കേന്ദ്രമന്ത്രിയുടെ അധികാര പത്ര മാണ് കയ്യിൽ കിട്ടിയിരിക്കുന്നത്! സ്വർഗ്ഗത്തിലോ ഭൂമിയിലോ ഭൂമിക്കു കീഴെ പാതാളത്തിലോ ആരുണ്ടിതിനെതിരേ ശബ്ദിക്കാൻ? ഇനിയും അദ്ദേഹത്തിന്റെ പ്രഭാഷണ ശകലം ശ്രദ്ധിച്ചുകൊൾവിൻ. “മഹാത്മാ ഗാന്ധിയെ സ്വാധീനിച്ചതും വേദപുസ്തകത്തിൽ വിശുദ്ധ പൗലോസിനാൽ നല്കപ്പെട്ടതുമായ “ഗിരിപ്രഭാഷണം” (Sermon on the Mount) അനുസരിക്കാനും അനുകരിക്കാനും ബഹു. മന്ത്രി ആഹ്വാനം ചെയ്തു.” ദൈവപുത്രനായ യേശുവിന്റെ അർത്ഥ

ഗർഭവും അതി പ്രശസ്തവുമായ ഗിരിപ്രഭാഷണത്തിന്റെ പിതൃത്വാവകാശമാണ് ഉപായരൂപേണ മന്ത്രിതലത്തിൽ സ്വാധീനം ചെലുത്തി വിശുദ്ധ പൗലൊസ്സ്ലീഹാ അന്യായമായി കൈവശപ്പെടുത്തിയത്!

മന്ത്രിക്കു വേദപുസ്തകത്തിലുള്ള പരിജ്ഞാനക്കുറവോ, മാദ്ധ്യമങ്ങളുടെ അബദ്ധമോ, അച്ചടിപ്പിശകോ എന്തുമാകട്ടെ പിണഞ്ഞുപോയ തെറ്റു തിരുത്താനുള്ള സൗമനസ്യം നമ്മുടെ ക്രിസ്തീയ നേതാക്കൾ ഇന്നേവരെ കാട്ടിയിട്ടില്ല എന്നുള്ളതാണ് വിരോധാഭാസം. ഒരു പക്ഷേ, മന്ത്രി പറഞ്ഞപ്പോൾ പൗലോസ് തന്നെയാണോ മലമേൽ കയറിയതെന്ന് അവരും സംശയിക്കുന്നുണ്ടാകാം! [1] "അമ്മയുടെ ഗർഭത്തിൽ നിന്ന് ഷണ്ഡന്മാരായി ജനിച്ചവരുണ്ട്; മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെത്തന്നേ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരും ഉണ്ട്." എന്നാൽ മന്ത്രി ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാർ ഇതാദ്യമാണ്! നിസ്സാര തെറ്റുകളോ അഭിപ്രായ ഭിന്നതകളോ ഒക്കെ വന്നെന്നു വരാം എന്നാൽ കാതലായ വിശ്വാസധ്വംസനം പൊറുപ്പിക്കാവുന്നതല്ല. വേണ്ടപ്പോൾ വേണ്ടപ്പെട്ടവർ വേണ്ടവിധത്തിലുള്ള വിശദീകരണവും തിരുത്തലുകളും നടത്തുന്നതിൽ വീഴ്ച വരുത്തുന്നത് അവരും ഈ പട്ടികയിൽ ഉൾപ്പെടുന്നു എന്നതിനു മതിയായ തെളിവാണ്.

ഇത്തരം മുഖാന്തിരങ്ങൾ ഒരുക്കുന്നതും നാം തന്നെയാണ്. ഇന്ന് കൺവെൻഷൻ, ക്രൂസേഡ് എന്നിവ രാഷ്ട്രീയ സാമൂഹിക നേതാക്കന്മാരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കുന്നതും, ആത്മീയതയോട് പുലബന്ധമില്ലാത്ത അബദ്ധങ്ങൾ വിളിച്ചു പറയുന്നതും ഒരു ഫാഷൻ ആയി മാറിയിരിക്കുകയാണ്. സഭയുടെ കൂട്ടായ്മകൾ ക്രിസ്തുമസ്സ് തുടങ്ങിയ പ്രത്യേക പരിപാടികൾ എന്നിവയിൽ രാഷ്ട്രീയക്കാരെയും ഉയർന്ന സർക്കാർ ഉദ്യോഗസ്ഥരെയും ക്ഷണിച്ചുവരുത്തുകയും ആദരിക്കുകയും ചെയ്യുന്നതു കാണാറുണ്ട്. നാളെ ചലച്ചിത്ര നടീനടന്മാരും മറ്റെന്നാൾ മദാലസ നർത്തകികളും ആവാം! ആദ്യ സ്നാനാർത്ഥിയെ വെള്ളത്തിൽ മുക്കി മന്ത്രി സ്നാനയജ്ഞം ഉദ്ഘാടനം ചെയ്തുവെന്നും, സെൻട്രൽ പാസ്റ്ററുടെ ശവസംസ്കാര ചടങ്ങിൽ ആദ്യനുള്ളു മണ്ണ് കഴിയിലേക്കിട്ടുകൊണ്ട് "മനുഷ്യാ, നീ മണ്ണാകുന്നു" എന്നു മന്ത്രി ചൊല്ലിക്കൊടുത്ത വിശ്വാസ പ്രഖ്യാപനം സഭാ വിശ്വാസികൾ ഏറ്റു ചൊല്ലി എന്നുമുള്ള വാർത്തകൾ സമീപഭാവിയിൽ മാധ്യമങ്ങളറിയിച്ചാൽ അൽഭുതപ്പെടേണ്ടതില്ല! അത്രമാത്രം നിക്ഷിപ്ത താല്പര്യങ്ങൾ ക്രിസ്തീയ സമൂഹത്തിൽ കടന്നു കൂടിയിരിക്കുന്നു. ക്രിസ്തീയ

പൊതുവേദികളിലെ മേല്പറഞ്ഞവരുടെ സാന്നിദ്ധ്യത്തെ ഒരു പരിധിവരെ ന്യായീകരിക്കാൻ സാധിക്കും. എന്നാൽ വിശ്വാസപരവും സഭയുടെ സ്വകാര്യവുമായ ആത്മീയ കൂട്ടായ്മകളിലും മറ്റും, അവർക്കും സഭാവിശ്വാസികൾക്കും യാതൊരു ആത്മീയ വർദ്ധനവും ലഭിക്കാത്ത സ്ഥിതിക്ക് ഇതരവിശ്വാസികളായ ഇക്കൂട്ടരെ ക്ഷണിച്ചുവരുത്തി പാഴ്വാക്കുകൾ കൊണ്ട് മൂന്നാം സ്വർഗ്ഗത്തോളം ഉയർത്തി ആദരിക്കുന്നത് സ്ഥാർത്ഥ താല്പര്യങ്ങളുടെ നഗ്നമായ വിളംബരമാണ്. ചില പ്രത്യേക വ്യക്തികളുടെ നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും താൻ സഭയിലെ ''ചിറ്റുപുള്ളി"യാണെന്ന് കാട്ടിക്കൊടുപ്പാനും സഭയെ ഒന്നടങ്കം കരുവാക്കുന്നത് ശോചനീയം തന്നെ. സഭ അതിന്റെ വഴിക്കും, രാഷ്ട്രീയം അതിന്റെ വഴിക്കും പോകട്ടെ. "കൈസർക്കുള്ളത് കൈസർക്ക്, ദൈവത്തിനുള്ളത് ദൈവത്തിന്." വിശ്വസ്തതയോടെ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ യാതനകളും പീഢനങ്ങളും ഏറ്റുവാങ്ങി വേലചെയ്യുന്ന ദൈവദാസന്മാരെ ദൈവം തന്റെ ഉള്ളം കയ്യിൽ വഹിക്കട്ടെ. മുഖം നോക്കാതെ മായമില്ലാത്ത വചനം അതുപോലെ തന്നെ പഠിപ്പിച്ചു സഭയെ നയിക്കുന്ന ശുശ്രൂഷകരെ സർവശക്തൻ തന്റെ അനുഗ്രഹങ്ങളാൽ നിറയ്ക്കട്ടെ.

4

# മരണം - "ഒരു കുതിച്ചുചാട്ടം"

[1]"ഹേ, മരണമേ നിന്റെ ജയമെവിടെ... ഹേ, മരണമെ നിന്റെ വിഷമുള്ളെവിടെ?" നമ്മുടെ യേശു മരണത്തെ തോല്പിച്ചവനാണ്. ഗോൽഗോഥയിലെ കുരിശിൽ സാത്താന്റെ തല തകർത്തവനാണ്. സ്തേഫാനോസ് സന്തോഷത്തോട മരണം ആസ്വദിച്ചവനാണ്. പുത്രനായ ദൈവം പിതാവിന്റെ വലത്തു ഭാഗത്ത് എഴുന്നേറ്റു നില്ക്കുന്ന ദർശനം കണ്ട് ആഹ്ലാദത്തോടെ മരണത്തെ പുൽകി. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങൾക്കുള്ളിൽ എത്രയോ ദൈവദാസന്മാർ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ഈ ലോകം വിട്ടു കടന്നുപോയി. ഭൂമി സാത്താന്റെ കൈപ്പിടിയിലാണ്. എല്ലാം തന്റെ കാൽക്കീഴാക്കുവോളം രക്ഷകനായ യേശു പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നു. കാലത്തികവിങ്കൽ അവൻ വരും. എന്നാൽ നമുക്കു നിശ്ചയിച്ചു തന്നിരിക്കുന്ന കാലത്തോളം നാം ഈ ഭൂമിയിൽ ജീവിച്ചിരുന്നേ മതിയാവൂ. അതിനു മുമ്പ് ജീവനെ കെടുത്തിക്കളയുന്നവരും ഉണ്ട്.

യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ പശ്ചാത്താപവിവശനായി കെട്ടിഞാന്നു ചത്തു എന്നു നാം വായിക്കുന്നു. എന്നാൽ ഏതാണ്ട് അതേപോലെ തന്നെ അകൃത്യം കാട്ടിയ പത്രോസ് ഒരു ചോദ്യച്ചിഹ്നമായി നമ്മുടെ മുമ്പിൽ നില്ക്കുന്നു. പത്രൊസ് എന്തുകൊണ്ട് ആത്മഹത്യയ്ക്കൊരുങ്ങിയില്ല? യേശു മുന്നറിയിച്ചതുപോൽ മൂന്നു പ്രാവശ്യം രക്ഷകനെ തള്ളിപ്പറഞ്ഞ പത്രൊസ് അതിദുഃഖത്തോടെ കരഞ്ഞു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. പത്രൊസിനെ കോതമ്പുപോലെ പാറ്റാൻ ശ്രമിച്ച സാത്താനെ മുന്നമെ തന്നെ യേശു ശാസിച്ചിരുന്നു. [2] "ശിമോനെ, ശിമോനെ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു; ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്ന ശേഷം നിന്റെ സഹോ

ദരന്മാരെ ഉറപ്പിച്ചുകൊൾക" ആയതിനാൽ സാത്താൻ പത്രൊസിനെ വിട്ടു പോയി.

സമാനമായ മറ്റൊരു സംഭവം കൂടി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് മാന്യവായനക്കാർ ശ്രദ്ധിക്കുന്നത് സംശയങ്ങൾ ദുരീകരിക്കുന്നതിന് സഹായകമാണ്. ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരുമൊത്ത് ഏതാനും ദൈവീക മർമ്മങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നു എങ്കിലും, ചില പ്രത്യേക വെളിപ്പെടുത്തലുകൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കരുതെന്ന് അവരെ കർശനമായി അമർച്ച ചെയ്തു. അങ്ങനെ ഒരവസരത്തിൽ മനുഷ്യപുത്രൻ പലതും സഹിക്കേണ്ടതായുണ്ടെന്നും താൻ കൊല്ലപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കയും ചെയ്യുമെന്നു തന്റെ പ്രിയ ശിഷ്യന്മാരോട് തുറന്നു പറയുന്നതായി മർക്കൊസിന്റെ സുവിശേഷം 8-ാം അദ്ധ്യായം 27-33 വരെ എഴുതപ്പെട്ടിരിക്കുന്നു. തദവസരത്തിൽ പത്രൊസ് യേശുവിനെ വേറിട്ടുകൊണ്ടുപോയി ശാസിക്കുന്നതായി കാണുന്നു. പത്രൊസിന്റെ ഉള്ളിലെ പിശാചിനെ ഒരിക്കൽകൂടി യേശു ശാസിച്ചകറ്റുന്നു. [1] "...സാത്താനേ, എന്നെ വിട്ടു പോ..." യേശു സാക്ഷാൽ ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് വെളിപ്പെട്ടു കിട്ടുകയാൽ ഗുരുവിന്റെ പ്രശംസ പിടിച്ചു പറ്റുകയും, ശേഷം ശിഷ്യന്മാരുടെ നടുവിൽ ജ്ഞാനിയെന്ന് സ്വയം കരുതുകയും ചെയ്ത പത്രൊസ്, തന്റെ സൃഷ്ടികർത്താവിനെപ്പോലും ശാസിക്കാൻ മുതിരുന്നു. അഹങ്കാരിയായ സാത്താന്റെ അടിമയായിത്തീരുന്ന അവസ്ഥ! അതേ ശിഷ്യന്മാരുടെ നടുവിൽ വെച്ചുതന്നെ, തക്ക ശാസനയും ഭത്സനവും ലഭിക്കുന്ന പത്രൊസ് ഒരിക്കൽകൂടി സാത്താന്റെ കരാളഹസ്തങ്ങളിൽ നിന്നു മോചിതനാകുന്നു. നമ്മുടെയിടയിലും പത്രൊസന്മാർ ഏറെ ഉണ്ട്. വചനം അല്പം ഗ്രഹിച്ചു എന്നൊ, എന്തെങ്കിലും വെളിപ്പെട്ടു കിട്ടി എന്നൊ ഉള്ള തോന്നൽ അങ്ങകലെ യഹൂദ്യയുടെ നിർജ്ജന പ്രദേശത്തു കൂടി പോയാൽ മതി, ഇങ്ങു കൊച്ചു കേരളത്തിൽ നാം ഗുരുവിനു മീതെയാവും എന്നു മാത്രമല്ല, സൗകര്യം കിട്ടിയാൽ ശാസിക്കാനും ഭത്സിക്കാനും വേണ്ടി വന്നാൽ കൈവെയ്ക്കാനും മടിക്കില്ല. അപൂർവ്വം സന്ദർഭങ്ങളിൽ യേശുവിനെപ്പോലും ഉപദേശിച്ചു നേരെയാക്കിക്കളയും! വിവേകികളായ നമ്മുടെ മുമ്പിൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പോലും തോളിൽ കിടക്കുന്ന തോർത്തെടുത്ത് അരയിൽ കെട്ടി ഓച്ഛാനിച്ചു നില്ക്കും!

മറ്റൊന്നുകൂടി ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. "എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നതിനുശേഷം നിന്റെ സഹോദരന്മാരെ ഉറ

പ്പിച്ചുകൊൾക." എന്ന യേശുവിന്റെ പ്രവചന വാക്യങ്ങളിൽ "യോഹന്നാന്റെ മകനും" പിന്നീട് ശിമോൻ പത്രൊസായി മാറിയ പത്രൊസിനെക്കുറിച്ചും പത്രൊസിൽ കൂടി ദൈവസഭയെക്കുറിച്ചുമുള്ള വരുംകാല ദൂത് വെളിപ്പെട്ടുവരുന്നു. ഒരിക്കൽ "ശിമോനെ, നീ പാറയാകുന്നു." എന്നു പ്രഖ്യാപിച്ച യേശു "ക്രിസ്തു മൂലക്കല്ലായി" പണിയപ്പെടുന്ന സഭയുടെ "ക്രിസ്തു എന്ന പാറ"യോടു ചേർത്തു പണിയുവാൻ, തട്ടിയും മുട്ടിയും ഒരുക്കിയെടുത്ത പാറയാകുന്നു പത്രൊസ്. ഈ പത്രൊസ് ആത്മഹത്യക്കുള്ളവനല്ല, അവനെ ഒടുക്കിക്കളവാൻ "പാതാളഗോപുരങ്ങളെ" ഒരുനാളും യേശു അനുവദിക്കില്ല. യോഹന്നാന്റെ സുവിശേഷം 21-ാം അദ്ധ്യായം 15 മുതൽ 17 വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ, യേശു പത്രൊസിനെ "യോഹന്നാന്റെ മകനായ ശിമോനെ" എന്ന് സംബോധന ചെയ്യുന്നത് കാണുവാൻ സാധിക്കും. അപ്പനായ യോഹന്നാന്റെ ചൂടും ചൂരും, കുറവും നിറവും, ചതിയും ചാഞ്ചല്യവും, ഭയവും ശൗര്യവും എല്ലാം അറിയാമായിരുന്ന യേശു അവയെല്ലാം ഒരളവിൽ അല്ലെങ്കിൽ മറ്റൊരളവിൽ മകനായ ശിമോനിലും കണ്ടിരുന്നു. എന്നിട്ടും... ഗുരുവിനെ ശാസിക്കുന്ന അഹങ്കാരിയും, വാളാൽ വെട്ടുന്ന പോരാളിയും, പഴയതൊഴിലിലേക്കു ചാഞ്ഞ ചഞ്ചല ഹൃദയനും, അപരന്റെ വ്യക്തിപരമായ കാര്യങ്ങളിൽ ഔത്സുക്യമുള്ളവനും, സ്നേഹം നടിക്കുന്ന ചതിയനും, സ്ത്രീയുടെ മുമ്പിൽ ചൂളിപ്പോയ ഭീരുവും, വിശ്വാസത്തിൽ ബലഹീനനും, എടുത്തു ചാട്ടക്കാരനും... ഒക്കെയായിരുന്നു എങ്കിലും ഒരു സമയം തിരിഞ്ഞു വന്നിട്ട് സഹോദരന്മാരെ ഉറപ്പിക്കേണ്ടവൻ അവൻ തന്നെയെന്ന് യേശു അറിഞ്ഞു. മണ്ണും ചെളിയും കഴുകിമാറ്റി, ഇളകിയ കഷണങ്ങൾ അടർത്തിമാറ്റി, തന്നോടുചേർത്തു പണിയേണ്ട ഒരു പാറയാക്കി പത്രൊസിനെ അവൻ.

വിഷയവുമായി പ്രത്യക്ഷബന്ധമൊന്നുമില്ലയെന്നു തോന്നിയാലും, ഒരു പക്ഷേ പലരും ശ്രദ്ധിക്കാതെ വിട്ടുകളയുന്ന ഒന്നുകൂടി ചൂണ്ടിക്കാട്ടാനാഗ്രഹിക്കുന്നു. താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരിൽ യോഹന്നാനെ യേശു കൂടുതൽ സ്നേഹിച്ചിരുന്നുവെന്ന് വചനം പ്രസ്താവിക്കുന്നു (യോഹ. 13:23) (യോഹ. 19:26) (യോഹ. 21:20,24). യേശു തന്റെ സഭയുടെ ദൗത്യമേല്പിച്ചത് താൻ സ്നേഹിച്ച ശിഷ്യനെയല്ല, മറിച്ച് പത്രൊസിനെയാണ്. ഇവിടെ ദൈവസ്നേഹവും മാനുഷീക സ്നേഹവും, ദൈവകരുതലും മാനുഷീക കരുതലും, ദൈവതിരഞ്ഞെടുപ്പും മാനുഷിക തിരഞ്ഞെടുപ്പും തമ്മിൽ പ്രകടമായ വ്യത്യാസം എടുത്തുകാട്ടപ്പെടുന്നു. നാം, നമ്മൾ

സ്നേഹിക്കുന്നവർക്ക് ഏറ്റം നല്ലതെന്നും അഭികാമ്യമെന്നും നാമും ലോകവും വിലയിരുത്തുന്നത് വാരിക്കോരി നല്കാൻ തയ്യാറാവുമ്പോൾ, ദൈവദൃഷ്ടിയിൽ മറ്റൊരു ദൗത്യം അവർക്കായി ഒരുക്കിയിരിക്കുന്നു. ഞാൻ മുൻ പറഞ്ഞതുപോലെ സഭകൾ കേവലം സംഘടനകളായി മാറിയപ്പോൾ, ഈ ലോകത്തിന്റെ പലതും നാം കടമെടുത്തു. അതിലൊന്നായ ജനായത്ത ഭരണനിയമപ്രകാരമുള്ള വോട്ടെടുപ്പും തിരഞ്ഞെടുപ്പും സഭയിൽ നുഴഞ്ഞു കയറി സഭാ ഭരണതലം യുദ്ധക്കളമാക്കി മാറ്റി. ദൗത്യം മറന്നു, ദർശനം കാറ്റിൽ പറത്തി. അഭിഷേകം മാറി, പരിശുദ്ധാത്മാവിനെ കൂടയിലടച്ചു. പൈശാചിക തന്ത്രങ്ങളൊരുങ്ങി, സാത്താന്യ വശീകരണം സ്നേഹം വർദ്ധിപ്പിച്ചു. സ്നേഹം വോട്ടുകളായി, വോട്ടുകളുടെ എണ്ണത്തിനൊപ്പം അധികാരം പങ്കിട്ടു. അധികാരം കിട്ടുമ്പോൾ അജപാലകർ ആത്മീയതയുടെ അന്തകരാകുന്നു; അജഗണം അഴിഞ്ഞാടുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ഒരു പെന്തക്കോസ്തു സഭയുടെ ആണ്ടിലൊരിക്കലുള്ള "മാമാങ്കത്തിൽ" പങ്കെടുക്കാൻ ദൗർഭാഗ്യം ലഭിച്ച ഞാൻ, "പരിശുദ്ധാത്മാവിന് വോട്ടവകാശം കൊടുക്കണമെന്ന് വേദിയിൽ നിന്ന് വിളിച്ചു പറഞ്ഞപ്പോൾ, വിവിധതലങ്ങളിലുള്ള ദൈവദാസന്മാരും വിശ്വാസികളും തിങ്ങിനിറഞ്ഞ സദസ്സിന്റെ ഭൂരിപക്ഷവും എന്റെ വാക്കുകളെ കരഘോഷത്തോടെ സ്വീകരിച്ചെങ്കിലും, സഭയുടെ ചുക്കാൻ പിടിക്കുന്ന മുഖ്യദൈവദാസൻ ഒരന്യഗ്രഹജീവിയെ നോക്കി കാണുന്നതുപോലെ എന്നെ വീക്ഷിക്കുകയായിരുന്നു. ഒരു സഭാ മാസികയുടെ അടുത്ത ലക്കത്തിൽ അദ്ദേഹത്തിന്റെ വീക്ഷണ കോണത്തിന് വ്യതിയാനം സംഭവിച്ചപ്പോൾ ഈയുള്ളവൻ ദൈവത്തെ മഹത്വപ്പെടുത്തി.

എന്നാൽ യൂദയോട് യേശു "നീ ചെയ്യുന്നത് വേഗത്തിൽ ചെയ്ക" എന്നാണ് പറഞ്ഞത്. തനിക്കു ലഭിച്ച 30 വെള്ളിക്കാശ് പരീശന്മാരുടെയും മഹാപുരോഹിതന്മാരുടെയും മുന്നിൽ എറിഞ്ഞുകളഞ്ഞ്, [1]"ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു" എന്നു അനുതപിച്ച യൂദാ ഈസ്കോര്യോത്ത പശ്ചാത്താപബോധത്തോടെ മനഃപൂർവ്വം പൊട്ടിക്കരഞ്ഞതില്ലയെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? പിന്നെ എന്തുകൊണ്ട് അവൻ അവനെത്തന്നെ നശിപ്പിച്ചു. യോഹന്നാൻ 13-ാം അദ്ധ്യായം 27, വാക്യം ഇങ്ങനെ പറയുന്നു. "ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു." [2]"അത്താഴമായപ്പോൾ പിശാച്

ശീമോന്റെ മകനായ യൂദാ ഇസ്കര്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു" ആ സാത്താനെ യേശുകർത്താവ് ശാസിച്ചില്ല. മറിച്ച് "ചെയ്യുന്നത് വേഗത്തിൽ ചെയ്ക" എന്നാണ് കല്പിച്ചത്. പത്രൊസിനുള്ളിൽ കടന്ന സാത്താൻ ദൈവകല്പനയാൽ പുറത്തായപ്പോൾ, യൂദയിൽ അവൻ കുടിൽ കെട്ടി താമസിച്ചു. കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപബോധമുളവായ യൂദയുടെ അനുതാപത്തിൽ സാത്താൻ ക്രൂദ്ധനായി. അവൻ കുറ്റബോധം കൊണ്ടവനെ തളർത്തി. നിരാശയിട്ടു തകർത്തു. ഒരു കാരണവശാലും യൂദാ നിത്യ രാജ്യം നേടരുതെന്ന നിശ്ചയദാർഢ്യത്തോടെ സാത്താൻ കുതന്ത്രങ്ങളൊരുക്കി നിരാശയുടെയും കുറ്റബോധത്തിന്റെയും ഭയത്തിന്റെയും പാരമ്യത്തിൽ സ്വബുദ്ധി നഷ്ടപ്പെട്ട യൂദാ തന്നെത്തന്നെ ഒടുക്കി.

കൂടാതെ സംഭവിച്ചതെല്ലാം തിരുവെഴുത്തുകളിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. ദൈവത്തിന്റെ അരുളപ്പാടുകൾക്കും ദർശനങ്ങൾക്കും ദൈവാത്മ പ്രേരണയാൽ എഴുതപ്പെട്ടിട്ടുള്ളവയ്ക്കും മാറ്റം സംഭവിച്ചുകൂടാ. അതു നിവർത്തിയായേ പറ്റു. അന്നോളമുള്ളതും ഇന്നോളുമുള്ളതും നിവർത്തിയാക്കപ്പെട്ടിട്ടുണ്ട്. ദൈവപുത്രനെ ഒരുവൻ കാണിച്ചുകൊടുക്കും എന്ന പ്രവചന നിവൃത്തിയായിരുന്നു അത്. യൂദയുടെ ആത്മാവിന് എന്തു സംഭവിക്കും എന്ന ന്യായമായ ഒരു ചോദ്യം നമ്മിലുണ്ടാവാം. യേശു പത്രൊസിന് പണ്ടേ തന്നെ ഇതിനുള്ള ഉത്തരം കൊടുത്തു കഴിഞ്ഞു. ഒരിക്കൽ പത്രൊസ് യോഹന്നാനെ ഉദ്ദേശിച്ച് [1] "കർത്താവേ, ഇവനെന്തു ഭവിക്കും" എന്നു ചോദിച്ചതിനുത്തരമായി അരുമനാഥൻ മറ്റൊരു ചോദ്യം തൊടുത്തുവിടുകയായിരുന്നു. "ഞാൻ വരുവോളം ഇവനിരിക്കേണമെന്ന് എനിക്കിഷ്ടമുണ്ടെങ്കിൽ അത് നിനക്കെന്ത്? നീ എന്നെ അനുഗമിക്ക." യൂദാ ഒരിക്കൽ മാത്രം ഒറ്റി. കുറ്റബോധം ലേശവുമില്ലാതെ നാം ദിനമ്പ്രതി രക്ഷകനെ ഒറ്റുന്നു. നമ്മുടെ ആത്മാവിന് എന്തു സംഭവിക്കും എന്നോർത്ത് വിലപിക്കുകയല്ലേ ഉത്തമം?

ആത്മഹത്യക്കു നമ്മെ പ്രേരിപ്പിക്കുന്നത് പിശാചാണ്. അവൻ പൈശാചിക ചിന്തകളാൽ ഒരുവന്റെ ബുദ്ധി മണ്ഡലത്തെ മഥിച്ച്, ദൈവം കൊടുത്ത ബുദ്ധിയെ മറിച്ചു കളഞ്ഞ് സ്വയം ഒടുക്കികളയുവാൻ നിരന്തര പ്രേരണ നല്കുന്നു. സാത്താന്റെ അടിമയായിത്തീരുന്നവൻ അവനെ അക്ഷരം പ്രതി അനുസരിക്കുന്നു. ഒരു നിമിഷത്തെ ബുദ്ധിഭ്രമം! ദൈവകൃപയാൽ ആ നിമിഷത്തിൽ നിന്നും വഴുതി മാറിയ എത്രയോ പേർ തമ്പുരാന് നന്ദികരേറ്റിക്കൊണ്ട്

വിജയകരമായ ക്രിസ്തീയ ജീവിതം ഇന്നും തുടരുന്നു. അത് അവന്റെ വിധിയാണ്, അഥവാ അവന്റെ മരണം അങ്ങനെയാവട്ടെയെന്ന് ദൈവം മുന്നമേ നിശ്ചയിച്ചതാണ് എന്നൊക്കെ പുലമ്പുന്നതിൽ അർഥമേതുമില്ല. ഒരുവൻ ആത്മഹത്യ ചെയ്യുന്നത് തിരുവെഴുത്തിലെഴുതപ്പെട്ടിരുന്നതു കൊണ്ടാണ് എന്ന് ബുദ്ധിയുള്ളവരാരും പറയുകയില്ലല്ലോ!

ഇനി മറ്റൊരു കൂട്ടർ ഈ ലോകം വിട്ടു പിരിയാൻ ഇഷ്ടപ്പെടുന്നവരേ അല്ല. അത്രകണ്ട് ഈ ലോകത്തിന്റെ പ്രലോഭനങ്ങളിൽ അവർ കുടുങ്ങിക്കഴിഞ്ഞു. ഉയരത്തിലുള്ള പിതാവിന്റെ ഭവനത്തെക്കുറിച്ച് അവർ അറിയുന്നില്ല; അറിഞ്ഞാലും ഈ ലോകത്തേയും അതിന്റെ മായയേയും അവർ അധികം സ്നേഹിക്കുന്നു. ജ്ഞാനിയായ ശലോമോൻ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക, [1] "ഹാ, മായ, മായ, സകലവും മായയത്രെ. സൂര്യനു കീഴിൽ പ്രയത്നിക്കുന്ന സകല പ്രയത്നത്താലും മനുഷ്യന് എന്തു ലാഭം? ഒരു തലമുറ പോകുന്നു; മറ്റൊരു തലമുറ വരുന്നു. ഭൂമിയോ എന്നേക്കും നില്ക്കുന്നു" (അതെ, ദൈവം അതിന്റെ അടിസ്ഥാനം ഇളക്കും വരെ!)

[2] "...കണ്ടിട്ട് കണ്ണിന് തൃപ്തിവരുന്നില്ല; കേട്ടിട്ട് ചെവി നിറയുന്നുമില്ല"

[3] "പുരാതന ജനത്തെക്കുറിച്ചോർമ്മയില്ലല്ലോ; വരുവാനുള്ളവരെക്കുറിച്ച് പിന്നത്തേതിൽ വരുവാനുള്ളവർക്കും ഓർമ്മയുണ്ടാകയില്ല"

ഈ മൺമയ ശരീരത്തിൽ നിന്ന് ആത്മാവ് അടർന്നു പോകുന്ന നിമിഷം നമുക്കൊക്കെയും വേദനാജനകവും ഭീതിദായകവുമാണ്. ഒരു നിമിഷം എല്ലാം കൈവിടപ്പെടുന്ന നിസ്സഹായാവസ്ഥ ജനിപ്പിക്കുന്ന നഷ്ടബോധം! ഇനിയുമനുഭവിക്കാൻ ബാക്കി നില്ക്കുന്നുവെന്നോ, പലതും എത്തിപ്പിടിക്കാനായില്ലല്ലോ എന്നോ ഉള്ള നിരാശാബോധം! എന്തിനേറെ ഇഷ്ടപ്പെട്ട ആഹാരം ആസ്വദിച്ചു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, പൊടുന്നനെ തീർന്നു പോയാലുള്ള ഒരു കൊച്ചു കുട്ടിയുടെ മനോഭാവം! നമ്മെ ഇവിടെ എല്ലാക്കാലവും പിടിച്ചു നിർത്താനുള്ളതെന്തും ഇവിടെയുണ്ട്. ഈ ലോക മോഹങ്ങളിൽ നിന്നും അടർത്തി മാറ്റപ്പെടുമ്പോഴുള്ള വിഭ്രാന്തികളും, വിഭ്രമങ്ങളും പലപ്പോഴും നാം നേരിട്ടു കാണുകയോ പറഞ്ഞു കേൾക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ "വേണ്ടപ്പെട്ടവരെയൊക്കെ അറിയിച്ചു കൊള്ളൂ, അപ്പച്ചനിഷ്ടമുള്ള ഭക്ഷണവും കൊടുത്താട്ടെ" എന്ന ഡോക്ടറുടെ അന്ത്യവിധിയിലായിരുന്ന പലരും ആണ്ടോടാണ്ട് മൃഷ്ടാന്ന ഭോജനം കഴിച്ച് ഇന്നും ജീവിക്കുന്നു. ജീവന്റെ താക്കോൽ മനുഷ്യകരങ്ങളിലല്ലെന്ന ഓർമ്മപ്പെടുത്തലുകൾ!

പൗലോസ് അപ്പൊസ്തലൻ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ കുറിച്ചിരിക്കുന്നു [1] "വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അതു അത്യുത്തമമല്ലോ." [2] "എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു." ഈ ആത്മീയ ദർശനം നേടാൻ പൗലോസിനെപ്പോലെ സമസ്വഭാവമുള്ള നമുക്കും സാധിക്കും. എന്നാൽ എത്രത്തോളം എന്ന ചോദ്യം ബാക്കി നില്ക്കുന്നു. [3] "ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും" എന്ന വചനങ്ങളും, വെളിപ്പാടു പുസ്തകത്തിലെ വിവരണങ്ങളുമൊന്നും ഒരു പക്ഷേ, നമുക്കുൾക്കൊള്ളാൻ സാധിച്ചെന്നു വരില്ല. ജനിച്ച നാൾ മുതൽ ഈ ഭൂമിയെ മാത്രം കാണുകയും ഇതിൽ മാത്രം ആകൃഷ്ടരായിരിക്കുകയും ചെയ്യുന്ന നമുക്കു "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന ഗുരുവചനം വിരോധാഭാസമായി തോന്നിയേക്കാം. സ്വർഗ്ഗീയ സീമകളിലേക്കു കടന്നുചെന്ന അഥവാ സ്വർഗ്ഗത്തിൽ ഏതാനും മണിക്കൂറുകളെങ്കിലും ചിലവഴിച്ച് മടങ്ങിവന്ന ഒരു മനുഷ്യന്റെയും യാത്രാവിവരണങ്ങൾ നാം കേട്ടിട്ടില്ല. അവാച്യമായ അനുഭൂതികളെക്കുറിച്ചുള്ള അനുഭവ സാക്ഷ്യങ്ങളും ലഭ്യമല്ല. യേശു ഉയർപ്പിച്ച ലാസർ പോലും മരണാനന്തര അനുഭവങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളതായി വേദപുസ്തകം രേഖപ്പെടുത്തുന്നില്ല. നമ്മുടെ പൂർവ്വപിതാക്കന്മാർ ആരും തന്നെ ഇവിടം വിട്ടുപിരിഞ്ഞശേഷം ആസ്വദിച്ച അനുഭവങ്ങളെക്കുറിച്ചോ, കണ്ട അത്ഭുത കാര്യങ്ങളെക്കുറിച്ചോ മടങ്ങിവന്ന് പിൻതലമുറയെ അറിയിച്ചിട്ടില്ല. ഇത്തരുണത്തിൽ അബ്രഹാം പിതാവിനോടുള്ള ധനവാന്റെ അപേക്ഷ തികച്ചും അർഥവത്തായി തോന്നുന്നില്ലേ? ലാസറിനെ ഭൂമിയിലേക്കയക്കാൻ! അമേരിക്കയിലോ, ആഫ്രിക്കയിലോ പോകാത്തവർ പോലും ആ ഭൂപ്രദേശങ്ങൾ ഉണ്ടെന്നു വിശ്വസിക്കുന്നു. വിശ്വസനീയമായ അടിസ്ഥാനങ്ങൾ അവരെ അതിന് പ്രേരിപ്പിക്കുന്നു. ചന്ദ്രനെക്കുറിച്ചോ സൂര്യനെക്കുറിച്ചോ മറ്റു ഗ്രഹങ്ങളെക്കുറിച്ചോ ഉള്ള നമ്മുടെ പൂർവ്വികരുടെ വിശ്വാസങ്ങളും അനുമാനങ്ങളുമൊക്കെ മാറ്റി എഴുതപ്പെട്ടു. എന്തുകൊണ്ട്? അവിടെപ്പോയി മടങ്ങിവന്നവരോ ശാസ്ത്രത്തിന്റെ തെളിവുകളോ അവ വിശ്വസിക്കാൻ അവരെ നിർബന്ധിച്ചു. എന്നാൽ ഒരു പൂവിനുള്ളിൽ ഈരേഴു പതിനാലു ലോകവും ഉണ്ടെന്നോ, ഞാനാണ് ഈ ഭൂഗോളത്തെ താങ്ങി നിർത്തുന്നതെന്നോ പറഞ്ഞാൽ അതു വിഭ്രാന്തിയുടെ ഭാഗമായേ കണക്കാക്കാനാവൂ.

സൃഷ്ടിയുടെ പ്രക്രിയയും അർഥവും ഒന്നുമെല്ലെ സ്പർശിച്ചാൽ

ഇതിനെല്ലാം ഒറ്റവാക്കിൽ ഉത്തരമായി. സൃഷ്ടികർത്താവായ ദൈവം നമ്മെ മെനഞ്ഞെടുത്ത് ജീവൻ നല്കിയത് അവനോടൊപ്പം വസിക്കുവാൻ അഥവാ അവന് നമ്മോടൊപ്പം വസിക്കുവാനായിരുന്നു എന്ന നിതാന്ത സത്യം മാറ്റമില്ലാതെ നില്ക്കുന്നു. ഒരിക്കൽ അവന്റെ സന്നിധിയിൽ നിന്നും പുറത്താക്കപ്പെട്ട മനുഷ്യനിൽ കുടികൊള്ളുന്ന ദൈവാത്മാവിന്റെ അംശം അവങ്കലേക്കു മടങ്ങിച്ചെല്ലുവാൻ സദാ കാംക്ഷിച്ചു കൊണ്ടിരിക്കുന്നു. "എന്റെ ഉള്ളം നിന്നോടു ചേരുവാൻ കാംഷിക്കുന്നു." അതേ സമയം തന്നെ അവനോടു ചേരുവാൻ ദൈവവും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. പാപം കുടികൊള്ളുന്ന മനുഷ്യകൂടാരത്തിനുള്ളിൽ ദൈവത്തിന്റെ ആത്മാവ് സദാകാലത്തേക്കും വ്യാപരിച്ചു കൊണ്ടിരിക്കുവാൻ ദൈവം അനുവദിക്കുന്നതല്ല. [1]"...മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല...", [2] "മാൻ നീർത്തോടുകളിലേക്കു പോകുവാൻ കാംക്ഷിക്കുന്നതുപോലെ...", ദൈവത്തിന്റെ ആത്മാവു സംസാരിക്കുന്നു.

മണവാളൻ മണവാട്ടിയോടു ചേരുവാൻ കാംക്ഷിക്കുന്നതു പോലെ! മധുപൻ മധു നുകരാൻ ആർത്തിയോടു കാത്തിരിക്കുന്നതുപോലെ! നദി കടലിൽ ചേരുവാൻ തിടുക്കം കാട്ടുന്നതുപോലെ! ശിശുക്കൾ പിച്ചവെയ്ക്കാൻ വെമ്പൽ കൊള്ളുന്നതുപോലെ! അവന്റെ കാന്തിക വലയത്തോട് നിമിഷംപ്രതി നമ്മുടെ ആത്മാവ് വലം വെച്ചടുത്തുകൊണ്ടേയിരിക്കുന്നു. ഒരിക്കൽ ആ വലയത്തിനുള്ളിലാകുന്നവൻ കണ്ണിമയ്ക്കുന്ന നേരത്തിനുള്ളിൽ അവനോടു ചേരും. കുട്ടികൾ നാണയത്തുട്ടുകൾ കാന്തത്തിനു ചുറ്റും കറക്കുന്നതു കണ്ടിട്ടില്ലേ. എപ്പോൾ കാന്തത്തിന്റെ ആകർഷണവലയത്തിനുള്ളിൽ വരുന്നുവോ, ആ നിമിഷം നാണയം കാന്തത്തിലേക്ക് കുതിച്ചു ചാടും! കാന്തം ആവേശത്തോടെ നാണയത്തുട്ടിനെ വാരിപ്പുണരും! അതുപോലെ തന്നെ സൃഷ്ടികർത്താവിനോടു ചേരേണ്ട ധന്യ മുഹൂർത്തത്തിൽ നമ്മുടെ ആത്മാവും കുതിച്ചുയരും! എവിടെ നിന്നു വന്നുവോ; അവിടേക്ക്. ആ സത്യം മനസ്സിലാക്കിയ പൗലോസ് എഴുതി, "നമ്മുടെ പൗരത്വം ഇവിടെയല്ല." നാം എന്നന്നേക്കും ഇവിടെ ആയിരിക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരല്ല. "അല്പ കാലം മാത്രം ഈ ഭൂവിലെ വാസം...", ഭക്തൻ അത് തിരിച്ചറിഞ്ഞു. ഒരിടക്കാല പരദേശവാസം!

മിസ്രയീമ്യ, ബാബിലോണ്യ അടിമത്തത്തിൽ നിന്നും യിസ്രായേൽ ജനം മടങ്ങിവന്നതുപോലെ! യോഹന്നാന് യേശുവിന്റെ മാർവ്വിൽ ലഭിച്ച വിശ്രാമത്തിന്റെ നിത്യത! ദീർഘകാല വിദേശവാ

സത്തിനു ശേഷം സ്വന്തം നാട്ടിൽ എന്നന്നേക്കുമായി മടങ്ങിവരുന്നവന്റെ ഹൃദയാഹ്ലാദം! മണിയറയിൽ പ്രവേശിച്ച മണവാട്ടിയുടെ നിവൃതി! കായായ് മാറുന്ന പൂവിന്റെ അഭിലാഷനിവൃത്തി! അമ്മയുടെ മാറിൽ നിന്നും ശിശുവിനു ലഭിക്കുന്ന അനുഭൂതിയുടെ നിലയ്ക്കാത്ത പ്രവാഹം! വാക്കുകൾക്കും വർണ്ണനകൾക്കും അപ്പുറമാണത്; ഇന്ദ്രിയങ്ങൾക്കുമതീതം!

"ഞാൻ നിങ്ങൾക്കു ഭവനമൊരുക്കുവാൻ പോകുന്നു...", "എന്റെ പിതാവിന്റെ ഭവനത്തിൽ...", യേശുവിന്റെ തിരുവചനങ്ങൾ മാനുഷികബുദ്ധിക്ക് നിരക്കാത്തതായി തോന്നാം. ഉയരത്തിലുള്ളത് ഗ്രഹിക്കാൻ കേവലം മാനുഷിക ബുദ്ധിക്ക് സാധ്യമല്ല. നമ്മുടെ ബുദ്ധി ഈ ലോകത്തിന്റേതാണ്. അഗോചരമായുള്ളതു ഗ്രഹിക്കണമെങ്കിൽ ദൈവിക ശക്തി അഥവാ പരിശുദ്ധാത്മ ശക്തി കൂടിയേ തീരു. മനുഷ്യ സൃഷ്ടികളായ നാം, മനുഷ്യരൂപവും പേറി, അതിനനുയോജ്യമായ ബുദ്ധിയോടും ശക്തിയോടും കൂടെ, മനുഷ്യവാസയോഗ്യമായി സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയിൽ, മനുഷ്യ ജീവിതം നയിക്കേണ്ടിയിരിക്കുന്നു. അതിൽ കൂടുതലായുള്ളത് ദൈവത്തിങ്കൽ നിന്നു വരുന്നു. മേലാൽ സംഭവിപ്പാനുള്ളത് യോഹന്നാനു കാട്ടിക്കൊടുക്കാൻ ആരംഭിച്ചപ്പോൾ തന്നെ അവൻ മരിച്ചവനെപ്പോലെയായി. അവന്റെ മാനുഷിക ബുദ്ധിക്ക് വെളിപ്പാടുകൾ ഉൾക്കൊള്ളാനുള്ള ത്രാണിയില്ലായിരുന്നു. അവന്റെ ബുദ്ധി കെട്ടുപോയി. സൂര്യതേജസ്സിനു മുമ്പിൽ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ അവന്റെ കാഴ്ച മങ്ങി ഇല്ലാതെയായി. അവന്റെ ദുർബ്ബല ശരീരം വാടിയ ചേമ്പിൻ താളുപോലെ തളർന്നു. അവനെ ശക്തീകരിച്ച് സ്വന്തം കാലിൽ നിവർത്തി നിർത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് സാക്ഷാൽ ദൈവദൂതൻ ഇറങ്ങി വരേണ്ടിവന്നു.

ദൈവസന്നിധിയിൽ നില്ക്കാൻ നമ്മുടെ കാലുകൾ പ്രാപ്തമല്ല, സ്വർഗ്ഗീയ കാഴ്ചകൾ ദർശിക്കുവാൻ നമ്മുടെ കണ്ണുകൾ അശക്തമാണ്, ദൈവിക മർമ്മങ്ങൾ ഗ്രഹിപ്പാൻ നമ്മുടെ ബുദ്ധി ഏതുമില്ലാത്തതാണ്, ദൈവശബ്ദം കേൾപ്പാൻ നമ്മുടെ കാതുകൾക്ക് കഴിവില്ല എന്ന സത്യം നാം വിസ്മരിക്കരുത്. മുമ്പു നമുക്കു കഴിയുമായിരുന്നു. ദൈവ തേജസ്സു നമ്മെ ചുറ്റിയിരുന്നു. [1] "എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു." ഇന്നു നമ്മുടെ കാലുകൾക്കു ശക്തിയില്ല. [2] "അവൻ എന്റെ കാലുകളെ മാൻപേടക്കാൽക്ക് തുല്യമാക്കി എന്റെ ഗിരികളിൽ എന്നെ നില്ക്കുമാറാക്കുന്നു." കണ്ണുകൾക്കു പ്രകാശമില്ല; [3]"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറ

ക്കേണമേ." കരങ്ങൾക്കു ശക്തിയില്ല; [1] "അവൻ എന്റെ കൈകൾക്ക് യുദ്ധാഭ്യാസം വരുത്തുന്നു" നാവുകൾക്ക് ബലമില്ല; [2] "എന്റെ നാവ് നിന്റെ നീതിയെ ഘോഷിക്കും." അധരങ്ങൾ അശക്തമാണ്; [3] "കർത്താവേ, എന്റെ അധരങ്ങളെ തുറക്കേണമെ എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും." ഭക്തന്മാർ നിരന്തരം വില പിക്കുന്നു.

വനങ്ങളെ തോലുരിക്കുന്ന, മാൻ പേടകളെ പ്രസവിക്കുമാറാക്കുന്ന, പാറയെ പിളർക്കുന്ന, ആഴിയുടെ ഇരച്ചിൽ പോലെയോ, ഇടിമുഴക്കം പോലെയോ, ഘോരമായതോ, കുളിർതെന്നൽപോല മന്ദവും മാർദ്ദവുമായതോ ഏതുമാകട്ടെ, ദൈവശബ്ദം ശ്രവിക്കുവാൻ നമ്മുടെ കാതുകൾ ആ ശബ്ദ വീചികൾക്കനുസരിച്ച് ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. ആയിരം സൂര്യതേജസ്സോടെ വിളങ്ങുന്ന കണ്ണഞ്ചിപ്പിക്കുന്ന സ്വർഗ്ഗീയ കാഴ്ചകൾ ദർശിക്കണമെങ്കിൽ നമ്മുടെ കണ്ണുകൾ അതിൻ പ്രകാരം ഫോക്കസ്സ് ചെയ്യപ്പെടേണ്ടിയിരിക്കുന്നു. അത്യുന്നതനായ ദൈവത്തോടു സംസാരിക്കണമെങ്കിൽ നമ്മുടെ നാവിൽ പരിശുദ്ധാത്മാവിന്റെ തീക്കനൽ സ്പർശിക്കേണ്ടിയിരിക്കുന്നു. ദൈവസന്നിധിയിലെ സൗരഭ്യവാസന ആസ്വദിക്കണമെങ്കിൽ നമ്മുടെ ഘ്രാണശക്തി അതിനു യോജിച്ചതാവണം. ദൈവ സാമിപ്യമനുഭവിക്കണമെങ്കിൽ നമ്മുടെ ത്വക്ക് പ്രകാശിക്കണം, അഥവാ അവന്റെ തേജസ്സിനു മുമ്പിൽ അതു പ്രകാശിക്കും. നമ്മുടെ ഇന്ദ്രിയങ്ങൾക്കൊന്നും ദൈവസിംഹാസനത്തിനു മുമ്പാകെ യാതൊരു നിലയും വിലയുമില്ലെന്നോർക്കുക. ബലഹീനമായ ഈ ജഡം അവന്റെ സന്നിധിയിൽ ഒന്നിനും കൊള്ളാത്തതാണ്. അവനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചാൽ മാത്രമെ "നിന്റെ ശരീരം ദൈവത്തിന്റെ മന്ദിര"മാകുന്നുള്ളൂ. മറിച്ചെങ്കിൽ അതു കേവലം മണ്ണും ചാരവുമത്രെ!

എപ്പോൾ പാപം ഈ ശരീരത്തിൽ കടന്നുകൂടിയോ ആ നിമിഷം മുതൽ ഈ ശരീരം മലിനമായിത്തുടങ്ങി. ആദിമ മാതാപിതാക്കളായ ആദമും ഹവ്വയും നിർമ്മല ശരീരത്തോടും നിഷ്കളങ്ക മനസ്സോടും കൂടിയവരായിരുന്നു. ദൈവം അവരോടൊപ്പം ഉലാത്തിയിരുന്നു; സംഭാഷിച്ചിരുന്നു. കല്പന മറന്ന് അനുസരണക്കേടു കാട്ടിയ നിമിഷം മുതൽ അവരുടെ ശരീരവും മനസ്സും മലിനപ്പെട്ടു തുടങ്ങി. ഉൾക്കാഴ്ച നഷ്ടപ്പെട്ടു. അകക്കണ്ണുകൾ അഥവാ ആത്മീയ കണ്ണുകളടഞ്ഞ് പകരം പുറം കണ്ണുകൾ അല്ലെങ്കിൽ ലൗകിക കണ്ണുകൾ തുറന്നു. ദൈവതേജസ്സു നഷ്ടപ്പെട്ട് പുറത്താക്കപ്പെട്ടു. പലതിനെയും കാണേണ്ട രീതിയിൽ കാണാനുള്ള കഴിവും നഷ്ടപ്പെട്ടു.

ജീവിതത്തിന്റെ ഊടുവഴികളിൽ ഹൃദയ വിചാരങ്ങളും വികാരങ്ങളും കൈമോശം വന്ന് സൃഷ്ടികർത്താവിനെ അപ്പാടെ മറന്ന് ജീവിച്ചു. സൃഷ്ടി, സൃഷ്ടി കർത്താവിനു മുകളിലെന്ന അഹങ്കാരം അവനെ ഭരിച്ചു. അനേകമായ അതിക്രമങ്ങളാൽ ദൈവത്തിങ്കൽ നിന്നും അകന്നു. മനുഷ്യനെ മടക്കികൊണ്ടുവരുവാൻ പല ഉപാധികളിൽകൂടി ദൈവം ശ്രമിച്ചു. അവസാനം സൃഷ്ടിക്കു കാരണഭൂതനായ ദൈവപുത്രനെത്തന്നെ അയച്ച്, രക്ഷകനായ യേശുവിൽ വിശ്വസിക്കുന്ന ഏവനും ദൈവസന്നിധിയിലേക്കു മടങ്ങിവരാനുള്ള പാതയൊരുക്കി. അതിരുകളില്ലാത്ത ദൈവസ്നേഹത്തിന്റെ മകുടോദാഹരണം. ഇതിനപ്പുറമായതോ വലുതായതോ ഒന്നുമില്ല. പിന്നെയും നാം അവനെ തള്ളിപ്പറഞ്ഞു എന്നിട്ടും ആ സ്നേഹം നമ്മെ സദാ പിന്തുടരുന്നു. എന്തിനുവേണ്ടി? അവനിൽ നിന്നും പുറപ്പെട്ട ആത്മാവിനെ അവങ്കലേക്കു തന്നെ മടക്കി വരുത്തുവാൻ. ഈ ജഡം നശിക്കുന്നതോടുകൂടി അതു സാധ്യമാവുകയാണ്. ആത്മാവു വിമോചിതമാകുന്നു; ദൈവസന്നിധിയിലേക്ക് എടുക്കപ്പെടുന്നു. ന്യായവിധിയും പ്രതിഫലവിതരണവും ഒക്കെ പിന്നീട്. "മരണം" എന്ന വാക്കുകൊണ്ട് വിശേഷിപ്പിക്കുന്ന മനുഷ്യജീവിതത്തിന്റെ അന്ത്യമാണ് അതിനുള്ള ഉപാധി. "പാപത്തിന്റെ ശമ്പളം മരണം" എന്ന ശിക്ഷാവിധിക്ക് യാതൊരു മാറ്റവുമില്ല. ജഡം ഇവിടെ ഉപേക്ഷിക്കപ്പെടുന്നു. പാപം ചെയ്ത ജഡത്തിന് സ്വർഗ്ഗത്തിൽ പ്രവേശനമില്ല. സ്വർഗ്ഗം അതിപരിശുദ്ധവും അതി നിർമ്മലവുമാണ്.

# 5

# വെളിപ്പാടു പുസ്തകം - ഒരു കവി ഭാവന?

ഈ വക സത്യങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ വെളിപ്പാടു പുസ്തകത്തിൽക്കൂടി നമുക്ക് നല്കപ്പെട്ട വിരലിലെണ്ണാവുന്ന സ്വർഗ്ഗീയ കാഴ്ചകൾ വിശ്വസിക്കാനാവാത്ത ഒരു വലിയ അത്ഭുതമായി അവശേഷിക്കയില്ല. സ്വർഗ്ഗത്തിലെ പളുങ്കു നദിയും തങ്കത്തെരുവീഥികളും... മറ്റും മറ്റും... നമ്മുടെ ബുദ്ധിക്കതീതമായിത്തോന്നാം. എന്നാൽ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവിന് എന്താണു അസാദ്ധ്യമായുള്ളത്? അവനു മനുഷ്യനെപ്പോലെ വിദേശ നാണ്യത്തിനായോ, വിദേശ നിക്ഷേപം മടക്കിക്കൊണ്ടുവരുന്നതിനെക്കുറിച്ചോ ചിന്തിക്കേണ്ടതില്ലല്ലോ! വില്പന, വരുമാന നികുതികൾ അവിടെയില്ല! കണക്കു സൂക്ഷിക്കേണ്ടതായും ബോധ്യപ്പെടുത്തേണ്ടതായും ഇല്ല! സംഭാവനയോ പണപ്പിരിവോ വായ്പാ പദ്ധതികളോ ഇല്ല! ഒന്നുമില്ലായ്മയിൽ നിന്നുളവാകട്ടെ എന്നു പറയുന്നു, ഉളവാകുന്നു! “ദൈവത്താലസസാദ്ധ്യമായതൊന്നുമില്ല” എന്ന വചനം മനുഷ്യസങ്കല്പമനുസരിച്ചു പോലും പരിമിതപ്പെടുത്താനാവില്ല. അടുത്ത സമയത്ത് ശാസ്ത്രലോകത്തെയാകമാനം ഞെട്ടിപ്പിച്ച ഒരു വാർത്ത ഇന്റർ നെറ്റിൽ കാണുകയുണ്ടായി. രത്നങ്ങളാൽ നിർമ്മിതമായ ഒരു ഗ്രഹം (Planet) ശൂന്യാകാശത്തെവിടെയോ കണ്ടെത്തിപോലും! അണിയറയിൽ നമുക്കുവേണ്ടി കരുതിവെച്ചിട്ടുള്ളത് [1] “കണ്ണുകണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല...”

പ്രപഞ്ച രഹസ്യങ്ങളുടെയും സൃഷ്ടിമഹാത്മ്യത്തിന്റെയും കാണാപ്പുറങ്ങൾ കിടക്കുന്നതേയുള്ളു. ശാസ്ത്രം എന്തു കണ്ടു; മനുഷ്യൻ എന്തു മനസ്സിലാക്കി? ഇയ്യോബിന്റെ മുമ്പിലേക്ക് ശരംകണക്കെ വർഷിക്കപ്പെട്ട ചോദ്യങ്ങളുടെ മുമ്പിൽ ഇയ്യോബ്ബ് അക്ഷരാർത്ഥത്തിൽ ദഹിച്ചുപോയി. തനിക്കെന്തൊക്കെയോ അറിയാമെന്നു ഭാവിച്ചിരുന്ന ഇയ്യോബ് ഇരു കരങ്ങളുമുയർത്തി ആ ശക്തിയുടേയും ബുദ്ധിയുടേയും മുമ്പിൽ നിരുപാധികം കീഴടങ്ങി എന്നു മാത്രമല്ല, തന്റെ ഭോഷത്വത്തിൽ അനുതപിക്കുകയും ചെയ്തു. ശാസ്ത്രവും അതുപോലെ തന്നെയാണ്. അനന്തമായ സാഗരത്തിലെ ജലം കൈക്കുമ്പിളിൽ കോരിയെടുത്തു വറ്റിക്കാൻ ശ്രമി

ക്കുന്നതുപോലെ ! പ്രപഞ്ച സത്യങ്ങളുടെ ഒരു പൂട്ടു തുറന്നു എന്ന് വീമ്പിളക്കുമ്പോൾ ഒമ്പതെണ്ണം അപ്പുറത്ത്! ഒന്ന് കണ്ടുപിടിച്ചു എന്ന് ഊറ്റംകൊള്ളുമ്പോൾ ഒരുന്നൂറ് അജ്ഞാതമായിക്കിടക്കുന്നു! ഒത്തിരിക്കാലം കൊണ്ട് ഇത്തിരിത്താക്കോലിട്ട് സൃഷ്ടിയുടെ രഹസ്യങ്ങൾ ഒന്നൊന്നായി തുറന്ന് അഹങ്കാരത്തോടെ മുന്നേറുന്നു എന്നു ഭാവിക്കുന്ന ശാശ്ത്രലോകത്തിനു പിമ്പിൽ തുറന്നത് ഒന്നിനുപുറകെ ഒന്നായി കൊട്ടിയടയ്ക്കപ്പെടുകയാണ്!

യോഹന്നാനു ലഭിച്ച അലൗകികവും അമാനുഷീകവും അത്ഭുതാവഹവുമായ ദർശനം ഗ്രഹിക്കുവാൻ തക്ക ബുദ്ധിയും പരിജ്ഞാനവും കേവലം മനുഷ്യ സൃഷ്ടിക്കു നൽകപ്പെട്ടിട്ടില്ല. യേശു അധികം സ്നേഹിക്കുകയും അവന്റെ മാറോടു ചാരി വിശ്രമിക്കുയും ചെയ്ത, യേശുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും ഉപദേശങ്ങളും കണ്ടും കേട്ടും അവന്റെ സന്തത സഹചാരിയായിരുന്ന യോഹന്നാന് സ്വർഗ്ഗീയ രഹസ്യങ്ങൾ കാണുവാനും ഗ്രഹിക്കുവാനുമുള്ള ത്രാണി സ്വതവെ ഇല്ലായിരുന്നുവെങ്കിൽ നമുക്കെത്രയോപരിമിതം. എന്നാൽ സ്വർഗ്ഗത്തിലെ പലതും ഈ ഭൂമിയിൽ പ്രതിഫലിക്കപ്പെട്ടിരിക്കുന്നുവെന്ന് നാം വിസ്മരിച്ചുകൂടാ. അവ വിശ്വസിക്കാനും ഗ്രഹിക്കാനും നമുക്കു സാധിക്കുന്നു എങ്കിൽ സൃഷ്ടികർത്താവ് ആരെന്നും അവന്റെ സൃഷ്ടിയുടെ മഹത്വം എന്തെന്നും നമുക്ക് ഗ്രഹിക്കാനാവും.

വഴിയോരങ്ങളിലും ചേരികളിലും ദരിദ്രരും നിർദ്ധനരും ജീവിക്കുന്നു എന്ന പരമാർത്ഥം കൊണ്ട്, കോടികൾ ചിലവിട്ട് മണിമാളികകളിലും സൗധങ്ങളിലും മറ്റ് ചിലർ ജീവിക്കുന്നു എന്ന സത്യത്തെ നിഷേധിക്കാനാവില്ലല്ലോ! ഒരു നേരം മാത്രം ആഹാരം കഴിച്ചു കൊണ്ടോ, ദിവസങ്ങളോളം ആഹാരമില്ലാതെയോ പട്ടിണിപ്പാവങ്ങൾ കഴിയുമ്പോൾ ധനികരും അവരുടെ കാവൽ നായ്ക്കളും ഭക്ഷിച്ച് അവശേഷിപ്പിക്കുന്നു എന്ന പരമാർത്ഥം ഇല്ലാതെയാവുമോ? ഉടുതുണിക്കു മറുതുണിയില്ലാത്തതോ, ഉടുതുണി തന്നെ ഇല്ലാത്തതോ ആയ മനുഷ്യരെ കാണുമ്പോൾ ആർഭാടമെന്നൊന്നില്ല എന്നു പറയാൻ ആർക്കു കഴിയും? നമ്മുടെ ദൈനംദിന ജീവിതത്തിലേക്കും ചുറ്റുപാടുകളിലേക്കും ഒന്നു പാളി നോക്കിയാൽ അവ മനസ്സിലാക്കാവുന്നതാണ്. എന്നാൽ “ഈ ജനം കണ്ണുണ്ടായിട്ടും കാണുന്നില്ല... ” എന്ന മഹത് വചനം വളരെ ചുരുക്കം സമയങ്ങളിലെങ്കിലും പാറപോലെ ഉറച്ച നമ്മുടെ ഹൃദയത്തെ കുത്തിനോവിക്കാറില്ലേ? സമൂഹത്തിലൂടെ ഒരോട്ടപ്രദക്ഷിണം നടത്തിയാൽ അനായാസേന നമുക്കിത് ഗ്രഹിക്കാവുന്നതേയുള്ളൂ.

കള്ളപ്പണക്കാരും കൊള്ളത്തലവന്മാരും മാത്രമല്ല, ആട്ടിൻ തോലിട്ട സാമൂഹ്യ സേവകരും രാഷ്ട്രീയക്കാരും എന്തിനേറെ ആത്മീയ ഗോളങ്ങളിലെ നരികൾ പോലും ഇന്ന് സർവ്വസാധാര ണമാണ്. ക്രിസ്തീയ നേതാക്കളും ക്രിസ്തുവിന്റെ മണവാട്ടിയെന്ന് സ്വയം അവകാശപ്പെടുന്ന "വീണ്ടും ജനനം പ്രാപിച്ച" സഭാനേ താക്കൾപോലും ഇതിനൊരപവാദമല്ല." "... നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റിനടക്കുന്നു; ചേർന്ന ശേഷംഅവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യനാക്കുന്നു." [1] "നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ കടക്കുന്നില്ല; കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല." എന്ന യേശുവിന്റെ വചനങ്ങൾ തലമുറ തല മുറയായി സത്യമായി നിലനില്ക്കുന്നു. ആത്മീയ ഗോളത്തിലെ അപ്രിയ സത്യങ്ങൾ മലർന്നുകിടന്നു തുപ്പി രസിക്കാൻ ഞാൻ തുനി യുന്നില്ല. എന്നാൽ "വിധിക്കരുത്" എന്ന വചനം നിമിത്തം ഇരുട്ടി ലൊളിക്കാനും ഒരുക്കമല്ല. [2] "മെതിക്കുന്ന കാളക്ക് മുഖക്കൊട്ട കെട്ട രുത്." [3] "വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ" എന്നീ വചന ങ്ങൾ അമിത ധനസ്വരൂപണത്തിനുള്ള മുൻകൂർ ജാമ്യമായോ പാസ്‌വേർഡ് ആയോ തെറ്റിദ്ധരിക്കരുത്.

ചാണകം മെഴുകിയ തറയിൽ കിടക്കുന്നവന് സിമന്റിട്ട തറയും, സിമന്റിട്ട തറയുള്ളവന് ടൈൽസും മാർബിളും ഗ്രാനൈറ്റും കാർപറ്റും അതിൽ കൂടുതൽ വല്ലതുമുണ്ടെങ്കിൽ അതും എല്ലാം അത്ഭുതവും ആർഭാടവുമായി തോന്നാം. ഫാൻ കണ്ടിട്ടില്ലാത്തവ നോട് എയർക്കണ്ടീഷനറിനെക്കുറിച്ച് പറഞ്ഞിട്ടെന്തു ഫലം. ജീവിതകാലം മുഴുവൻ ഇട്ടാവട്ടത്തിൽ കാൽനടയാത്ര ചെയ്തവന് സൈക്കിളും ബൈക്കും ആർഭാടം, നാലു ചക്രവാഹനം അത്ഭുതം, വിമാനം അത്യത്ഭുതം. കമ്പ്യൂട്ടറും ഇന്റർനെറ്റും, സെൽഫോണും എല്ലാം ചേർന്ന് ഭൂഗോളം നമ്മുടെ കൈക്കുമ്പിളിലാക്കുന്നു. ധനം എവിടെയുണ്ടോ അവിടെയുണ്ട് ആർഭാടം. കൺമുമ്പിൽ കാണുന്ന ഈ സത്യം നാം അംഗീകരിക്കുന്നുവെങ്കിൽ സർവ്വത്തിന്റെയും ഉട യവനായ ദൈവത്തിന്റെ ഭവനവും അന്തരീക്ഷവും എത്രമാത്രം മേൽത്തരവും ഉൽകൃഷ്ടവുമായിരിക്കുമെന്ന് സാമാന്യബുദ്ധിയുപ യോഗിച്ച് ഗ്രഹിക്കാവുന്നതേയുള്ളൂ. പാറയെ സൃഷ്ടിക്കുകയും തന്റെ ശബ്ദത്താൽ അതിനെ പിളർക്കുകയും ചെയ്യുന്നവന് മാർബി ളിനും ഗ്രാനൈറ്റിനും ക്ഷാമമുണ്ടോ? ഭൂമിയുടെ അധോഭാഗങ്ങളിൽ ഗൂഢനിധികളെ ഒളിപ്പിച്ചവന് സ്വർണ്ണവും തങ്കവും രത്നക്കല്ലുകളും പുത്തരിയല്ലല്ലോ? സമുദ്രത്തിന്റെ ആഴങ്ങളെ സൃഷ്ടിച്ചവന് മുത്തു

കൾക്കു പഞ്ഞമോ? വനങ്ങളുടെ തോലുരിക്കുന്നവന് കള്ളത്തടി കടത്തണോ? ആദ്യ ദർശനത്തിൽത്തന്നെ യോഹന്നാനെപ്പോലെ ജീവച്ഛവമായിത്തീരാത്ത ചുരുക്കം ചിലരെങ്കിലും ഈ തലമുറയിൽ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം ഒരിക്കൽ അത്ഭുത മായിരുന്നതു പലതും അഥവാ എത്തിപ്പിടിക്കാൻ അസാധ്യമായിരു ന്നതിൽ ചിലതെങ്കിലും ശാസ്ത്രം യാഥാർത്ഥ്യമാക്കുമ്പോൾ അത്ഭു തങ്ങൾ പതിയെ വഴിമാറുന്നു. ശാസ്ത്രപുരോഗതിയുടെ വെളിച്ച ത്തിൽ വെളിപ്പാടു പുസ്തകത്തിലെ കുറെ അധികവും മാനുഷിക ബുദ്ധിക്ക് ചേർന്നതായി മനസ്സിലാക്കാം. ബാക്കിയുള്ളത് ഗ്രഹി ക്കണമെങ്കിൽ അലൗകിക ബുദ്ധിയും ജ്ഞാനവും വേണം. അതോ, ഉയരത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നു തന്നേ വരു ന്നു.

യോഹന്നാന്റെ സമയത്ത് ശാസ്ത്രം ഇത്രമേൽ വളർന്നിരുന്നു വെങ്കിൽ സ്വർഗ്ഗീയ കാഴ്ചകൾ അത്രമേൽ അന്യമായി യോഹന്നാനു തോന്നുകയില്ലായിരുന്നു. കംപ്യൂട്ടറും സെൽഫോണും ഒന്നും യോഹന്നാന് അന്നില്ലായിരുന്നു. പത്മൊസ് ദ്വീപിൽ ഇറങ്ങിയത് ഫ്ളൈറ്റിലോ പാരച്യൂട്ടിലോ ആയിരുന്നില്ല. ഇന്നു പലപ്പോഴും അന്യമായ ഒന്നിനെ നോക്കിക്കാണുമ്പോലെയാണ് നാം നമ്മുടെ പിതാവിന്റെ ഭവനത്തെ നോക്കിക്കാണുന്നത്. വിവിധ രീതിയിലുള്ള പഠിപ്പീരുകൾക്കൊണ്ടും കാഴ്ചപ്പാടുകൾ കൊണ്ടും സ്വർഗ്ഗം എന്നു ള്ളത് നമുക്കുതന്നേ ഉള്ളതാണോ എന്ന് ചില വേളകളിൽ സംശ യിച്ചുപോകുന്നു. നമ്മിൽനിന്ന് വേർപെട്ട്, നമുക്ക് അപ്രാപ്യവും അന്യവുമായ ഏതോ ഒരിടം! യേശുവിന്റെ രക്തത്താൽ വീണ്ടെടു ക്കപ്പെട്ട ഏതൊരുവനും വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗ്ഗീയവാസം ഈ ലോക മരണത്താൽ നമുക്കു ലഭ്യമാകുമെന്ന് വിശ്വസിക്കുന്ന തിലുമധികം അവിശ്വസിക്കാനാണ് നമുക്കേറെയിഷ്ടം! യോഹ ന്നാനു നല്കപ്പെട്ട ദർശനത്തിൽകൂടി സർവ്വശക്തന്റെ ഭാവിപരി പാടികളെല്ലാം ഞങ്ങൾ അറിഞ്ഞു കഴിഞ്ഞു എന്ന അഹങ്കാര മൊന്നും നമുക്കുവേണ്ട സഹോദരാ. യോഹന്നാൻ കണ്ടതിലധികം കാണാൻ കിടക്കുന്നതേയുള്ളൂ. അതു ഗ്രഹിക്കാനും ദർശിക്കാനു മുള്ള ത്രാണി ജഡത്തിലായിരിക്കുന്ന എനിക്കോ നിങ്ങൾക്കോ ഇല്ല; യോഹന്നാനോ നമ്മുടെ പൂർവ്വ പിതാക്കൾക്കോ ഉണ്ടായിരുന്നില്ല എന്നതാണ് നഗ്ന സത്യം. അവന്റെ വഴികൾ അഗോചരം! അവന്റെ പദ്ധതികളേറെയും മറയ്ക്കപ്പെട്ടത്. [1] "ദൈവമെ നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ! അവയുടെ ആകെത്തുകയും എത്രവ ലിയത്!"

6

# മരണം - "കയ്പിൽ പൊതിഞ്ഞ മധുരക്കനി"

ഭൂമിയിലെ ജീവിതത്തിന്റെ അന്ത്യം മരണമാണെന്നും, മരണത്തിൽക്കൂടി മറ്റൊരു ലോകത്തിലേക്കുള്ള വാതായനം തുറക്കപ്പെടുന്നു എന്നും നാം അറിയുന്നു. ആ ലോകത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണകളും നമുക്കുണ്ട്. ജനിച്ച ഏവനും മരണം അനിവാര്യമെന്നറിഞ്ഞ സ്ഥിതിക്ക്, മരണത്തെ അംഗീകരിക്ക എന്നുള്ളത് തികച്ചും ന്യായവും ബുദ്ധിപരവുമല്ലേ? " ഞാൻ വരുവോളം ഇവനിരിക്കേണമെന്നെനിക്കിഷ്ടമുണ്ടെങ്കിൽ..." എന്നു പറഞ്ഞ യേശു, "വിശ്വസിച്ചാൽ നിങ്ങളൊരുനാളും മരിക്കയില്ല" എന്നു മാത്രം പറഞ്ഞില്ല. മറിച്ച്, "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നാണ് പറഞ്ഞത്. ദൈവത്തിന്റെ ഇഷ്ടത്താൽ ഭൂമിയിൽ നിന്നെടുക്കപ്പെട്ടവർ ഉണ്ട് എങ്കിലും പാപത്തിന്റെ ശമ്പളമായ മരണം ജന്മപാപത്തിന്റെ മാറ്റമില്ലാത്ത ശിക്ഷയായി ഇന്നും തുടരുന്നു. [1] "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ..."

വാസ്തവത്തിൽ മരണം ഒരനുഗ്രഹമല്ലെ? പാപത്തിന്റെ ശമ്പളമായി മറ്റെന്തെങ്കിലും സൃഷ്ടികർത്താവു നമുക്കു തന്നിരുന്നു എങ്കിൽ, ഒരു പക്ഷെ ഒരുനാളും നിത്യമായ ആ അക്കരെ നാട് കാണാനാവാതെ നാമിവിടെ കഴിയുമായിരുന്നു; പട്ടിണിയും പരിവട്ടവുമായി, നീറ്റലും തേങ്ങലുമായി, പ്രശ്നങ്ങളും പ്രാരാബ്ദങ്ങളുമായി, രോഗവും വേദനയുമായി; [2] "മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ..." കൊണ്ടുപോകുന്ന അവസ്ഥയിൽ. ദൈവമുമ്പാകെ മറ്റു വഴികളില്ല എന്നല്ല, മറിച്ച്, മരണം അനുഗ്രഹത്തിന്റെ ഒരു പ്രഛന്നവേഷമായി ഇന്നും നിലനില്ക്കുന്നു. രോഗങ്ങളും കഷ്ടപ്പാടുകളും പേറിയ വൃദ്ധജനത്തെക്കൊണ്ടു നിറഞ്ഞ ഒരു ലോകത്തെ നമുക്കു സങ്കല്പിക്കാനേ സാധ്യമല്ല. 969 സംവത്സരങ്ങൾ പിന്നിട്ട മെഥുശലേം ആണ് ഏറ്റവും കൂടുതൽ വർഷങ്ങൾ ജീവിച്ചിരുന്നതായി ബൈബിൾ പ്രഖ്യാപിക്കുന്ന ഏക മനുഷ്യൻ. ക്രമേണ മനുഷായുസ്സു ചുരുങ്ങി എങ്കിലും കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ അന്തിമ ഘട്ടത്തോടുകൂടി ആയുസ്സിന്റെ ദൈർഘ്യം ആഗോളതലത്തിൽ വർദ്ധിക്കുന്നതായി കാണാം. ഇന്ന് ഭൂഗോള ജനസംഖ്യയുടെ അവഗണിക്കാനാവാത്ത

പങ്ക് സീനിയർ സിറ്റിസൺസ് എന്നറിയപ്പെടുന്ന വന്ദ്യവയോധിക രാണ് എന്ന യാഥാർത്ഥ്യം മറക്കരുത്.

Stem Cells ഉപയോഗിച്ചുള്ള നൂതന ചികിത്സാരീതികൾ രോഗ പ്രതിരോധ ശക്തിയും ആയുസ്സും ഇനിയും പലമടങ്ങ് വർദ്ധിപ്പി ക്കാൻ ഉതകുന്നവയാണ്. ശിശുക്കളുടെ കൊഴിഞ്ഞു പോകുന്ന Milk Teeth-ൽ നിന്നുള്ള Stem Cells, Stem Cell Bank -ൽ കരുതലോടെ സൂക്ഷിച്ചുവെച്ച് അവർക്കുതന്നെ ഭാവിയിൽ ഉണ്ടാകാനിടയുള്ള രോഗങ്ങൾക്കും വൈകല്യങ്ങൾക്കും ചികിത്സിക്കാവുന്നതാണ് എന്ന് കണ്ടു പിടിക്കപ്പെട്ടു കഴിഞ്ഞു. ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങ ളിൽ Milk Teeth, Umbelical blood എന്നിവയിൽ നിന്നുള്ള Stem Cells ശേഖരിച്ചു സൂക്ഷിക്കുന്ന ബാങ്കുകളെക്കുറിച്ചും, അതിന്റെ ഭാവി ഉപയോഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണം വളരെ ഗൗരവത്തോടുകൂടിത്തന്നെ നടന്നുവരികയാണ്. എന്താണിതി നർത്ഥം? 2001-ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 60 ന് മുകളി ലുള്ള സീനിയർ സിറ്റിസൺസ് 7.9 കോടിയാണ്. അതായത് മൊത്ത ജനസംഖ്യയുടെ 7.5 ശതമാനം. വർഷം തോറും ശതമാനം ഏറി ക്കൊണ്ടേയിരിക്കുന്നു. National Commission on population-ന്റെ പഠ നപ്രകാരം 2011-ൽ 8.3 ശതമാനം ആയ മുതിർന്ന പൗരന്മാർ 2016 -ൽ 9.3 ശതമാനവും, 2026-ൽ 12.40 ശതമാനവും ആവുമെന്നാണ് കണക്ക്! ജീവൻ രക്ഷാ മരുന്നുകളുടെ വർദ്ധിച്ച ഉദ്പാദനം, ചികിത്സാ ശസ്ത്രക്രിയ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന അഭൂത പൂർവ്വമായ പുരോഗതി, ഇവകളുടെ ദേശീയ അന്തർ ദേശീയ തല ത്തിലുള്ള ലഭ്യത എന്നിത്യാദി കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ മനുഷ്യായുസ്സ് ആണ്ടോടാണ്ട് വർദ്ധിക്കാനാണ് സാധ്യത. മിനിറ്റിൽ 51 എന്ന തോതിൽ ആണ് നമ്മുടെ ജനനനിരക്ക് എങ്കിൽ അതിന്റെ 70% മാത്രമെ ഭൂമിയുടെ പരപ്പിൽ നിന്ന് മാറ്റപ്പെടുന്നുള്ളു. കടൽ എടുത്തു പോകുന്നതല്ലാതെ കരയുടെ വിസ്തീർണ്ണം കൂടുന്നതു മില്ല! ഇത്തരത്തിൽ ജനന നിരക്ക് കൂടുകയും മരണനിരക്കു കുറ യുകയും കൂടി ചെയ്താൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഊഹിക്കാവുന്നതേയുള്ളൂ... സമീപ ഭാവിയിൽ തന്നെ ഭാരത ജന സംഖ്യയുടെ 25%-ൽ അധികം 60 കഴിഞ്ഞ വന്ദ്യ വയോധികരായി രിക്കും!

വൃദ്ധജനം ഇപ്പോൾതന്നെ ഒരു ഭാരമായിക്കഴിഞ്ഞു. 65,70നുമേൽ എത്തിയവർ കുടുംബത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിനും ഒഴി ച്ചുകൂടാൻ വഹിയാത്ത ഘടകമാണെന്ന തോന്നലൊന്നും ഇനിവ ച്ചുപുലർത്തേണ്ടതില്ല. മാതാപിതാക്കളും വയോധികരും ഒക്കെ ഇളം തലമുറയെ ഉപദേശിക്കുന്ന കീഴ്വഴക്കങ്ങൾ സാവധാനം വഴിമാറി

ക്കൊണ്ടിരിക്കയാണ്. ഇന്റർനെറ്റും മറ്റു ഉപാധികളും ചേർന്നു ഭൂഗോളവും അതിന്റെ അറിവുകളും സ്വന്തം കൈക്കുമ്പിളിലാക്കിയിരിക്കുന്നു. ഏതിനും എന്തിനും വിലയേറിയ ഉപദേശങ്ങൾ വിരലുകളുടെ ദൂരപരിധിക്കുള്ളിൽ! ആ രംഗത്തും മാതാപിതാക്കൾ ഒരു അത്യാവശ്യഘടകമല്ല. തലമുറവേണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഗർഭധാരണവും, പ്രസവവും, അതിന്റെ കഷ്ടപ്പാടുകളും ഒന്നും സ്വയം ഏറ്റെടുക്കണമെന്നില്ല. ഇന്ന് വാടക ഗർഭപാത്രത്തിന്റെ ലോകത്തിലെ ഏറ്റവും വലിയ വിപണിയാണ് ഭാരതം!

തീർച്ചയായും, സ്വന്തപുത്രനെ മനുഷ്യരാശിയുടെ രക്ഷാദൗത്യവുമായി ഭൂമിയിലേക്കയക്കുന്നതിന് കാലങ്ങൾക്കു മുമ്പുതന്നെ മരണത്തിൽക്കൂടി ഒരു രക്ഷാകര പദ്ധതി പിതാവായ ദൈവം നമുക്കുവേണ്ടി ഒരുക്കിയിരുന്നു. സൃഷ്ടികർത്താവിന്റെ കല്പനയെ മറന്ന് ശത്രുവും വഞ്ചകനുമായ സാത്താന്റെ ചതിക്കുഴിയിൽ അറിഞ്ഞോ അറിയാതെയോ വീണുപോയ, തന്റെ സാദൃശ്യവും രൂപവും കുടികൊള്ളുന്ന മനുഷ്യനെ എന്നെന്നേക്കുമായി ദൈവം മറന്നുകളഞ്ഞില്ല. അകന്നുപോയ മനുഷ്യരാശിയുമായി മുമ്പെന്നപോലെ ഒരു സംഗമവും സഹവാസവും ദൈവം വാഞ്ഛിച്ചുകൊണ്ടേയിരുന്നു. അതിനു വഴി ഒരുക്കുവാൻ പാപത്തിന്റെ ശമ്പളമായ മരണം മറയാക്കിക്കൊണ്ട്, തന്റെ അതിരുകളില്ലാത്തതും ഉറവ വറ്റാത്തതുമായ നിത്യ സ്നേഹം, മരണത്തിന്റെ യവനികയ്ക്കു പിന്നിൽ ഒളിപ്പിക്കുകയായിരുന്നില്ലേ? യേശുവിന്റെ കാൽവറിയാഗത്താൽ എതിരായി നിന്ന അന്ധകാര ശക്തിയുടെ തലയെ തകർത്തു തടസ്സങ്ങളൊന്നൊന്നായി നീക്കി സുഗമമായ ഒരു പാത നമുക്കായി അവൻ വെട്ടിത്തുറന്നു. ആദ്യം മരണം തന്നു രക്ഷിച്ചവൻ ഇന്നു പുത്രനെയും! ഉഗ്രകോപത്തിലും മറഞ്ഞു കിടക്കുന്ന മഹാ കരുണ! ശിക്ഷയുടെ പുറന്തോടിനുള്ളിലൊളിപ്പിച്ച ഊഷ്മളസ്നേഹം! പുറത്താക്കുമ്പോഴും പുറകെവരുന്ന കൃപാനദി! തീഷ്ണമായ നോട്ടത്തിനു പിന്നിൽ ദയയുടെ തിരതല്ലൽ! പാറയെ പിളർക്കുന്ന ശബ്ദത്തിന് പനിനീർപ്പൂവിന്റെ മാർദ്ദവം! കൊടുങ്കാറ്റിനൊപ്പം കുളിർക്കാറ്റ്! മനുഷ്യാ, ഇതു വർണ്ണിക്കുവാൻ നിനക്കു ഭാഷയുണ്ടോ; സങ്കല്പങ്ങളുണ്ടോ; വികാരപ്രകടനങ്ങളുണ്ടോ!!

ആംഗലേയ ഭക്തകവിക്കൊപ്പം പാടി നാം പ്രത്യാശ ഉറപ്പിക്കുന്നു;

"അന്ത്യവായു വന്നു ശീഘ്രം
മൃത്യു നേരമാകുമ്പോൾ,
നിൻ വിശ്വസ്ത നാഥൻ ചൊൽ കേൾ
ഞാൻ നടത്താം; എൻ കണ്ണാൽ."

7

# മരണം–നമ്മുടെ വിലയിരുത്തൽ

മരണം അനിവാര്യമായിരിക്കെ നാം എങ്ങനെ മരിക്കണമെന്നതാണ് മനുഷ്യനെ അലട്ടുന്ന അടുത്ത ചോദ്യം. നല്ല മരണം കാംക്ഷിക്കാത്തവരായി ആരും തന്നെ ഉണ്ടാവില്ല. എന്താണ് ഈ നല്ല മരണമെന്ന് ചിന്തിച്ചിട്ടുണ്ടോ? പല മരണങ്ങളെയും കുറിച്ച് നാം കേട്ടിട്ടുണ്ട്. സന്തോഷകരമായ ഒരു ജീവിതം നയിച്ച്, മക്കളെയും മക്കളുടെ മക്കളെയും കണ്ട്, സുബോധത്തോടെ അന്ത്യകൂദാശയും സ്വീകരിച്ച്, പ്രിയപ്പെട്ടവരുടെ മദ്ധ്യത്തിൽ ഈട്ടിക്കട്ടിലിൽ നീണ്ടു നിവർന്നു കിടന്ന് നല്ല മരണത്തെ വരിക്കുകയും അതിലും നല്ല ശവസംസ്കാരം ലഭിക്കുകയും ചെയ്ത അപ്പച്ചന്മാരെയും അമ്മച്ചിമാരെയും കുറിച്ച് വാതോരാതെ നാം കേട്ടിട്ടുണ്ട്. ICU-വിന്റെ തണുത്ത നിശബ്ദതയിൽ ബന്ധുജനങ്ങളുടെ സമ്മതം കാത്ത് Ventilator-ന്റെ ട്യൂബുകളിൽ അല്പകാലം ഞാന്ന് കിടന്ന ശേഷം ജീവനറ്റു പോകുന്നവരും ഉണ്ട്. നാവു നനയ്ക്കാൻ ഒരിറ്റു ദാഹജലം പോലും ലഭിക്കാതെ അത്യാഹിതങ്ങളിലും അപകടങ്ങളിലും പെട്ട് മരിക്കുന്നവരുമേറെ. പെട്ടെന്നുള്ള മരണം, നരകിച്ചുള്ള മരണം, കുഴഞ്ഞുവീണു മരണം, ഉറക്കത്തിൽ മരണം, ഉണർന്നശേഷം മരണം, അപകടമരണം, അജ്ഞാതമരണം, തൂങ്ങിമരണം, കൂട്ടമരണം, നല്ല മരണം, പ്രത്യാശാ മരണം, എന്നുവേണ്ടാ; മരണത്തിന്റെ വേഷപ്പകർച്ചകൾ നിരവധിയാണ്. ജനനത്തിന് ഇത്രയും വകഭേദങ്ങളില്ലെന്നു പറയാം. തീർന്നില്ല "മരണം" നിലയും വിലയുമനുസരിച്ച് വിവിധ പേരുകളിലാണറിയപ്പെടുന്നത്. രാജാവ് നാടു നീങ്ങി, ചാത്തപ്പുലയൻ ചത്തു, ദൈവദാസൻ കർതൃസന്നിധിയിലേക്കു എടുക്കപ്പെട്ടു, വിശ്വാസി താൻ പ്രിയം വെച്ച കർത്താവിങ്കലേക്കു മടങ്ങി, പൗരൻ മരിച്ചു, നേതാവ് വിടചൊല്ലി, മന്ത്രി ചരമമടഞ്ഞു, മുഖ്യമന്ത്രി ദിവംഗതനായി, പ്രധാനമന്ത്രി യാത്രയായി. വാക്കുകളുടെ വിലയനുസരിച്ച് പരേതർക്കു വിലയിടുവാനുള്ള ജനങ്ങളുടെ സുവർണ്ണാവസരം!

മേൽപറഞ്ഞ മരണങ്ങളിൽ ഏതാണ് നല്ല മരണമെന്ന് പറയേ

ണ്ടതു മരിക്കുന്നവനാണ്. നിർഭാഗ്യവശാൽ അത് പറയാനും കേൾക്കാനും നമുക്ക് അവസരമില്ല! എന്നാൽ വിരോധാഭാസമെന്നു പറയട്ടെ നാം, നാട്ടുകാരോ ബന്ധുജനങ്ങളോ, വിശ്വാസ സമൂഹമോ, ദൈവദാസന്മാരോ, രാഷ്ട്രീയക്കാരോ ഒക്കെ ആണ് നല്ലമരണം, മോശമരണം എന്നീ ഗണങ്ങൾ ഗണിച്ചു പറയുന്നത്. ശവസംസ്കാര ചടങ്ങുകളിലെ "രണ്ടു വാക്കുകൾ" കേൾക്കുമ്പോൾ ദൈവം അപൂർവ്വമായെങ്കിലും അനീതി കാട്ടുന്നില്ലേയെന്ന് മനസ്സു മന്ത്രിച്ചുപോകും. കാരണം ഹാനോക്കിനെപ്പോലെ ദൈവത്തോടു കൂടെ നടന്ന പരേതന്റെ ദ്രവത്വമില്ലാത്ത തിരുമേനി മേലോട്ടെടുക്കുന്നതിനു പകരം മണ്ണോടു മണ്ണ് ചേർന്നു ദ്രവിപ്പാൻ എന്തുകൊണ്ടു ദൈവം അനുവദിച്ചു?! മറ്റു ചിലരെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം കേട്ടാൽ പരേതാത്മാവിന് അബ്രഹാമിന്റെ മടിയിലേക്കു പോകണമോ, യാതന അനുഭവിക്കണമോ എന്ന ആശങ്ക. പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്ന് വിധിന്യായം നടത്തുന്നത് സാക്ഷാൽ നാം തന്നെയോ എന്നു തോന്നിപ്പോകും! അന്ത്യന്യായവിധിക്കു മുമ്പ് കിടക്കട്ടെ നമ്മുടെ ഭാഗത്ത് നിന്നും ഒരിടക്കാല നിരോധനം! സുഖപ്രസവം എന്നു പറയാറുണ്ട്. ഒരുവൻ നല്ല കുടുംബത്തിൽ ജനിച്ചെന്നോ നല്ല സമയത്തു ജനിച്ചെന്നോ പറഞ്ഞു കേട്ടിട്ടുണ്ട്. അവന് നമ്മുടെ മുമ്പിൽ ജീവിച്ചു കാട്ടുവാൻ അനേക വർഷങ്ങളുണ്ട് എന്നോർക്കണം. അവന്റെ ആയുസ്സിൽ നന്നായി ജീവിച്ചു കാട്ടിയാൽ നല്ല ഒരു ജന്മം എന്നു നമുക്കു പറയാൻ സാധിക്കും. നേരെ മറിച്ച് ഒരുവൻ എങ്ങനെ മരിച്ചുകാണിക്കും. "ഇതാ, ഞാൻ മരിക്കുന്നു; എന്റെ മരണ നിമിഷങ്ങൾ കണക്കാക്കി എനിക്ക് ലഭിക്കാൻ സാധ്യതയുള്ള പ്രതിഫലങ്ങളുടെ കണക്കെടുപ്പിൽ" എന്നു പറഞ്ഞാണോ ആരെങ്കിലും മരിക്കുന്നത്? അവന്റെ മരണം നല്ലതോ, തീയതോ, അവനു കിരീടമുണ്ടൊ, കിരീടത്തിൽ മുത്തുകളുണ്ടോ ഇവയൊന്നും വിലയിരുത്താനും എണ്ണിത്തിട്ടപ്പെടുത്താനും ദൈവം നമുക്ക് അധികാരം തന്നിട്ടില്ല. "വിധിക്കരുത്" എന്ന വചനത്തിൽ നിന്നും ഈ മരണവിധിക്കു മാത്രം ഒഴിവില്ലെ?

വേദപുസ്തകം എന്തു പറയുന്നു എന്നു പരിശോധിക്കാം. യേശു പറഞ്ഞു [1] "കർത്താവിൽ മരിക്കുന്ന മൃതന്മാർ..."

[2] "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും..."

[3] "ദുഷ്ടന്റെ മരണത്തിൽ എനിക്കു അല്പമെങ്കിലും താല്പര്യമുണ്ടോ?"

[4] "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു."

ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്ന് മനഃപ്പൂർവ്വം ഒഴിവാക്കി എന്നു മാന്യവായനക്കാർ ധരിക്കരുത്. നല്ല വിധത്തിൽ ജീവിച്ച ഒരു വ്യക്തിക്കു മാത്രമെ സ്വാഭാവികമായും ഒരു നല്ല മരണം ഉണ്ടാവൂ. ദൈവപുത്രനായ യേശുവിൽ വിശ്വസിച്ച്, വേദപുസ്തക ഉപദേശങ്ങളും പ്രമാണങ്ങളുമനുസരിച്ച്, ദൈവത്തിന് പ്രസാദകരമായ ജീവിതം നയിച്ച ഒരുവന് മാത്രമെ ഒരു നല്ല ജീവിതം കാഴ്ച വെച്ചുവെന്ന് അവകാശപ്പെടാൻ കഴിയൂ. എത്ര നന്നായി ജീവിച്ചു എങ്കിലും യേശുവിലുള്ള വിശ്വാസത്തോടെയല്ലാത്ത അന്ത്യമാണ് നമ്മുടേതെങ്കിൽ പ്രയോജനമേതുമില്ലല്ലോ! നല്ല ജീവിതം കാഴ്ച വെച്ചു എന്ന് സ്വയം അവകാശപ്പെടുന്ന എത്രപേർക്കു പൗലൊസ് അപ്പൊസ്തലനെപ്പോലെ [1] "ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു..." എന്നു പറയാൻ സാധിക്കും.

8

# ഒരുപിടി അപ്രിയ സത്യങ്ങൾ

ഓർമ്മവെച്ച നാൾ മുതൽ ഒരു നല്ല ജീവിതത്തിനാവശ്യമായ ഉപദേശങ്ങളും ചട്ടങ്ങളും നാം കേട്ടുകൊണ്ടേയിരിക്കുന്നു. സ്വാഭാവികമായും മാതാപിതാക്കളിൽ നിന്ന് തുടങ്ങി, മുതിർന്നവർ ഗുരുക്കന്മാരിൽ കൂടി സഭകളിലും ദൈവദാസന്മാരിലും, വേദപുസ്തകത്തിലും വേദപണ്ഡിതന്മാരിലും എത്തി നില്ക്കുന്നു ഈ വകകൾ. മനസ്സാക്ഷിയുഗത്തിൽ തുടക്കം കുറിച്ച മനുഷ്യരാശിയുടെ നല്ല നടപ്പിന്റെ അലിഖിത ആദ്യ പാഠങ്ങൾ, ലിഖിതമായ ന്യായങ്ങളിലും പ്രമാണങ്ങളിലും കൂടി കടന്ന് ദൈവപുത്രന്റെ വരവോടുകൂടി ഒരു പുതിയ നിയമ സംഹിതയിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു. വിവിധ ക്രിസ്തീയ സമൂഹങ്ങളുടെയും സഭകളുടെയും പഠിപ്പീരുകളിലും ഉൾക്കാഴ്ചകളിലും അല്പമായ വ്യത്യാസങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിലും, കാതലായ ക്രിസ്തീയ അടിസ്ഥാനങ്ങൾക്ക് അണുവിട വ്യതിയാനമില്ല എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. [1] "നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലൊ" എന്ന ക്രിസ്തു വചനങ്ങൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

ഇന്നു പലപ്പോഴും നമുക്കനുകൂലമായതിനെപ്പോലും പ്രതികൂലമാക്കാനുള്ള വ്യഗ്രതയും കിടമത്സരവുമാണ്. "പ്രവാചകന്മാരും" "ദർശനക്കാരും" "വെളിപ്പാടുകാരും" ഒക്കെ ചേർന്ന് പച്ചമരത്തിന്റെ കടയ്ക്കൽ കോടാലി വെച്ചിരിക്കുന്നു. സ്വന്ത താല്പര്യങ്ങൾക്കും സ്വാർത്ഥതയ്ക്കുമനുസരിച്ച് ദൈവവചനം കോട്ടിമാട്ടുക, വളച്ചൊടിക്കുക, പ്രദർശിപ്പിക്കുക, മാറാപ്പിലൊളിപ്പിക്കുക, എന്നിത്യാദി "വീര്യപ്രവൃത്തികൾ" പലതും ഇക്കാലത്ത് സർവ്വ സാധാരണയാണ്. അന്ത്യകാലത്തെക്കുറിച്ച് വളരെ വ്യക്തമായി വേദപുസ്തകം പറയുന്നത് ഓർത്തുകൊൾക. [2] "മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ." ഏദൻ തോട്ടത്തിൽ വച്ചു തന്നേ മനുഷ്യന്റെ നല്ല നടപ്പിനുള്ള നിലത്തെഴുത്താരംഭിച്ചിരുന്നു. വർഷങ്ങളും യുഗങ്ങളുമെല്ലാം നിങ്ങൾ തന്നെ കണക്കാക്കികൊൾവീൻ. ക്രിസ്തുനാമം ഭാരതത്തിൽ വന്നിട്ട് ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കടുത്തായി. സർക്കാർ കണക്കുകൾ മനഃപൂർവ്വമായി കുറച്ചു കാട്ടുന്നു എന്നുവരികിലും ഏറിയാൽ 10 ശതമാനത്തിലധികം, ക്രിസ്ത്യാനികളായി അറിയപ്പെടുന്നവർ ഭാരതത്തി

ലില്ല!

തിരുവെഴുത്തുകളും ന്യായപ്രമാണങ്ങളും പത്തുകല്പനകളു മൊന്നും ഭാരത ജനതയ്ക്ക് പ്രത്യക്ഷമായി തന്നിട്ടില്ലെങ്കിലും, യേശു ക്രിസ്തുവിന്റെ സാർവലൗകിക രക്ഷാപദ്ധതിയിൽകൂടി നമുക്കും രക്ഷ കൈവന്നിരിക്കുന്നുവല്ലോ. രക്ഷകനെക്കുറിച്ചുള്ള ഭാരത ത്തിന്റെ അറിവിന് യേശുവിന്റെ തിരുപ്പിറവിയോളം പഴക്കമുണ്ട്. ദേവാലയങ്ങളും വിശ്വാസങ്ങളും വർദ്ധിക്കുന്നതനുസരിച്ച് മാറ്റങ്ങ ളും, വിഭാഗങ്ങളും, വിവാദങ്ങളും പൊന്തിവന്നു. വിവിധ സഭാ വിഭാ ഗങ്ങൾ അവരവരുടേതായ പ്രമാണങ്ങളും കാഴ്ചപ്പാടുകളുമായി രംഗത്തെത്തി. വേദപുസ്തക മർമ്മങ്ങൾ ആഴത്തിൽ മനസ്സിലാക്കി ക്രിസ്തീയ തലത്തിൽ വിപ്ലവകരമായ "വീണ്ടും ജനനത്തിന്റെ" അലകളുയർത്തി പെന്തക്കോസ്തു പ്രസ്ഥാനവും ഉടലെടുത്തു. പഴയ പെന്തക്കോസ്തുകാർ, "ഫെയ്ത്തോമുകാർ", "വേർപാടു കാർ", "ഹല്ലേലുയ്യാ"ക്കാർ എന്നീ ഇരട്ടപ്പേരുകളിൽ നിന്നും വിമുക്തി നേടി ആധുനികവും മാന്യവുമായ "Born Again believers" എന്ന ആംഗലേയ സ്പർശമുള്ള അനുഗ്രഹീത നാമത്തിൽ സ്വയം ബപ്തീസ്മപ്പെട്ട് മുദ്രയിടപ്പെട്ടു! ഇന്നു പഴയ പെന്തക്കോസ്തുകാർ ഇല്ല; എല്ലാം ബോൺ എഗേൻ മയം! ആംഗ്ലിക്കൻ ആരാധനകളിലെ വാദ്യോപകരണങ്ങളെ വെല്ലുന്ന, പാശ്ചാത്യസംഗീതോപകരണങ്ങ ളുടെ അകമ്പടിയോടു കൂടിയ പാശ്ചാത്യ ആരാധനയെ നാം കട മെടുത്തു.

വാദ്യോപകരണങ്ങൾ വേണ്ടെന്നോ, ചിട്ടപ്പെടുത്തിയ സംഗീത ത്തോടുകൂടിയ ആരാധന വേണ്ടെന്നോ അല്ല ഇതിനർത്ഥം. നമ്മുടെ ദൈവാരാധന താളത്തിനൊത്ത നൃത്തച്ചുവടുകളിലോ, അംഗവി ക്ഷേപങ്ങളിലോ മാത്രം ഒതുങ്ങി നില്ക്കരുത്. "തന്റെ മഹത്വം മറ്റൊ രുവനു വിട്ടുകൊടുക്കാത്ത" നമ്മുടെ ദൈവത്തെ Drum-നും, Guitar-നും, Keyboard-നും, നൃത്തച്ചുവടുകൾക്കും പിന്നിൽ ഒതുക്കി നിർത്താൻ ശ്രമിക്കരുത്. "തപ്പോടും കിന്നരത്തോടും," "കൈത്താ ളങ്ങളോടെ" എന്നൊക്കെ വചനത്തിലുണ്ടെന്നു കരുതി തപ്പും കിന്ന രവും കൈത്താളങ്ങളും മാത്രമാവരുത്. ദാവീദ് രാജാവ് അർദ്ധന ഗ്നനായി നൃത്തച്ചുവടുകളോടെ ദൈവത്തെ ആരാധിച്ചു എന്നു വചനം പറയുന്നതിനാൽ, നമ്മുടെ നൃത്തം കണ്ട് യഹോവയായ ദൈവം തന്നേത്തന്നെ മറക്കുമെന്ന് അറിയാതെപോലും ചിന്തിച്ചു പോകരുതേ! അലൗകിക ശബ്ദവീചികളുടെ ആരാധനയിൽ അധി വസിക്കുന്ന ദൈവം ഇത്തിരിക്കോളം വരുന്ന നമ്മുടെ Keyboard-ന്റെ കിറുകിറാ ശബ്ദം കേൾക്കാനും നമ്മുടെ ശരീരചേഷ്ടകൾ

കാണാനും ഉടുത്തൊരുങ്ങി ആകാശമേഘങ്ങളിൽ എഴുന്നെള്ളുമെന്ന് ആരെങ്കിലും ധരിക്കുന്നുവെങ്കിൽ അതു മൗഢ്യമാണ്. കാതടപ്പിക്കുന്ന താളലയങ്ങളിലല്ല നാം അലിഞ്ഞു ചേരേണ്ടത് ഏകാഗ്രമായ ആരാധനയിൽ നാം സ്വയം മറക്കട്ടെ; ചുറ്റുപാടുകളെ മറക്കട്ടെ. മറിച്ചെങ്കിൽ ദൈവം നമ്മെ മറക്കും; Guitar-ന്റെ ഇഴകളെ അനുഗ്രഹിക്കും!

വിഷയത്തിൽ നിന്നും വ്യതിചലിക്കാതെ ഒരു ചെറിയ കണക്കിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കട്ടെ ദൈവത്താൽ ഒന്നും അസാധ്യമല്ല എന്ന ഉറച്ച വിശ്വാസത്തിൽ നിലനിന്നുകൊണ്ട്, താഴെക്കാണുന്ന കണക്കുകൾ ഒന്നു പരിശോധിക്കുക. യേശുവിന്റെ കല്പന ശിരസ്സാ വഹിച്ചുകൊണ്ട് തോമാസ്ലീഹാ ഭാരതത്തിൽ സുവിശേഷവുമായി എത്തിയത് എ.ഡി. 55-ലാണെന്ന് വിശ്വസിക്കുക മാത്രമല്ല, മതിയായ തെളിവുകളും അതിനെ സ്ഥിരപ്പെടുത്തുന്നു. കണിശ്ശമായി പറഞ്ഞാൽ ഭാരതം യേശുവിനെക്കുറിച്ച് അറിഞ്ഞിട്ട് 1956-വർഷങ്ങൾ കഴിഞ്ഞു. ഇക്കഴിഞ്ഞ വർഷങ്ങൾ കൊണ്ട് ഭാരത സർക്കാരോ, സെൻസസ് ഡിപ്പാർട്ടുമെന്റോ, ഛിദ്രശക്തികളോ ആരൊക്കെത്തന്നെ യഥാർത്ഥ കണക്കുകളിൽ തിരിമറി നടത്തി എത്ര തന്നെ കുറച്ചു കാട്ടിയാലും, ഏറിയാൽ മൊത്ത ജനസംഖ്യയുടെ പത്തു ശതമാനത്തിലധികം ക്രിസ്തു വിശ്വാസികളായിത്തീർന്നതായി പരിഗണിക്കാനാവില്ല. തോമാസ്ലീഹ വന്ന കാലം മുതൽ ഇന്നുവരെയുള്ള 1956 വർഷങ്ങൾ കൊണ്ടാണ് ഈ പുരോഗതി കൈവരിച്ചത് എന്ന കാര്യം വിസ്മരിച്ചുകൂടാ. മാനുഷിക കണക്കുകൂട്ടലിൽ ഇതേതോതുപ്രകാരം ഹരിച്ചു ഗുണിച്ചു നോക്കിയാൽ ബാക്കി നില്ക്കുന്ന തൊണ്ണൂറു ശതമാനം കൂടി സുവിശേഷീകരിച്ചെടുക്കാൻ ഇനിയും വേണം 17604-സംവത്സരങ്ങൾ കൂടി! എന്നു പറഞ്ഞാൽ 17 സഹസ്രാബ്ദങ്ങൾ കൂടി നാം പിന്നിടേണ്ടിയിരിക്കുന്നു!

ഇതിനിടയിൽ പെറ്റുപെരുകുന്ന ക്രിസ്തീയ കുഞ്ഞുങ്ങളുടെ കാര്യം മറക്കേണ്ടാ. ഓട്ടോമാറ്റിക്ക് മെഷീനിൽ നിന്നും ലക്ഷക്കണക്കിന് ഉല്പന്നങ്ങൾ അണുവിട വ്യത്യാസമില്ലാതെ ഉല്പാദിക്കപ്പെടുന്നതു പോലെ. കോക്ക്, പെപ്സി, മുതലായ ശീതളപാനീയങ്ങൾ, പാരസറ്റമോൾ തുടങ്ങി വിവിധയിനം ഗുളികകൾ, കാപ്സ്യൂളുകൾ എന്നിവ മാനുഷിക അദ്ധ്വാനമൊന്നുമില്ലാതെ, പ്രോഗ്രാം ചെയ്തു വെച്ചിരിക്കുന്ന മെഷീനിൽക്കൂടി പായ്ക്കു ചെയ്ത് അവസാന കവാടത്തിൽ കൂടി അനർഗ്ഗളം നിർഗ്ഗളിക്കുന്നതുപോലെ. ആദ്യ ഘട്ടത്തിലെ mixing-ൽ പിഴവു സംഭവിക്കുകയോ, അടുത്ത ഏതെ

ങ്കിലും ഘട്ടങ്ങളിൽ പുറത്തു നിന്നുള്ള എന്തെങ്കിലും മാലിന്യങ്ങൾ മിശ്രിതത്തിൽ കലരുകയോ ചെയ്താൽ, തയ്യാറാക്കപ്പെടുന്ന ഉല്പന്നം മലിനവും മായം ചേർക്കപ്പെട്ടതും ആയിത്തീരും. 'ക്രിസ്ത്യാനി' എന്ന ലേബൽ മാത്രമേ ഉണ്ടാവു; ഉള്ളിൽ ചപ്പും ചവറുമായിരിക്കും. കണക്കുകൾ കൂട്ടുമ്പോൾ ഇതും മറക്കേണ്ടാ. ചുരുക്കത്തിൽ ക്രിസ്തീയ കുടുംബങ്ങളിലെ പേറും കുളിയുമൊഴിച്ച്, ജീവനുള്ള ദൈവത്തെ അറിയാത്ത ജാതികളിൽ നിന്നും എത്ര പേർ ശതമാനക്കണക്കുയർത്താൻ യഥാർത്ഥത്തിൽ സഹായിക്കുന്നു എന്ന് സ്വയം ചിന്തിക്കുക.

എവിടെയാണ് പാളിച്ച? പത്രൊസ്സിന്റെ ഒറ്റ പ്രസംഗത്തിൽ മൂവായിരം പേർ സ്നാനം ഏറ്റു എന്ന് വചനം വ്യാജം പറഞ്ഞതോ? സുവിശേഷ വേലക്കാർ മാത്രമല്ല, ഓരോ ക്രിസ്ത്യാനിയും കുത്തിയിരുന്ന് ചിന്തിക്കേണ്ട വിഷയമാണിത്. തോമസ്ലീഹാ മുതൽ ഇന്നോളം എത്രയോ പേർ വന്നുപോയി. ഇന്ത്യാ മഹാരാജ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ സുവിശേഷം അറിയിച്ച പ്രദേശങ്ങൾ വിസ്തീർണ്ണത്തിലും ജനസംഖ്യയിലും എത്രയോ ചെറുതായിരുന്നു എന്നും, വചനഘോഷണത്തിനുള്ള ഉപാധികളൊന്നും തന്നെ ഇല്ലായിരുന്നു എന്നുമുള്ള പരമാർത്ഥം വിസ്മരിക്കരുത്. പത്രൊസും മറ്റും ഉച്ചത്തിൽ വിളിച്ചു പറയണമായിരുന്നു ജനം കേൾക്കണമെങ്കിൽ! ഇന്നത്തെപ്പോലെയുള്ള സൗണ്ട് & മ്യൂസിക്ക് സിസ്റ്റമോ, അച്ചടി സാമഗ്രികളോ, ഇന്റർനെറ്റ് സംവിധാനങ്ങളോ, ഒന്നുമില്ലാതിരുന്ന കാലഘട്ടം. അസ്വാതന്ത്ര്യവും പീഡനവും ഏറിയിരുന്ന ദിനരാത്രങ്ങൾ. വിരലിലെണ്ണാവുന്ന സുവിശേഷകർ, യാത്രാസൗകര്യങ്ങളും താമസസൗകര്യങ്ങളും എത്രയോ പരിമിതം.

ഇന്ന് [1]"നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം" എന്ന വചനം അന്വർത്ഥമാണ്. പാശ്ചാത്യരീതിയിൽ വസ്ത്രധാരണം ചെയ്തു സോക്സും, ഷൂസും ധരിച്ച്, കണ്ഠത്തിൽ വർണ്ണപ്പട്ടയും ചുറ്റി കൊട്ടാരത്തിൽ നിന്നുമിറങ്ങുന്ന "സുവിശേഷകന്റെ" കാൽ ചവിട്ടുന്നത് മറ്റൊരു ചലിക്കുന്ന കൊട്ടാരത്തിലേക്ക്! പിന്നെ ആ വിശുദ്ധ പാദങ്ങൾ പാപപങ്കിലമായ നിലം സ്പർശിക്കണമെങ്കിൽ കൊട്ടാരം ഒഴുകി എയർ പോർട്ടിലെത്തണം. പരവതാനിയിൽ "ആനന്ദനൃത്തം" ചവിട്ടുന്ന കാലുകൾ വിമാനത്തിനുള്ളിലേക്ക്. "അഭിഷിക്തൻ" ആത്മഭാരത്താൽ പറക്കുകയാണ്! "ആലയത്തെക്കുറിച്ചുള്ള എരിവ്" അവനെ നിലം തൊടുവിക്കുന്നില്ല; പറപ്പിക്കുകയാണ്! ഇവന്റെ കാലുകൾ "അതിമനോഹര"മാണ്. സാധാ

രണ്ട വേഷക്കാരൻ ഉപദേശി! പാന്റ്സ് ഇട്ടവൻ പാസ്റ്റർ! കണ്ഠത്തിൽ ശീല ചുറ്റിയവൻ 'അഭിഷിക്തൻ!', കോട്ടിട്ടവൻ 'ആത്മീയ വീരൻ!' അന്തവും കുന്തവും ഇല്ലാത്തവൻ 'അന്ത്യകാല ശുശ്രൂഷകൻ! ഇത് അന്ത്യകാലമല്ലേ!! അങ്ങനെ പോകുന്നു പട്ടിക.

പ്രയോജനമുള്ളതു മറച്ചു വെയ്ക്കാത്ത നാം, വിശ്വാസികൾ ആത്മീയ ചതിക്കുഴിയിൽ അകപ്പെടാതിരിപ്പാൻ, ഇടയശ്രേഷ്ഠരിൽ മാത്രം ഒതുങ്ങി നില്ക്കുന്നു എന്നു വൃഥാ ചിന്തിക്കുന്ന ഈ രഹസ്യം വിളിച്ചു പറഞ്ഞേ മതിയാവൂ. മനഃപൂർവമായോ അല്ലാതെയോ, സ്വന്ത താല്പര്യത്തിനോ, മറ്റുള്ളവരുടെ താല്പര്യത്തിനോ, പ്രത്യക്ഷമായോ പരോക്ഷമായോ നാം അതിൽ പങ്കാളികളായാൽ അറിഞ്ഞുകൊണ്ടുതന്നെ ചെന്നായ്ക്കളുടെ മുന്നിലേക്ക് കുഞ്ഞാടുകളെ നയിക്കുന്നതിനു തുല്യമാണ്. "വടിയും കോലും" ഏറ്റുകൊൾക; ശുഭവസ്ത്രത്തിനുള്ളിൽ അറവുകത്തി ഒളിപ്പിക്കല്ലേ!! ഇവരുടെയൊക്കെ നടുവിൽ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ആത്മാർത്ഥമായി വേലചെയ്യുന്ന ദൈവദാസന്മാർക്കുവേണ്ടി ദൈവത്തെ സ്തുതിക്കുന്നു. മുള്ളുകൾക്കിടയിൽ വിടർന്നു നില്ക്കുന്ന പനിനീർപ്പൂവിനു ശോഭ കൂടുകയേ ഉള്ളൂ. വായിക്കുമ്പോൾ ചുണ്ടുകൾ വിറയ്ക്കുന്നുവോ? തൊണ്ട വരളുന്നുവോ? കണ്ണുകളിൽ ആത്മീയരോഷമോ? അതേ, സഹോദാ, ശവക്കല്ലറയുടെ മുകളിൽക്കൂടി നടക്കുന്നവൻ അതിനുള്ളിലെന്തെന്ന് ഗ്രഹിക്കുന്നില്ല. അരങ്ങത്ത് ആടിത്തിമിർത്തവരിലധികം അണിയറയിൽ ഊഴം കാത്തു നില്ക്കുന്നു! ഉടയവനോടു പരിജ്ഞാനത്തിന് വേണ്ടി കരഞ്ഞു നിലവിളിച്ചുകൊൾക. ഇല്ലെങ്കിൽ "പരീശന്റെ പരിജ്ഞാനം" നിന്നെ തച്ചുടച്ചു കളയും! ഹെരോദ്യയുടെ മകളുടെ മദാലസ നൃത്തവേദിക്ക് ദൃക്സാക്ഷിയാകുന്നതിലും നീതിമാന്റെ തല താലത്തിലിരിക്കുന്നത് എത്രയോ അഭികാമ്യം!

സുവിശേഷകന്മാരും ദൈവദാസന്മാരും നനയ്ക്കാതെയും കുളിക്കാതെയും നടക്കണമെന്നോ, വൃത്തിയും ഭംഗിയുമുള്ള പാശ്ചാത്യ വസ്ത്രമുൾപ്പെടെയുള്ള വസ്ത്രങ്ങൾ ധരിക്കരുതെന്നോ, കാറിലോ വിമാനത്തിലോ യാത്ര ചെയ്യരുതെന്നോ കൊട്ടാര സദൃശ്യവീടുകളിൽ താമസിക്കരുതെന്നോ ഒന്നുമല്ല ഞാനുദ്ദേശിച്ചതെന്ന് മനസ്സിലാക്കാനുള്ള പരിജ്ഞാനം മാന്യവായനക്കാർക്കുതന്ന ദൈവത്തെ ഞാൻ വാഴ്ത്തുന്നു. ഇവയെല്ലാത്തിന്റെയും ആധിക്യവും അവയോടുള്ള വീക്ഷണവും, ചിന്താശുദ്ധിയും എടുത്തു കാട്ടി എന്നുമാത്രം.

9

# മരണമൊഴികൾ

നീതിന്യായ കോടതികളിൽ പലപ്പോഴും മരണമൊഴികളെക്കു റിച്ചുള്ള പരാമർശങ്ങൾ കേൾക്കാറുണ്ട്. ഈ ലോകത്തിന്റെ നീതി പീഠം പോലും മരണമൊഴിക്ക് അതർഹിക്കുന്ന വില കല്പിക്കാ റുണ്ട്. മരണമൊഴി ഒരു വ്യക്തിയുടെ അവസാന വാക്കുകളാണ്. മറ്റൊന്നുകൂടി ഉച്ചരിക്കാൻ അവന്റെ നാവിന് ഇനിമേൽ സാധ്യമല്ല. ചിലപ്പോൾ ആരും ഇന്നേവരെ അറിയാതിരുന്ന ഒരു സത്യമായി രിക്കാം ആ നാവുകൾ വിളിച്ചു പറയുന്നത്. മറ്റു ചിലപ്പോൾ ഒരനു ഗ്രഹമോ ശാപമോ അപേക്ഷയോ ആവാം. "എന്നെ കുത്തിയതു കാർത്തികേയൻ..." "മോനെ, അപ്പച്ചന്റെ അവസാന ആഗ്രഹം..." "നീ ഒരു കാലത്തും ഗുണം പിടി..." "നീ നന്നായി വരും..." "എന്റെ മോൻ ഇനി ഒരിക്കലും കുടിക്കരുത്..." എന്നിങ്ങനെ പോകുന്നു അവ്യക്തവും പൂർത്തീകരിക്കാനാവാത്തതുമായ മരണമൊഴികൾ.

വേദപുസ്തകത്തിൽ മൂന്ന് മരണമൊഴികൾ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിലേക്ക് മാന്യവായനക്കാരായ നിങ്ങളുടെ ശ്രദ്ധയെ ഞാൻ കൊണ്ടുപോകുകയാണ്. പൂർവ്വിക പിതാക്കന്മാ രിൽ പലരും മക്കളെയും അവരുടെ മക്കളെയും അരികെ വിളിച്ച് അനുഗ്രഹീത വാക്കുകളുച്ചരിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എന്നാൽ ദരിദ്രരുടെയും അശരണരുടെയും വേദനിക്കുന്നവരുടെയും കണ്ണീർ ഒപ്പുകയും, പാപികളെയും അതിക്രമികളെയും ആലിംഗനം ചെയ്യുകയും, മറ്റുള്ളവരുടെ പാദങ്ങൾ കഴുകുകയും, ആയിരങ്ങളുടെ വിശപ്പടക്കാൻ അപ്പം നുറുക്കികൊടുക്കുകയും, എല്ലാവരെയും ഒന്നു പോലെ അനുഗ്രഹിക്കുകയും ചെയ്ത, പാപമെന്തെന്നറിയാത്ത ദൈവപുത്രനായ യേശുവിന്റെ പരിശുദ്ധവും പരിപാവനവുമായ കരങ്ങൾ മരത്തോടു ചേർത്ത് കാരിരുമ്പാണികളാൽ തറയ്ക്കപ്പെ ടുമ്പോൾ നമ്മുടെ അരുമനാഥൻ വിളിച്ചുപറഞ്ഞ മരണമൊഴി എക്കാലത്തും എല്ലാ മരണമൊഴികളിൽനിന്നും വേറിട്ടു നിൽക്കു ന്നു.

[1] "ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ" എന്ന തിരുവായ്മൊഴികൾ ആകാശത്തെയും ഭൂമി യെയും പിളർക്കുന്നതായിരുന്നു. സ്വർഗ്ഗം നാഴികകളോളം തരിച്ചു നിന്നിരിക്കാം. അധികാരത്തിന്റെ സ്വരം അപേക്ഷയുടെ സ്വരമായി മാറിയ നിമിഷങ്ങൾ! പുത്രന്റെ അവസാന അപേക്ഷ സ്വീകരിച്ച

പിതാവ് അക്ഷണം പ്രവർത്തിച്ചതിന്റെ അടയാളങ്ങൾ കുരിശിന്റെ ചുവട്ടിൽത്തന്നെ വെളിവാക്കപ്പെട്ടു. [1] "പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല" എന്ന യേശുവിന്റെ വചനങ്ങൾ നിവർത്തീകരിക്കപ്പെടുന്നതായി നാം കാണുന്നു.

ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരോട് നിങ്ങൾ എന്നെ ആരെന്നു പറയുന്നു എന്നു ചോദിച്ചപ്പോൾ [2] "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പത്രൊസ് ഉത്തരം പറഞ്ഞതായി വചനം രേഖപ്പെടുത്തുന്നു. യേശുകർത്താവിന്റെ ഉത്തരം ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. [3] "ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കിതു വെളിപ്പെടുത്തിയത്!" ജഡരക്തങ്ങൾക്കു പ്രശംസിക്കാവുന്നതോ, അവകാശപ്പെടാവുന്നതോ ആയ യാതൊന്നും ഗോൽഗോഥായിൽ സംഭവിച്ചില്ല എന്നോർക്കുക. സഭയുടെ ഉപവാസ പ്രാർത്ഥനകൾക്കോ, ക്രൂസേഡുകൾക്കോ സാക്ഷ്യങ്ങൾക്കോ 'തലയോടിടം' വേദിയായില്ല. ദുഷ്ടാത്മ സേനയുടെ സംഹാരതാണ്ഡവം മാത്രം നിറഞ്ഞു നിന്ന അന്തരീക്ഷത്തിൽ പൈശാചികതയുടെ ഘനമേറിയ തണുത്ത നിശ്ശബ്ദതയിൽ പ്രകൃതിപോലും നിശ്ചലമായി.

"പിതാവേ, എന്റെ ആത്മാവിനെ..." എന്നു പറഞ്ഞ് യേശു പ്രാണനെ വിട്ടപ്പോൾ ഇരുളെന്തെന്നറിഞ്ഞു കൂടാത്ത സൂര്യൻ മൂന്നു നാഴികയോളം ഇരുളിന്റെ ആഴങ്ങളിലേക്കുൾവലിഞ്ഞുവൊ മറിച്ച്, പിതാവിന്റെ ആർദ്രതയുടെ കണങ്ങൾ പതിഞ്ഞ് അണഞ്ഞ് തണുത്തുറഞ്ഞുവോ? ജീവൻ തന്ന സൃഷ്ടികർത്താവ് സ്വയം ജീവൻ വെടിഞ്ഞപ്പോൾ സൃഷ്ടിയൊന്നാകെ ഞെട്ടിത്തരിച്ചു; അടുത്ത നിമിഷം പൊട്ടിത്തെറിച്ചു ! പിതാവിന്റെ നിശ്വാസത്തിൽ പാറകൾ പിളർന്നു; ഭൂമി കുലുങ്ങി! കല്ലറകൾ തുറന്നു; വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു! മന്ദിരത്തിലെ തിരശ്ശീല ചീന്തി ഒരു പുതുവഴി തുറന്നു! ഒപ്പം ക്രൂശിക്കപ്പെട്ട കള്ളനിലേക്ക് ഉയരത്തിൽ നിന്ന് ഊഷ്മളമായ ആകർഷണം ഇറങ്ങി വന്നു! ഉയിർത്തെഴുന്നേറ്റ് ഒരിക്കൽ രാജത്വം പ്രാപിക്കുന്നവനാണ് തന്നോടുകൂടെ ക്രൂശിക്കപ്പെട്ട യേശു എന്ന് പിതാവ് അവന വെളിപ്പെടുത്തിക്കൊടുത്തു. അവൻ നീതിമാൻ എന്നു കള്ളൻ തിരിച്ചറിഞ്ഞു. ഇതാ, പിതാവ് മറ്റുള്ളവരെ പുത്രനിലേക്കാകർഷിക്കുന്നു! പിതാവ് പുത്രനെ വെളിപ്പെടുത്തികൊടുക്കുന്നു! യേശുവിന്റെ വചനങ്ങൾ നിവർത്തിയാക്കപ്പെടുന്ന ധന്യമുഹൂർത്തങ്ങൾ. "ഇവൻ സാക്ഷാൽ ദൈവപുത്രൻ..." എന്ന ശതാധിപന്റെ വാക്കുകളിൽകൂടി പുത്രനിലേക്കുള്ള പിതാ

വിന്റെ ആകർഷണം ഒരിക്കൽ കൂടി വെളിവാക്കപ്പെടുന്നു. പിതാവിന്റെ ആർദ്ര കരുണയ്ക്കാധാരമായത് യേശുവിന്റെ അപേക്ഷയാണ്, അഥവാ മരണമൊഴിയാണ്!

വർഷങ്ങൾക്കു ശേഷം തികച്ചും സമാനമായ ഒരു മരണവും മരണമൊഴിയുമാണ് സ്തേഫാനോസിലും നാം കാണുന്നത്. ഒരു കാര്യം എടുത്തു പറയട്ടെ. നമ്മെക്കുറിച്ചു മറ്റുള്ളവർക്കോ, സഭയ്ക്കോ, സഭാ കമ്മറ്റിക്കോ, ദൈവദാസന്മാർക്കോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ ഉള്ള ദർശനമല്ല നമ്മിൽ നിറവേറുന്നത് എന്ന് ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ജീവിതം ലോകത്തോടു വിളിച്ചു പറയുന്നു. യവന ഭാഷക്കാരും എബ്രായ ഭാഷക്കാരും തമ്മിലുണ്ടായ പിറുപിറുപ്പിന്റെ ഫലമായി, മേശകളിൽ ശുശ്രൂഷ ചെയ്യുന്നതിന്, (പ്രധാനമായും തീൻമേശകളിൽ) വിവരവും, ചുറുചുറുക്കും ആത്മാവും സാക്ഷ്യവുമുള്ള ഏഴു പുരുഷന്മാരെ തിരഞ്ഞെടുക്കാനും അവരെ അത്തരം വേലകളേല്പിക്കാം, ഞങ്ങളോ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിക്കാമെന്നും പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു പറയുന്നു. ഈ വാക്കു ബോധ്യമായ കൂട്ടം അതിൻ പ്രകാരം ഭക്ഷണക്രമീകരണങ്ങളിൽ പക്ഷാഭേദമില്ലാതെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി തിരഞ്ഞെടുത്ത ഏഴുപേരിൽ സ്തേഫാനോസ് മാത്രമായിരുന്നു വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനെന്ന് വചനം പറയുന്നു. മറ്റുള്ളവർ കൂട്ടത്തിൻ മുമ്പാകെ ആത്മാവും ജ്ഞാനവും സാക്ഷ്യവും ഉള്ളവരായിരുന്നു എങ്കിലും ദൈവമുമ്പാകെ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവരായിരുന്നുവോ എന്നത് ഒരു ചോദ്യച്ചിഹ്നമായി അവശേഷിക്കുന്നു. "തീൻമേശ"മേൽ ശുശ്രഷ നടത്തുന്നതിന് ബാക്കി ആറു പേർക്കുള്ളതിൽ കവിഞ്ഞ യോഗ്യതയുടെ ആവശ്യമില്ലാതെയിരിക്കെ, "തിരുമേശ"യുടെ ശുശ്രൂഷ ഏറ്റെടുക്കാൻ മറ്റു ചിലതുകൂടെ പ്രാപിക്കേണ്ടിയിരിക്കുന്നു!

മാനുഷിക ദൃഷ്ടികൾക്ക് അനുയോജ്യമായി തോന്നുന്നത് മാത്രം പോരാ, ഉയരത്തിൽ നിന്നും കൃപയാൽ ചൊരിയപ്പെടുന്ന പരിജ്ഞാനവും പരിശുദ്ധാത്മാഭിഷേകവും ദൈവീക ശുശ്രൂഷക്കു കൂടിയേ തീരു എന്ന് സ്തേഫാനോസിന്റെ തിരഞ്ഞെടുപ്പ് നമ്മെ പഠിപ്പിക്കുന്നു. കൂടാതെ ദൈവം നീതിയായി കണക്കിടുന്നതിനെ കാണാനും ഗ്രഹിക്കാനുമുള്ള ശക്തി ഒന്നാം നൂറ്റാണ്ടിലെ സഭയ്ക്കുപോലും ഇല്ലായിരുന്നു എന്നോർക്കുക. തിരഞ്ഞെടുത്ത ഏഴു പേരിൽ ഒരുവൻ തീൻമേശയിൽ ഭക്ഷണം വിളമ്പാനും അതു വെടിപ്പാക്കാനും വിധിക്കപ്പെട്ടവനല്ല, മറിച്ച് ഹൃദയ മാലിന്യങ്ങളെ അകറ്റി

ആത്മീയ ആഹാരത്താൽ അനേകരെ പോഷിപ്പിക്കാൻ തിരഞ്ഞെടുപ്പുള്ളവനെന്ന് ലോകം അറിഞ്ഞില്ല. തിരഞ്ഞെടുക്കപ്പെട്ട ഏഴു പേരുടെ കൂട്ടത്തിൽ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവനായി സ്തേഫാനോസ് മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്ന് വചനം പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. (അപ്പൊ. 6:1-6) അങ്ങനെയുള്ളവനു മാത്രമെ കൃപയും ശക്തിയും നിറഞ്ഞവനായി വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കാൻ സാധിക്കൂ.

വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളും, ആചാരങ്ങളും, വിശ്വാസങ്ങളും മുറുകെപ്പിടിക്കുന്ന മൗലിക വാദികളുടെയും മത തീവ്രവാദികളുടെയും അഞ്ചു വിവിധ സമൂഹങ്ങളാണ്, ഒരേ സമയം ഒറ്റക്കെട്ടായി നിന്ന് കുശിനിക്കാരനായി ലോകം തിരഞ്ഞെടുത്ത സ്തേഫാനോസിനോട് തർക്കിച്ചത് എന്നു വിസ്മരിക്കരുത്! അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്പാൻ അവർക്കു കഴിഞ്ഞില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ അഭിഷിക്തനോട് എതിർത്തു നില്പാൻ ആർക്കു കഴിയും? നീ ഒരു താർക്കികനോ, പണ്ഡിതനോ ആവാം. എന്നാൽ പരിശുദ്ധാത്മജ്ഞാനത്തോട് എതിർത്തു നില്പാൻ നമ്മുടെ പൂർവ്വിക പിതാക്കൾ മുതൽ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല.

യേശു പറഞ്ഞു, [1] "പറവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്കു ലഭിക്കും. പറയുന്നത് നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രെ." നീ അഭിഷേകമുള്ളവനോ?; രാവെളുപ്പോളം പ്രസംഗം കാണാതെ പഠിച്ചിട്ടോ, കണ്ണാടിയുടെ മുമ്പിൽ പരിശീലനം നടത്തിയിട്ടോ ആവശ്യമില്ല. ഇന്നു വചനത്തിൽ നിന്നും ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ ചോദിച്ചാൽ പല ദാസന്മാർക്കും ഉത്തരമില്ല. ചിലർ കുറ്റിക്കാടിന് ചുറ്റും ഓടിക്കളിക്കും. മറ്റു ചിലർ വളരെ വിനയാന്വിതനായി സഹോദരന് എന്തു തോന്നുന്നു, അതാണു ശരി എന്നു പറഞ്ഞ് ആത്മീയക്കുപ്പായമെടുത്ത് തലവഴി മൂടിക്കളയും. പൊരുൾ തിരിച്ചുകൊടുക്കാൻ ഇവൻ മഹാനും കന്ദക്കരാജ്ഞിയുടെ ഭണ്ഡാരമേൽവിചാരകനുമോ? നേരേ ചൊവ്വേ ദശാംശപ്പണം പോലും ഭണ്ഡാരത്തിലിടാത്ത ദരിദ്ര വിശ്വാസി എന്ന ഭാവം! പിന്നെ എങ്ങനെ ദൈവദാസന്റെ മുഖം 'ദൈവദൂതന്റെ മുഖം' പോലെ വിളങ്ങും!

സ്തേഫാനോസിന്റെ മരണമൊഴിയിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ. അതിക്രൂരമായ കല്ലേറിനാൽ വേദനകൊണ്ടു പുളയുന്ന സ്തേഫാനോസ് മുട്ടുകുത്തി, [2] "കർത്താവേ, അവർക്ക് ഈ

പാപം നിറുത്തരുതേ" എന്നു നിലവിളിച്ചു പറഞ്ഞ് നിദ്രപ്രാപിച്ചു. തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി യേശുകർത്താവ് പിതാവി നോടു കഴിച്ച അപേക്ഷയുടെ തനിയാവർത്തനം, വർഷങ്ങൾക്കു ശേഷം പരീശപ്രമാണിമാരുടെയും പുരോഹിത വർഗ്ഗത്തിന്റെയും കർണ്ണപുടങ്ങളിൽ മാറ്റൊലിക്കൊണ്ടു. മാനുഷിക സ്വഭാവങ്ങൾക്കും പ്രതികരണങ്ങൾക്കും അതീതമായ അപേക്ഷാ സ്വരത്തിലുള്ള ഇത്തരമൊരു പ്രാർത്ഥനയ്ക്ക് സ്തേഫാനോസിനെ ശക്തീകരിച്ചത് ഒരു സ്വർഗ്ഗീയ ദർശനമായിരുന്നു. "ദൈവ മഹത്വവും ദൈവത്തിന്റെ വലതുഭാഗത്തു യേശു നില്ക്കുന്നതും" കണ്ട നിമിഷം സ്തേഫാ നോസിൽ ക്രിസ്തുവിന്റെ സകല ഭാവങ്ങളും ലയിച്ച്, അവൻ ക്രിസ്തുവുമായി താദാത്മ്യം പ്രപിച്ചു കഴിഞ്ഞിരുന്നു. പുത്രന്റെ അപേക്ഷപോലെ തന്നെ സ്തേഫാനോസിന്റെ അപേക്ഷയും പിതാ വായ ദൈവം സ്വീകരിച്ച് തന്റെ മഹത്വം വെളിപ്പെടുത്തിയതായി കാണുന്നു. സ്തേഫാനോസിന്റെ മരണത്തോടുകൂടി എല്ലാവരും പലയിടങ്ങളിലേക്ക് ചിതറിപ്പോയി എങ്കിലും സുവിശേഷം പ്രചരി ക്കുവാനും സഭകൾ വളരുവാനും അത് കാരണമായി. ഫിലിപ്പൊ സിനെ വളരെ ശക്തമായി ദൈവം എടുത്തുപയോഗിക്കുന്നതായും ശമര്യ തുടങ്ങിയ പ്രദേശങ്ങളിൽ അത്ഭുതാവഹമായ ഉണർവ്വ് സംഭ വിക്കുന്നതായും കാണാം. പുത്രനിലേക്കു സാധാരണ ജനത്തെ മാത്രമല്ല, മഹാന്മാരെയും പണ്ഡിതന്മാരെയും വലിയ അധികാര സ്ഥാനങ്ങൾ വഹിക്കുന്നവരെയും വരെ ആകർഷിക്കുവാൻ പിതാ വിനിഷ്ടം തോന്നി!

സ്തേഫാനോസിന്റെ മരണമൊഴിയുടെ അനന്തരഫലം സാത്താന്യ കോട്ടകളെ തകർക്കുന്ന വിധത്തിലായിരുന്നുവെന്ന് നാം പിന്നീട് വായിക്കുന്നു. കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീക്ഷ ണിയും കൊലവിളിയുമായി നടന്ന ശൗൽ എന്ന യഹൂദപിണിയാ ളിന്റെ, ക്രിസ്തുമാർഗ്ഗികളെ ഉപദ്രവിക്കാനും, പീഡിപ്പിച്ച് തടവിലാ ക്കാനുമായി, മഹാപുരോഹിതന്റെ സമ്മത പത്രവും വാങ്ങി ദമസ്കോസിലേക്കുള്ള യാത്ര, ക്രിസ്തീയ ചരിത്രത്തിലെ നാഴിക ക്കല്ലായി മാറിയത് സ്തേഫാനോസിന്റെ മനം തകർന്ന ഒറ്റ അപേ ക്ഷയുടെ ഫലമായാണ്. പ്രസിദ്ധനായ യഹൂദാ റബ്ബി ഗമാലിയേ ലിന്റെ കീഴിൽ അഭ്യസനം നടത്തി തിരുവെഴുത്തുകളിൽ അവഗാധ ബോധമുള്ളവനും ഇരട്ടപൗരത്വമുള്ളവനുമായ ശൗൽ, തന്റേടം കൊണ്ടും ശുഷ്ക്കാന്തികൊണ്ടും ആരെയും പിന്നിലാക്കുന്നവൻ ആയിരുന്നു എന്നു മാത്രമല്ല, നമ്മുടെ ഭാഷയിൽ ഗുണ്ടാനേതാ വെന്നൊ, ക്വട്ടേഷൻ ടീമെന്നൊ, മാഫിയ നേതാവെന്നൊ, ഒക്കെ

വിശേഷിപ്പിക്കാവുന്ന അവൻ യഹൂദന്മാരുടെ വിശ്വസ്തസേവകനും ക്രിസ്തു വിശ്വാസികളുടെ പേടിസ്വപ്നവുമായിരുന്നു. സ്തേഫാനോസിനെ കല്ലെറിയുന്ന അവസരത്തിൽ എറിയുന്നവരുടെ വസ്ത്രം സൂക്ഷിച്ചുകൊണ്ടിരുന്ന ശൗലിന്റെമേൽ, അഭിഷേകത്തിന്റെ പുതപ്പിടുവാൻ പിതാവിനിഷ്ടം തോന്നി. "വസ്ത്രം" സൂക്ഷിപ്പുകാരൻ "വചനം" സൂക്ഷിപ്പുകാരനാവാൻ അധികം താമസമുണ്ടായില്ല. പുത്രനിലേക്കുള്ള പിതാവിന്റെ ആകർഷണം സ്വർഗ്ഗീയസീമകൾ വിട്ട് ഭൂമിയിലേക്കിറങ്ങിവന്ന ധന്യ നിമിഷം!

ദമസ്കൊസിന്റെ പടിവാതില്ക്കൽ ദൈവവുമായുള്ള കൂടിക്കാഴ്ചയിൽ ശൗൽ അടിമുടി ഉടച്ചുവാർക്കപ്പെട്ടു. അവന്റെ പ്രസംഗം കേട്ട് എല്ലാവരും വിസ്മയിച്ചു എന്നു മാത്രമല്ല, ഒരിക്കൽ യഹൂദന്മാരുടെ വലങ്കയ്യായിരുന്ന ശൗൽ, യേശു തന്നെ ക്രിസ്തു എന്നു തെളിയിച്ച് അതേ യഹൂദന്മാരെത്തന്നെ മിണ്ടാതാക്കിയതിനാൽ അവർ അവന് ഉന്മൂലനാശം വരെ വരുത്തുവാൻ ആലോചിച്ചു തക്കം പാർത്തിരുന്നു. "കായംകുളം വാളി"ന്റെ ചുവടുമാറ്റം ശ്രദ്ധിക്കുക! ശൗൽ എന്ന ക്രിസ്തു വിദ്വേഷിയിൽ നിന്ന് [1]"നീ ഭൂമിയുടെ അറ്റത്തോളവും രക്ഷയാകേണ്ടതിന് ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു." എന്ന കർത്താവിന്റെ അരുളപ്പാടിൻ പ്രകാരം ജാതികളുടെ അപ്പൊസ്തലൻ എന്നറിയപ്പെടുന്ന പദവിയിലൂടെ ശൗലിന്റെ ജീവിതത്തിൽ ദൈവമഹത്വം വെളിപ്പെടുകയായിരുന്നു. ആഴമേറിയ ദൈവീക മർമ്മങ്ങൾ വെളിപ്പെടുത്തുകയും ഉപദേശങ്ങളും നല്ല നടപ്പുകളും വരച്ചുകാട്ടുകയും ചെയ്യുന്ന, പരിജ്ഞാനത്തിൽ നിന്നും അഭിഷേകത്തിൽ നിന്നും ഉരുത്തിരിഞ്ഞ വിശുദ്ധ പൗലൊസിന്റെ ലേഖന പരമ്പര, ക്രിസ്തീയ മാർഗ്ഗത്തിന്റെ നട്ടെല്ലാണെന്ന് നിസ്തർക്കം പറയാൻ സാധിക്കും. ഗോൽഗോഥായിലെ കുരിശിന്റെ ചുവട്ടിലെ ദൈവമഹത്വത്തിന്റെ നേർക്കാഴ്ച! ആരും ഉള്ളതിൻ മീതെ പുകഴാതിരിക്കാനായി ഇവിടെയും ജഡത്തിന്റെ ഇടപെടലുകൾ ഒന്നും കാണുന്നില്ല. ദമസ്കൊസും പരിസരപ്രദേശങ്ങളും ഒരു സംയുക്ത ക്രിസ്തീയ കൂട്ടായ്മക്കോ, ഒരു വിടുതൽ ശുശ്രൂഷയ്ക്കോ സാക്ഷിയായില്ല. ഒരേ ഒരു മരണപ്രാർത്ഥന, അഥവാ മരണമൊഴികൊണ്ട് പിതാവായ ദൈവത്തിനിഷ്ടം തോന്നി.

യിസ്രായേൽ ജനതയ്ക്ക് ഇരുപത് സംവത്സരം ന്യായപാലനം ചെയ്ത ശിംശോനേക്കുറിച്ചുള്ള പ്രസംഗങ്ങൾ ശ്രവിക്കുമ്പോൾ ശിംശോൻ ചെയ്തു കൂട്ടിയ ദൈവവിരുദ്ധ പ്രവർത്തികളാണ് പ്രധാനമായും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത്. മാതാപിതാക്കളുടെ

ഇഷ്ടത്തിന് വിരോധമായി അഗ്രചർമ്മികളായ ഫെലിസ്ത്യരിൽ നിന്നും ഭാര്യയെ എടുത്തതും, ഗസ്സയിലെ വേശ്യയുടെ അടുത്തു ചെന്നതും, ദെലീലയെ സ്നേഹിച്ചതും അവളുടെ വഞ്ചനയിൽ കുടുങ്ങി തന്റെ മഹാശക്തിയുടെ രഹസ്യം വെളിപ്പെടുത്തുന്നതും ഒക്കെ വളരെ വിശദമായി പഠിക്കുമ്പോൾ, ശിംശോനിലുള്ള ദൈവ നിയോഗം നാം മറക്കുന്നു. ന്യായാധിപന്മാരുടെ പുസ്തകം 13-ാം അദ്ധ്യായം 5-ാം വാക്യത്തിന്റെ അവസാന വാക്കുകൾ അതു വ്യക്തമാക്കുന്നു ''... അവൻ യിസ്രായേലിനെ ഫെലിസ്ത്യരുടെ കയ്യിൽനിന്ന് രക്ഷിപ്പാൻ തുടങ്ങും." പിന്നെയും പിന്നെയും യഹോവയ്ക്കു അനിഷ്ടമായതു ചെയ്ത യിസ്രായേൽ മക്കളെ ഫെലിസ്ത്യരുടെ കയ്യിൽ ഏൽപ്പിച്ച നാൽപ്പതോളം സംവത്സരങ്ങളിൽ, നീണ്ട ഇരുപതു സംവത്സരങ്ങളും പരസഹായമില്ലാതെ ദൈവാത്മാശക്തി ഒന്നുകൊണ്ടു മാത്രം തന്റെ ഭുജബലം കൊണ്ട് ഫെലിസ്ത്യരെ കൊന്ന് കുന്നുപോലെ കൂട്ടിയ ഏകന്യായാധിപനായിരുന്നു മല്ലനും, പരാക്രമിയും, വീരനുമായ ശിംശോൻ!

തിമ്നയിൽ നിന്നും ഫെലിസ്ത്യ കന്യകയെ ഭാര്യയായി എടുത്ത നിമിഷത്തിൽ തന്നെ യഹോവയായ ദൈവം അവനെ ഏല്പിച്ചിരുന്ന ദൗത്യത്തിന് തുടക്കം കുറിച്ചു. [1] "ഇതു യഹോവയാൽ ഉണ്ടായത് എന്ന് അവന്റെ അപ്പനും അമ്മയും അറിഞ്ഞില്ല; അവൻ ഫെലിസ്ത്യരുടെ നേരെ അവസരം അന്വേഷിക്കയായിരുന്നു'' പിന്നീട് ശിംശോന്റെ ജീവിതത്തിൽ അരങ്ങേറിയതെല്ലാം അവന്റെ ദൗത്യ പൂർത്തീകരണത്തിലേക്കുള്ള വഴികളും വാതിലുകളും ആയിരുന്നു. ഒരോ സ്ത്രീകളുമായി ബന്ധം സ്ഥാപിക്കുമ്പോഴും മറുപുറത്ത് ഫെലിസ്ത്യരുടെ നാശം നാം കാണുന്നു. ഈ സന്ദർഭങ്ങളിലൊന്നും ശിംശോൻ പാപം ചെയ്തില്ലന്നൊ, ദൈവത്തെ കോപിപ്പിച്ചിട്ടില്ലന്നൊ, ശിംശോന്റെ പാപം ദാവീദ് രാജാവിന്റെ അക്രമത്തോളം ആവില്ലല്ലൊ എന്നു സ്ഥാപിക്കാനൊ അല്ല, മറിച്ച് ന്യായാധിപന്മാർ 16-ാം അദ്ധ്യായം 28-ാം വാക്യത്തിൽ കുടി എഴുതപ്പെട്ടിരിക്കുന്ന ശിംശോന്റെ മരണ അപേക്ഷയിലേക്കു താങ്കളുടെ ശ്രദ്ധയെ ആകർഷിക്കുവാനാണ് ഞാൻ ഇത്രത്തോളം വിശദീകരിച്ചത്. [2] "കർത്താവായ യഹോവേ, എന്നെ ഓർക്കേണമേ; ദൈവമേ ഞാൻ എന്റെ രണ്ടു കണ്ണിനും വേണ്ടി ഫെലിസ്ത്യരോട് പ്രതികാരം ചെയ്യേണ്ടതിന് ഈ ഒരു പ്രാവശ്യം മാത്രം എനിക്ക് ശക്തിനൽകേണമേ." പല്ലിനു പകരം പല്ലും, കണ്ണിന് പകരം കണ്ണും എന്ന നീതിസംഹിത നിലനിന്നിരുന്ന കാലത്ത്; മരണത്തിന് തൊട്ടുമുമ്പുള്ള ശിംശോൻ എന്ന ഒറ്റയാൾ പട്ടാളത്തിന്റെ മരണമൊഴി യഹോവ

യായ ദൈവം അക്ഷണം കൈക്കൊണ്ടു. ഫലമൊ, [1] 'മരണസമയത്ത് കൊന്നവർ ജീവകാലത്തു കൊന്നവരെക്കാൾ അധികം' എന്ന് ചരിത്രത്താളുകളിൽ സ്വർണ്ണലിപികളാൽ എഴുതിച്ചേർക്കപ്പെടുവാൻ തക്കവണ്ണം, സകല ഫെലിസ്ത്യ പ്രഭുക്കന്മാർ ഉൾപ്പെടെ 3000 പേർ ഭൂമുഖത്തുനിന്നും നിമിഷനേരം കൊണ്ടു തുടച്ചുമാറ്റപ്പെട്ടു!

മരണമൊഴികളുടെ പ്രാധാന്യം എത്രമാത്രമെന്ന് പ്രിയ വായനക്കാർക്കു മനസ്സിലായിക്കാണുമല്ലോ. അനുഗ്രഹമായാലും ശാപമായാലും അവ ഒരുവന്റെ അവസാന മന്ത്രണങ്ങളാണ്. അവന്റെ അധരങ്ങൾ ഇനിമേൽ ചലിക്കില്ല. ഒരുവന്റെ ഇച്ഛാശക്തിയുടെ അവസാന തുടിപ്പാണത്. ആയുഷ്കാലമൊക്കെയും അവന്റെ അധരങ്ങളും മനസ്സും മന്ത്രിച്ച അനേക അപേക്ഷകളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്നവ. താൻ ജീവൻ നല്കിയ നാവും, താൻ ഉണർത്തിയ മനസ്സും, താനുണ്ടാക്കിയ ഭൂമിയുടെ പരപ്പിൽനിന്നും എന്നെന്നേക്കുമായി വിട പറയുന്നതിനു മുമ്പ്, അവ കഴിക്കുന്ന ഉച്ചത്തിലോ നിശ്ശബ്ദമായതോ ആയ പ്രാർത്ഥനകൾക്ക് വിശ്വത്തിന്റെ ഉടയവൻ അമിത പ്രാധാന്യം നല്കുന്നു. ഒരു വ്യക്തിക്കുവേണ്ടി, കുടുംബത്തിനു വേണ്ടി, നാടിനു വേണ്ടി, രാഷ്ട്രത്തിനു വേണ്ടി, അവനവന് വേണ്ടിത്തന്നെയുള്ള ഇത്തരം അപേക്ഷകൾ തിരസ്കരിക്കാനോ കണ്ടില്ലെന്നു നടിക്കാനോ നമ്മുടെ സ്വർഗ്ഗീയ പിതാവിന് ഒരു നാളും സാധ്യമല്ല. മനുഷ്യരായ നാം തന്നെ ഒരുവന്റെ അന്ത്യാഭിലാഷം നിവർത്തിച്ചുകൊടുക്കാൻ ബദ്ധപ്പെടുമ്പോൾ, എല്ലാറ്റിന്റെയും ഉടയവനും നിയന്ത്രിതാവുമായവൻ എത്ര അധികം! വേദപുസ്തകം പരിശോധിച്ചാൽ പിതാക്കന്മാരുടെ അനുഗ്രഹങ്ങളും ശാപങ്ങളും എല്ലാം കാലാകാലങ്ങളിൽ നിറവേറിയതായി കാണുന്നു. മരണം മുന്നിൽ കണ്ട മിക്കവരും തങ്ങളുടെ പുത്രീ പുത്രന്മാരെയും സഹോദരങ്ങളെയും ദാസന്മാരെയും ഒക്കെ അനുഗ്രഹിച്ച് അന്ത്യയാത്ര പറഞ്ഞതായി വായിക്കുന്നു.

നമ്മുടെ അവസാന വാക്കുകൾ അനുഗ്രഹങ്ങളാവട്ടെ; നല്ലതിനുവേണ്ടിയുള്ള അപേക്ഷകളാവട്ടെ; ക്ഷമയുടെ വാക്കുകൾ ആവട്ടെ. മാതാപിതാക്കളോ, ഭാര്യയോ, ഭർത്താവോ, മക്കളോ, ബന്ധുക്കളോ, കൂട്ടുവിശ്വാസികളോ, ദൈവദാസന്മാരോ, സഭയോ, ഭരണനേതൃത്വമോ, ആരിൽ നിന്നൊക്കെ കയ്പിന്റെ അനുഭവങ്ങൾ നമ്മുടെ ആയുഷ്ക്കാലമൊക്കെയും നേരിട്ടിരുന്നാലും അവസാന നിമിഷം എല്ലാം മറന്ന് അവരെ അനുഗ്രഹിച്ച് കടന്നു പോകുന്നത് നമ്മുടെ തന്നെ അനുഗ്രഹത്തിനു കാരണമാകും എന്ന് വിസ്മരിക്കരുത്. [2] "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും,

നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും" എന്ന വചനം ഓർക്കുക. [1] "മരണവും ജീവനും നാവിന്റെ അധികാരത്തിലിരിക്കുന്നു." അന്ത്യനിമിഷം എങ്കിലും ഒരു നല്ല ഫലം പുറപ്പെടുവിച്ചാൽ മരണ ശേഷമുള്ള അനുഗ്രഹങ്ങളെങ്കിലും നിനക്ക് ഉറപ്പുവരുത്താം! കാരണം ജീവന്റെ ദായകനും എല്ലാറ്റിന്റെയും അധിപതിയുമായവൻ ദീർഘക്ഷമയുടെയും മനസ്സലിവിന്റെയും ഉറവിടമാണ്.

10

# ഒരുക്കപ്പെടൽ

കയ്പിൽ പൊതിയപ്പെട്ട മധുരക്കനിയായി പാപത്തിന്റെ ശമ്പളമായ മരണം മനുഷ്യസൃഷ്ടിയുടെ നേരെ കൃപയാൽ നീട്ടപ്പെട്ടത് നാം വായിച്ചുവല്ലോ. മരണത്താഴ്വരയിൽക്കൂടി കാന്തനോടു ചേരുവാൻ അവസാന വഴിയൊരുക്കിയ സൃഷ്ടികർത്താവിന് സ്തോത്രം ചെയ്യുന്നു. തീർന്നില്ല, സുഗമമായ ആ യാത്രയ്ക്കു "ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു ചെവിയും കേട്ടിട്ടില്ലാത്ത, ഒരുവന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ലാത്ത" പദ്ധതികളാണ് തമ്പുരാൻ ഒരുക്കിയിരിക്കുന്നത് എന്ന പരമാർത്ഥം കൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ഭൂമിയിൽ പിറന്നു വീഴുന്ന ഒരു പിഞ്ചു കുഞ്ഞിന്റെ ഇന്ദ്രിയങ്ങളുറയ്ക്കുന്ന ആദ്യദശമുതൽ ആ പ്രക്രിയ ആരംഭിക്കുന്നു. ഇഷ്ടാനിഷ്ടങ്ങളുടെയും മാറ്റങ്ങളുടെയും മരണം വരെയുള്ള യാത്ര. വളർച്ചയ്ക്കൊപ്പം അവന്റെ ഇഷ്ടാനിഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും പ്രകടമായ മാറ്റങ്ങൾ സംഭവിക്കുന്നു.

അമ്മയുടെ മാറിലെ അമ്മിഞ്ഞപ്പാൽ അമൃതെന്നു കരുതിയവന് മാസങ്ങൾക്കകം Baby Food-ൽ കമ്പം. ഒരിക്കലേറ്റവും ആസ്വാദ്യമെന്നു കരുതിയ അഛന്റെ ശബ്ദം Nursery Rhymes-ന്റെ ശബ്ദകോലാഹലത്തിൽ സ്വയം നഷ്ടപ്പെടുത്തുന്നു. നിത്യമെന്നു കരുതിയ അമ്മ മാറിന്റെ ചൂടും അച്ഛന്റെ സുരക്ഷിത കരവലയവും ഉപേക്ഷിക്കുന്ന അവൻ, പിച്ചവെച്ച നാളത്തെ കളിപ്പാട്ടങ്ങളെ പുഛത്തോടു വീക്ഷിക്കുന്നു. വർഷങ്ങൾ പിന്നിടുമ്പോൾ പുതിയതിൽ നിന്നു പുതിയതിലേക്കുള്ള ചുവടുമാറ്റം. ബാല്യത്തിലെ വികൃതികൾ; യുവത്വത്തിലേക്കുള്ള പടവുകളിൽ ചാപല്യങ്ങളുടെ ഘോഷയാത്ര. ചുരുങ്ങിയ കാലംകൊണ്ട് എല്ലാം വെട്ടിപ്പിടിക്കാനുള്ള മോഹം. ഗൃഹസ്ഥനായിക്കഴിഞ്ഞാൽ എല്ലാം നേടി എന്ന വൃഥാ ചിന്ത. അനുദിനം അധികരിക്കുന്ന ഈലോകസ്നേഹം അവനെ എവിടെയൊക്കെയോ എത്തിക്കുന്നു. മണ്ണിൽ പിറന്ന നാൾമുതൽ രോഗങ്ങളും പ്രാരാബ്ദങ്ങളും കഷ്ടപ്പാടുകളും അവനെ അനുധാ

വനം ചെയ്യുന്നു എങ്കിലും, ജയിക്കാനുള്ള ഒടുങ്ങാത്ത ത്വര അവനെ ഓട്ടക്കളത്തിൽ പിടിച്ചു നിർത്തുന്നു. നമ്മുടെ സ്വന്തം ജീവിതാനുഭവങ്ങളെ കൂടുതൽ വർണ്ണിക്കേണ്ടതില്ലല്ലോ. ജീവനുള്ള ഒരു ദേഹി പോലും ഇതിൽ നിന്നും വ്യത്യസ്തരല്ല; കൂടിയും കുറഞ്ഞും ഇരിക്കുമെന്നു മാത്രം. സൃഷ്ടികർത്താവിന്റെ ഇടപെടലിനുള്ള സമയമായി. യാത്രയ്ക്കുള്ള പടയൊരുക്കം... [1] "ഏറെ ആയാൽ എൺപത് സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ; അത് വേഗം തീരുകയും ഞങ്ങൾ പറന്നു പോകുകയും ചെയ്യുന്നു." അവസാന യാത്രയ്ക്കുള്ള ഒരുക്കം പ്രധാനമായും മൂന്നു വ്യത്യസ്ത തലങ്ങളിൽ കൂടി നടത്തപ്പെടുന്നു എങ്കിലും ഇവ മൂന്നും പരസ്പര പൂരിതങ്ങളാണ്.

## ശാരീരികം

മദ്ധ്യവയസ്സു പിന്നിട്ട ഏതൊരു വ്യക്തിക്കും അനായാസേന ഇതു മനസ്സിലാക്കാവുന്നതാണ്. ചെറുപ്പത്തിൽ ചുറുചുറുക്കോടെ ലൈൻ ബസ്സിൽ ഓടിക്കയറിയവന് ഒരു മണിക്കൂർ തികച്ചും എ.സി. കാറിൽ യാത്രചെയ്താൽ നടുവിനു പിടുത്തം. ഒറ്റ ശ്വാസത്തിൽ ഉശിരോടെ അഞ്ചാം നിലവരെ ശരംപോലെ പടവുകൾ കയറിയവൻ ഇന്ന് ലിഫ്റ്റിനു വേണ്ടി തറ ടിക്കറ്റെടുത്ത് കാത്തു കിടക്കുന്നു. വൈദ്യശാസ്ത്രത്തിനുപോലും പരിചയമില്ലാത്ത രോഗങ്ങളലട്ടുന്ന അവന്റെ മനസ്സെത്തുന്നിടത്ത് ശരീരമെത്തുന്നില്ല. ശാരീരിക വേദനകളും ക്ഷീണങ്ങളും അതിവേഗം പായുന്ന ലോകത്തിനു മുമ്പിൽ അവനെ സാവധാനക്കാരനാക്കുന്നു. ഫാഷനുകളും ട്രെൻഡുകളും ഞൊടിയിടെ മാറിക്കൊണ്ടിരിക്കുന്ന ചുറ്റുപാടുകളിൽ പഴയ വേഷങ്ങൾ അവനെ പഴഞ്ചനും പിന്തിരിപ്പനും ആക്കുമ്പോൾ പുതിയതവനെ കോമാളിയാക്കുന്നു!

ഇഷ്ടപ്പെട്ട ആഹാരത്തിനു തൊള്ളതുറന്നാൽ ശരീരം മൊത്തം മിന്നൽ പണിമുടക്ക്. വായുകോപം കൊണ്ട് നില്ക്കാൻ മേല, വാതം കൊണ്ടു നടന്നുകൂടാ, കിടന്നാലോ പേശി വലിവ്, എവിടെയെങ്കിലും ഇരിക്കാമെന്നു വെച്ചാൽ മൂലക്കുരു. മേശ, കസേര, തേപ്പുപെട്ടി, മുതലായ ജംഗമ വസ്തുക്കൾവരെ വലിച്ചുള്ളിലാക്കുന്ന വലിവ്. വീട്ടുകാർക്ക് മാത്രമല്ല, അയൽക്കാർക്കു പോലും പേയിളക്കുന്ന കുര. മാസത്തിൽ കുറഞ്ഞപക്ഷം മൂന്നു തവണയെങ്കിലും പരിശോധന നടത്തുകയും വൈദ്യോപദേശം തേടുകയും, രണ്ടുമാസത്തിൽ നിർബ്ബന്ധമായും ഒരിക്കലെങ്കിലും ആശുപത്രിയിൽ കിടന്നു ചികിത്സിക്കപ്പെടുകയും ചെയ്യുന്ന എൺപതു കഴിഞ്ഞ അപ്പച്ചൻ, എങ്ങനെയൊക്കെ ചിന്തിച്ചാലും കുടുംബത്തിനൊരന്തസ്സല്ല; മറിച്ച് ബാധ്യ

തയാണ്. കാഴ്ചയ്ക്കു മങ്ങൽ, ഘ്രാണശക്തിക്കു ക്ഷയം, കേൾവിക്കുറവ്, ഓർമ്മക്കുറവ്, രുചിക്കുറവ്, ഭക്ഷണത്തോടു വിരക്തി, എന്നു വേണ്ട, [1] "അടി തൊട്ട് മുടിവരെ ഒരു സുഖവുമില്ല; മുറിവും, ചതവും, പുഴുത്ത വ്യണവും മാത്രമേയുള്ളൂ..." സഹോദരാ, ശരീരത്തിൽ നിന്നും വേർപെടാനുള്ള ആത്മാവിന്റെ ബദ്ധപ്പാട്, ഒട്ടും പ്രാധാന്യം കുറച്ചു കാണരുതേ. ചോദിക്കാതെ തന്നെ ദൈവം നമുക്കു തന്ന അനുഗ്രഹം!

## മാനസികം

മാനസിക വ്യതിയാനങ്ങളും ഏറെയാണ്. ഇഷ്ടാനിഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും വ്യക്തമായ വ്യതിയാനങ്ങൾ സംഭവിക്കുന്നു. പൊരുത്തങ്ങളും പൊരുത്തക്കേടുകളും നിരവധി. കാഴ്ചപ്പാടുകൾക്ക് പുതിയ മാനങ്ങൾ... ഒരു പക്ഷേ, ശരീരത്തിന്റെ ആവശ്യങ്ങൾക്ക് മനസ്സ് അനുവാദം കൊടുക്കുന്നില്ല; മറിച്ച് മനസ്സുണ്ടെങ്കിലും ശരീരത്തിന് ബലക്ഷയം. ശരീരത്തിന്റെയും മനസ്സിന്റെയും സന്തുലിതാവസ്ഥ കൈവിട്ടു പോകുമ്പോൾ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന മാനസിക സംഘർഷങ്ങളും മനസ്സിനെ തളർത്തുന്ന ശാരീരിക ക്ഷീണതകളും. പലതും ചെയ്യാമായിരുന്നുവല്ലോ എന്ന നഷ്ടബോധം; ഇനിയുമാവില്ലല്ലോ എന്ന നിസ്സഹായത. കണ്ടു പഴകിയതും അനുഭവിച്ചു തീർന്നതുമായ പലതും പുതിയ വേഷത്തിലും ഭാവത്തിലും മുന്നിൽക്കൂടി കടന്നു പോകുമ്പോൾ നിസ്സംഗതയോടെ ശിരസ്സു ചലിപ്പിക്കുന്നു. ചെറുപ്പത്തിൽ അറഞ്ഞു പൊട്ടിച്ചിരിച്ച നർമ്മങ്ങൾക്കു മുമ്പിൽ ഇന്നു കേവലം ഒരു മന്ദഹാസം മാത്രം. ആസ്വാദന ശേഷി നഷ്ടപ്പെടുന്നു. നാഴികമണിയുടെ സൂചിയുടെ ചലനത്തിനൊപ്പം മാറിമാറിവരുന്ന മാനസികാവസ്ഥകൾ!

"ബന്ധങ്ങൾ വെറും ജലരേഖകൾ "എന്നു പാടിയ കവിയോടും, "മായ, മായ, സർവ്വവും മായ" എന്നുറക്കെ പ്രഖ്യാപിച്ച ശലോമോനോടും ബന്ധം ചേരുവാനുള്ള വൃഥാ മോഹത്തിനിടയിലും, ഉള്ള ബന്ധം തകരാതെ കാക്കാൻ പെടുന്ന പെടാപ്പാടുകൾ. തലമുറകളുടെ വിടവുകൾക്കു മീതെ ദ്രവിച്ച തടിപ്പലകകൾ നിരത്തി പലരും ഓടിക്കളിക്കുകയാണ്. കൂട്ടിമുട്ടിപാലം തകർന്നാലോ എന്ന ഭയത്തിൽ എല്ലാവരും വഴുതിമാറിപ്പായുന്നു. ഒറ്റപ്പെടലിന്റെ നീറ്റൽ, അധികമെന്ന തോന്നൽ, ഒരിക്കൽ ഒന്നാമനായിരുന്നവൻ ഇന്നൊന്നുമല്ലാത്തവനെന്ന തിരിച്ചറിയൽ; ഒന്നു കരയാൻ പോലും ഇരുട്ടിന്റെ മറവ് അന്വേഷിക്കുന്നു. ഒരു പുരുഷായുസ്സുകൊണ്ട് പണിതീർത്ത കൊട്ടാര സദൃശ ഭവനത്തിനുള്ളിൽ തേങ്ങലുകൾ; വൃദ്ധസദനത്തിന്റെ അകത്തളങ്ങളിൽ ദീർഘനിശ്വാസങ്ങൾ. പ്രസന്നതയുടെ

മുഖാവരണമിട്ടുകൊണ്ട് തന്നോടുതന്നെ ജൽപ്പിക്കുന്നു. "ഇവിടെ ഇനി എത്രനാൾ... എന്തിനുവേണ്ടി?" ശരീരത്തിനൊപ്പം മനസ്സും ഒരുങ്ങിക്കഴിഞ്ഞു... ഒരു യാത്രയ്ക്കായി. ഇനിയും ഒരിക്കലും മട ങ്ങിവരാത്ത... തിരിഞ്ഞു നോട്ടമില്ലാത്ത, മാറ്റിവെയ്ക്കാനാവാത്ത... ഒന്നും കൂടാതെ ആരെയും കൂട്ടാതെ... തനിയെ ഒരവസാനയാത്ര. ദൈവസന്നിധിയിൽ നിന്നും കൃപയാൽ വീണുകിട്ടിയ മറ്റൊരനു ഗ്രഹം കൂടി!

## ആത്മീയം

ഇതാ യാത്രയ്ക്കുള്ള സമയമായി... ശാരീരികവും മാനസികവു മായി ഒരുങ്ങിയ ഒരുവന് പടവുകൾ ഒന്നൊന്നായി ഇറങ്ങുവാൻ മണിനാദം മുഴങ്ങുകയായി... മേലുദ്ധരിച്ച രണ്ടൊരുക്കങ്ങളും സ്വയ മല്ല, മറിച്ച് തമ്പുരാൻ തന്നെ ഒരുക്കിയെടുക്കുമ്പോൾ, ഇതാ ഇവിടെ സ്വയമൊരുങ്ങേണ്ട ഒരു ധന്യനിമിഷം കയ്യെത്തും ദൂരത്ത്. ആദ്യ രണ്ടും പ്രകൃതിനിയമം അഥവാ ദൈവിക പദ്ധതിക്കനുസൃതമെ ങ്കിൽ ഇപ്പോഴാകുന്നു നിന്റെ തിരഞ്ഞെടുപ്പിന്റെ മുഹൂർത്തം. രോഗവും ദുരിതവും ക്ഷീണവും കുത്തിനിറച്ച ജഢവുമായി, നിസ്സ ഹായതയുടെ മേലാപ്പുമണിഞ്ഞ്, ഒന്നുമില്ലായ്മയുടെ കോപ്പു കൂട്ടി ഇനിയൊരിക്കലും മടങ്ങിവരാത്ത യാത്രയ്ക്കൊരുങ്ങി പടവുകളി റങ്ങി വഴിത്താരയുടെ തലപ്പത്ത് പകച്ചു നില്ക്കുന്നു. രണ്ടു വഴി കൾ... എങ്ങോട്ടു തിരിയണം? തീരുമാനം നിന്റേതാണ്; അതുടൻ കൈക്കൊണ്ടേ തീരു. പിൻവശത്തെ വഴി ഒട്ടുമുക്കാലും അടഞ്ഞു കഴിഞ്ഞു. ഇനി ഇടത്തോട്ടല്ലെങ്കിൽ വലത്തോട്ട്. ഈ മുഹൂർത്ത ത്തിൽ നീ ഏകനല്ല എന്ന തിരിച്ചറിവുണ്ടായാൽ ആശ്വാസമായി. ഇവിടെ ഒരുവന് മറ്റൊരുവനെ സഹായിപ്പാനാവും. വഴികാട്ടിക്കൊ ടുപ്പാൻ... വഴി ഒരുക്കിക്കൊടുപ്പാൻ... ഇതാ... ഇതിലെയാണ് ഇനി യുമുള്ള നിന്റെ യാത്രയെന്ന് ചെവിയിലോതിക്കൊടുപ്പാൻ... ഇതാ കുന്നു ജീവന്റെ വഴി എന്നുപദേശിപ്പാൻ. എപ്പോൾ നീ അവന്റെ ശബ്ദം കേൾപ്പാൻ സന്മനസ്സു കാട്ടുന്നുവോ, എപ്പോൾ നീ "ജീവന്റെ വഴി" സ്വയം തിരഞ്ഞെടുക്കുന്നുവോ, ആ നിമിഷം മുതൽ നിന്റെ യാത്ര സർവ്വശക്തന്റെ തൃക്കരങ്ങളിലാണ്, അവിടുത്തെ ചുമലിലാ ണ്, സ്വർഗ്ഗീയ വാഹനങ്ങളിലാണ്! തെരഞ്ഞെടുപ്പും തീരുമാനവും നിന്റേതുമാത്രം!!

ഏതൊരു മതവിഭാഗം എടുത്തു പരിശോധിച്ചാലും ഏതാണ്ട് മുത്തശ്ശൻ, മുത്തശ്ശി പദവി എത്തുന്നതോടു കൂടി ആത്മീയ കാര്യ ങ്ങളിൽ മനുഷ്യൻ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത് സർവ്വസാധാര

ണമാണ്. പ്രത്യേകമായി വേർതിരിക്കപ്പെട്ട സമയങ്ങളിലും സന്ദർഭ ങ്ങളിലും, ഈ ലോകചിന്തകളിൽ നിന്നൊഴിഞ്ഞു മാറി അവരവർ വിശ്വസിക്കുന്ന മതഗ്രന്ഥങ്ങളുരുവിട്ട്, അദ്ധ്യാത്മിക നിമിഷങ്ങൾ ആത്മനിവൃതിയുട ധന്യമുഹൂർത്തങ്ങളാക്കിത്തീർക്കാനുള്ള വാഞ്ഛ ഒട്ടുമിക്കവരും കാട്ടാറുണ്ട്. എന്താണിതിന്റെ അർത്ഥം? ഭൗമവാസ ത്തിന്റെ അന്ത്യനിമിഷങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു എന്നും, തങ്ങളുടെ ആത്മാക്കൾ നിത്യമോക്ഷത്തിലേക്ക് അഥവാ നിത്യ ശാന്തിയിലേക്ക് എടുക്കപ്പെടേണ്ടതുണ്ട് എന്നും അവർ തിരിച്ചറി ഞ്ഞിരിക്കുന്നു. ഈ ഉൾബോധമാണ് മനുഷ്യായുസ്സിന്റെ അവസാന ഘട്ടത്തിലെങ്കിലും അവനെ ദൈവിക ചിന്തയിലേക്ക് നയിക്കുന്നത് എന്നോർക്കുക. ഇവിടെ എന്തു ഭജിക്കുന്നു, ആരെ ഭജിക്കുന്നു, എന്തു വിശ്വസിക്കുന്നു, ആരെ വിശ്വസിക്കുന്നു, എവിടെ ആശ്ര യം, ആരിലാശ്രയം, എന്താണു പ്രത്യാശ, എവിടെയാണു പ്രത്യാശ എന്നിത്യാദി കാര്യങ്ങൾ പരമപ്രധാന്യമർഹിക്കുന്നു. അതാണ് തിര ഞ്ഞെടുപ്പിന്റെ ആദ്യവും അവസാനവുമായ ഘട്ടം. ഇവിടെ ആത്മീയ ദർശനമുള്ള ഒരുവന് അപരനെ സഹായിക്കാനാവും. ആരോഹ ണത്തിനു മുമ്പുള്ള യേശുവിന്റെ വാക്കുകളെ ശ്രദ്ധിക്കുക. [1] "നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാ ത്മാമാവിന്റെയും... ശിഷ്യരാക്കികൊൾവിൻ." എന്ന അന്ത്യകല്പ നയിൽ നിന്നും മൃതപ്രായരായവർ ഒഴിവല്ലല്ലോ. (രോഗാവസ്ഥ യിൽ കഴിയുന്ന വന്ദ്യവയോധികർക്ക് സ്നാനം ഒരു നിർബന്ധ മായും അളവുകോലായും എടുക്കരുതേ.)

സഹോദരാ, മേൽപ്പറഞ്ഞ മൂന്നു അവസ്ഥാന്തരങ്ങളിൽകൂടി മനു ഷ്യസൃഷ്ടിയെ ഒരുക്കിയെടുത്ത് അവനോടൊത്തുള്ള സഹവാസം പുനഃസ്ഥാപിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ആദ്യ രണ്ടും സൃഷ്ടി കർത്താവിനാൽ മാത്രം നിയന്ത്രിതമാകയാൽ മനുഷ്യന് അവയിൽ പങ്കും ഓഹരിയുമില്ല. ഈ ലോക ദൗത്യനിർവഹണത്തിനായി തന്റെ സൃഷ്ടിയെ ക്രമേണ വളർത്തിയെടുത്ത് മടങ്ങേണ്ടുന്ന സമ യമാകുമ്പോഴേക്കും സാവധാനം അവന്റെ ആരോഗ്യം ക്ഷയിപ്പിച്ച്, ആശ നശിപ്പിച്ച്, വിരക്തിയുളവാക്കി തന്നിലേക്കുതന്നെ ആവാ ഹിക്കുന്ന സർവശക്തന്റെ സ്വർഗ്ഗീയ പദ്ധതി, ഇതിലൊന്നും അറിഞ്ഞോ, അറിയാതെയോ ലേശം പോലും കാരണമാകാത്ത മർത്യൻ എങ്ങനെ എത്രത്തോളം ഗ്രഹിക്കും! ഈ ഭൂമിയും അതിന്റെ പ്രഭാവങ്ങളുമാണ് ഏറ്റം വലുതും, ഏറ്റം ആനന്ദകരവും എന്നു ചിന്തിച്ച് അതിനെ വിട്ടുപിരിയുവാൻ വൈമനസ്യം കാട്ടുന്ന നാം, വിനോദയാത്രയ്ക്കിറങ്ങിത്തിരിക്കുന്ന കൊച്ചു കുട്ടികളെപ്പോ

ലെയാണ്. പാട്ടും നൃത്തവുമൊക്കെയായി വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ കുഞ്ഞുങ്ങൾക്ക് അതിലധികമുള്ള സന്തോഷത്തെ ക്കുറിച്ചുൾബോധമില്ല. എന്നാൽ കൊണ്ടുപോകുന്ന മാതാപിതാ ക്കൾക്കോ, അദ്ധ്യാപകർക്കോ അറിയാം, ഇനിയും കാണാനും അനുഭവിക്കാനുമുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ, അടഞ്ഞ വാഹനത്തിന്റെ ദുഷിച്ച വായുവിൽ ഇരുന്നും നിന്നുമുള്ള യാത്ര എത്ര ദുഷ്കരമെന്ന്. കാഴ്ചബംഗ്ലാവിലെ വിവിധയിനം പക്ഷികളും മൃഗങ്ങളും, പരന്നുകിടക്കുന്ന പൂന്തോട്ടത്തിലെ വിവിധരൂപത്തിലും വർണ്ണത്തിലും ഗന്ധത്തിലുമുള്ള പൂക്കളോടുകൂടിയ ചെടികളും, ഒരു പുഷ്പത്തിൽ നിന്ന് മറ്റൊന്നിലേക്കൊഴുകിയെത്തുന്ന ചിത്ര ശലഭങ്ങളും, പല ഭാവത്തിലും രൂപത്തിലുമുള്ള ജീവസ്സുറ്റ ശില്പ ങ്ങളും, വാട്ടർ തീം പാർക്കും അതിലെ ജലവിനോദങ്ങളും, ഒന്നിനു പുറകെ ഒന്നായി ചുരുൾപോലെ ഓടിയെത്തുന്ന തിരകളും, കടൽക്കരയിലെ പഞ്ചാര മണലും കുളിർത്തെന്നലും, ചൂടകറ്റാൻ ഇടയ്ക്കൊരു ഐസ്ക്രീമും... അങ്ങനെ... അങ്ങനെ... അണിയറ യിൽ തങ്ങൾക്കു വേണ്ടി ഒരുക്കിവെച്ചിരിക്കുന്ന അത്ഭുതത്തി ന്റെയും ആഹ്ലാദത്തിന്റെയും നിധികുംഭം, ദാഹിച്ചും വലഞ്ഞും ഛർദ്ദിച്ചും, അതിനുള്ളിൽ നൃത്തം ചവിട്ടിയും പാടിയും കഴിയുന്ന കുഞ്ഞുങ്ങളുടെ സങ്കല്പത്തിനന്യമാണ്! മനുഷ്യന്റെ ജീവിതവും ഇതുപോലെയല്ലേ? ഇപ്പോൾ കാണുന്നതും അനുഭവിക്കുന്നതുമാണ് ഏറ്റം കേമമെന്ന് നാം കരുതുന്നു. അക്കരെ നാടിനെക്കുറിച്ചുൾബോ ധമില്ല.

മൂന്നാം അവസ്ഥ സ്വയം ഒരുക്കപ്പെടലിന്റെ അവസ്ഥയാണ്. നീ സ്വയം ഒരുങ്ങേണ്ടിയിരിക്കുന്നു. വചനത്തിൽ വരച്ചു കാട്ടപ്പെട്ട യേശുവിനെപ്പോലെ നീ ഒരുങ്ങേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ടൊ രുക്കങ്ങളെ രണ്ടു ദിവസങ്ങളായെടുത്താൽ ഇതു മൂന്നാം നാൾ ആണ്. ഇത് ഉയിർപ്പിന്റെ ഒരുക്കനാളാണ്! നിന്റെ ആത്മാവ് മൺമയ ശരീരം വിട്ട് ഉയരത്തിലേക്കെടുക്കപ്പെടുന്നതിന്റെ ധന്യനിമിഷ ത്തിനു വേണ്ടിയുള്ള ഒരുക്കമാണ്. രക്ഷാ ദൗത്യവുമായി വന്ന ദൈവപുത്രന് മരണശേഷവും ദൗത്യമുണ്ടായിരുന്നു. അവന്റെ സൃഷ്ടിയായ മനുഷ്യന് മരണശേഷം ദൗത്യമൊന്നും വചനത്തിൽ പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. നീ പാതാളക്കരണ്ടിയുമായി പാതാളത്തിൽ ആത്മാക്കൾക്കായി തപ്പിപ്പരതേണ്ടതില്ല. ദൈവപു ത്രൻ അതു ചെയ്തു കഴിഞ്ഞു. അടിയും കുത്തും പരുക്കുകളുമേറ്റ യേശു "ശരീരിക"മായി തളർന്നു. പരിഹാസവും അപമാനവും സഹിച്ച യേശു "മാനസിക"മായി തളർന്നു, "എന്റെ ആത്മാവിനെ

തൃക്കരങ്ങളിൽ ഏല്പിക്കുന്നു “എന്നു പറഞ്ഞു മരണത്തെ സ്വയം പുൽകി അഥവാ എല്പിച്ചുകൊടുത്തു. ഇവയാൽ പിതാവ് അവനെ ഒരുക്കിയെടുത്തു. മരണം അവന്റെ തീരുമാനമായിരുന്നു. മരണ ശിക്ഷ അവൻ സ്വയം ഏറ്റുവാങ്ങി. മൂന്നാം ദിവസം “ഹേ മരണമെ, നിന്റെ വിഷമുള്ളവെടെ?” എന്ന് എട്ടു ദിക്കും മാറ്റൊലികൊള്ളു മാറ് പ്രഖ്യാപിച്ചുകൊണ്ട് യേശു ഉയിർത്തെഴുന്നേറ്റു. ആത്മീയ ഒരുക്കം അഥവാ മൂന്നാം ദിവസം നമുക്കും ഒരു ഉയിർത്തെഴുന്നേ ല്പിന്റെ ഒരുക്ക ദിനമാണ്. ശാരീരിക മരണത്തോടുകൂടിത്തന്നെ നാം ജീവങ്കലേക്കു ജനിക്കപ്പെടുകയാണ്. അതേ, സഹോദരാ ഇതു നമ്മുടെ മൂന്നാം ജന്മമാണ്!

[1] “...എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനു ഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കു മ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിലിരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കുമെന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.” ഇംഗ്ലീഷ് പരിഭാഷയിൽ പുനർ ജനനത്തെ KJV-ൽ regeneration-എന്നും NIV-യിൽ renewal-എന്നും വിശേ ഷിപ്പിച്ചിരിക്കുന്നു. എങ്ങനെ ആയിരുന്നാലും നാം ഇന്നു കാണുന്ന ജഡത്തിനും രൂപത്തിനും ഭാവത്തിനും ഒരവസ്ഥാന്തരം അഥവാ പുതുക്കൽ സംഭവിച്ച് സ്വർഗീയ പൗരത്വസ്വീകരണത്തിന് ഒരുങ്ങിയേ മതിയാവൂ എന്നു സ്പഷ്ടം. ഇതര മത വിശ്വാസങ്ങൾ പോലെ മനുഷ്യജന്മം വീണ്ടും ആന, മയിൽ, ഒട്ടകം, പട്ടി, പൂച്ച, കുറുക്കൻ, കുതിര, കുരങ്ങൻ എന്നിത്യാദി ജന്മങ്ങളിൽകൂടി ഈ ഭൂമിയിൽ വെച്ചുതന്നേ മോക്ഷപ്രാപ്തി ലഭിക്കുവോളം യുഗായുഗങ്ങൾ ജന്മ ചക്രത്തിൽകൂടി കടന്നുപോകും എന്ന് വേദപുസ്തകം പഠിപ്പിക്കു ന്നില്ല.

അല്ലെങ്കിൽത്തന്നെ ആവശ്യത്തിലധികം മൃഗങ്ങളും ഇഴജന്തു ക്കളും വന്യഭാവങ്ങളും നമ്മിൽത്തന്നെ ഉണ്ടല്ലോ! സാഹചര്യ ങ്ങൾക്കും സന്ദർഭങ്ങൾക്കും അനുയോജ്യമായി മൃഗസ്വഭാവങ്ങൾ നമ്മിൽ പത്തിവിടർത്തി ആടാറുണ്ട്. ഇഷ്ടമില്ലാത്തത് എന്തെങ്കിലും ഭാര്യ പറഞ്ഞാൽ ഭർത്താവ് ഈറ്റപ്പുലിയാകും! വിഷം ചീറ്റാൻ അവ സരം കാത്ത് പത്തി മടക്കി നിലം പറ്റെ കിടക്കുന്ന വിഷപ്പാമ്പായി മാറും ഭാര്യ! അന്യന്റെ കാര്യത്തിൽ ചിന്നം വിളിച്ച് കാടിളക്കുന്ന കാട്ടാനയ്ക്ക് സ്വന്തം കാര്യം വരുമ്പോൾ ആത്മീക പരിവേഷത്തിന്റെ പുറംതോടിനുള്ളിലേക്ക് തല വലിക്കുന്ന കരയാമയിലേക്ക് വേഷ പ്പകർച്ച! എന്തിലുമേതിലും തലയിടുന്ന ജിറാഫിന്റെ കഴുത്തു നീള മുള്ള നാം, പൊതു ആവശ്യത്തിനു മുമ്പിൽ കുറുക്കന്റെ കൗശലം

കടമെടുക്കുന്നു! കടിച്ചുകീറുന്ന ചെന്നായും, പരിഹാസിയായ കുര ങ്ങനും, ചാടുന്ന തവളയും, ഗർജ്ജിക്കുന്ന സിംഹവും എന്തിനേറെ അവിശ്വസ്തയായ തെരുവുനായും ഇഷ്ടാനുസരണം പ്രജനനം നടത്തുന്ന വിത്തുകാളയും വരെ നമ്മിലുണ്ട്!!

പണ്ടും ഉണ്ടായിരുന്നു, ഈ വക ജന്തുക്കൾ. ഹേരോദാരാജാ വിനെ അവന്റെ സ്വഭാവ വിശേഷതകൊണ്ട് 'കുറുക്കൻ' എന്നാണ് യേശു സംബോധന ചെയ്തത്; കപടഭക്തിക്കാരായ ശാസ്ത്രിമാ രെയും പരീശന്മാരെയും 'പാമ്പുകൾ' എന്നും, 'സർപ്പ സന്തതിക ളെന്നും.' യോഹന്നാൻ സ്നാപകൻ അവരെ 'അണലി സന്തതിക ളെ'ന്ന് ഒമനപ്പേർ ചൊല്ലി വിളിച്ചു! ചെമ്മരിയാട് കോലാട്, പാമ്പ്, പ്രാവ്, തുരഗം, കുഴിമുയൽ, സിംഹം, കോഴി, കഴുകൻ, കോവർ കഴുത, ചെന്നായ്, എന്നു വേണ്ട മനുഷ്യ സ്വഭാവങ്ങൾക്കനുസരിച്ച് അനേകം മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളുമൊക്കെ മനഃപൂർവ്വ മായിത്തന്നെ വചനത്തിൽ കയറിക്കൂടിയിട്ടുണ്ട്.

ഏദൻ തോട്ടത്തിൽ വെച്ച്, ഏതു നിമിഷം ദൈവത്തിന്റെ ആത്മാ വിനെ തള്ളിക്കളഞ്ഞു സാത്താന്റെ ഉപദേശത്തിനടിമയായോ ആ നിമിഷം തന്നെ, ആദമും ഹവ്വയും ആത്മീയമായി മരിച്ചു കഴിഞ്ഞു. ദൈവതേജസ്സ് അവരെ വിട്ടുമാറി. പകരം കുറ്റബോധം നിഴലിട്ടു. എന്തൊക്കെയോ മറയ്ക്കാനും ഒളിക്കാനുമുള്ള ശ്രമം. അത്തിയില കൊണ്ടു വിഫലശ്രമം നടത്തി മറവിൽ ഒളിച്ചു. പിന്നീട് ദൈവപു ത്രനായ യേശുവിന്റെ വരവോടെയാണ് ഒരാത്മീയ വീണ്ടും ജനനം നടക്കുന്നത്. എന്നാൽ ജന്മ പാപം തലമുറതലമുറയായി ഇന്നോളം നമ്മെ വേട്ടയാടുന്നു എന്ന നഗ്ന സത്യം നാം മറന്നുകളയരുത്. [1] "...പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" എന്ന വചനം മനസ്സിരുത്തി ധ്യാനിച്ചുകൊൾക. പാപ ഗർഭത്തിൽക്കൂടി ലഭ്യമായ പാപശരീരത്തിനും, പാപ സ്വഭാവത്തിനും അന്ത്യം കുറിക്കണ മെങ്കിൽ ഒരു ശാരീരിക മരണമല്ലാതെ മറ്റു പോംവഴിയില്ല. ദൈവപുത്രന്റെ ക്രൂശുമരണം ഇതിനൊരു പുതുവഴി തുറന്നില്ല! പാപമോചനത്തിന് രക്തം ചിന്തിയേ തീരു എങ്കിൽ സ്വർഗ്ഗീയ പൗരത്വത്തിന് ഒരു ശാരീരിക മരണം അനിവാര്യമാണ്. ഏറിയാൽ എൺപതോ, അല്പസ്വല്പം കൂടുതലോ കുറവോ ഈ പാപ ജഡംവഹിച്ചുകൊണ്ടു നടക്കുന്ന നാം, അതിൽ നിന്നൊരു നിത്യ വിമോചനം പ്രാപിച്ചേ മതിയാവൂ. ദൈവം എത്ര നല്ലവൻ! ഇതാ,

ശാരീരിക മരണത്തോടൊപ്പം മറ്റൊരാത്മീയ പുനർ ജനനം! ജനനത്തിലൂടെ കൈവരുന്ന സ്വർഗ്ഗീയ പൗരത്വം! ഒരിക്കൽ നഷ്ടമായത് കൃപയാൽ തിരിച്ചുപിടിക്കുന്ന ധന്യമുഹൂർത്തം!!

11

# മരണം-"ഒരു കല"

"കല" എന്ന വാക്ക് വളരെ ആഴവും വ്യാപ്തിയുമുള്ള ഒന്നാണ്. നടനകല, പ്രസംഗകല, ചിത്രകല, ശില്പകല, നൃത്തകല, പാചകകല... എന്നിത്യാദി കഴിവുകളും അഭിരുചികളുമാണ് കല എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലോടിയെത്തുക. ഏതിനെയെങ്കിലും പ്രതിനിധീകരിക്കുകയോ, ഏതെങ്കിലുമൊരാശയം പ്രതിഫലിപ്പിക്കുകയോ, ചെയ്യുന്നതെന്തും കലയാണ്. തനിക്കു തന്നെയും മറ്റുള്ളവർക്കും സംതൃപ്തിയും ആനന്ദവും ഉളവാക്കുന്നതാണ് കല. പ്രപഞ്ചം ഒരു കലയാണ്. കല സൗന്ദര്യമാണ്. വൈരൂപ്യത്തെപ്പോലും സുന്ദരമാക്കുന്നതാണ് കല. എല്ലാ കലകളും കലകളുടെ ഉറവിടമായ സൃഷ്ടികലയിൽ നിന്നും ഉളവായി. അതേ സമയം തന്നെ ഓരോ കലകളും ഓരോ പ്രത്യേക സൃഷ്ടികളുമാണ്. പ്രപഞ്ചം സൃഷ്ടികലയുടെ കേളീരംഗമാണ്. സൃഷ്ടികർത്താവ് കലയുടെ ഉത്ഭവവും സംഗമവും ആണ്. അവനെന്തിന്റെയും അല്ഫയും ഒമേഗയുമാണ്. നല്ലതെന്തും കലയാണ്. സൃഷ്ടിയുടെ ആദ്യദിവസങ്ങളിൽ തന്റെ സൃഷ്ടിയെ നോക്കി "അവ നല്ലത്" എന്ന് സൃഷ്ടിയുടെ ഉടയവൻ കണ്ടു.

[1] "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു." മഹാശില്പിയുടെ കരവിരുതിനെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കുമോ? [2] "യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി!" ഒന്നുമില്ലായ്മയിൽ നിന്ന് തന്റെ വാക്കിനാൽ ശൂന്യതയ്ക്കു രൂപമുണ്ടാക്കി, ഇരുട്ട് ഇരുളിൽ ചാലിച്ചു വെളിച്ചമുണ്ടാക്കി, കുഴച്ചുണ്ടാക്കിയ മൺകൂടാരത്തിന് തന്റെ മൂക്കിലെ ശ്വാസത്താൽ ജീവൻ നല്കിയ അല്ഫയും ഒമേഗയുമായവൻ; പ്രപഞ്ചശില്പി! "ആ വചനം ജഡ

മായി നമ്മുടെയിടയിൽ പാർത്തു..." മേഘപാളികൾക്കിടയിൽ ആകാശത്ത് തിലകക്കുറിയായി വെളിപ്പെട്ട ആ കുഞ്ഞു നക്ഷത്രത്തിന്റെ "ഉദയസൂര്യനി"ലേക്കുള്ള ഭാവപ്പകർച്ച! സർവ്വവും പുതുതാക്കുന്ന ഒരു പുതിയ സൃഷ്ടിതന്നെ അരങ്ങേറുകയായി പിന്നീട്. പഴയതെല്ലാം പുതുതാക്കുന്ന പരിശുദ്ധ പ്രക്രിയ. പുതുജനനം, പുതു ആരാധന, പുതു പ്രമാണം, പുതു ജീവൻ, പുതുഹൃദയം, പുതിയ നിയമം!" [1] "ഞാൻ വന്ന് ഭൂമിയെ സംഹാരശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന് അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും."

പെരുന്തച്ചൻ പണി അന്നേ തുടങ്ങിയിരുന്നു. കാട്ടിലെ തടി ഒക്കെയും, കടുപ്പമേറിയ ഈട്ടിയും ദേവദാരുവും എല്ലാം അവന്റെ കാൽക്കൽ കടയറ്റു വീണു. സഹസ്രാബ്ദങ്ങളുടെ പഴമയും പാരമ്പര്യവും അവകാശപ്പെട്ട് ഹുങ്കുകാട്ടി ആകാശം മുട്ടെ തലയുയർത്തി നിന്ന ഊക്കൻ മരങ്ങളുടെ കടയ്ക്കൽ തച്ചന്റെ മഴു ആഞ്ഞാഞ്ഞു പതിച്ചു! ഒന്നിനു പുറകെ ഒന്നായി നിലം പൊത്തുന്ന പടുകൂറ്റൻ വൃക്ഷങ്ങളുടെ ഹുങ്കാര ശബ്ദം കാട്ടിൽ മാറ്റൊലിക്കൊണ്ടു. തച്ചൻ കൈവിട്ടില്ല, അവിടെ ഉപേക്ഷിച്ചതുമില്ല! ഓരോന്നും അതീവ ശ്രദ്ധയോടെ വെട്ടിമാറ്റി, ചെത്തിമിനുക്കി, കൂട്ടിച്ചേർത്ത് പുതുപുത്തൻ സൃഷ്ടികളാക്കി. സസൂക്ഷ്മം ഓരോന്നിന്റെയും തോലുരിഞ്ഞപ്പോൾ തടിയുടെ വേദനയ്ക്കൊപ്പം തച്ചന്റെ ഹൃദയവും നീറി! വെള്ള അറഞ്ഞു മാറ്റിയപ്പോൾ അവന്റെ ഉള്ളു പിടഞ്ഞു! കൊമ്പുകളോരോന്നും അറുത്തുമാറ്റിയപ്പോൾ തച്ചന്റെ കണ്ണുകൾ നിറഞ്ഞു.! [2] "...സമാധാനമല്ല, വാളത്രെ വരുത്തുവാൻ ഞാൻ വന്നത്."

അളവുകൾക്കനുസരിച്ച് പല കഷണങ്ങളായി അറുത്തു മാറ്റി തടിയുടെ കാതലിൽ പണി ആരംഭിക്കുകയായി. വീണ്ടും വെട്ടലും മുറിയ്ക്കലും തുളയ്ക്കലും. മൂർച്ചയേറിയ ഉളിയുടെ ആവർത്തിച്ചുള്ള പതനത്തിൽ ചീളുകൾ നാനാഭാഗത്തും ചിതറിത്തെറിക്കുമ്പോൾ താനെന്താകുമെന്ന് തടി അറിഞ്ഞില്ല. എന്നാൽ പെരുന്തച്ചന് ഒരു വ്യക്തമായ രൂപവും ഭാവവും അവന്റെ മുമ്പിലുണ്ട്. ഈ തടി "അമ്മയുടെ ഗർഭത്തിലുരുവാകുന്നതിനു മുമ്പു" തന്നെ അതിന്റെ ഭാവി കുറിക്കപ്പെട്ടിരുന്നു. ഉളിപ്പാടുകളകറ്റാൻ ചിന്തേരിട്ട് മിനുസം വരുത്തി, ചേരേണ്ടതു ചേരേണ്ടിടത്തു ചേർത്തു, ഒട്ടിക്കേണ്ടിടത്ത് ഒട്ടിച്ചു, തറയ്ക്കേണ്ടിടത്ത് തറച്ചു, ജീവനും, തേജസ്സും, ഓജസ്സും തുടിക്കുന്ന ഒരു ചാരുശില്പം മറനീക്കി പുറത്തുവന്നു. ഇതാ, ഇതു കലയുടെ മകുടോദാഹരണം! അതേ, സൃഷ്ടി ഒരു കലയാണ്. ജനനവും ജനിപ്പിക്കലും ഒരു കലയാണ്. എന്തിലുമേതിലും കല

യുണ്ട്. ഒപ്പം എല്ലാം കലാസൃഷ്ടികൾ തന്നെ. ജീവിതം ഒരു കലയാണ്. ജനനവും ജീവിതവും ഒരു കലയെങ്കിൽ മരണം എന്താണ് സഹോദരാ? തീർച്ചയായും അതൊരു കല തന്നെയെന്ന് നിസ്സംശയം പറയാം!

ഒരു പടുകൂറ്റൻ വൃക്ഷത്തിന്റെ പതനത്തിനും മനുഷ്യന്റെ മരണത്തിനും ഏറെ സാമ്യതകളുണ്ട്. "കഴിഞ്ഞ 90 സംവത്സരമായി പ്രകൃതിയുടെ സംഹാരതാണ്ഡവത്തോടു പടവെട്ടി നമുക്കേവർക്കും തണലേകി, ഒരു ഒറ്റയാനായി നിലനിന്നിരുന്ന ആ വടവൃക്ഷം ഇന്നു നിലംപൊത്തി," എന്നു ചിലരുടെ മരണത്തെക്കുറിച്ച് ചിലർ പറഞ്ഞുകേൾക്കാറുണ്ട്. ശരിയല്ലേ? മരണമെന്നു പറയുന്നത് ഒരു മരം വെട്ടേറ്റോ, കടപുഴകിയോ നിലം പതിക്കുന്നതുപോലെയാണ്. രണ്ടിനും കാടും നാടുമറിഞ്ഞ ഒരു നിലനില്പുണ്ടായിരുന്നു; ഇനി ഒരു എഴുന്നേല്പില്ല. കാട്ടാന മൂലമോ, കാട്ടുതീ മൂലമോ, കൊടുങ്കാറ്റുമൂലമോ, തകർന്നു വീഴുന്ന മരങ്ങൾക്കു നിരവധി പരിക്കുകളുണ്ടാവാം. ശരിയായ വീഴ്ച അല്ലാത്തതിനാൽ കാതലിൽ പൊട്ടൽ സംഭവിക്കുകയോ, തടിക്കു ഗുരുതരമായ പരിക്കുകൾ പറ്റുകയോ, പാതി വെന്തു പോകുകയോ, പ്രകൃതി ക്ഷോഭങ്ങൾ മൂലം ദ്രവത്വം സംഭവിക്കുകയോ ആവാം. ഇതിൽ നിന്ന് ഒരു മനോഹര ശില്പമോ, ഉപകരണങ്ങളോ, ആയുധങ്ങളോ, നിർമ്മിച്ചെടുക്കുക അസാധ്യമാണ്. നല്ലൊരു കലാസൃഷ്ടി അതിൽനിന്നുണ്ടാകണമെങ്കിൽ അതിന്റെ പതനവും അങ്ങനെയാവണം. ഏറ്റം സുരക്ഷിതമായ രീതിയിൽ തടിക്കു യാതൊരു കേടും കൂടാതെ മരം നിലം പതിപ്പിക്കാൻ, എവിടെ ഏതു കോണിൽ എങ്ങനെ വെട്ടണമെന്നും, മുൻപിൽ പ്രതിബന്ധങ്ങളും തടസ്സങ്ങളുമുണ്ടെങ്കിൽ പ്രത്യേക ദിശയിലൂടെ തടിയുടെ പതനം വടം കെട്ടി നിയന്ത്രിക്കണമെന്നും, ഉലച്ചിൽ നിയന്ത്രിക്കാൻ പരമാവധി കൊമ്പുകളും വള്ളിപ്പടർപ്പുകളും വെട്ടിമാറ്റണമെന്നുമൊക്കെ ഒരു നല്ല മരം വെട്ടുകാരനറിയാം. അങ്ങനെ വെട്ടി വീഴ്ത്തുന്ന മരത്തിന്റെ പതനത്തിൽ ഒരു കലയുണ്ട്. ഇതുപോലെതന്നെ മരണവും; അതൊരു കലയാണ്!

"തീയിൽ ഇട്ടു ചുട്ടുകളവാനുള്ള" മരങ്ങളുടെ കൂട്ടത്തിൽ നാം ആവരുത്. തീയൽ വെന്തുപോകുന്നുവെങ്കിൽ എന്തു പ്രയോജനം? ഫലം കായ്ക്കാതിരുന്ന അത്തിയുടെ ദുരവസ്ഥയും നമുക്കുണ്ടാകരുത്. അവസാനം ഉണങ്ങിപ്പോയാൽ ഇത്രയും നാൾ ജീവിച്ചതുകൊണ്ട് എന്തു ലാഭം? " പടിക്കൽ കൊണ്ടുവന്ന് കലമുടയ്ക്കരുത്" എന്ന പഴമൊഴി എത്ര അന്വർത്ഥം. സാത്താൻ നമ്മെ വെട്ടി വീഴ്ത്താൻ തക്കവണ്ണം കടയ്ക്കൽ കോടാലിവെച്ച വൃക്ഷങ്ങളുടെ

ഗണത്തിലും നാം എണ്ണപ്പെടരുത്. യേശു പറഞ്ഞു [1] "പച്ച മരത്തോടു ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും." ഒരു വടവൃക്ഷമായി വളർന്ന് നല്ല ഫലം കായ്ച്ച് പക്ഷികൾ അതിന്റെ കൊമ്പുകളിൽ വസിച്ച് എല്ലാവർക്കും ഭക്ഷണമേകി, എല്ലാവർക്കും വിശ്രമമരുളി താങ്ങും തണലുമായി നിന്ന പച്ചമരത്തിനിങ്ങനെ സംഭവിച്ചു എങ്കിൽ ജീവനില്ലാത്ത ഉണങ്ങിവരണ്ട മരത്തിന്റെ കാര്യം എന്തു പറയേണ്ടൂ. കല നിറഞ്ഞ ആ മരത്തിന്റെ കാലസമ്പൂർണ്ണതയിലുള്ള വീഴ്ചക്കുമുണ്ടായിരുന്നു ഒരു കല. ഉണക്കും വാട്ടവും എപ്പോൾ വേണമെങ്കിലും സംഭവിക്കാം; തുടക്കത്തിലുണ്ടായാലും ഒടുക്കത്തിലുണ്ടാവാതെയിരിക്കട്ടെ.

12

# ചുവടുമാറ്റം - പരിജ്ഞാനത്തോടെ

തുടക്കത്തേക്കാളേറെ ഒടുക്കത്തിനാണ് വേദപുസ്തകം ഊന്നൽ നൽകുന്നത്. "ഉല്പത്തി"യേക്കാൾ പ്രാധാന്യം "വെളിപ്പാടിന്." "അന്ത്യനാൾ സകല ജഢത്തിന്മേലും...", "അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ", "അന്ത്യകാഹളം ധ്വനിക്കുമ്പോൾ" എന്നീ വചനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക. അല്ലെങ്കിൽത്തന്നെ തുടക്കത്തിനെന്തു പ്രസക്തി. അബ്രഹാമിന്റെ മക്കളെന്നു ഭാവിക്കുന്നതിൽ എന്തു മഹിമ! മനുഷ്യസൃഷ്ടിയെക്കുറിച്ചും, ആരൊക്കെ ആരെയൊക്കെ ജനിപ്പിച്ചു, ആരൊക്കെ ആരുടെയൊക്കെ ഭാര്യമാരായിരുന്നു, വെപ്പാട്ടിമാരുടെയും ആടുമാടുകളുടെയും എണ്ണം, ആരു തെക്കോട്ടും ആരു വടക്കോട്ടും പോയി, എന്നൊക്കെ തലപുകഞ്ഞാലോചിച്ചിട്ട് പ്രയോജനം ഏതുമില്ല. സമയമുണ്ടെങ്കിൽ ഇതൊക്കെ അറിഞ്ഞിരിക്കുന്നതു നല്ലതു തന്നെ. എന്നാൽ നാം എവിടെ നിന്നു വന്നുവെന്നും, ഏതു ഗോത്രത്തിലും ഭാഷയിലും വംശത്തിലും പെട്ടവരെന്നും, നിരീക്ഷണ പരീക്ഷണങ്ങൾ നടത്തി ഒരു പുരുഷായുസ്സു നഷ്ടമാക്കുന്നതിലും നന്ന് നാം എങ്ങോട്ടു പോകുന്നു എന്ന് ചിന്തിക്കുന്നതായിരിക്കും.

അത്യാവശ്യ പൂർവ്വികരൊക്കെ പോരെ നമുക്ക്? ചികഞ്ഞു ചികഞ്ഞു തോമാസ്ലീഹായ്ക്കു നാക്കു വടിക്കാൻ ഈർക്കിലി നല്കിയ കുടുംബത്തിൽ വരെ ചെന്ന് സംബന്ധം കൂടണം എന്ന വാശിയുണ്ടോ? ചിലർ വാശിമൂത്ത് "കുറേനക്കാരൻ ശിമോൻ" നമ്മുടെ കുറിയന്നൂരെ ശിമ്യോൻ അളിയന്റെ ബന്ധുവാണെന്നും, "മദ്രയുടെ തോപ്പ്" പണ്ടു ഞങ്ങളുടെ കുടുംബത്തിന് പതിച്ചു കിട്ടിയതും, പിന്നീട് പാട്ടത്തിനു കൊടുത്തതാണെന്നും, "മഗ്ദലക്കാരത്തി മറിയ" തന്റെ അമ്മയുടെ വകയിൽ ഒരു കുഞ്ഞമ്മയാണെന്നും വരെ പറഞ്ഞു കളയും. വചനം ആവർത്തിച്ചാവർത്തിച്ചു ഉരുവിട്ടു

"കനാന്യസ്ത്രീകളെ" കന്യാസ്ത്രീകളാക്കാനും "ബർയോനശിമോനെ" വെറിയനായ ശിമോനാക്കാനും "കുറേനക്കാരനെ" കുറെനയക്കാരനാക്കാനുമുള്ള നമ്മുടെ പ്രാഗദ്ഭ്യം പ്രസിദ്ധമാണല്ലോ! പഴമയുടെ ഭാണ്ഡക്കെട്ടുകൾ ചുമടാക്കി ഒരുവൻ തലയിലേറ്റി ലക്ഷ്യബോധമില്ലാതെ നടന്നിട്ടെന്തു പ്രയോജനം? "ഇതാ ഞാൻ സർവ്വവും പുതുതാക്കുന്നു," "ഇപ്പോൾ പിടിച്ചത്...," "പുതുതായി ജനിക്കുക," "പഴയതു മാറിപ്പോയി" "പുതിയ ആകാശവും പുതിയ ഭൂമിയും" "പുതിയ നിയമം...". പൗലൊസ് പറയുന്നു. "... പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു." പഴയതു മറന്നു കളക, അവസാനത്തേതിനു പ്രാധാന്യം കൊടുക്കുക.

നാം എത്രയൊക്കെ നന്നായി ജീവിച്ചാലും അവസാനം വിശ്വാസം കൈവിട്ടുപോയാൽ എന്തു പ്രയോജനം? നമ്മുടെ ഈ കൊച്ചു ജീവിതത്തിൽ എന്തെല്ലാം പാപങ്ങൾ ചെയ്തു കൂട്ടുന്നു. എത്രയോ ആവർത്തി അനുതപിച്ച് ദൈവവുമായി നിരപ്പിന്റെ അനുഭവത്തിലെത്തുന്നു. പിന്നെയും എത്രയോ തവണ പിന്മാറ്റത്തിന്റെ കയത്തിൽ മുങ്ങിത്താഴാൻ തുടങ്ങുമ്പോൾ മാനസാന്തരത്തിന്റെ പിടിവള്ളിയിൽ എത്തിപ്പിടിക്കുന്നു. നോക്കൂ... ഒന്നല്ല, ഒരായിരം വീഴ്ചകൾ... ഒരു പുരുഷായുസ്സിൽ. ഇതൊരു തുടർക്കഥയായി തുടരുന്നു. ഊഞ്ഞാലാട്ടം പോലെ മുന്നോട്ടു പോയതിന്റെ ഇരട്ടി ശക്തിയോടെ പിന്നോക്കം. മുന്നേറ്റത്തിന്റെയും പിന്മാറ്റത്തിന്റെയും ആവർത്തനം. എല്ലാ മനുഷ്യന്റെയും അവസ്ഥ ഇതുതന്നെ. പാപമില്ലായെന്ന് ഊറ്റം കൊള്ളുന്നവൻ ചതിയനെന്ന് വചനം പറയുന്നു. [1] "നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി." പിന്മാറ്റത്തിന് ഇനിയൊരവസരം പോലും ലഭിക്കാത്തവിധം മാനസാന്തരത്തിന്റെ അനുഭവം ജീവിതത്തിലുണ്ടായിരുന്നെങ്കിൽ എന്ന് ഒരുവേള മോഹിച്ചുപോകുന്നില്ലേ? ഉണ്ട് സഹോദരാ, നമ്മുടെ ജീവിതത്തിൽ അവസാനമായി കിട്ടുന്ന ആ അവസരം പരമാവധി ബുദ്ധിയോടെ പ്രയോജനപ്പെടുത്തിക്കൊള്ളൂ.

കാൽവറിയുടെ മൂർദ്ധാവിൽ കള്ളനു ലഭിച്ച അന്ത്യാവസരം! ജീവിതകാലം മുഴുവൻ ദൈവത്തെ അനുസരിച്ചിട്ടും, ആട്ടിൻകൂട്ടത്തെപ്പോലെ ഒരു ജനതയെ കനാൻ നാട്ടിലേക്കു തെളിച്ചിട്ടും, വചനം പറയുന്ന ഒരേ ഒരു അനുസരണക്കേടുകൊണ്ട് മോശക്കു ലഭ്യമാകാതെപോയ സൗഭാഗ്യം! നഷ്ടബോധത്തിൽ നിരാശനായി, ഇനി

യൊരു വീണ്ടെടുപ്പില്ല എന്നുറച്ച് പിന്മാറ്റത്തിന്റെ പ്രതീകമായ മീൻവല തോളിലേറ്റിയ പത്രൊസ്സിനും കൂട്ടർക്കും അരുമനാഥൻ സ്വന്തം കയ്യാലൊരുക്കിയ സ്വർഗ്ഗീയ സല്ക്കാരത്തിന്റെ സുവർണ്ണാവസരം! അതെ, സഹോദരാ, അന്ത്യശ്വാസത്തിനു മുമ്പുള്ള ദിവസങ്ങളും നാഴികകളും നിനക്ക് അനർഘ നിമിഷങ്ങളാണ്. [1] "യേശുവിനെ കർത്താവ് എന്ന് വായികൊണ്ടു ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും." ഒരുവാക്കുപോലും ഉരിയാടണമെന്നില്ല; പശ്ചാത്താപവും യേശുവിനെ സ്വീകരിക്കാനുള്ള ആഗ്രഹവും മാത്രം മതി. ഹൃദയത്തെ സൃഷ്ടിച്ചവൻ ഹൃദയത്തിന്റെ ആഗ്രഹങ്ങൾ അറിയുന്നില്ലയൊ? - ജീവിതത്തിൽ പല ആവർത്തി പിതാവ് ആകർഷിച്ച് നീ പുത്രനിലേക്കു വന്നിരിക്കാം; വീണ്ടും നായ ഛർദ്ദിയിലേക്കു തിരിയുമ്പോലെ മാലിന്യത്തിലേക്കു മടങ്ങിയിരിക്കാം. ഇതാ. ഇനി ഒരിക്കലും പിന്മാറ്റത്തിലേക്കു മടങ്ങാനാവാതെ രക്ഷയുടെ അവകാശം അഥവാ സ്വർഗ്ഗീയ പൗരത്വം ലഭ്യമാക്കുന്ന മരണമെന്ന അന്ത്യം [2] "മരണദിവസം ജനന ദിവസത്തേക്കാളും ഉത്തമം."

ജനിക്കുന്ന ഏവനും മരിക്കുമെന്നും അത് അനിവാര്യമെന്നും, മരണത്തെ ഭയക്കേണ്ടതില്ല, മറിച്ച് അതോർത്തു സന്തോഷിക്കയാണു വേണ്ടതെന്നും; മരണം നമ്മുടെ നിത്യമായ ഭവനത്തിലേക്കുള്ള മടക്കയാത്രയാണെന്നും നാം കണ്ടു കഴിഞ്ഞു. പിന്നീട്, നന്നായി ജീവിച്ചവർക്കേ നല്ലൊരു മരണം ലഭിക്കൂ എന്നും, എത്ര നന്നായി ജീവിച്ചാലും അവസാനം വിശ്വാസം കൈവിട്ടുപോയാൽ ലാഭമേതുമില്ലെന്നും, ആയതിലേക്കു മനുഷ്യരാശിയെ ഒരുക്കുന്നതിന്റെ ഭാഗമായുള്ള സുവിശേഷ പ്രവർത്തനത്തിന് പുറത്തുനിന്നും അകത്തുനിന്നും ഉണ്ടാകുന്ന വിഘ്നങ്ങളെക്കുറിച്ചും, അതിൽ നമുക്കു സംഭവിക്കുന്ന തോൽവിയെക്കുറിച്ചും നാം അല്പമായി ചിന്തിച്ചു. ''കർത്താവിൽ മരിക്കുന്ന വൃതന്മാർ ഭാഗ്യവാന്മാർ.'' കർത്താവിൽ ജീവിക്കുന്നതിന്റെ പ്രാധാന്യം കുറവായി കാണരുതേ സഹോദരാ. നാം കർത്താവിനായി ജീവിക്കുക എന്നതാണല്ലോ പ്രധാന ദൗത്യം.

മറ്റുള്ളവരെ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരിക എന്ന ദൗത്യത്തിൽ നിരവധി തലങ്ങളിൽ നമുക്കു പരാജയം സംഭവിച്ചിരിക്കെ, അടിമുടി അല്ലെങ്കിലും ന്യായമായ ഒരു ചുവടു മാറ്റത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല. പ്രത്യേകിച്ചും "ഇതാ, ഞാൻ വേഗം വരുന്നു" എന്ന യേശുവിന്റെ

തിരുവായ് മൊഴിയും "യേശുവേ, വേഗം വരേണമേ" എന്ന നമ്മുടെ നിത്യവിലാപവും, വെളിപ്പാടു പുസ്തകത്തിൽ, അക്ഷമരായി കാത്തു നില്ക്കുന്ന അനേകായിരം ആത്മാക്കളുടെ നിർബന്ധവും എല്ലാം കൂടി ഒന്നിച്ചു വായിച്ചാൽ ക്രിസ്തുവിന്റെ രണ്ടാം വരവിന് ഇനി അധികം താമസമുണ്ടാകാനിടയില്ല. കഴിഞ്ഞ രണ്ടു സഹസ്രാബ്ദ മായി നാം കേൾക്കുകയും നോക്കിപ്പാർക്കുകയും ചെയ്യുന്നതാണ് യേശുവിന്റെ രണ്ടാം വരവ്. ഇന്നു രാത്രിയിലോ പത്തു സഹസ്രാ ബ്ദംകൂടി കഴിഞ്ഞോ ഒരുനാൾ അവൻ കള്ളനെപ്പോലെ വരും. നേരത്തെ ഉദ്ധരിച്ച കണക്കിൻ പ്രകാരം 18 സഹസ്രാബ്ദങ്ങൾ വേണ്ടിവരും കുറഞ്ഞ പക്ഷം ഭാരത ജനതയൊന്നാകെ ക്രിസ്തു വിലാകുവാൻ. എങ്കിലവൻ നാളെ വരുന്ന പക്ഷം മരണാസന്നരാ യുള്ളവരെ ക്രിസ്തുവിൽ മരിക്കാൻ സഹായിച്ചാൽ സ്വർഗ്ഗ ത്തിലെത്രമാത്രം സന്തോഷമുണ്ടാകും. "... മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും" എങ്കിൽ, ഇനി ഒരിക്കലും പിന്മാറ്റത്തിനുള്ള അവസരം ലഭിക്കാതെ ക്രിസ്തുവിൽ മരിക്കുന്ന ആത്മാക്കളെച്ചൊല്ലി എത്ര അധികം? ജീവി ച്ചിരിക്കുന്നവന് നിരവധി അവസരങ്ങൾ ലഭിച്ചേക്കാം. എന്നാൽ അന്ത്യശ്വാസം വലിക്കുന്നവന് സുവിശേഷം കേൾക്കാൻ ഇനിയൊ രവസരം ലഭിക്കില്ല. എങ്കിൽ "കർത്താവേ, എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏല്പിക്കുന്നു." എന്നുരുവിട്ടുകൊണ്ട് ഈ ലോക ത്തോടു വിടപറയുന്നത് എത്ര സൗഭാഗ്യം! അതിനുവേണ്ടി മറ്റുള്ള വരെ ഒരുക്കുന്നവന് പ്രതിഫലം എത്ര അധികം!!

# നഗ്നവും മലർന്നതും!

സ്നാനത്തിനു മുൻകുറിയായ ചെങ്കടൽ വീണ്ടുംജനനം യാഥാർത്ഥ്യമാക്കിയെങ്കിൽ, മരുഭൂമിയിലെ പിളർന്ന പാറയും പൊട്ടിയൊഴുകിയ ദാഹജലവും യേശുക്രിസ്തുവിന്റെ പിളർന്ന മാറിന്റെയും രക്തമായൊഴുകിയ ജീവജലനദിയുടെയും നിഴലെങ്കിൽ, ന്യായപ്രമാണത്തിലെ അറുക്കപ്പെട്ട കുഞ്ഞാട് കാൽവറിയാഗത്തിൽ പൊരുൾ തിരിഞ്ഞെങ്കിൽ, യേശുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേല്പും മനുഷ്യസൃഷ്ടിയുടെ മരണത്തെയും ആത്മാവിന്റെ എടുക്കപ്പെടലിനെയും കുറിക്കുന്നു എന്ന് നിസ്സംശയം പറയാം. ഇമ വെട്ടുന്ന സമയത്തിനുള്ളിൽ സംഭവിക്കുന്ന രണ്ടു മഹത്കാര്യങ്ങൾ. ഈ ലോകമരണവും സ്വർഗ്ഗീയ ജനനവും! പിറവിയോടുകൂടി പിറന്നു വീഴുന്ന രാജ്യത്തിലെ പൗരത്വം!

ഈ ലോകത്തിലെ സർവ്വകലാശാലയോ ഭരണകൂടമോ ഒന്നും ബഹുമാനാർത്ഥം കൊടുത്ത പദവിയല്ലിത്. IPS, IAS. മുതലായവ Confer ചെയ്യുന്നതുപോലെയും അല്ല. ദൈവസഭയിലെ കുറെ വർഷങ്ങൾ നീണ്ട സ്തുത്യർഹ സേവനത്തിനുള്ള താമ്രപത്രമൊ, ദശാംശം പിഴവുകൂടാതെ എല്ലാമാസവും പള്ളിക്കമ്മറ്റിയെ ഏല്പിച്ചതിന്റെ പാരിതോഷികമോ, മുടങ്ങാതെ എല്ലാ ആരാധനകളിലും ''കർത്താവ് എനിക്കു നല്ലവൻ, അവൻ വല്ലഭൻ'' എന്ന നീണ്ട സാക്ഷ്യത്തിനൊടുവിൽ ''എന്നെ സന്തോഷിപ്പിച്ച വാക്യം'' വായിച്ചുകൊണ്ട് ഇരുന്നു കൊള്ളാമെന്നു താഴ്മയോടു പറഞ്ഞ് അരണ്ട വീഴുന്നതുപോലെ തന്റെ ഭാരം കൂട്ടു സഹോദരിയുടെ മേൽ താഴ്ത്തി സമർപ്പിച്ചതിനുള്ള പ്രതിഫലമോ, പലവിധ അർത്ഥത്തിലും നിരവധി ആവശ്യങ്ങൾക്കും "Praise the Lord" പറഞ്ഞ് കരം പിടിച്ച് കുലുക്കി കുലുക്കി പണ്ടു നുണഞ്ഞ അമ്മിഞ്ഞപ്പാൽ വരെ പുറത്തു ചാടിച്ചതിനുള്ള അവാർഡ് ദാനമോ, ''വിശുദ്ധകരം'' പൊക്കൽ മത്സരത്തിലോ സ്നേഹചുംബന ബലാബലകൂട്ടുമുട്ടലുകളിലോ ഒന്നാം സമ്മാനക്കാർക്കുള്ള സമ്മാനവിതരണമോ, ''ആരാധിച്ചു മുന്നേറിയ''തിന്റെ സന്തോഷമോ ഒന്നുമല്ലിത്! ജനനം കൊണ്ടു കൈവരിക്കപ്പെടുന്ന അവകാശവും അധികാരവും നിറഞ്ഞ പൗരത്വം! സ്വർഗ്ഗീയ പിതാവായ ദൈവത്തിന്റെ സ്വന്തമക്കളെന്ന നിലയിൽ ലഭ്യമാകുന്ന ജന്മാവകാശം! ഇരട്ട പൗരത്വമുള്ള അനേകർ ഈ ലോകത്തിലുണ്ട്. ഒന്ന് ജന്മം കൊണ്ടു ലഭിച്ചതും മറ്റൊന്ന്

ബന്ധപ്പെട്ട രാജ്യം കല്പിച്ചു നല്കുന്നതും. പിൽക്കാലത്ത് പൗലൊസ് അപ്പൊസ്തൊലനായി മാറിയ ശൗൽ ഇരട്ടപൗരത്വം ഉള്ളവനായിരുന്നു. ഇവിടെ ഒന്നേ ഉള്ളൂ; കാരണം ഇതു നിത്യതയാണ്; ഇതു ദൈവരാജ്യമാണ്. ഭൂമിയിലെ അല്പകാലജീവിതം പോലെ അല്ല; ആദിയും അന്തവുമായവനോടൊപ്പം അനന്തമായ സ്വർഗീയവാസം.

ഇവിടൊരു യാഥാർത്ഥ്യം പ്രത്യേകം പറയേണ്ടതുണ്ട്. സ്വർഗ്ഗവും ദൈവസിംഹാസനവും ദൈവസാന്നിദ്ധ്യവുമെല്ലാം ഒന്നിനൊന്ന് അതീവ പരിശുദ്ധമാണ്. ഇവിടെ ഒരു പൗരത്വം ലഭിക്കുക എന്നത് കൃപയാൽ മാത്രമേ സാധ്യമാകൂ. അത്രമേൽ അതിപരിശുദ്ധിയിലായിരിക്കുന്നവനെ മുഖാമുഖം കാണുവാൻ നരൻ എത്രബലഹീനനാണ്. ഇവിടെയാണ് പുത്രനായ ദൈവത്തിന്റെ അഥവാ രക്ഷകനായ യേശുവിന്റെ അതിപരിശുദ്ധവും അതിനിർമ്മലവുമായ രക്തം നമ്മുടെ തുണയ്ക്കെത്തുന്നത്. [1] "കറ, ചുളുക്കം മുതലായതൊന്നുമില്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു." [2] "ആകയാൽ താൻ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ." [3] "എനിക്കു കരുണതോന്നേണമെന്നുള്ളവനോട് കരുണതോന്നുകയും എനിക്കു കനിവ് തോന്നേണമെന്നുള്ളവനനോട് കനിവ് തോന്നുകയും ചെയ്യും." ദൈവത്തിന്റെ ചിന്തകളും പദ്ധതികളും മനുഷ്യനജ്ഞാതമാണ്. [4] "യഹോവേ നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു. നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവതന്നേ" ദൈവത്തിന്റെ നീതി പരീശന്റെ നീതി അല്ല. നാം വിധികല്പിക്കുമ്പോലെ അല്ല, ദൈവം ന്യായം നടത്തുന്നത്. അതുകൊണ്ട് നാം ഉദ്ദേശിക്കുന്നവരെ സ്വർഗ്ഗത്തിൽ കാണാതിരിക്കുകയും ഉദ്ദേശിക്കാത്തവരെ കാണുകയും ചെയ്യുമ്പോൾ നടുങ്ങിപ്പോകരുത്.

Born Again ആയിക്കഴിഞ്ഞാൽ നാം വിശുദ്ധരായെന്നും, ഇനി ചിറകുകൾകൂടി മുളച്ചുപറക്കമുറ്റിയാൽ താമസംവിനാ പറന്നുപോകാമെന്നും വൃഥാ മോഹിക്കേണ്ടാ. വിശുദ്ധിയോടെയുള്ള ഒരു ജീവിതം കാഴ്ചവച്ചു എന്ന് സ്വയം അവകാശപ്പെടുകയും, ലേഖനങ്ങളിൽകൂടി സഭകൾക്കും വ്യക്തിജീവിതങ്ങൾക്കുമുള്ള മാർഗ്ഗരേഖകൾ വരച്ചു കാട്ടുകയും, നമ്മെ ഇന്നോളം ശക്തിപ്പെടുത്തുകയും ചെയ്ത പൗലൊസിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക. [5] "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും." [6] "എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു, നന്മചെയ്യുവാനുള്ള താല്പര്യം

എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല; ഞാൻ ചെയ്‌വാനിച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇഛിക്കാത്ത തിന്മ അത്രേ പ്രവർത്തിക്കുന്നത്." ക്രിസ്തുമാർഗ്ഗികൾക്ക് ഗുരുതുല്യനായ പൗലൊസ് ഇങ്ങനെ ചിന്തിക്കുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കും? യേശു പറഞ്ഞു [1] "ശിഷ്യൻ ഗുരുവിന്മീതെ അല്ല..." പൗലൊസിന് സമസ്വഭാവമുള്ളവരായി നാം മാറിയാൽ പോലും വിശുദ്ധിയുടെ പടവുകൾ ഇനിയുമേറെ. [3] "ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ." ദൈവത്തിന്റെ കൃപ നമ്മെ താങ്ങിനിർത്തുന്നു എന്നു മാത്രം.

അടുത്ത സമയത്ത് ഒരു ദൈവദാസനുമായി ചിന്തകൾ പങ്കുവെച്ചപ്പോൾ അദ്ദേഹം വളരെ മനോവ്യസനത്തോടു പറയുകയുണ്ടായി, "സഹോദരാ, എന്നെ ബൈബിൾ കോളേജിൽ ചാടിയും തുള്ളിയും അന്യഭാഷയിൽ ആരാധിപ്പാൻ അഭ്യസിപ്പിച്ച എന്റെ ഗുരുഭൂതന്മാർ ഇന്നു വിശ്വാസത്തിൽ പോലുമില്ല!" എവിടെ ആർക്കാണ് പിഴവ് സംഭവിക്കുന്നത്? അദ്ദേഹം തുടർന്നു, "ആത്മീയ ഗോളം ഒരു പ്രത്യേക പടക്കളമാണ്. പൊതു ശത്രുവിനെതിരെ പാഞ്ഞടുക്കുന്നവരിൽ ഒട്ടുമുക്കാലും പിൻതിരിഞ്ഞോടുകയോ, അവനവന്റെ രക്ഷയെക്കരുതി അഭ്യാസമുറയിൽ ചുവടുമാറ്റം നടത്തുകയോ, സഹോദരനെത്തന്നെ വെട്ടിവീഴ്ത്തുകയോ, യുദ്ധതന്ത്രം തിരുത്തുകയോ, പുതിയതു മെനയുകയോ, ധർമ്മം മറക്കുകയോ ചെയ്യുന്നവരാണ്. ശ്രദ്ധ പതറാതെ ശത്രുവിനെ മാത്രം ഉന്നം വെച്ച് ധീരതയോടു പടപൊരുതുന്ന എണ്ണത്തിൽ കുറഞ്ഞവരിൽ ഒരു ഭാഗം വെട്ടേറ്റു യുദ്ധക്കളത്തിൽ വീണ് രക്തസാക്ഷികളാകുന്നു. കുറേപ്പേർ അംഗവൈകല്യത്തോടെ പിന്നെയും ജീവിക്കുന്നു. വിശുദ്ധരായ വിരലിലെണ്ണാവുന്നവരുടെ നിഷ്കളങ്ക നിണം ചിതറിത്തെറിച്ച് ശത്രുപാളയത്തിൽ മാനസാന്തരം സംഭവിക്കുന്നു. ഇതൊന്നും നാം ഉറക്കെപ്പറയുകയോ, ഈ വക വെളിപ്പെടുത്തലുകൾ എഴുതി പരസ്യമാക്കുകയോ അരുത്. കാരണം അതൊരു അവിശ്വാസി വായിക്കാനിടയായാൽ എന്താണ് സംഭവിക്കുന്നത്? അവൻ പിന്നെ എങ്ങനെ വിശ്വാസത്തിലേക്കുവരും? അവന്റെ ഉള്ളം കലങ്ങില്ലേ?"

ദൈവദാസന്റെ വാക്കുകളിലെ വ്യംഗ്യാർത്ഥങ്ങളും, ആരെങ്കിലും ഇതൊക്കെ ഒന്നു വിളിച്ചു പറഞ്ഞെങ്കിൽ എന്ന അടങ്ങാത്ത ആഗ്രഹവും മനസ്സിലാക്കിയ ഈയുള്ളവൻ കടലിന്മീതെ ഭൂതത്തെ കണ്ട ശിഷ്യന്മാരെപ്പോലെ സ്തബ്ധനായി! ഓരോ ക്രിസ്ത്യാനിയും, പ്രത്യേകിച്ചു വീണ്ടുംജനനം പ്രാപിച്ചവർ ഓരോ തുറന്ന പുസ്തകമാണ്. അത്തരം ജീവനുള്ള പുസ്തകത്തിൽ നിന്നും വായിച്ചറിയു

ന്നതിലധികമൊന്നും അച്ചടിച്ച വരികളിൽ നിന്ന് ഗ്രഹിക്കുന്നില്ലല്ലോ! നാംതന്നെ നമ്മെ വെളിപ്പെടുത്തുന്നുണ്ട്. പിന്നെ ഗ്രന്ഥങ്ങൾ ഇനിയും എന്തു ദുരന്തം ക്ഷണിച്ചുവരുത്താനാണ്? അവിശ്വാസിയെക്കുറിച്ചു ഭാരപ്പെടുമ്പോൾ വിശ്വാസികളെക്കുറിച്ച് മറന്നുവോ? ഭൂരിപക്ഷത്തിലധികം വരുന്ന സഭാവിശ്വാസികൾ ഈ അരമന രഹസ്യങ്ങളൊന്നും അറിയുന്നില്ലല്ലോ! വീശിപ്പിടിക്കുന്തോറും പൂണിയിൽ കിടക്കുന്നതിലും ഒരു കണ്ണുവേണം. നമ്മുടെ സൂക്ഷ്മക്കുറവുകൊണ്ട് എപ്പോഴാണ് അവ സംസാരസാഗരത്തിലേക്കു വഴുതിപ്പോകുക എന്നറിയില്ല.

ഹൈദരാബാദിലെ ഒരു മെഗാ ചർച്ചിലെ മുഖ്യ ദൈവദാസൻ എനിക്കേറ്റവും പ്രിയമുള്ള നവദമ്പതികൾക്ക് നൽകിയ വിവാഹത്തിനു മുമ്പുള്ള ദാമ്പത്യോപദേശങ്ങൾ ക്രിസ്ത്രീയ ധർമ്മത്തെയും വേദപുസ്തക പഠിപ്പീരുകളെയും ആക്ഷേപിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന വിധമായിരുന്നു എന്ന് ഖേദപൂർവ്വം എടുത്തു കാട്ടട്ടെ. ഈ യുവതീയുവാക്കൾ വീണ്ടുംജനനാവസ്ഥയിൽ വളർത്തപ്പെട്ടവരും വിദ്യാസമ്പന്നരും ആണെന്നു മാത്രമല്ല, അതിലൊരാളുടെ മാതാപിതാക്കളിരുവരും തങ്ങൾക്കു ദൈവം തന്ന ധനം കൊണ്ടും ദൈവീക ദർശനം കൊണ്ടും അസൂയാവഹമായ രീതിയിൽ വർഷങ്ങളായി സ്തുത്യർഹമായ ദൈവീക ശുശ്രൂഷ നടത്തുന്നവരുമാണ് എന്ന് പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. “അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും'' എന്ന വചനം മറയാക്കി അവർ ജീവിച്ചുവന്ന കുടുംബാന്തരീക്ഷത്തെയും രക്തബന്ധത്തെയും തൃണവൽഗണിച്ചുകൊണ്ട് വിവാഹാനന്തരം ഉടൻ തന്നെ മാതാപിതാക്കളും കുഞ്ഞുപെങ്ങളും മാത്രമുള്ള ഭർത്താവിന്റെ ഭവനത്തിൽ നിന്നും മാറിത്താമസിക്കണമെന്ന Pre-marital Counselling, മാതാപിതാക്കളും യുവതീയുവാക്കളും വർഷങ്ങളായി നെയ്തുകൂട്ടിയ ഒത്തിരി ഒത്തിരി സ്വപ്നങ്ങൾക്ക് മങ്ങലേല്പിക്കുന്നവയായിരുന്നു.

ബോംബെ, ബാംഗ്ലൂർ, ചെന്നൈ, തുടങ്ങിയ പല നഗരങ്ങളിലും ചെറുതോ വലുതോ ആയ സഭകളിൽ വിവാഹത്തിനു മുമ്പു നല്കുന്ന ഉപദേശങ്ങൾ വ്യത്യസ്തമല്ല. ദശാംശത്തിൽക്കൂടിയോ, മറ്റുപാധികളിൽക്കൂടിയോ മാത്രം സഭയുടെ വളർച്ച മുന്നിൽ കാണുന്ന ദൈവദാസന്മാർ ക്രിസ്തു മൂലക്കല്ലായുള്ള സഭയുടെ ദർശനങ്ങളും വേദപുസ്തക ഉപദേശങ്ങളും സ്വന്തതാല്പര്യത്തിനായി വളച്ചൊടിക്കാൻ ശ്രമിക്കരുത്. ക്ഷമയുടെയും, ത്യാഗത്തിന്റെയും, സഹനത്തിന്റെയും വചനങ്ങൾ സൗകര്യപ്രദമായി മറന്നു

കളയരുത്. അണു (Nuclear) കുടുംബങ്ങളെ മാസാമാസം ഉല്പാദിപ്പിച്ച് സഭയുടെ സാമ്പത്തികാവസ്ഥ ഭദ്രമാക്കുന്നതിലധികം, കെട്ടുറപ്പും സ്ഥിരതയുമുള്ള കുടുംബ ബന്ധങ്ങൾക്ക് അടിസ്ഥാനമിടേണ്ടതിന് പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. വിവാഹാനന്തരം അതിവേഗം മാറിത്താമസിക്കുന്നതിനോടുകൂടി സഭാരജിസ്റ്ററിൽ കുടുംബങ്ങളുടെ എണ്ണം കൂട്ടുന്നതിനനുസരിച്ച് സഭയുടെ സാമ്പത്തികരംഗം പുഷ്ടിപ്പെടുമല്ലോ എന്ന കച്ചവടനയം അരുത്. ഈ സന്ദർഭങ്ങളിൽ രൂത്തും നവോമിയുമൊക്കെ പഴഞ്ചരാവുന്നു! ദൈവതുല്യനായ ബോവസ് വേദപുസ്തകത്താളുകളിൽ എന്നെന്നേക്കുമായി നിദ്രകൊള്ളുന്നു! പണ്ട് മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ സാഹചര്യത്തിനനുസരിച്ച് ദാസന്മാർ ഒറ്റക്കെട്ടായി നിന്ന് പഴയ അമ്മായിയമ്മയെയും മരുമകളെയും ആഡംബരത്തോടെ കോലിൽ കുത്തി ഉയർത്തും!

[1] "...നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ..." എന്ന സൂത്രവാക്യം ഭാര്യാഭർത്തൃബന്ധത്തിൽ മാത്രമല്ല, എല്ലാ ബന്ധത്തിലും അന്വർത്ഥമാണ് എന്ന് വിസ്മരിക്കരുത്. [2] "സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല" എന്നീ വചനങ്ങൾ അരങ്ങത്തുനിന്ന് എട്ടു ദിക്കും പൊട്ടുമാറ് തൊള്ളകീറി വിളിച്ചുകൂവാൻ മാത്രമുള്ളതല്ല. പത്തുമാസം ചുമന്ന് പെറ്റ് പൊന്നുപോലെ വളർത്തിയ മകനെ സ്നേഹിക്കാൻ ഇണയും തുണയുമായി കുടുംബത്തിൽ വന്നുകയറിയ പെണ്ണിനെ ദൈവത്തിന്റെ ഒരു വരദാനമായി കരുതേണ്ട മാതാപിതാക്കളുടെ കടമകൾക്കും കർത്തവ്യങ്ങൾക്കുമൊപ്പം, മരുമകളും സ്വന്തം മാതാപിതാക്കളെപ്പോലെ ഇവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യേണ്ടത് വേദപുസ്തക ഉപദേശമാണ്. രൂത്താന്റിയും മാഡം നവോമിയും ഒന്നുമായില്ലെങ്കിലും കുറഞ്ഞപക്ഷം സ്നേഹവും സന്തോഷവും സന്താപവും പങ്കിട്ട് സമാധാനം തകർക്കാതെ, കൊണ്ടും കൊടുത്തും (മർദ്ദനമല്ല) ഒന്നിച്ചു പാർക്കാനെങ്കിലുമുള്ള ക്രിസ്തീയ ദർശനം നമുക്കുണ്ടാകണം. [3] "നിന്റെ കയ്യൊ കാലൊ നിനക്കു ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞുകളക." എന്ന വചനം ദുരുപയോഗം ചെയ്ത് മാതാപിതാക്കൾ മരുമകളെയും മരുമകൾ അമ്മായിയമ്മയപ്പന്മാരെയും വെട്ടിമാറ്റാൻ ശ്രമിക്കുകയോ, "ഭാര്യയോട് പറ്റിച്ചേരും..." എന്ന വചനം ചാട്ടവാർ കണക്കെ ചുഴറ്റി, മകൻ മാതാപിതാക്കളെ തുരത്തിക്കളകയോ അല്ല വേണ്ടിക്കാനുമുള്ള ഉപദേശങ്ങൾ ഈ തലങ്ങളിൽ പ്രയോഗികമല്ല എന്ന തോന്നലോ, സാത്താന്റെ തന്ത്രങ്ങളെ മുന്നമെ തിരിച്ച

റിഞ്ഞ് ബുദ്ധിപൂർവ്വം തുടക്കത്തിലെ മാറിത്താമസിച്ച് സമാധാനം തകർക്കാതെ ശ്രമിക്കാം എന്ന മൗഢ്യമോ വേണ്ടാ. മാതാപിതാക്കളെ സ്നേഹിക്കാത്ത ഭർത്താക്കന്മാർ അവരുടെ ഭാര്യമാരെയും, ഭാര്യമാർ അവരുടെ ഭർത്താക്കന്മാരെയും എങ്ങനെ സ്നേഹിക്കും? മാതാപിതാക്കളെ സഹിക്കാത്ത നാം എങ്ങനെ അന്യോന്യം സഹിക്കും? മരുമകളെ സ്നേഹിക്കാൻ സാധിക്കുന്നില്ല എങ്കിൽ നിങ്ങൾ നിങ്ങളുടെ സ്വന്തം മകനെ സ്നേഹിക്കുന്നു എന്ന് പറയുന്നതിലെന്തർത്ഥം?

ആദ്യസ്നേഹം വിട്ടുകളയുന്ന കുടുംബങ്ങളെ വാർത്തെടുക്കുകയാണോ സഭയുടെ ദൗത്യം? നാം വചനത്തോട് കൂടുതലൊന്നും ചേർക്കേണ്ടതില്ല. വചനം അതിൻ പ്രകാരം മായം ചേർക്കാതെ പഠിപ്പിച്ചാൽ മതി. മേൽപറഞ്ഞ ഉപദേശത്തിനെതിരെ വിനയാന്വിതയായി പ്രതികരിച്ച അമ്മായമ്മയുടെ മുമ്പിൽ നിരത്തിവെയ്ക്കുവാൻ പ്രിയ ദൈവദാസന് വചന ദാരിദ്ര്യം നേരിട്ടതാണ് ഏറെ പരിതാപകരം! കെട്ടിയപാടെ താമസം മാറി, താമസം വിനാ വിദേശത്തു ചേക്കേറിയ പലരും തങ്ങളുടെ മാതാപിതാക്കളെ ശുശ്രൂഷിക്കാനും അവരെ സ്നേഹിക്കാനും കരുതാനുമുള്ള അവസരം എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയല്ലോ എന്നോർത്ത് പരിതപിക്കുന്നത് കേൾക്കാറുണ്ട്. വേദപുസ്തക വിരുദ്ധ ഉപദേശങ്ങൾ ശിരസ്സാ വഹിച്ചതിന്റെ പരിണിതഫലം!

17-ാം വയസ്സിൽ പ്ലസ് ടൂ പാസ്സാകുന്നതിനോടുകൂടി ഇതര വിദ്യാഭ്യാസാർത്ഥം അന്യസംസ്ഥാനങ്ങളിലേക്കും നഗരങ്ങളിലേക്കും ചേക്കേറുകയായി നമ്മുടെ കുഞ്ഞുങ്ങൾ. ഐ.ടി രംഗം വളർന്നതിനൊപ്പം ജോലിതേടി പോകുന്ന അഭ്യസ്ഥവിദ്യർ അനേകം. അന്നു മുതൽ ദൈവാരാധനയുൾപ്പെടെ ജീവിതത്തിലെല്ലാം നഗരവൽക്കരിക്കപ്പെടുന്നു. കഴിഞ്ഞ തലമുറയിൽ ഒരു പുരുഷായുസ്സു മുഴുവൻ എല്ലുമുറിയെ പണിയെടുത്താൽ കഷ്ടി ബാക്കിയാക്കുന്നത് മുപ്പതു-മുപ്പത്തഞ്ചു വയസ്സിൽ ഇവർ നേടിക്കഴിഞ്ഞു "ആരെ വിഴുങ്ങേണ്ടൂ" എന്ന ജാഗ്രതയിൽ മുക്കിനു മുക്കിനു സഭകൾ വായ് പിളർന്നു കാത്തിരിക്കുന്നു. സഭക്ക് മുതൽക്കൂട്ട് ഇതിലധികം എന്ത്! സ്വാഭാവികമായും അവരുടെ വക്ത്രത്തിലകപ്പെടുന്ന ഐടി/ നേഴ്സിങ്ങ് ആത്മാക്കൾക്ക് അതിവേഗം പായുന്ന ലോകത്തിൽ ക്ഷമയോടെയിരുന്നു വചനം പഠിക്കാൻ എവിടെ നേരം; പഠിപ്പിക്കാൻ ആർക്കുണ്ട് ഔൽസുക്യം?

വാലെന്നോ തലയെന്നോ, എല്ലെന്നോ മുള്ളെന്നോ, പല്ലെന്നോ നഖമെന്നോ, തൊലിയെന്നോ തോലെന്നോ, നോക്കാതെ തിടുക്ക

ത്തിൽ വെട്ടിവിഴുങ്ങുകയാണ് വചനം. പിന്നീടങ്ങോട്ട് കാതടപ്പിക്കുന്ന സംഗീതോപകരണങ്ങളുടെ അകമ്പടിചേർന്ന നൃത്തശില്പം! പാലിനു പുറകെ പുളിച്ച സംഭാരം! ഭേഷായില്ലേ? പിന്നീടു പുളിച്ചു തികട്ടലായി. അല്പം മുമ്പു വെട്ടി വിഴുങ്ങിയ വചനം ദഹിക്കാതെ പല രൂപത്തിലും ഭാവത്തിലും പുറത്തേക്ക്. ദർശനമായി, വെളിപാടായി, തിരിച്ചറിയലായി, കണ്ടെത്തലായി, വെച്ചുകെട്ടലായി, ത്യാഗമായി, കരുതലായി... എന്നുവേണ്ട, ദൈവവിളിയായി, മുറവിളിയായി പിന്നെ പോർവിളിയായി അവസാനം നിലവിളിയായി! ഇന്നു നഗരത്തിന്റെ ഏതു മുക്കിലും മൂലയിലും ലഭിക്കുന്ന സന്തോഷത്തിന്റെ ഒരു വലിയ പങ്ക് പല സഭകളിലും ഒരുക്കി വെച്ചിട്ടുണ്ട്. ഇവിടെ ചട്ടങ്ങളുടെയും നിയമങ്ങളുടേയും നൂലാമാലകൾ ഒന്നുമില്ല. രണ്ടേരണ്ടു നിബന്ധനകൾ മാത്രം. ആത്മീയതയുടെ യൂണിഫോം അണിയണം; വരുമാനം ദശാംശരൂപത്തിൽ കൃത്യമായി കൊടുത്ത് രസീത് കൈപ്പറ്റണം. വചനം നമ്മെ അപകടകരമായ രീതിയിൽ "സ്വതന്ത്രരാക്കി"ക്കളഞ്ഞില്ലേ! നമ്മുടെ പൂർവ്വികർ ഉപയോഗിച്ചിരുന്നതും, ഇന്നും ചില ആദിവാസി സമൂഹങ്ങൾ നാണം മറക്കാനുപയോഗിക്കുന്നതുമായ നാലുവിരക്കിട വീതിയും നാലുമുഴം നീളവുമുള്ള വസ്ത്രശകലത്തിനു സ്ഥാനഭ്രംശം സംഭവിച്ചു കണ്ഠത്തിലായാൽ നാറും! [1] "ദയയും വിശ്വസ്തതയും നിന്നെ വിട്ടുപോകരുത്; അവയെ നിന്റെ കഴുത്തിൽ കെട്ടികൊൾക."

ഇന്ന് പലരും ഇന്റർനെറ്റിൽ കൂടിയാണ് ദൈവാരാധനയിൽ പങ്കുകൊള്ളുന്നത്. ബാൽക്കണിയിലോ ബെഡ്റൂമിലോ വേണ്ടിവന്നാൽ ബാത്ത്റൂമിലോ ഇരുന്നുകൊണ്ട് സഭാരാധനയിൽ പങ്കെടുത്ത് ആത്മീയ വർദ്ധനവു ഉണ്ടാക്കാമെന്ന ലാഘവബുദ്ധിക്കൊപ്പം ആരാധനയോടുള്ള അവഗണയും! സമയം കിട്ടുമ്പോഴൊക്കെ കുറെയധികം Praise the Lord, Glory to God എന്നിത്യാദി വാഴ്വുകൾ കൂടി ചൊല്ലി മെമ്മറിയിൽ സേവ് ചെയ്താൽ നാം സ്വതന്ത്രരാവുമല്ലോ! സ്വർഗ്ഗത്തിലെ സ്തോത്രങ്ങളുടെ ദൗർലഭ്യമനുസരിച്ച് ആവശ്യാനുസരണം തമ്പുരാൻ ഡൗൺലോഡ് ചെയ്തു കേട്ട് സ്വയം മഹത്വപ്പെടുത്തിക്കൊള്ളട്ടെ! ആരാധനകളും അവയുടെ അർത്ഥങ്ങളും രീതികളും ഭാവങ്ങളും എല്ലാം മാറിവരികയാണ്. സഭയുടെ ദൗത്യവും ദർശനവും ഒന്നോടെ തകിടം മറിയുന്നു. കാലക്രമേണ സഭാഹാൾ കാലിയാവുന്നു എങ്കിൽ ദൈവദാസന്മാർ അവരവരുടെ ഭവനത്തിലിരുന്നു "വിക്ഷേപണം" നടത്തിയാൽ മതിയല്ലോ! ഒരു പ്രത്യേക പ്രദേശത്തിനൊ കൂട്ടത്തിനൊ ആത്മീയ വർദ്ധനവ് ഉണ്ടാവണമെന്നുണ്ടെങ്കിൽ ദൂതിന്റെയും അഭിഷേകത്തിന്റെയും ആത്മീ

യാണുക്കൾ കുത്തിനിറച്ച ആത്മീയ ബോംബുകളോ അഭിഷേകമിസൈലുകളൊ വർഷിച്ചാൽ മതിയാവും! ഞൊടിയിടയിൽ ആ പ്രദേശമാകെ ആത്മാവിലാവും! ഈ വക ആത്മീയ രാസായുധങ്ങളുടെ വിക്ഷേപണ കേന്ദ്രങ്ങളായി നമ്മുടെ സഭകൾ മാറുമൊ? ഉത്തേജകമരുന്നുകൾ പോലെ വിവിധയിനം അഭിഷേകം കുപ്പികളിലടച്ചും ഗുളികരൂപത്തിലും വിപണിയിൽ ലഭ്യമാകുമൊ? ആത്മീയ വിധിപ്രകാരം ധാരയും, ഉഴിച്ചിലും, പിഴിച്ചിലുമൊക്കെ രംഗപ്രവേശം ചെയ്യുമൊ? ആത്മീയ വന്ധ്യതയും അഭിഷേകത്തളർച്ചയും അകറ്റുന്ന ദിവ്യ ഔഷധങ്ങൾ ഇനിയും കണ്ടുപിടിക്കപ്പെടുമോ? ഇന്ന് T-shirt-ൽ കൂടി യേശുവിനെ ധരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾ നാളെ Pitza-യും Burger-റും പോലെ യേശുവിനെ "തിന്നാതെയിരിക്കട്ടെ" 2012 വർഷങ്ങൾക്കു മുമ്പ് ഗോൽഗോഥയിൽ നിന്നും അപേക്ഷയുടെ സ്വരത്തിൽ ഒരു കൽപ്പനപുറപ്പെട്ടു. [1] "നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ."

നഗരങ്ങളിൽ പല സഭകളുടെയും അംഗബലം കേരളമുൾപ്പെടെയുള്ള മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്നിട്ടുള്ള വിദ്യാർത്ഥികളാണ്. അതിൽ ഭൂരിപക്ഷം വരുന്ന നേഴ്സിങ്ങ് കുട്ടികൾ എത്തിയില്ലെങ്കിൽ മിക്ക സഭകളും പൂരം കഴിഞ്ഞ അമ്പലപ്പറമ്പുപോലെയാണ്. അങ്ങിങ്ങായി ഏതാനും  പെട്ടിക്കടകളും, കുടമാറ്റത്തിന്റെ അഭിമാനമെന്നോണം ഇടയ്ക്കിടെ ഈച്ചകൾ പൊതിഞ്ഞ് ഉരുണ്ടു കിടക്കുന്ന ആനപ്പിണ്ടങ്ങളും, വെളുപ്പാൻ കാലത്ത് അമ്പലപ്പറമ്പും പ്രാന്തപ്രദേശങ്ങളും ഒന്നോടെ വിറപ്പിച്ച കമ്പവെടിക്കെട്ടിന്റെ ബാക്കി പത്രമായി അവിടവിടെ കേൾക്കുന്ന ഓലപ്പടക്കത്തിന്റെ അടക്കിപ്പിടിച്ച പൊട്ടലും ചീറ്റലും മാത്രം. "പൂരക്കൊഴുപ്പിന്" അയൽസഭയിലെ ദൈവദാസന്റെ കാൽചുവട്ടിൽ നിന്നുപോലും മണലൂറ്റും പോലെ ആത്മക്കുഞ്ഞുങ്ങളെ വാഹനത്തിൽ കടത്തി സ്വന്തം കൈക്കീഴിലാക്കാൻ പോലും ശങ്കയില്ല. ആരാധന ശേഷം മൃഷ്ടാന്ന ഭോജനവും! സ്വന്ത നാട് വിട്ട് അന്യ സംസ്ഥാനങ്ങളിലും നഗരങ്ങളിലും വിദ്യാഭ്യാസാർത്ഥമോ, ജോലി സംബന്ധമായോ ചേക്കേറിയവർക്ക് ആരാധനാ സൗകര്യങ്ങൾ ബന്ധപ്പെട്ട സഭകൾ ഒരുക്കേണ്ടാ എന്നല്ല ഇതിനർത്ഥം. നമ്മുടെ ചെയ്തികൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ചെറിയ സഭകളെ ഞെരുക്കും വിധമോ അവ നടത്തിക്കൊണ്ടു കപടമില്ലാതെ ദൈവത്തെ സേവിക്കുന്ന ദൈവദാസന്മാർക്ക് വേദനയുളവാക്കുന്ന രീതിയിലോ ആവരുത് എന്നു ചുരുക്കം. ദൈവം നമുക്ക് തന്നിട്ടുള്ള അനേകമായ അനുഗ്രഹങ്ങൾ മറ്റുള്ളവർക്ക് നാം അറിഞ്ഞു

കൊണ്ടു ശാപമാകരുത്. ഒരിക്കൽ സത്യദൈവത്തെ അറിഞ്ഞ ജനത്തെ സ്വന്ത സഭയിലേക്ക് വിവിധ വഴിവിട്ട സൗകര്യങ്ങളൊരുക്കി മത്സര ബുദ്ധിയോടെ ആകർഷിക്കുന്ന ആത്മീയ കപടത ഉപകേഷിക്കണം. ജീവനുള്ള ദൈവത്തെ അറിയാത്ത തൊണ്ണൂറു ശതമാനത്തിന്റെ വിധി എന്താകും എന്ന ആത്മഭാരമുണ്ടാകട്ടെ.

"കുട്ടിയെ തട്ടിക്കൊണ്ടുപോയി", "യുവതിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ചു" എന്നിത്യാദി നിരവധി പത്രവാർത്തകൾ കാണുന്ന നാം സമീപ ഭാവിയിൽ "ഞായറാഴ്ച ബസ്റ്റോപ്പിൽ ബസ്സ് കാത്തു നിന്ന യുവതിയെ പാസ്റ്ററുടെ നേതൃത്വത്തിൽ വന്ന നാലംഗ സംഘം വാഹനത്തിൽ തട്ടിക്കൊണ്ടുപോയി ആരാധിപ്പിച്ചു" എന്ന വാർത്ത കണ്ടാലും ഭയപ്പെടേണ്ടതില്ല! കാരണം അവസാന നാളുകളിൽ ഇതിലധികവും സംഭവിക്കേണ്ടിയിരിക്കുന്നുവെന്ന് വേദപുസ്തകം പറയുന്നു. ഭരണതലത്തിൽ അവിശ്വാസ പ്രമേയവും വോട്ടെടുപ്പും നിത്യ സംഭവമായിരിക്കെ എം.എൽ.എ.മാരെ തട്ടിക്കൊണ്ടുപോയി നിഗൂഢതാവളങ്ങളിൽ സർവ്വസൗകര്യങ്ങളോടെ രഹസ്യമായി പാർപ്പിക്കും പോലെ ഞായറാഴ്ച ആരാധന മുന്നിൽ കണ്ട് ശനിയാഴ്ച തന്നെ ആത്മീയ കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടുപോയി രഹസ്യ സങ്കേതങ്ങളിലൊളിപ്പിച്ച് ഒരുക്കിയെടുത്താൽ അത്ഭുതപ്പെടേണ്ടതില്ല! അന്ത്യനാളിൽ സംഭവിപ്പാനുള്ളതോർക്കുമ്പോൾ ഇതേതുമില്ലല്ലോ! നഗ്നരെന്നു ബോധമുണ്ടായപ്പോൾ ആദിമ മാതാപിതാക്കളായ ആദമിനും ഹവ്വയ്ക്കും തോന്നിയ ലജ്ജ കാലപ്പഴക്കം കൊണ്ട് ഇന്നു കുറഞ്ഞുപോയെങ്കിലും ഉള്ളതിൽ തൃപ്തിപ്പെട്ട് സ്വയം നാണം തോന്നി മനസ്താപമുണ്ടാകട്ടെ. മാറാപ്പിൽ പലതുമൊളിപ്പിച്ച് എങ്ങനെ യേശുവിനെ വെളിപ്പെടുത്തും? "നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യനാക്കുന്ന" പരീശതന്ത്രം!

[1] "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റിനടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു."

14

# പിതാക്കന്മാരുടെ മരണം- ഒരു തിരിഞ്ഞുനോട്ടം

വേദപുസ്തകത്തിൽ ആദിമുതൽ സംഭവിച്ചിരിക്കുന്ന മരണരംഗങ്ങളിലൂടെ ഒരോട്ട പ്രദക്ഷിണം നടത്താം. നമ്മുടെ പൂർവ്വികർ എങ്ങനെ മരണത്തെ വരിച്ചു എന്ന് മനസ്സിലാക്കുന്നത് നന്നല്ലേ? മനുഷ്യസൃഷ്ടിക്കു ശേഷം ആദ്യം നടന്ന മരണം ഒരു കൊലപാതകമായിരുന്നു എന്നു നാം മനസ്സിലാക്കുന്നു. ആദിമ മാതാപിതാക്കളായ ആദം, ഹവ്വ ദമ്പതികളുടെ സീമന്തപുത്രൻ 'കയീൻ' തന്റെ അനുജൻ 'ഹാബേലി'നെ വധിക്കുന്നു. കൊലപാതകവേഷമണിഞ്ഞ് മരണം ഭൂമിയിലേക്കു കടന്നു വന്നു. നിർമ്മൂലനാശം, അന്ത്യം കുറിക്കുക, ഹത്യ, ജീവനെ എടുത്തു കളക, കൊല ചെയ്യുക എന്നിത്യാദി ഏതൊക്കെ വാക്കുകളിൽ വർണ്ണിച്ചാലും മരണമെന്ന അവസാന അവസ്ഥയിൽ അതെത്തിച്ചേരുന്നു. സ്വാഭാവികമരണമോ, പ്രായാധിക്യ മരണമോ, രോഗം മൂലം മരണമോ, അപകടമരണമോ, കൊലപാതകമോ, ആത്മഹത്യയോ എന്തുമാകട്ടെ അവയെല്ലാം Ways of death അഥവാ മരണമെന്ന യാഥാർത്ഥ്യത്തിലേക്കുള്ള വിവിധ വഴികൾ മാത്രം. കണ്ടാലറയ്ക്കുകയോ, കേട്ടാൽ പരിഭ്രമിക്കുകയോ ചെയ്യുന്ന മരണരീതികളൊന്നും തന്നെ അവന്റെ ആത്മാവിന്റെ പിന്നീടുള്ള അവസ്ഥയ്ക്ക് വിധിപറയുന്നില്ല. അതിനീചമായ ക്രൂശുമരണമാണ് കർത്താവു നമുക്കുവേണ്ടി വരിച്ചത് എന്നോർക്കുക!

വേദപുസ്തകത്തിൽ ഉല്പത്തിയുടെ ആദ്യ ഭാഗങ്ങൾ വായിക്കുന്ന ഏതൊരു വ്യക്തിക്കും ഹാബേലിന്റെ മരണത്തിനു മുമ്പ് ഒരു മരണമുണ്ടായിട്ടില്ലേയെന്ന് ന്യായമായും സംശയിക്കാം. വിലക്കപ്പെട്ട കനി ഭക്ഷിച്ചതു മൂലം അനുസരണക്കേടു കാട്ടിയ ആദമിന്റെയും ഹവ്വയുടേയും കണ്ണുതുറന്നതായും തങ്ങൾ നഗ്നരെന്നു തിരിച്ചറിഞ്ഞ നിമിഷം അത്തിയിലകൂട്ടിത്തുന്നി അരയാട ഉണ്ടാക്കി എന്നും, വെയിലാറിയ സമയത്ത് തോട്ടത്തിൽ ഉലാത്തിയ ദൈവം അവരുടെ അവസ്ഥകണ്ട് [1] "തോൽ കൊണ്ട്" ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു എന്നും നാം വായിക്കുന്നു. സ്വാഭാവികമായും തോൽ എടുക്കുവാൻ ഒരു മൃഗത്തെ അല്ലെങ്കിൽ ഒരു കുഞ്ഞാടിനെ കൊല്ലേണ്ടതായി വന്നില്ലേ എന്നു നമുക്കു തോന്നാം. സഹസ്രാബ്ദങ്ങൾക്കു ശേഷം മനുഷ്യരാശിയുടെ രക്ഷയ്ക്കായി യാഗമായി

ത്തീർന്ന കുഞ്ഞാടായ യേശുവിന്റെ മരണത്തിന്റെ നിഴലായി ഇതിനെ ചിലരെങ്കിലും വ്യാഖ്യാനിച്ചു കേട്ടിട്ടുണ്ട്. അങ്ങനെയൊരു ചിന്തയ്ക്ക് വേദപുസ്തകാടിസ്ഥാനത്തിൽ എത്രമാത്രം പ്രസക്തി യുണ്ടെന്ന് നിങ്ങൾ തന്നെ വിലയിരുത്തിക്കൊൾക. 'തോൽ' എന്നു മലയാളത്തിലും 'skin' എന്ന് ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തിയ വേദപുസ്തകത്തിലെ പ്രസക്ത ഭാഗത്തിന്റെ മൂല കൃതിയിൽ എന്താണ് എഴുതിയിരിക്കുന്നതെന്ന കാര്യത്തിൽ ഞാൻ അജ്ഞ നാണ്. തോൽ എന്ന വാക്കുകൊണ്ട് മരത്തോൽ അഥവാ മരവു രിയും ഉദ്ദേശിക്കാമെന്ന് ഒരുവൻ വാദിച്ചാൽ അതും അസ്ഥാനത്താ കയില്ല. ഒരു മരണം ഒഴിവാക്കുവാൻ ഒരു മരത്തോലും ആവാമല്ലോ?!

എന്നാൽ "മനുഷ്യനൊരു ഗാഢനിദ്ര വരുത്തി, അവനുറങ്ങിയ പ്പോൾ അവന്റെ വാരിയെല്ലുകളിലൊന്നെടുത്ത് അതിനു പകരം മാംസം പിടിപ്പിച്ച" ദൈവത്താൽ അസാദ്ധ്യമെന്ത്! സാധാരണ പോലെ ഉറക്കമുണർന്ന ആദം തന്നോടു ചേർന്നിരിക്കുന്ന ഇണയും തുണയുമായവൾ "എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസ ത്തിൽ നിന്നും മാംസവും" ആണെന്ന് തിരിച്ചറിഞ്ഞ നിമിഷം വേദന സഹിക്കാനാവാതെ നിലവിളിച്ചു കരഞ്ഞില്ല. മനുഷ്യനെ വേദനി പ്പിക്കാതെ നിദ്ര എന്ന അനസ്തേ്യഷ്യ കൊടുത്ത് അവനെ കീറിമു റിച്ച് വാരിയെല്ലുകളിലൊന്നെടുത്ത് അവിടെ മാസം വെച്ചു പിടി പ്പിച്ച ദൈവത്തിനു വേണ്ടിവന്നാൽ ഒരു കുഞ്ഞാട് തോട്ടത്തിൽ മേഞ്ഞുകൊണ്ടു നില്ക്കുമ്പോൾ വസ്ത്രം ഉരിയും പോലെ അതിന്റെ തോൽ ഊരിയെടുത്ത് മറ്റൊരുതോൽ അതിന്റെ ശരീരത്ത് പിടി പ്പിച്ചു കൂടെ? ചുരുക്കത്തിൽ തോൽകൊണ്ട് ഉടയാട ഉണ്ടാക്കി എന്ന തിനാൽ അതൊരു കുഞ്ഞാടിന്റെ തോൽ ആയിരുന്നുവെന്നോ തോൽ മാറ്റ ശസ്ത്രക്രിയയ്ക്കിടെ കുഞ്ഞാടു മരണപ്പെട്ടു എന്നോ വിശ്വസിക്കത്തക്ക യാതൊരു തെളിവും വേദപുസ്തകത്തിലുള്ള തായി മനസ്സിലാക്കുന്നില്ല. ഇനിയും അങ്ങനെയൊന്നു സംഭവിച്ചാൽ തന്നെ ജീവശ്വാസം ഊതപ്പെട്ടതിനാൽ ദൈവത്തിന്റെ ആത്മാവിന്റെ ഭാഗമായിത്തീർന്ന നരന്റെ മരണത്തെക്കുറിച്ചാണല്ലോ നാം ചിന്തി ക്കുന്നത്. അതുകൊണ്ട് വചനപ്രകാരം മരണം സംഭവിച്ച ആദ്യമനുഷ്യൻ ഹാബേൽ ആണ്.

[1] "... എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരം ആകും." എന്ന യഹോവയായ ദൈവത്തിന്റെ അരുളപ്പാടിന്റെ നിവർത്തീക രണം ജലപ്രളയത്തിനു ശേഷം കാണായ്വന്നു. ആദം 930 വർഷ ങ്ങൾ ജീവിച്ചിരുന്നപ്പോൾ നോഹ 950 പൂർത്തീകരിച്ചു. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷം അബ്രഹാമിന്റെ വിളിയോടു

കൂടി അരുളപ്പാടു നിവർത്തീകരിക്കപ്പെട്ടു തുടങ്ങി. അബ്രഹാം 175 വയസ്സു ജീവിച്ചിരുന്നപ്പോൾ യിസഹാക്ക് 180 തികച്ചു. യോസേഫ് 110 വയസ്സുള്ളവനായി മരിച്ചു. എന്നാൽ യഹോവയുടെ അരുളപ്പാട് കൃത്യമായി നിറവേറിക്കൊണ്ട് മോശ 120-ാം വയസ്സിൽതന്നെ പ്രാണനെ വിട്ടു. എന്നാൽ 110-ാമത്തെ വയസ്സിൽ യോശുവ മരിച്ചു. ക്രമേണ ഏറിയാൽ 80 എന്ന പരിശുദ്ധാത്മ വെളിപ്പെടുത്തലിൽ നാം എത്തി നില്ക്കുന്നു.

ഈ കാലഘട്ടങ്ങളെ അഥവാ യുഗങ്ങളെ ന്യായമായും മൂന്നു യുഗങ്ങളായി തിരിച്ച് പിതാക്കന്മാരുടെ മരണങ്ങളെ പരിശോധിക്കുന്നത് സൗകര്യപ്രദമായിരിക്കും. പഴയനിയമകാലത്തെ പൂർവ്വപിതാക്കന്മാരുടെ മരണവും പുതിയനിയമ കാലഘട്ടത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ നമ്മെ വിട്ടുകടന്നുപോയ അപ്പോസ്തലന്മാരുടെയും ദൈവദാസന്മാരുടെയും വേർപാടുകളും താരതമ്യപ്പെടുത്തി നോക്കിയാൽ ഒരു യാഥാർത്ഥ്യം വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ന്യായാധിപന്മാർക്ക് തൊട്ടുമുമ്പ് യോശുവയുടെ മരണം വരെ എല്ലാവരും "മരിച്ച് തന്റെ പിതാക്കന്മാരോട്/ ജനത്തോടു ചേർന്നു" എന്നു പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നത് പ്രിയ വായനക്കാർ ശ്രദ്ധിക്കണം. അവസാനമായി [1] "പിന്നെ ആ തലമുറ ഒക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു" എന്ന് വചനം എടുത്തു പറയുന്നു. ഇംഗ്ലീഷ് പരിഭാഷ പ്രകാരം "gathered to his people" എന്നാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. gather എന്ന വാക്കിന്റെ അർത്ഥം സന്ദർഭോചിതമായി; ശേഖരിക്കുക, വിളിച്ചുകൂട്ടുക, സമ്മേളിക്കുക എന്നിരിക്കെ, പരിഭാഷ, old english-ൽ ആയതിനാൽ "to take someone into your arms and hold them inorder to protect them or show them love" എന്ന അർത്ഥമെടുക്കുന്നതാണ് കൂടുതൽ ശരി. ചുരുക്കത്തിൽ യോശുവ വരെയുള്ള പൂർവ്വപിതാക്കളുടെ ആത്മാക്കൾ മരണശേഷം അവരുടെ പിതാക്കന്മാരുടെ ആത്മാക്കളുമായി സമ്മേളിച്ചു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. കൂടാതെ ഈ തലമുറ ഒക്കെയും ന്യായപ്രമാണത്തിനു മുമ്പുള്ള അലിഖിത പ്രമാണയുഗത്തിൽ അഥവാ മനഃസ്സാക്ഷിയുഗത്തിൽ ജനിക്കുകയും, ജീവിക്കുകയും മരിക്കുകയും ചെയ്തവരാണ് എന്ന വസ്തുത പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതാണ്.

എന്നാൽ മോശയിൽക്കൂടി നല്കപ്പെട്ട ന്യായപ്രമാണത്തിനു വിധേയരായ ഒരു ജനതയെ പിന്നീടു നമുക്കു കാണുവാൻ സാധിക്കും. അതിനു മുമ്പുതന്നെ അബ്രഹാമിന്റെ തെരഞ്ഞെടുപ്പു സംഭവിച്ചു എങ്കിലും എഴുതപ്പെട്ട കല്പനകളും, പ്രമാണങ്ങളും, നിയമ

ങ്ങളും ലഭിക്കുന്നത് മരുഭൂയാത്രയ്ക്കിടയിൽ യിസ്രായേൽ ജനനായകനായിരുന്ന മോശയിൽക്കൂടി ആയിരുന്നുവല്ലോ. പുത്രനായ ദൈവം ജഡരൂപത്തിൽ ഭൂമിയിൽ ഇറങ്ങി വന്ന് ഒരു പുതിയനിയമ കാലഘട്ടപ്പിറവി ഉടലെടുക്കുന്നതുവരെയുള്ള ന്യായപ്രമാണയുഗത്തിൽ ജനിച്ചവരും മരിച്ചവരും ന്യായപ്രമാണത്തിൻ കീഴായിരുന്നു. അങ്ങനെ ന്യായപ്രമാണത്തിൻ കീഴായിരുന്ന ന്യായാധിപന്മാർ തുടങ്ങി രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരുടെ മരണത്തെക്കുറിച്ചു പറയുമ്പോൾ അലിഖിത പ്രമാണയുഗ മരണങ്ങളിൽ പ്രയോഗിച്ചിരുന്ന ഭാഷാശൈലിയല്ല, വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അവർ "മരിച്ചു", "പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു" എന്നാണ് എഴുതിയിരിക്കുന്നത്. പ്രാണനെവിട്ടു, മരിച്ചടക്കപ്പെട്ടു, പിതാക്കന്മാരെപ്പോലെ നിദ്രകൊള്ളുന്നു, എന്നീ ഭാഷശൈലികളെ ഇംഗ്ലീഷ് പരിഭാഷയിലെ "rested with his fathers", "Slept with his fathers" എന്ന ഭാഷാ പ്രയോഗം അല്പം കൂടി വിശദീകരിക്കുന്നു. at rest എന്നാൽ an expression meaning dead lie buried - 'Rest in peace' എന്നു കല്ലറകളിൽ എഴുതി വെയ്ക്കാറുള്ള തോർക്കുക. ആദ്യത്തേത് പിതാക്കന്മാരോടൊപ്പം അന്ത്യവിശ്രമം കൊള്ളുന്നു, സ്വസ്ഥതനേടി, ശാന്തിനേടി, എന്നീ അർത്ഥങ്ങൾ കുറിക്കുമ്പോൾ, രണ്ടാമത്തേത് അവരോടൊപ്പം നിദ്രകൊള്ളുന്നു അഥവാ ഉറങ്ങിക്കിടക്കുന്നു എന്ന് മനസ്സിലാക്കാം. ദാവീദ് തന്റെ മകൻ ശലോമോനോടു പറഞ്ഞതുപോലെ "അവരെല്ലാം സകല ഭൂവാസികളുടെയും വഴിയായി പോയി" അഥവാ എല്ലാവരുടെയും അവസാനമായ മരണത്തിനു കീഴടങ്ങി എന്നല്ലാതെ ആദ്യയുഗത്തിലെപ്പോലെയുള്ള ഒരൊത്തുചേരൽ അവർക്കു സംഭവിച്ചിരുന്നോ എന്ന് പ്രിയ വായനക്കാർ ചിന്തിക്കുക. ജനത്തോടു ചേർന്നു, മരിച്ചു, എന്നീ ഭാഷാ പ്രയോഗങ്ങൾ, പരിഭാഷ ചെയ്തവർ മനഃപൂർവ്വമായിത്തന്നെ ഉപയോഗിച്ച് ഈ രണ്ടു യുഗങ്ങളിലെയും മരണശേഷമുള്ള ആത്മാക്കളുടെ അവസ്ഥകളെ വ്യത്യാസപ്പെടുത്തി കാട്ടുകയായിരുന്നില്ലേ?

എന്നാൽ പുതിയനിയമ കാലഘട്ടത്തിന്റെ ആവിർഭാവത്തോടുകൂടി ഇതാ തികച്ചും വ്യത്യസ്ഥമായ മറ്റൊരു ഭാഷാ ശൈലി വചനത്തിൽ കടന്നുകൂടിയിരിക്കുന്നു. നിന്നിൽക്കൂടി ഭൂലോകത്തിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു ആദ്യകാലഘട്ടത്തിൽ ജീവിച്ചു മരിച്ച അബ്രഹാമിനോടുള്ള യഹോവയായ ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തി, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ തിരുപ്പിറവിയോടുകൂടി പുതിയ നിയമ കാലഘട്ടത്തിൽ

അഥവാ കൃപായുഗത്തിൽ സാർവ്വലൗകിക രക്ഷാ പദ്ധതിയായി വെളിപ്പെട്ടുവന്നിരിക്കുകയാണ്. ഇതു കൃപായുഗമാണ്. [1] "അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു." ന്യായപ്രമാണത്തിന്റെ കാലഘട്ടം അവസാനിച്ചു. മോശയിൽക്കൂടി ലഭിച്ച ന്യായപ്രമാണങ്ങൾക്കും നിയമങ്ങൾക്കും യിസ്രയേൽ ജനത്തിന്റെ തന്നെ രക്ഷാകര പദ്ധതി പൂർത്തീകരിക്കാനായില്ല. പാപം ഏറിക്കൊണ്ടേയിരുന്ന അവസ്ഥയിൽ മറ്റൊരു പദ്ധതി അനിവാര്യമായിത്തീർന്നു.

യോഹന്നാൻ സ്നാപകൻ യഹൂദ്യയുടെ പ്രാന്തപ്രദേശങ്ങളിൽ സാക്ഷീകരിച്ചു വിളിച്ചു പറഞ്ഞു [2] "ന്യായപ്രമാണം മോശ മുഖാന്തിരം ലഭിച്ചു. കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു." പൂർവ്വപിതാക്കന്മാരിൽ ഒട്ടുമിക്കവരും അവനെ അറിഞ്ഞില്ല; അറിഞ്ഞവർ ഗ്രഹിച്ചതുമില്ല. കാലത്തികവിങ്കൽ ജഡമായിത്തീരേണ്ട വചനത്തിന്റെ നിഴൽ തിരുവെഴുത്തുകളിൽ മറഞ്ഞു കിടന്നത് ഭൂരിപക്ഷത്തിനും വെളിപ്പെട്ടു കിട്ടിയതുമില്ല. [3] "ഞാനോ അവനെ അറിഞ്ഞില്ല" എന്ന് യോർദ്ദാൻ കരയിൽ നിന്നുകൊണ്ട് യോഹന്നാൻ സ്നാപകൻ ആവർത്തിച്ചു വിലപിക്കുന്നു. [4] "...സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവെ നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു." ഈ സത്യം ഭോഷന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തപ്പോൾ ഫിലിപ്പോസ് നഥാനിയേലിനോട് വിളിച്ചു പറയുന്നു, [5] "ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു." പിതാക്കന്മാർക്കു നീതീകരണത്തിനായി ലഭിച്ചത് മോശയിൽക്കൂടി ലഭിച്ച ന്യായപ്രമാണമായിരുന്നു എങ്കിൽ, ഇവിടെ ഇതാ, [6] "വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു." വ്യർത്ഥമായതു പലതും ചെയ്തുകൂട്ടി, പാപത്തിന്മേൽ പാപവും അകൃത്യങ്ങൾക്കു മേൽ അകൃത്യവും കുന്നുപോലെ കൂട്ടി, അവർ പലരും നീതീകരിക്കപ്പെടാതെ കടന്നുപോയി. പൗലൊസ് അപ്പൊസ്തലൻ ന്യായപ്രമാണത്തെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നു. [7] "അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും."

യേശു പറഞ്ഞു [8] "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു." ന്യായപ്രമാണത്തിന്റെ അർത്ഥ ശൂന്യമായ ആചാരങ്ങളിൽ നിന്നും പ്രവൃത്തികളിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ഒരു വഴി വെളിപ്പെടുത്തിത്തരുന്നു. വിശ്വാസത്തിന്റെ വഴി. അബ്രഹാമിന്റെ അന്ധമായ വിശ്വാസം ന്യായപ്രമാണത്തിനു മുമ്പും നീതി

യായി കണക്കിട്ടുവെങ്കിൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിത്യജീവങ്കലേക്കുള്ള പുതുവഴി തുറക്കപ്പെടുന്നു. [1]"പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്." [2] "ഞാൻ ജീവന്റെ അപ്പമാകുന്നു; ...എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കയുമില്ല" യേശു ശമര്യസ്ത്രീയോടു പറയുന്നു. [3] "ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും."

അബ്രഹാമിനോടു ദൈവം അരുളിച്ചെയ്തത് അറിഞ്ഞിരിക്ക. [4] "ഞാൻ നിന്നെ വലിയ ഒരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും. നീ ഒരനുഗ്രഹം ആയിരിക്കും... നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." ഈ വാക്യങ്ങളുടെ ഒന്നാം പകുതിയിൽ അബ്രഹാമിനും അവന്റെ സന്തതികളായ യിസ്രായേൽ ജനതയ്ക്കും വാഗ്ദത്തം ചെയ്യപ്പെട്ട ഭൗതിക അനുഗ്രഹങ്ങൾ ആണു വെളിപ്പെടുത്തിയിരിക്കുന്നത്. "കന്നുകാലി, വെള്ളി, പൊന്ന്," ഈ വകയിൽ അബ്രഹാം ബഹു സമ്പന്നനായിരുന്നു. ലോത്തിനും അബ്രഹാമിനും സമ്പത്തിന്റെ ബാഹുല്യം നിമിത്തം ഒത്തൊരുമിച്ചു ജീവിക്കാൻ സാധിച്ചില്ല. [5] "സമ്പത്തു വളരെയുണ്ടായിരുന്നതുകൊണ്ട് അവർക്ക് ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല." അരുളപ്പാടിന്റെ ഒരു നീണ്ടനിരതന്നെ ഇവിടെ കാണാം. [6] "നീ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായിത്തരും. ഞാൻ നിന്റെ സന്തതിയെ... ഞാനതു നിനക്കു തരും." [7] ബഹുജാതികൾക്കു പിതാവാകേണ്ട അബ്രാമിന്റെ പേരുപോലും യഹോവയായ ദൈവം "അബ്രഹാം" എന്നാക്കുന്നു. "നീ ബഹുജാതികൾക്കു പിതാവാകും... നിന്റെ പേർ അബ്രഹാം എന്നിരിക്കേണം.. അനേക ജാതികളാക്കും. നിന്നിൽ നിന്ന് രാജാക്കന്മാരും ഉത്ഭവിക്കും" Material Blessings ന്റെ ഒരു നീണ്ട നിരതന്നെ ഇവിടെ കാണാം.

എന്നാൽ, രണ്ടാം പകുതിയിൽ, "നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്ന അരുളപ്പാടിൽ സകല ഭൂവാസികളുടെയും യേശുക്രിസ്തുവിൽക്കൂടിയുള്ള രക്ഷാദാനവും ആത്മീയ അനുഗ്രഹങ്ങളും പ്രത്യാശയും മറഞ്ഞു കിടന്നിരുന്നത് പുതിയ നിയമ കാലഘട്ടത്തിൽ നമുക്ക് അനായാസേന ഗ്രഹിക്കുവാൻ സാധിക്കുന്നു. ഇന്ന് ഇവരണ്ടും കൂടി ചക്ക കുഴക്കും പോലെ കൂട്ടിക്കുഴച്ചു, ആദ്യഭാഗത്തിനു അർഹമല്ലാത്ത പ്രാധാന്യം നൽകി പുതിയ തലമുറയെ വഴിതെറ്റിക്കുന്ന പ്രവണത ശുശ്രൂഷയിൽ കടന്നുകൂടിയിരിക്കുന്നു.

''ഊരി''ൽ നിന്നുമുള്ള അബ്രഹാമിന്റെ തെരഞ്ഞെടുപ്പ്

യേശുക്രിസ്തുവിൽക്കൂടിയുള്ള ദൈവത്തിന്റെ സാർവ്വലൗകിക രക്ഷാകരപദ്ധതിയുടെ തുടക്കമായിരുന്നു എങ്കിൽ, ആ തുടക്കത്തിന്റെ ആദ്യപടി അബ്രഹാമിൽക്കൂടിയും അവന്റെ സന്തതികളിൽക്കൂടിയും ഒരു വിശുദ്ധജനതയെ വാർത്തെടുക്കുക എന്നതായിരുന്നു. ആ രക്ഷാ നടപടിയുടെ പൂർത്തീകരണമായ ദൈവപുത്രന്റെ പിറവിയോടെയും തദ്വാര ഒരു പുതിയ നിയമ ആവിർഭാവത്തോടുകൂടിയും അത് നിവർത്തിക്കപ്പെട്ടു. അബ്രഹാമിനോ, അവന്റെ സന്തതികൾക്കോ, ന്യായാധിപന്മാർക്കോ, രാജാക്കന്മാർക്കോ, ചക്രവർത്തിമാർക്കോ, പ്രവാചകന്മാർക്കോ ആർക്കും തന്നെ സകലഭൂവാസികളുടെയും രക്ഷാദൗത്യത്തിൽ പ്രത്യക്ഷമായ യാതൊരു പങ്കും ഇല്ലായിരുന്നു എന്ന് മനസ്സിലാക്കാം. "രക്ഷ യേശുക്രിസ്തുവിൽക്കൂടി മാത്രം." ദൈവം തിരഞ്ഞെടുത്തവരൊ, ദൈവീക പദ്ധതിപ്രകാരം ജന്മാവകാശ മുള്ളവരോ, പേരെടുത്തു പറഞ്ഞിട്ടുള്ളവരോ, അല്ലാത്തവരോ ആയ അനേകം പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ച് ആൾബലം കൊണ്ടും, യുദ്ധം ചെയ്ത് പ്രദേശങ്ങൾ വെട്ടി പ്പിടിച്ച് ആസ്തി കൊണ്ടും, അതുല്യമായ ഒരു ജനതയെ ദൈവം വാർത്തെടുക്കുകയായിരുന്നു. കാലസമ്പൂർണ്ണതയിൽ രക്ഷകനായ ക്രിസ്തുവിന് മർത്യനായി പിറക്കാനുള്ള ഗർഭപാത്രവും ഇതേ വംശത്തിൽക്കൂടി ഒരുക്കിയെടുത്തു. മറിച്ച് അബ്രഹാമിന്റെ കടിപ്രദേശത്തുനിന്നുമുത്ഭവിച്ച ആരുടെയും ജനനത്തിൽ "ഇതാ സർവ്വലോകത്തിനുമുണ്ടാവാൻ പോകുന്ന ഒരു മഹാസന്തോഷം" എന്ന സദ്വർത്തമാനത്തിന്റെ അശരീരികൾ കേട്ടതായി വേദപുസ്തകം രേഖപ്പെടുത്തുന്നില്ല. സർവ്വലോകത്തിനും ലഭിക്കുവാൻ പോകുന്ന ആത്മീയ അനുഗ്രഹമായ യേശുവിനെ അവർ കണ്ടിരുന്നില്ല, അറിഞ്ഞിരുന്നതുമില്ല. ''തന്റെ പ്രഭാവം മറ്റൊരുത്തനും വിട്ടു കൊടുക്കാത്ത'' നമ്മുടെ ദൈവം മനുഷ്യരാശിക്കു നല്കുവാൻ ആത്മീയ അനുഗ്രഹങ്ങളെന്തെങ്കിലും നമ്മുടെ പിതാക്കന്മാരെ ഏല്പിച്ചതായി ഗ്രഹിക്കുവാൻ പ്രയാസമാണ്. ''യേശുക്രിസ്തുവിൽക്കൂടി നമുക്കു ലഭിച്ച അബ്രഹാമിന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ'' എന്ന് വാതോരാതെ പ്രസംഗിച്ചു കേൾക്കാറുണ്ട്. അബ്രഹാമിന്റെ ഏതു വഴിയുള്ള ഭൗതിക അനുഗ്രഹത്തിനാണ് ഒരു ഭാരതീയൻ ഓഹരിക്കാരനാകുന്നത്? അബ്രഹാമിന്റെ ഏത് ആത്മീയ അനുഗ്ര ഹമാണ് മനുഷ്യരാശിക്ക് ആത്മീയ രക്ഷ നൽകിയത്? മേലനങ്ങാതെ അപരന്റെ അനുഗ്രഹം സ്വയം അനുഭവിയ്ക്കാൻ തന്ത്രപൂർവ്വം

ആലോചിക്കുന്ന അവസ്ഥവരെ എത്തി നമ്മുടെ Prosperity Theology. അബ്രഹാം നമുക്ക് പിതാവായുണ്ടെന്നു പറഞ്ഞ് നാം ഊറ്റം കൊള്ളുന്നു. [1] ''ഈ കല്ലുകളിൽനിന്ന് അബ്രഹാമിനു സന്തതികളെ...'' എന്ന് യേശു പരിഹസിക്കുന്നു.

അബ്രഹാമിന്റെ വിശ്വാസം ''അവനാ''ണ് നീതിയായി കണക്കിട്ടത്. അവന്റെ സന്തതികൾക്കോ ശേഷം യെഹൂദന്മാർക്കോ, നമുക്കോ അല്ല. അബ്രഹാമിന്റെ വിശ്വാസത്താൽ അവന്റെ സന്തതികൾക്കു നീതീകരണം സംഭവിച്ചിരുന്നുവെങ്കിൽ മോശയിൽക്കൂടി ലഭിച്ച ന്യായപ്രമാണം വൃഥാവിലല്ലോ! ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു എങ്കിൽ ക്രിസ്തു ക്രൂശിക്കപ്പെട്ടത് പ്രയോജന രഹിതമത്രെ! [2] ''ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ.'' ''അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു...'' വാഗ്ദത്തം മൂലം അബ്രഹാം അനുഗ്രഹങ്ങൾക്കവകാശിയായി. ''അവകാശം... അബ്രഹാമിനോ ദൈവം അതു വാഗ്ദത്തം മൂലം നല്കി.'' നീണ്ട വർഷങ്ങൾക്കുശേഷം ഉണ്ടായ ന്യായപ്രമാണത്താൽ അബ്രഹാമിനോടുള്ള വാഗ്ദത്തങ്ങൾക്കു നീക്കമുണ്ടായില്ല. ''നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും'' എന്ന അബ്രഹാമിനോടുള്ള വാഗ്ദത്ത നിവർത്തി യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നമുക്കും ലഭ്യമാകുന്നു. [3] ''അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കും വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ.'' അങ്ങനെ വിശ്വാസത്താൽ നാം അബ്രഹാമിന്റെ മക്കൾ ആയിരിക്കയാലും ആത്മാവെന്ന വാഗ്ദത്തം ക്രിസ്തുവിലുള്ള വിശ്വാസത്താൽ നേടിയിരിക്കയാലും ''വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു.'' അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അതു ''നമുക്കു'' നീതിയായി കണക്കിട്ടു എന്നല്ലല്ലോ വചനം പറയുന്നത്. പ്രഭാഷണങ്ങൾ പലതും കേട്ടാൽ നമുക്കു നീതിക്കായി അബ്രഹാം മുൻകൂർ ജാമ്യമായി വിശ്വാസം ഏറ്റെടുത്തു എന്ന് തെറ്റിദ്ധരിച്ചു പോകും. അബ്രഹാമിന്റെ കാലത്ത് അന്ധമായ വിശ്വാസവും, മോശയുടെ കാലത്ത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയും മനുഷ്യന്റെ രക്ഷയ്ക്കെത്തി യെങ്കിൽ, പുതിയ നിയമ കാലഘട്ടത്തിൽ വിശ്വാസത്തോടുകൂടിയ പ്രവൃത്തി, അഥവാ പ്രവർത്തിയോടുകൂടിയ വിശ്വാസം ആണ് ആത്മരക്ഷയ്ക്കുതകുന്നത് എന്ന് നാം വിസ്മരിക്കരുത്. പുതിയ

നിയമ കാലഘട്ടത്തിൽ ഇവയ്ക്കു കൂടുതൽ ഊന്നൽ നല്കിയെങ്കിലും പണ്ടുതന്നെ ഇവ പരസ്പര പൂരകങ്ങളായിരുന്നു എന്ന് തിരുവചനം പറയുന്നു. [1] ''വ്യർത്ഥമനുഷ്യാ, പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് പ്രവർത്തിയാലല്ലോ നീതീകരിക്കപ്പെട്ടത്?'' "അവ്വണ്ണം രാഹാബ് എന്ന വേശ്യയും... പ്രവർത്തികളാലല്ലോ നീതീകരിക്കപ്പെട്ടത്? ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു."

അബ്രഹാമിന്റെ ഭൗതിക അനുഗ്രഹങ്ങളിൽ ഒരു ചില്ലിക്കാശു പോലും അദ്ദേഹത്തിന്റെ വിൽപ്പത്രത്തിൽ നമുക്കായി വക കൊള്ളിച്ചിട്ടില്ല! ഇന്നത്തെ Prosperity Theology വക്താക്കളുടെ പ്രസംഗങ്ങൾ കേട്ടാൽ അബ്രഹാമിന്റെ കന്നുകാലി, വെള്ളി, പൊന്ന് ഈ വകയുടെ നിയമാനുസൃത ഓഹരിക്കായി ലോകകോടതിയിൽ അപ്പീൽ സമർപ്പിച്ച് ഒന്നു പയറ്റിയാലോ എന്നു ചിന്തിച്ചുപോകും. അബ്രഹാമിന്റെ അനുഗ്രഹങ്ങൾക്ക് ഇക്കൂട്ടർ കൊടുക്കുന്ന അമിത ഭൗതിക മാനങ്ങൾ ദർശിക്കുന്ന ഒരുവന്റെ കൺമുമ്പിൽ കണ്ണെത്താ ദൂരത്തു പരന്നു കിടക്കുന്ന Real Estate, അന്തർ ദേശീയ തലത്തിൽ മേന്മ പുലർത്തുന്ന milk and dairy products, processed meat, വെള്ളി, പൊന്ന് എന്നിവയുടെ വമ്പിച്ച ഖനന വ്യാപാര ശൃംഘല, എന്നിത്യാദി കാര്യങ്ങളാണ് ഓടിയെത്തുക. യേശുക്രിസ്തുവിൽക്കൂടി വ്യക്തമായി വെളിപ്പെട്ടു കിട്ടിയ Spiritual blessings -ൽ നിന്നും ശ്രദ്ധയകറ്റി നശ്വരമായ Material blessings-ൽ ഊന്നൽ നൽകുവാൻ പ്രേരിപ്പിക്കുന്ന മാമ്മോന്റെ കുടലതന്ത്രം! ഉണക്കമീൻ കാണിച്ച് പൂച്ചയെ കളിപ്പിച്ചാൽ ഒരുനാൾ കടി ഉറപ്പ്!

അബ്രഹാം നമുക്ക് പിതാവായി ഉണ്ട് എന്ന് ഊറ്റം കൊണ്ടിട്ടോ, ഹാനോക്ക് എടുക്കപ്പെട്ടതോർത്ത് അഭിമാനിച്ചിട്ടോ, ഏലിയാവിനു ചുറ്റും അഗ്നിമയ രഥങ്ങൾ വന്നിറങ്ങിയതിൽ രോമാഞ്ചം കൊണ്ടിട്ടോ, പൂർവ്വ പിതാക്കന്മാരുടെ ആത്മാക്കൾ ഒന്നിച്ചു കൂടി പത്രസമ്മേളനം വിളിച്ചുകൂട്ടിയോ എന്നു ചിന്തിച്ച് അവശരായിട്ടോ, സ്തേഫാനോസ്സിന്റെ മരണം സ്മരിച്ച് നെഞ്ചുവിരിച്ചിട്ടോ, ആദ്യകാല പെന്തക്കോസ്തു ശുശ്രൂഷകനായ വല്യപ്പച്ചന്റെ ആത്മാവ് സ്വർഗ്ഗത്തിൽ ഇരിക്കയാണോ നില്ക്കയാണോ, ഇടതോ വലതോ ഇരിക്കാനുള്ള "കോൻ ബൈഠേഗാ ഡായേം ഔർ ബായേം" എന്ന

റിയാലിറ്റി ഷോ മത്സരത്തിൽ വെന്നിക്കൊടി നാട്ടുമോ എന്നൊന്നും ചിന്തിച്ച് ആകുലചിത്തരായിട്ട് നമ്മുടെ ആത്മാക്കൾക്കു തെല്ലുപോലും രക്ഷകിട്ടില്ല. "നീ എന്നെ അനുഗമിക്ക" എന്ന് യേശു പത്രോസിനോടു പറഞ്ഞ വാക്കുകളിൽ സകല മർമ്മങ്ങളും അട ങ്ങിയിരിക്കുന്നു. ഒന്നു നമുക്കു നിശ്ചയമുണ്ട്. നമ്മുടെ ആത്മാക്കൾ ദൈവത്തിൽ മറഞ്ഞിരിക്കും; അതാണ് നമ്മുടെ പ്രത്യാശ! [1] "നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവ ത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടു മ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും."

15

# "Born Again" - കാർക്ക് ഒരു വീണ്ടും ജനനം!

ദൈവവചനത്തിൽ നിന്നും അകന്നുപോയ കത്തോലിക്കാ സഭയ്ക്ക്, 1500-കളിൽ സംഭവിച്ച അപചയത്തിന്റെ അനന്തരഫലമായി, മാർട്ടിൻ ലൂഥറിൽകൂടി ബീജാവാപം നടത്തപ്പെട്ട പ്രൊട്ടസ്റ്റന്റ് നവോഥാനത്തിന്റെ അരുമ മക്കളാണ് ഇന്നത്തെ Born Again സഭകൾ. 125 വർഷങ്ങൾക്കു താഴെ മാത്രം പാരമ്പര്യം അവകാശപ്പെടാവുന്ന പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ, നാലാം തലമുറക്കാരായ നമ്മുടെ മക്കളുടെ കാലമായപ്പോഴേക്കും, സഭ ഗണ്യമായ പുരോഗതി കൈവരിച്ചു എന്ന് സമ്മതിച്ചേ പറ്റൂ. രണ്ടാം മുറക്കാരുടെ കാലത്തു തന്നെ ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ Born Again എന്ന ഇംഗ്ലീഷ് ഭാഷാ സൗന്ദര്യം സ്വദേശത്തും വിദേശത്തും ഒരു പോലെ നമ്മുടെ മാറ്റു വർദ്ധിപ്പിച്ചു. കുടുംബങ്ങൾക്കൊപ്പം സഭയും, സഭയ്ക്കൊപ്പം കുടുംബങ്ങളും വളർന്നു. കൂട്ടങ്ങൾ കൂട്ടായ്മകളും, കൂട്ടായ്മകൾ സഭകളും, സഭകൾ മെഗാ സഭകളുമായി രൂപാന്തരം പ്രാപിച്ചു. പണ്ടു കിലോമീറ്ററുകളോളം മഷിയിട്ടുനോക്കിയാൽ പോലും കാണാനില്ലാതിരുന്ന പെന്തക്കോസ്തു സഭകൾ ഇന്ന് ഒരു കിലോമീറ്ററിനുള്ളിൽ രണ്ടും മൂന്നും എന്ന തോതിൽ എണ്ണത്തിലുയർന്നു.

കൊയ്ത്തിനു വേലക്കാരെ അയക്കേണമേ എന്നുള്ള ശിഷ്യന്മാരുടെ അപേക്ഷ കൊയ്ത്തിന്റെ യജമാനൻ കൈക്കൊണ്ടു. സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുള്ള സ്ഥലങ്ങളിലും, ഭൗതികമായി സഭപുഷ്ടിപ്പെടാൻ സാധ്യതയുള്ള ഇടങ്ങളിലും കൃഷിയിറക്കുന്ന ലാഘവത്തോടെ "വേലയിറക്കാൻ" വേലക്കാർ ബദ്ധപ്പെട്ടു. നഗരപ്രദേശങ്ങളും നഗരവാസികളുടെ കനത്ത മടിശ്ശീലയും "പ്രവചനാത്മാവിൽ" കണ്ട് ധർമ്മം മറന്ന് മത്സരമാരംഭിച്ചു. വളക്കൂറുള്ള മണ്ണിലെ വിവിധ Born Again Churches-ന്റെ അശാസ്ത്രീയ കേന്ദ്രീ

കരണം ആത്മീയ മണ്ഡലം മലീമസമാക്കി എന്നു പറയാതിരിപ്പാൻ തരമില്ല. വെളിപ്പാടുകളുടെ ആധിക്യം ഒഴിച്ച കൂടാനാവാത്ത പൊട്ടിത്തെറിക്കും തകർച്ചയ്ക്കും വഴിയൊരുക്കി. മോശ, യെശ്ശയ്യാവ്, യിരമ്യാവ്, ദാനിയേൽ, യെഹസ്ക്കേൽ തുടങ്ങിയ മുഖ്യപ്രവാചകന്മാർക്കുപോലും ഇത്രയധികം വെളിപ്പാടുകളും ദർശനങ്ങളും കിട്ടിയിരുന്നുവോ എന്ന് സംശയമാണ്!

ഉറങ്ങാൻ കിടക്കുന്ന ദൈവദാസൻ അതികാലത്തു വെളിപ്പാടു കണ്ടാണ് ഉണരുന്നത്! വെളിച്ച ദൂതനായ ഗബ്രിയേലിന്റെ വേഷം കെട്ടി സാത്താൻ ദൈവദാസന്റെ കിടക്കയ്ക്കരികിൽ പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്യുന്നു, "സാംകുട്ടി പാസ്റ്ററെ നീ ഉറങ്ങുന്നതെന്ത്? എഴുന്നേല്ക്ക! കുറഞ്ഞോന്നു സമയം ഞാൻ നിന്നെ വീക്ഷിക്കുകയായിരുന്നു. നീ നിഷ്ക്രിയനാണ്. ഒരു പണിയും ചെയ്യാതെ കയ്യും കെട്ടി കിടന്നുറങ്ങുന്ന ബോധമില്ലാത്തവനെ എഴുന്നേറ്റു പണിയുക! ഒരു പണിയും നിനക്കു ചേർന്നതല്ലായ്കയാൽ നിന്നെ ഏല്പിക്കാൻ പോകുന്ന ഈ പണിക്ക് യോജിച്ച ഒരുവനെയും ഭൂതലത്തിലെങ്ങും ഊടാടി നടക്കുന്ന എന്റെ കണ്ണു കണ്ടില്ല. ഉറപ്പും ബലവുമുള്ള യരുശലേമിന്റെ മതിലുകളെ നീയും നിന്റെ കടിപ്രദേശത്തു നിന്ന് ഉത്ഭവിച്ചവരും ചേർന്ന് വീണ്ടും പൊളിച്ച് പണിയുക! അതു നിന്റെ വിശ്രമ വേളകളിലെ വിനോദ പ്രവൃത്തികളായിരിക്കും. അങ്ങനെ നിന്റെ ആയുഷ്ക്കാലമൊക്കെയും പൊളിച്ചും പണിതും നിന്റെ അഹോവൃത്തി കഴിച്ചുകൊൾക. ഇതെനിക്കു നിന്നോടു ള്ള നിയമമാണ്. അയൽ സഭ പൊട്ടിത്തെറിക്കുന്ന ഘോരശബ്ദം നീ കേൾക്കുമ്പോൾ എനിക്കു നിന്നോടുള്ള ഉടമ്പടി നീയും ഞാനും ചുമ്മാ ഓർക്കും. വിശ്വസിച്ചാൽ ഇനിയും സഭകൾ പൊട്ടുന്നതും, പുതിയത് ഉളവാകുന്നതും നിന്റെ ആയുഷ്ക്കാലത്തു നിന്റെ സ്വന്തം കണ്ണാൽ തന്നെ നീ കാണും."

"ഞാൻ നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കി പോസ്റ്ററിലടിക്കാൻ എന്റെ ദൂതന്മാരോട് കല്പിക്കും. നീ തലയുയർത്തി നിന്റെ ചുറ്റുപാടുമുള്ള ആശുപത്രികളിലേക്കും ഐ.ടി. സ്ഥാപനങ്ങളിലേക്കും നോക്കുക. നീ എണ്ണം പഠിച്ചിട്ടുണ്ടെങ്കിൽ എന്നെ എണ്ണിത്തോല്പിക്കുക! അവിടങ്ങളിലെ ആയിരമായിരം ആത്മാക്കളെ കൂടാതെ അയൽ സഭയിലെ കുഞ്ഞാടുകളെയും ഞാൻ നിന്റെ കയ്യിൽ ഏല്പിക്കും. പോകുക! വടകിക്കൊൾക! ഒന്നോർത്തിരുന്നാൽ നന്ന്. ഇനിയുമൊരാണ്ടുകൂടി കഴിഞ്ഞ് ഞാൻ മടങ്ങിവരുമ്പോഴേക്കും Center Pastor ആയിത്തീരുന്ന നിന്റെ അടിമത്വത്തിലുള്ള ദാസന്മാരെ എന്റെ സന്നിധിയിലേക്കു കൊണ്ടു

വരുവാൻ മറന്നു കളയരുത്. അവരും നീ ചെയ്തതുപോലെ തന്നെ നിന്റെ സഭയേയും പൊളിക്കേണ്ടതാകുന്നുവല്ലോ! അങ്ങനെ എന്റെ നീതി നിന്റെ മുമ്പിൽ വെളിപ്പെടുകയും ഞാനാരെന്ന് നീ മാത്രമല്ല, സർവ്വലോകവും അറിയുകയും ചെയ്യും! നീ ഇസബെല്ലയുടെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ok, bye... my beloved child till we meet again." (വെളിനാട്ടിലല്ലേ അല്പം അന്യഭാഷയും ഇരിക്കട്ടെ!). വെളിപ്പാടിൽ വെറുളിപൂണ്ട ദൈവദാസൻ പിറ്റെദിവസം തന്നെ തന്റെ ആട്ടിൻ കൂട്ടത്തെ അറിയിക്കുന്നു. "ഇന്നു മുതൽ ഈ സഭ സ്വതന്ത്രമാണ്!"

പിളർന്നാൽ സഭകളുടെ എണ്ണം വർദ്ധിക്കുകയും അതുമൂലം സുവിശേഷം അധികം പ്രചരിക്കപ്പെടുകയും ചെയ്യുമല്ലോ എന്നു വാദിക്കുന്നവരുണ്ട്. പിളരുന്തോറും വളരാൻ ഇതു രാഷ്ട്രീയമല്ല. പരിശുദ്ധാത്മാവ് പിളർപ്പിന്റെ ആത്മാവല്ല [1] "ദൈവം കലക്കത്തിന്റെ ദൈവമല്ല; സമാധാനത്തിന്റെ ദൈവമത്രെ." ചിന്തകളിൽ കൂടിയോ, വാക്കുകളിൽ കൂടിയോ, പ്രവൃത്തികളിൽ കൂടിയോ ഏതൊരു പിളർപ്പിന്റെയും പിന്നിൽ സാത്താന്റെ കരാളഹസ്തങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് സ്പഷ്ടമാണ്. സ്തേഫാനോസിന്റെ മരണത്തോടുകൂടി സഭ ചിതറിപ്പോയി എന്നും, ഫിലിപ്പോസിനെ ദൈവം ശക്തിയായി എടുത്തുപയോഗിച്ചു എന്നും, ശമര്യയിലും മറ്റും അഭൂതപൂർവ്വമായ ഉണർവ്വുണ്ടായി എന്നും വചനം ഘോഷിക്കുമ്പോൾ അതിന്റെ പിന്നിൽ പിളർപ്പിന്റെ ആത്മാവല്ല പ്രവർത്തിച്ചിരുന്നത്. ഒരു സഭയിൽ ഭിന്നതയുളവാക്കി ചക്ക പിളർക്കും പോലെ രണ്ടോ നാലോ ആയി പിളർത്തിയെടുത്ത്, തിരിച്ചറിയാൻ ഓരോരുത്തർക്കും വെവ്വേറെ കുപ്പായവും തുന്നി, 'ഇടിവെട്ടു' പേരിട്ട് ഉപായരൂപേണ തന്റെ നാമം പ്രചരിപ്പിച്ചുകളയാമെന്ന തന്ത്രം ഉപയോഗിക്കുന്ന കുരുട്ടുബുദ്ധിയുടെ ആത്മാവോ, പരിശുദ്ധാത്മാവ്? ഒരിക്കലുമല്ല! ഭൂഗോളത്തിന്റെ ഏതു മുക്കിലും മൂലയിലും, ആർക്കും എപ്പോഴും സുവിശേഷ ദർശനം കൊടുക്കാൻ ശക്തനാണ് ദൈവത്തിന്റെ ആത്മാവ്. നിലവിലുള്ള സഭകളിൽ നിന്നും തന്ത്രപൂർവ്വം അടർത്തി മാറ്റുന്നത് സാത്താന്യ കുതന്ത്രമാണ്. [2] "...ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും" എന്നു വിളിച്ചു പറഞ്ഞ യേശുവിന്റെ വിളിയും തിരഞ്ഞെടുപ്പും ഒരു സഭയിലൊ, ഒരു പ്രത്യേക പ്രദേശത്തോ മാത്രം ഒതുങ്ങി നില്ക്കുന്നതാണൊ?

ഇന്ന് ദൈവ ദാസന്മാരിൽ അധികവും പ്രത്യേകമായി ചില സ്ഥലങ്ങളിൽ മാത്രം കേന്ദ്രീകൃതമായിരിക്കുകയാണ്. മറ്റു ചിലയിടങ്ങളിൽ മരുന്നിനുപോലും ഒരു പാസ്റ്റർ ഇല്ല. ഭാരതത്തിന്റെ പല ഗ്രാമ

ങ്ങളും ആദിവാസിയിടങ്ങളും ഇന്നുമൊരു ദൈവദാസന്റെ പാദ സ്പർശനത്തിനുവേണ്ടി ദാഹിച്ചു കൊണ്ടിരിക്കുന്നു. (ചുരുക്കം ചിലരെ മറന്നുകളയുന്നില്ല.) മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെ കൂണുപോലെ കിളിർത്തുവരുന്ന Bible Colleges-ഉം ആണ്ടോടാണ്ടു പണ്ഡിതന്മാരെ പടച്ചിറക്കുകയാണ്. മാറ്റമില്ലാത്ത വേദപുസ്തക ഉപദേശങ്ങൾക്കും, മർമ്മങ്ങൾക്കുമുപരി കോർപ്പറേറ്റ് കാലങ്ങൾക്കനുയോജ്യമായ രീതിയിൽ സഭനയിക്കാനും, വൈവി ധ്യങ്ങളുടെ നടുവിൽ ഒരു മനഃശാസ്ത്ര സമീപനം സ്വീകരിക്കാ നും, ഏതൊരു കച്ചവടനയം പോലെതന്നെ ഒരാത്മീയ നയം അവ ലംബിക്കാനും, വേഷം കൊണ്ടും വാക്കുകൊണ്ടും വശീകരണ തന്ത്രം സ്വായത്തമാക്കാനും, Counselling-ന്റെ വഴുവഴുപ്പിൽ തെന്നി വീഴാതിരിക്കാനുള്ള അഭ്യാസമുറയും, ഒഴുക്കനുസരിച്ചു നീന്താനു മൊക്കെയല്ലേ Syllabus-ൽ പ്രഥമ സ്ഥാനം നല്കാറുള്ളത് എന്ന് ബന്ധപ്പെട്ടവർ ചിന്തിക്കട്ടെ. Medical College, Engineering College, Management School, എന്നിത്യാദി ഇതര വിദ്യാഭ്യാസ സ്ഥാപന ങ്ങൾപോലെ തന്നെ വിവിധ കോഴ്സുകളും പദവികളും Bible Colleges-ഉം കല്പിച്ചു നല്കിയിരിക്കുകയാണ്.

ആറുമാസ Certificate Course മുതൽ അഞ്ചുവർഷ ബിരുദാന ന്തര ബിരുദം വരെയുണ്ട്. കൂട്ടത്തിൽ Short term intensive Course-ഉം, Crash Course-ഉം. 115 പേജുകളുള്ള 'Light of life' എന്ന ക്രിസ്തീയ മാസികയുടെ 2012 ജൂൺ ലക്കത്തിൽ 16 പേജുകളിലും വിവിധ Bible Colleges-ന്റെ പരസ്യങ്ങളാണ്. പ്രസിദ്ധീകരണങ്ങളെ കുറ്റം പറയുകയല്ല. ഏതൊരു ക്രിസ്തീയ പ്രസിദ്ധീകരണം പരിശോ ധിച്ചാലും കാഴ്ച ഇതൊക്കെത്തന്നെ. അവ തുടർന്നു കൊണ്ടുപോ കുന്നതിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അവർക്ക് മാത്രമെ അറി യൂ. എന്നാൽ വചനം പഠിപ്പിക്കുന്ന ഇത്തരം വേദപഠന കലാശാല കളുടെ ആധികാരികതയും, ആത്മാർത്ഥതയും, ദർശനവും, ലക്ഷ്യവും ചിന്തനീയമാണ്. കോഴ്സുകളെ ക്രിയാത്മക വിമർശന ബുദ്ധ്യാ ഒന്നു വിലയിരുത്തി നോക്കൂ.

1. Born Again യുവതീയുവാക്കൾ, Pastors, Evangilists, Church Leaders എന്നിവർക്കുള്ള 5 ½ Months Certificate Course! (ഇട യന്മാരും, സുവിശേഷ പ്രവർത്തകരും, സഭാ നേതാക്കന്മാരും, വചനം പഠിച്ചിട്ടില്ലാത്ത ഐമേനിയും/ സാധാരണ വിശ്വാസിയും തുല്യ അവസ്ഥയിലെന്ന് മുന്നമെ തന്നെ Certify ചെയ്തു കഴി ഞ്ഞു. B.Th, M.Th, B.D., M.Div തുടങ്ങിയ വാലും പൂവും നേടിയ ഇവർ ഇനിയും സാധാരണ വിശ്വാസിയോടൊപ്പമിരുന്ന് പലതും

പഠിക്കേണ്ടതുണ്ടെന്ന് നിങ്ങൾ തന്നെ സമ്മതിക്കുന്നു. ഇതു പോലും പഠിക്കാതെയാണോ ഇവർ ഇതുവരെ "ഇടയനും ഗുരുവും" ചമഞ്ഞത്? അതിവിശുദ്ധ സ്ഥലത്തേക്ക് പാപപരി ഹാരരക്തവുമായി കടന്നു ചെല്ലുന്ന ആധുനിക പുരോഹിതനും, സ്വർഗ്ഗത്തിലേക്കു നോക്കുവാൻ പോലും ത്രാണിയില്ലാതെ പ്രാകാ രത്തിൽ നിൽക്കുന്ന പാപിയും ഒരുപോലെ!)

2. Ten days Short term intensive course! (ലോകം അതിന്റെ അന്ത്യ ത്തിലേക്കടുത്തിരിക്കുന്നു! ചുരുങ്ങിയ സമയംകൊണ്ട് കഠിന പരിശീലനം!! പി.സി. തോമസിന്റെ Entrance / Crash Course-നേ ക്കാൾ അതികഠിനം!!)
3. പി.യു.സി.ക്കാരന് Bachelor of Ministry! (ഭാഗ്യം. സുവിശേഷ വേലയിൽ "അവിവാഹിതനല്ലേ ആക്കിയുള്ളൂ; ഷണ്ഡനാക്കി യില്ലല്ലോ!)
4. M.Min (Degree - ക്കാരനെ അതേ വേലയിൽത്തന്നെ "ഗുരു" വാക്കും!)
5. M.Div (Degree - ക്കാരന് ഒരു വർഷംകൂടി ശ്രമിച്ചാൽ "ദേവഗു രു"വാകാം!)
6. D.Min (ദേവഗുരു പദവിയിൽ 5 വർഷം സഭ ഭരിക്കുകയോ, 8 മാസംവീട്ടിലിരുന്നു പഠിച്ച് കുത്തിക്കുറിക്കുന്നത് കലാശാല അംഗീകരിക്കുകയോ ചെയ്താൽ സുവിശേഷവേലയിൽ doctorate പട്ടം നല്കി ആദരിക്കും!)

B. Min, D.Min, M.Min, DIP. Th, C.Th, B.Th, M.Th, M.div, M.A, B.D., M.D., BRE, MRE. ഇനിയുമുണ്ട് Certificate Diploma, Advanced Diploma, Orientation course. സാക്ഷാൽ നസറായനായ യേശുപോലും വിസ്മയിക്കുന്നുണ്ടാകും; ഇത്രയേറെ വിദ്യാഭ്യാസ സാധ്യതയുള്ള ഒന്നായിരുന്നുവോ എന്റെ വരവ് എന്ന്!

മറ്റു വിദ്യാഭ്യാസമേഖലയുമായി എങ്ങനെ തിരുവചന പഠനം താരതമ്യപ്പെടുത്താൻ സാധിക്കും? M.B.B.S നേടിയ ഡോക്ടർ, MD, MS, എടുത്ത് Specialise ചെയ്യുന്നു. വചനത്തിലെ Specialisation ആയ കൃപകൾ വീണ്ടും രണ്ടുവർഷം കൂടി കാണാതെ പഠിച്ച് എഴുതി, അറിവിന്റെ ആഴം അനുസരിച്ച് സർവ്വകലാശാല കൾ ആഡംബരത്തോട് എഴുതിക്കൊടുക്കുന്ന സർട്ടിഫിക്കേറ്റ് ആണോ? ITI-ൽ Automobile course പഠിച്ച വ്യക്തിയും, അതേ വിഷയത്തിൽത്തന്നെ നാലും ആറും വർഷ പഠനത്തിനുശേഷം B.Tech, M.Tech ബിരുദവും, ബിരുദാനന്തര ബിരുദവും നേടുന്ന വ്യക്തിയും, അറിവിൽ ഒരുപോലെയല്ല. എന്നാൽ ദൈവവിഷയം

ഒന്നേയുള്ളൂ; അതിന് കാലാവധിയും അതിരുകളും ഇല്ല. വചനം ഒന്നേയുള്ളൂ; അതു മായം ചേർക്കാത്ത പാലും ഒപ്പം കട്ടിയായ ആഹാരവും ചേർന്നതാണ്. Short term course-കാരന് കട്ടൻ കാപ്പിയും, 8-ാം ക്ലാസ്സുകാരന് (C.Th.) പാലും, പത്താംക്ലാസ്സുകാരന് (DIP.Th.) കഞ്ഞിയും പയറും, +2 കാരന് (B.Th.) ഊണും, ഡിഗ്രിക്കാർക്ക് (M.Th, M.Div, D.Min, B.D) ദം ബിരിയാണി with Starter and desert-ഉം ആണോ വിളമ്പുന്നത്? മെഡിക്കൽ രംഗത്ത് രോഗനിർണ്ണയം നടത്തി ചികിത്സിക്കാനുള്ള അറിവും അധികാരവും B.PT, B.Pharm-കാരനോ, B.Sc Nurse-നൊ ഇല്ലാത്തതുപോലെ, പഠനയോഗ്യതകൾക്കനുസരിച്ച് ദൈവദാസന്മാർക്ക് ശുശ്രൂഷയിൽ പരിധിയും പരിമിതിയും കല്പിക്കാനാവുമൊ? M.B.B.S കാരന് M.S കാരനെപ്പോലെ Surgery നടത്താനുള്ള അറിവും അധികാരവും ഇല്ലാത്തതുപോലെ ദൈവവിഷയത്തിൽ കലാശാലാ യോഗ്യത കുറഞ്ഞവർക്ക് വീര്യപ്രവർത്തികൾ അസാധ്യമോ?

വേദപുസ്തക മൂലഭാഷയായ എബ്രായ, യവന ഭാഷകളിൽ അവഗാധ പ്രാവീണ്യം നേടിയാൽ ദൈവനാമം ഉയർത്തപ്പെടുമെന്ന മിഥ്യാധാരണയുണ്ടോ? അങ്ങനെയെങ്കിൽ തിരുവെഴുത്തുകൾ തലനാരിഴ കീറിമുറിച്ച പരീശന്മാർ പണ്ടേ രക്ഷിക്കപ്പെടുമായിരുന്നുവല്ലോ! ഏടുത്തു പറയത്തക്ക വിദ്യാഭ്യാസയോഗ്യതകൾ ഒന്നും ഇല്ലാത്തവരും, എന്നാൽ ഉയരത്തിൽ നിന്നും വരങ്ങളും കൃപകളും നിറഞ്ഞവരുമായ ദൈവദാസന്മാരുടെ മുമ്പിൽ പ്രവചനത്തിനായി നാം, പരിജ്ഞാനികൾ മുട്ടുകുത്താറില്ലെ? ഈ കൃപകൾ എവിടെ നിന്ന്; ബൈബിൾ കോളജിൽ നിന്നോ, ദൈവത്തിൽ നിന്നോ? ബൈബിൾ കോളജിന്റെ ഏഴയലത്തുകൂടി പോയിട്ടില്ലാത്ത നമ്മുടെ പിതാക്കന്മാരുടെ ഉപദേശത്തിലും പ്രസംഗത്തിലും മാനസാന്തരപ്പെട്ടവരുടെ ആത്മാക്കൾ മോചനം കാത്ത് ഇന്നും ഇരുട്ടറയിലോ? ഗമാലിയേലിന്റെ കീഴിൽ തിരുവെഴുത്തുകൾ പഠിച്ച് ഡോക്ടറേറ്റ് നേടിയ പൗലൊസും, വൈദ്യരംഗത്തെ ഡോക്ടറായ ലൂക്കൊസും, ഒരു പക്ഷേ Elementary School-ന്റെ കവാടം അറിയാതെ പോലും മറികടക്കാത്ത മുക്കുവനായ പത്രൊസും, മൂന്നു വിവിധ വചനമായിരുന്നുവോ പഠിപ്പിച്ചിരുന്നത്? സ്വർഗ്ഗീയ രഹസ്യങ്ങൾ വെളിപ്പെട്ടുകിട്ടിയ യോഹന്നാൻ ഏതു ബൈബിൾ കോളജിന്റെ ഉല്പന്നമായിരുന്നു? ശരിയാണ്, അവരൊക്കെ ഗുരുവിന്റെ പാദപീഠത്തിലിരുന്നു പഠിച്ചവരാണ്; ഇന്നത്തെ 'ഗുരുഭൂതമല്ല!' ഇത്രയും എഴുതിയതിന്റെ അർത്ഥം വചനം പഠിപ്പിക്കേണ്ട എന്നോ വചന പാഠശാ

ലകൾ വേണ്ടെന്നോ അല്ല. പഠിപ്പിക്കണമെങ്കിൽ പഠിച്ചിരിക്കണം, പൊരുൾ തിരിക്കണമെങ്കിൽ പൊരുൾ അറിഞ്ഞിരിക്കണം. എന്നാൽ അതിനു ഇത്രയധികം വൈവിധ്യങ്ങളും വകുപ്പുകളും ആവശ്യമോ യെന്ന് സ്വയം ചിന്തിക്കു. വരങ്ങളും കൃപകളും ദ്രവ്യത്തിനു വാങ്ങാവുന്നതോ, കാണാതെ പഠിച്ചെഴുതി നേടാവുന്നതോ അല്ല. അദ്ധ്യയന വർഷങ്ങൾ കൂട്ടിയാൽ പ്രത്യേക വരങ്ങൾ എന്തെങ്കിലും ലഭ്യമാവുമോ? [1]"അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും?... നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ..." ഈ വിശ്വാസം ബൈബിൾ കോളജിന്റെ ഇടനാഴികളിൽ ലഭ്യമൊ? ശിമോൻ എന്ന ആഭിചാരിയും വിശ്വസിച്ച് സ്നാനം ഏറ്റ് Born Again അവസ്ഥയിൽ ഫിലിപ്പോസിനോട് ചേർന്ന് നിന്നവൻ ആണ്. എന്നാൽ ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങാം എന്ന് നിരൂപിച്ച ശിമോന്റെ ഭോഷത്തം അപ്പോസ്തല പ്രവർത്തികൾ 8-ാം അദ്ധ്യായം 9 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു ദയവായി ശ്രദ്ധിക്കുമല്ലോ. ഈ സ്വർഗ്ഗീയ ദാനം ദ്രവ്യം കൊടുത്തു വാങ്ങാവുന്നതൊ, ദൈവവിഷയത്തിലുള്ള വിവിധ സർവ്വകലാശാലാ ബിരുദം കൊണ്ടു നേടാവുന്നതോ അല്ല. പിതാവായ ദൈവത്തെയും, പുത്രനായ ക്രിസ്തുവിനെയും, രക്ഷകന്റെ തിരുവായ്മൊഴികളെയും അറിഞ്ഞ ഒരുവൻ ബാക്കിയൊക്കെ കുത്തിയിരുന്നു പ്രാപിച്ചെടുക്കേണ്ടവയാണ്. എന്നാൽ ഈ ലോകത്തിലെ അറിവുകൾ അങ്ങനെയല്ല. സാധാരണക്കാരനായ ഒരുവന് അടച്ചിട്ട മുറിയിൽ ധ്യാനനിരതനയാരുന്നതിനു ശേഷം ഒരു സുപ്രഭാതത്തിൽ ഒരു നിയോഗമെന്നപോലെ ഇറങ്ങിപ്പോയി Bypass Surgery നടത്താനാവില്ലല്ലോ! ഒന്ന് ഈ ലോകത്തിന്റെ ജ്ഞാനം, മറ്റേത്, ദൈവത്തിങ്കൽനിന്ന് വരുന്നു.

ഇതിനൊരു മറുവശം കൂടിയുണ്ടെന്ന് മറന്നുപോകരുത്. വചനം വേണ്ടവിധത്തിൽ മനസ്സിലാക്കാതെയോ, ഒരു പക്ഷേ, ഒന്നു തുറന്നു നോക്കുകയോ പോലും ചെയ്യാതെ മറ്റുള്ളവരുടെ പ്രസംഗങ്ങൾ കേട്ട് സ്വതസിദ്ധമായ വാക്ചാതുരിയോടെയും ഘോരശബ്ദത്തോടുകൂടിയും അല്ലറചില്ലറ ചെപ്പടിവിദ്യകളും ഇടകലർത്തി വചനം വിളമ്പുന്നവരും നമ്മുടെ കൂട്ടത്തിലുണ്ട്. "പാറയുടെ പിളർപ്പിന്റെ മറവിൽ മറഞ്ഞിരിക്കുന്ന കുറു പ്രാവേ" എന്ന് 'പ'കാരത്തിനും 'റ'കാരത്തിനും അമിതമായ ഊന്നൽ നൽകി, വിശ്വാസികളുടെ അകവാൾ വെട്ടുന്ന പാറയെ പിളർക്കുന്ന ശബ്ദത്തിൽ ആവർത്തിച്ച് അട്ടഹസിക്കുന്ന ഏതാനും ചില പ്രസംഗവീരന്മാർ, കാണാതെ

പഠിച്ച പ്രസംഗം പാതിവഴിയിൽ മറന്നുപോകുമ്പോൾ, തൽസമയം ആത്മാവിലായി വിശ്വാസികളുടെ മദ്ധ്യത്തിലേക്കു ചാടിയിറങ്ങി ജനസമ്പർക്ക പരിപാടിക്ക് തുടക്കം കുറിക്കുന്നതും കണ്ടിട്ടുണ്ട്. സഭാഹോളിൽ അക്ഷമനായി നെടുകയും കുറുകെയും ഉലാത്തുന്ന ഇദ്ദേഹത്തിന്റെ ആവർത്തിച്ചുള്ള "ഈ പ്രാവ് ആര്" എന്ന ചോദ്യ ത്തിനു മുൻപിൽ ഉത്തരം മുട്ടുന്നവരും, പ്രാവിന്റെ "കുറുകുറുപ്പിൽ" തങ്ങളുടെ പങ്ക് എന്ത് എന്നും തങ്ങളുടെ നിരപരാധിത്വം എങ്ങനെ തെളിയിക്കും എന്നും ചിന്തിച്ച് വിവശരാകുന്ന വിശ്വാസികളെ വച നത്തിന്റെ 'മർമ്മം' മനസ്സിലാക്കാൻ അല്പം താമസിച്ചാലും പരി ജ്ഞാനത്തിന്റെ ആത്മാവ് ഇറങ്ങി വരും. ഇതേവരെ പച്ചമലയാള ത്തിൽ സരസമായി സംസാരിച്ച അദ്ദേഹത്തിന്റെ തമിഴ് വില്ലന്മാരെ വെല്ലുന്ന അംഗവിക്ഷേപ വികാര പ്രകടനങ്ങളോടുകൂടിയ "who is this dove" എന്ന ഇംഗ്ലീഷ് അലർച്ച കേട്ട്, പാവം 'ജ്ഞാനി'ക്കുപോലും ഈ പ്രാവ് എവിടുത്തുകാരിയെന്നു അറി ഞ്ഞുകൂടാ എന്ന തിരിച്ചറിവു വിശ്വാസികൾക്കുണ്ടാകുമ്പോഴേക്കും ഏതാനും ദുർബ്ബല വിശ്വാസികളെ 'വീരൻ' ഉന്തിയിട്ടിരിക്കും! വീഴാ ത്തരിലുള്ള അമർഷം ഉള്ളിലൊതുക്കി ശ്രേഷ്ഠദാസൻ തിരികെ വേദിയിലേക്ക്. തന്നിൽകൂടി ഒഴുകിയ ശക്തിയുടെ മുമ്പിൽ മലർന്നു വീഴാത്തവരിൽ, അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ സർവ്വ അകൃത്യങ്ങളും ചുമത്തി, [1] "നിങ്ങൾ വഴിയിൽ വെച്ചു നശിക്കാതി രിപ്പാൻ പുത്രനെ ചുംബിപ്പിൻ" എന്ന വചനം ചുരിക കണക്കെ ചുഴറ്റിയെറിഞ്ഞ് സ്വയം ആത്മീയ രോഷം ശമിപ്പിക്കുന്നു. വീണ വർക്ക്, തറയിൽ തല ഇടിച്ചില്ലല്ലോ എന്നോർത്ത് ആശ്വാസം, പുതു തായി വന്നവർക്ക്, വെള്ളിടിവെട്ടി പെയ്ത പേമാരി ശമിച്ചല്ലോ എന്നോർത്ത് നിശ്വാസം, തഴക്കവും പഴക്കവും ചെന്നവർക്കും, പരി ജ്ഞാനത്തോടെ നോക്കിക്കണ്ടവർക്കും, ഇത്ര നേരം കുത്തിയിരു ന്നതിന്റെ അനന്തരഫലമായ വായുവിസ്ഫോടനം പുറത്ത് ആളൊ ഴിഞ്ഞയിടത്തിൽ നടത്തിയതിലുള്ള ദീർഘനിശ്വാസം! നിഷ്പക്ഷ മായി ചിന്തിച്ചാൽ ഈ മൂന്നുവിധ ആശ്വാസനിശ്വാസങ്ങളും ഇന്നു സഭയിൽ കണാവുന്നതാണ്. ഇതാകുന്നു, വചനം പഠിക്കാതെ പഠി പ്പിച്ചാലുള്ള ദുരവസ്ഥ!

പണ്ടു കുഞ്ഞുങ്ങൾക്ക് "സന്നിയുടെ" (Fits) ഉപദ്രവം ഉണ്ടാ യാൽ ഉടൻ നിസ്സഹായരായ മാതാപിതാക്കൾ "ഇവനെ കർത്താ വിനു തന്നുകൊള്ളാം" അല്ലെങ്കിൽ, "ദൈവ വേലയ്ക്ക് സമർപ്പി ക്കുന്നു" എന്ന് നേർച്ചകൾ കഴിക്കുന്നത് കണ്ടിട്ടുണ്ട്. പേടും കരുടും ദൈവത്തിന് നല്കുന്നത് പുത്തരിയല്ല. അതുകൊണ്ടാണ് "ഊനമി

ല്ലാത്തത്" എന്നു പഴയനിയമ യാഗങ്ങളിൽ എടുത്തു പറഞ്ഞിരിക്കുന്നത്. ജീവന്റെ തുടിപ്പും രക്തയോട്ടവും ഉള്ളതാണ് ദൈവത്തിനു പ്രസാദകരം. കുറവുകൾ നികത്തുന്നത് അവനാണ്. അവൻ ജീവന്റെ ദാതാവാണ്. അല്ലാതെ 'നീ തന്നെയങ്ങ് എടുത്തോ' എന്നു പറയുകയല്ല വേണ്ടത്. ഇന്നു രംഗമാകെ മാറി. അന്തസ്സും, ആഭിജാത്യവും, ആസ്തിയും, ഉള്ള കുടുംബത്തിൽ നിന്നും സുമുഖരായ ചെറുപ്പക്കാർ, ഒരു പക്ഷേ അപൂർവ്വമായി ഉന്നത വിദ്യാഭ്യാസവും കൂടി കഴിഞ്ഞ് ബൈബിൾ കോളജിൽ Enrol ചെയ്യുകയായി. മറ്റേതൊരു Profession-ഉം പോലെ ദൈവീക ശുശ്രൂഷയും തെരഞ്ഞെടുക്കുന്നു. പണ്ടത്തെ നേർച്ചകൾ പോലെ ഇവിടെയും പാകപ്പിഴകൾ ഏറെ. ദൈവവിളിയുമില്ല, ദർശനവുമില്ല. ഒരു തിളക്കമുള്ള ജോലി; ഒരു പക്ഷേ, മറ്റേതൊരു തൊഴിലിനേക്കാളുമുപരി! അബ്രഹാമിന് കൂട്ട് ലോത്ത്; നാമോ ലോത്തിന്റെ ശിങ്കിടികൾ! ദ്രവ്യാഗ്രഹം തലയ്ക്കു പിടിക്കുന്നു; സ്ഥാനമാനങ്ങളിൽ സ്വയം മയങ്ങുന്നു. മത്സരത്താൽ ക്ഷുദ്രം ചെയ്യപ്പെടുന്നു, അസൂയയിൽ കൂപ്പുകുത്തുന്നു. സ്വയം മലീമസപ്പെടുന്നു, പിന്നത്തേതിൽ സഭയേയും മലീമസപ്പെടുത്തുന്നു. "ദർശനമില്ലാത്തിടത്ത് ജനം നശിക്കുന്നു"; ദർശനത്തിന്റെ ആധിക്യം നമ്മെ നിഷ്ക്രിയരും ഷണ്ഡന്മാരുമാക്കുന്നു!

നാവിനെന്നപോൽ ഞാൻ എന്റെ ശബ്ദമാന ചിന്തകൾക്കു കടിഞ്ഞാണിട്ട് വാക്കുകൾ ചുരുക്കട്ടെ "കൊതുകിനെ അരിച്ചെടുക്കുന്ന" നാം ചെറുതിനെ പെരുപ്പിക്കുന്നു! "പ്രതികൂലമല്ലാത്തത് അനുകൂലമാകുന്നു" എന്ന വചനം മറന്ന് അനുകൂലമായതിനെപ്പോലും പ്രതികൂലമാക്കുന്നു! സ്വന്ത പാളയത്തിലെ പടകാണാതെ ശത്രുപാളയത്തിലെ ക്രമ സമാധാന പാലനത്തിൽ ഉത്ക്കണ്ഠ! സ്വന്തം ആട്ടിൻകൂട്ടത്തെ മറക്കുന്ന നാം മറ്റുള്ളവർക്ക് എന്തു സംഭവിക്കുമെന്നോർത്ത് പത്രൊസ്സിനൊപ്പം വിലപിക്കുന്നു! "ഒട്ടകത്തെ വിഴുങ്ങി"യിരുന്ന യഹൂദപ്രമാണികളും പരീശന്മാരും എത്രഭേദം! നാം ആത്മീയഗോളത്തെ മൊത്തം ഉരുട്ടി വിഴുങ്ങുകയല്ലേ! രാത്രിയുടെ അന്ധകാരത്തോടും പകൽ വെളിച്ചത്തോടും ഒരേപോലെയുള്ള ഭയപ്പാടും, അനശ്ചിതാവസ്ഥയുടെ മുൾമുനയിൽ നിൽക്കുന്ന ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠയും, കൈയ്യയച്ച് "കൊടുക്കുവാൻ" നമ്മെ പ്രേരിപ്പിക്കുന്നു. "അമർത്തിക്കുലുക്കിയ അളവു മടിയിൽ" പ്രതീക്ഷിക്കുന്ന നാം, എവിടെ ആർക്ക് എന്തിനുവേണ്ടി കൊടുക്കുന്നുവെന്നോ ആരൊക്കെ കൊഴുത്തുതടിക്കുന്നു എന്നോ നോക്കാൻ മെനക്കെടാറില്ല. നിഷ്പക്ഷമായ ഒരന്വേഷണത്തിൽ വരവും, വരവിന്റെ ഉറവിടങ്ങളും, ചെലവും വെളിപ്പെട്ടാൽ, ഭയം കൊണ്ടോ, പശ്ചാത്താ

പബോധം കൊണ്ടോ, ഈസ്കര്യോത്ത യൂദയോടൊപ്പം നാം "കുശ വന്റെ നിലം" തേടി പോകാതെയിരിക്കട്ടെ!

[1] "ശിഷ്യൻ എന്നുവെച്ച് ഈ ചെറിയവരിൽ ഒരുത്തനു ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതി ഫലം കിട്ടാതെ പോകയില്ല..." എന്ന വചനം അക്ഷരംപ്രതി വിശ്വ സിക്കുകയും നിവർത്തിക്കുകയും ചെയ്യുന്ന ഒരു വിശ്വസ്ത ദൈവ ദാസനെ എനിക്കു നേരിട്ടറിയാം. തനിക്കു ദൈവം തന്ന ധനം കൊണ്ട് സുവിശേഷ വേലയിൽ "തല മറന്ന് എണ്ണതേക്കുന്ന നിഷ്ക ളങ്ക മനുഷ്യൻ"! അദ്ദേഹത്തിന്റെ പണപ്പൊതിയ്ക്കായി "ക്യൂ" നില്ക്കുന്ന പല ദൈവദാസന്മാരെയും എനിക്കറിയാം. എന്നാൽ ഈ പണം അർഹമായിടത്ത് എത്തുന്നുവോ എന്ന് നാം ചിന്തി ക്കേണ്ടിയിരിക്കുന്നു. "കൊടുപ്പിൻ" എന്ന വചനം ശിരസ്സാ വഹിച്ച്, ഞാൻ കൊടുത്തു, എന്റെ ജോലി തീർന്നു എന്നു കരുതരുത്. "ബുദ്ധി യുള്ള കാര്യവിചാരക"നാവണം! അതിനാണ് ദൈവം മറ്റൊരുവന് കൊടുക്കാത്ത ധനം നമ്മെ ഏല്പിച്ചിരിക്കുന്നത്. മറിച്ചെങ്കിൽ ശബ രിമല, തിരുപ്പതി, തുടങ്ങിയ ക്ഷേത്രങ്ങളിൽ കോടികൾ എറിയു ന്നവർ നമ്മെക്കാൾ ശ്രേഷ്ഠരല്ലയോ?! നമ്മുടെ ധനം ആത്മീയ ഗോളത്തിൽ ദ്രവ്യാഗ്രഹവും അഴിമതിയും വളർത്താൻ സഹായക മാകരുത്. അതു മൂലമുണ്ടാകുന്ന വിപത്തുകൾ അനേകമാണ്. ദശാം ശമോ, ഓഹരിയോ കൊടുക്കേണ്ടന്നോ, കാണിക്കപ്പാത്രത്തിൽ സ്തോത്ര കാഴ്ചകൾ സമർപ്പിക്കരുതെന്നോ, സഭയുടെ ആവശ്യ ങ്ങളിൽ സഹകരിക്കരുതെന്നോ, ദൈവം തന്ന ധനം കൊണ്ട് ദൈവ ദാസന്മാരെ മാനിക്കരുതെന്നോ അല്ല ഞാനുദ്ദേശിക്കുന്നത് എന്ന് മാന്യവായനക്കാർ ദയവായി മനസ്സിലാക്കുമല്ലോ. ഞെങ്ങിയും ഞെരു ങ്ങിയും ജീവിതം നയിക്കുന്ന ഏത്രയോ വിശ്വസ്ത ദൈവദാസ ന്മാർ നമ്മുടെ കൺമുമ്പിലുണ്ട്. ഭൗതിക അനുഗ്രഹങ്ങൾ നിറഞ്ഞ വൻ ദൈവസന്നിധിയിൽ കൊള്ളാകുന്നവൻ, മറ്റവൻ ഇരുട്ടിന്റെ സന്തതി എന്ന് കരുതരുത്. ചിലർക്ക് ധനവും മാനവും ആൾബ ലവും സ്വാധീനവും തുടങ്ങി, ജറ്റിന്റെ നിരകൾ വരെയുണ്ട്. കോടിക ളുടെ നടുവിൽ അധിവസിക്കുന്ന ഈ ആത്മീയ ജഡങ്ങൾ, ഒരു "കോടി"പോലും പുതയ്ക്കാതെ കൺമുമ്പിലൂടെ പട്ടടയിലേക്കെ ടുക്കപ്പെടുന്ന പട്ടിണിപ്പാവങ്ങളുടെ നിർജ്ജീവ ജഡങ്ങളെ കണ്ടി ല്ലെന്നു നടിക്കുന്നു!

അപ്പൊസ്തലരെന്നും, അഭിഷിക്തരെന്നും, അന്ത്യകാലശുശ്രൂ ഷകരെന്നും ഒക്കെ സ്വയം നാമകരണം ചെയ്യപ്പെട്ട ആധുനിക സുവി ശേഷ പ്രഭുക്കളുടെ വേദിയിലേക്കുള്ള രാജകീയ എഴുന്നള്ളത്ത്,

കരിമ്പൂച്ചകളുടെയും ചെങ്കീരികളുടെയും സുരക്ഷാവലയത്തിൽ, പൊതു പരിപാടികളിൽ സാന്നിദ്ധ്യം വിളിച്ചറിയിക്കുന്ന ബോളി വുഡ്സ് നടീനടന്മാരെയും, മന്ത്രിപുംഗവന്മാരെയും നിഷ്പ്രഭരാക്കും! യോഗപരിസരം മുന്നമെ കയ്യടക്കുന്ന, ഏതൊരു സെക്യൂരിറ്റി ഫോഴ്സിനോടും കിടപിടിക്കുന്ന S.S.F., (Spiritual Security Force) മഹായജ്ഞം ആരംഭിക്കുന്നതോടെ നാനാദിശകളിലും നിലയുറ പ്പിക്കുന്നു. തിരുവായ്ക്കെതിർവായൊ, സംശയങ്ങളൊ, വിശ്വാസി കൾക്കുണ്ടായാൽ ഇക്കൂട്ടർ കർത്തവ്യനിരതരാവുന്നു. നിരോധ നത്തെ ഭയന്ന് ഒളിഞ്ഞിരുന്ന് കണ്ണുചിമ്മുന്ന ക്യാമറാക്കണ്ണുകളെ തോക്കിൻ കുഴൽ എന്നപോലെ വീക്ഷിക്കുന്ന ഇവർ, വേദിയുടെ ഒരറ്റത്തുനിന്നും മറ്റേയറ്റംവരെ ഓടിക്കളിക്കയും, ഇടയ്ക്കിടെ കരണം മറിയുകയും ചെയ്യുന്ന "അന്ത്യകാലസംഭവ"ത്തിന്റെ അഭി ഷേക അംഗവിക്ഷേപങ്ങളുടെ നിമിഷങ്ങൾ ഓരോന്നും തെല്ലിട മായാതെ ഒപ്പിയെടുക്കാൻ ബദ്ധപ്പെടുന്നു. നിരോധനാജ്ഞ ലംഘി ക്കുന്നവരെ സ്നേഹത്തിന്റെ വഴുവഴുപ്പിൽ പൊതിഞ്ഞു, വേദിയുടെ പിന്നിലെ ഇരുളിലേക്ക് സവിനയം ആനയിച്ച്, ഭത്സനങ്ങളാലും വേണ്ടിവന്നാൽ ദണ്ഡനങ്ങളാലും പതം വരുത്തി "വീണ്ടും ജനി പ്പിച്ച്" ആരാധനയിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള ഇവരുടെ കൃപ എന്തുകൊണ്ടും ശ്ലാഘനീയം തന്നെ!

ആത്മീയ ഗോളത്തിൽ ഒരു പുതിയ പകർച്ചവ്യാധി പടർന്നുപി ടിച്ചിരിക്കുന്നതു ചിലരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടാവും. നല്ല പരിചയവും അടുപ്പവും ഉള്ള ചില വ്യക്തികളെക്കുറിച്ചുള്ള ഓർമ്മ, അല്പസമ യത്തേക്ക് സുവിശേഷകന്റെ സ്മൃതി മണ്ഡലത്തിൽനിന്നും മാഞ്ഞു പോകുന്നതും, എന്നാൽ അധികം അപകടകാരിയല്ലാത്തതുമായ ഈ രോഗം "ആത്മീയ വ്യാജ ഓർമ്മ മറിച്ചിൽ" (Pseudo Spiritual Blackout or Dementia) എന്ന പേരിൽ അറിയപ്പെടുന്നു. നമ്മുടെ കൊച്ചു കേരളത്തിന്റെ വിഷലിപ്തമായ ആത്മീയ പരിസരങ്ങളിൽ സുലഭ മായി വളരുന്ന പ്രവാചക കീടങ്ങളും കൃമികളും ആണ് ഈ അസു ഖം വിളിച്ചുവരുത്തുന്നത്! തുടക്കത്തിൽ നിസ്സാര ഓർമ്മക്കേടിൽ തുടങ്ങുന്ന ഈ രോഗം അപൂർവ്വം ചില വേദികളിൽ അക്രമസ്വഭാ വംകാട്ടാം. പരിചയമുള്ളവരെ ഓർക്കുന്നില്ലെന്ന് നടിക്കുകയും, ഒരു പരിചയവും ഇല്ലാത്തവരുടെ പേരും വേഷവിധാനങ്ങളും ഓർമ്മ യിൽ സൂക്ഷിച്ചുവെച്ച്, പരിചയക്കാരുടെ ഇമ്മിണി വലിയ കാര്യ ങ്ങൾ ഉൾപ്പെടെ, പേരും വസ്ത്രത്തിന്റെ നിറവും വേണ്ടിവന്നാൽ Brand-ഉം വരെ പ്രവചനാത്മാവിൽ വിളിച്ചു പറഞ്ഞ്, വിശ്വാസി കളെ 'ഭയവും വിറയലും' ഉള്ളവരാക്കി ഒരുക്കി എടുക്കുക എന്നു

ള്ളത്, പുറമെ രോഗലക്ഷണങ്ങൾ ഒന്നും കാട്ടാത്ത ഈ വ്യാധിയുടെ പ്രത്യേകതയാണ്! ഹിന്ദുമുസ്ലീം സഹജീവികളോടുള്ള അമിത സ്നേഹം 'അച്ചായൻ' സംബോധനയിലൂടെ കാട്ടുന്ന ഇവർ അല്പം മുമ്പുവരെ അച്ചായൻ എന്നും അങ്കിൾ എന്നും ആദരവോടെ വിളിച്ചിരുന്ന വന്ദ്യവയോധികരെ, വേദിപൂണ്ടാലുടൻ "സഹോദരൻ" എന്നു വിളിക്കുന്നതു കേട്ടാൽ ഇവർക്ക് ചിത്തഭ്രമം ബാധിച്ചുവൊ അതൊ, ഗർഭപാത്രം മാറിയോ എന്ന് സംശയിച്ചു പോകും. മറ്റുചിലർ 'ച'കാരത്തോട് കൂറുപുലർത്തി അച്ചായനും, അച്ചാച്ചനും, വല്ല്യച്ചാച്ചനും വിളിച്ചു വഷളാക്കി സ്വയം താഴ്ത്തിത്താഴ്ത്തി വേദിയിലെ പൊടി നക്കും. ഇവയെല്ലാം ഈ രോഗാവസ്ഥയുടെ പാർശ്വഫലങ്ങൾ തന്നെ. "ഉള്ളതിൻ മീതെ" ഭാവിക്കരുതാത്ത നാം അമിത വിനയംകൊണ്ട് അപകടം വിളിച്ചു വരുത്തരുത്!

"..പ്രവചനം തുച്ഛീകരിക്കരുത്..." എന്ന വചനം ഉള്ളതുകൊണ്ട്, ജല്പനങ്ങളെല്ലാം പ്രവചനങ്ങളായും, പ്രവചനങ്ങളെല്ലാം ദൈവാത്മപ്രേരണയായും അംഗീകരിക്കാനാവുമൊ? ഒരേവിഷയത്തെക്കുറിച്ചു മൂന്നു പ്രവാചകന്മാർ മൂന്നു വ്യത്യസ്ഥ പ്രവചനങ്ങൾ പറഞ്ഞു കേൾക്കാറുണ്ട്. ഏതു ജഡീകം, ഏതു മാനുഷികബുദ്ധി, ഏതു ദുഷ്ടാത്മപ്രേരണ, ഏതു ദൈവാത്മ പ്രേരണ? ഇതര വിശ്വാസങ്ങളിലുള്ള പല പ്രവചനങ്ങളും സത്യമായി ഭവിക്കുമ്പോൾ, വേദപുസ്തകാടിസ്ഥാനത്തിലുള്ള പ്രവചനങ്ങൾക്കു എന്തുകൊണ്ട് തെറ്റു സംഭവിക്കുന്നു? ഉത്തരം വളരെ ലളിതമാണ്. അവനിൽ ദൈവവും ഇല്ല. സാത്താനും ഇല്ല! [1] "നിങ്ങൾക്കു ദൈവത്തെയും മാമ്മോനേയും സേവിപ്പാൻ കഴിയുകയില്ല" എന്ന വചനം ചൂണ്ടുപലകയായി നിൽക്കുന്നു. ഇരുവരെയും ഒരേസമയം സേവിക്കാൻ ശ്രമിക്കുന്നവന് രണ്ടു തോണിയിൽ ചവുട്ടിനിൽക്കുന്ന അവസ്ഥ. ഇരുവരും ഒരുപോലെ കൈവിടുന്ന ദുരവസ്ഥ! പണ്ട് സ്കേവാ മഹാപുരോഹിതന്റെ പുത്രന്മാർക്ക് സംഭവിച്ചതുപോലെ നഗ്നരും മുറിവേറ്റവരുമായി വീട് വിട്ട് ഓടിപ്പോകേണ്ട ദുരവസ്ഥ സ്വയം ക്ഷണിച്ചു വരുത്തരുത്. [2] "യേശുവിനെ ഞാൻ അറിയുന്നു; പൗലൊസിനെയും പരിചയമുണ്ട്; എന്നാൽ നിങ്ങൾ ആർ" എന്നു ദുരാത്മാവും, "നിങ്ങളെ ഞാൻ അറിയുന്നില്ല" എന്ന് ദൈവവും പറയുന്ന ശപിക്കപ്പെട്ട നിമിഷങ്ങൾ! വെളിച്ച ദൂതന്റെ വേഷം കെട്ടി ചോറും മീനും കൂട്ടിക്കുഴച്ചു ഉരുട്ടുന്നതുപോലെ പ്രവചനവാക്കുകൾ സ്വബുദ്ധിയിൽ ഉരുളകളാക്കി വിശ്വാസിയുടെ അണ്ണാക്കിലേക്ക് ഉരുട്ടിവിടുകയാണ്! തൊണ്ടയിൽ ഉടക്കിയ മുള്ളുമായി വിടുതൽ ഉണ്ടാവും വരെ വിശ്വാസി ഉഴലുകയാണ്! അങ്ങോട്ടും ഇങ്ങോട്ടും ചലനമില്ലാത്ത

മുള്ളും പേറി അടുത്ത പ്രവാചകനെത്തേടി നെട്ടോട്ടമാണ്! തൊണ്ട യിലിരിക്കുന്ന "പാര" കാരണം കട്ടിയായ ആഹാരം പോയിട്ട് മായ മില്ലാത്ത പാലുപോലും ഇറങ്ങുന്നില്ല! പ്രവചന നിവർത്തീകരണം അക്ഷമയോടെ കാത്തിരിക്കുന്ന പാവം വിശ്വാസിയുടെ മുമ്പിൽ ദൈവം ഒരുക്കുന്ന അവസരങ്ങളെയെല്ലാം സാത്താന്റെ ചതിക്കുഴി യെന്ന് കരുതി അവൻ അവഗണിക്കുന്നു. അവസാനം കടിച്ചതുമി ല്ല, പിടിച്ചതുമില്ല, പ്രവാചകന്റെ പൊടിപോലുമില്ല!

ചോരയൂറ്റിക്കുടിക്കുന്ന ഇമ്മാതിരി കണ്ണട്ടകളെക്കുറിച്ചു യേശു കർത്താവ് നമുക്ക് മുന്നറിയിപ്പ് തന്നിട്ടുള്ളതു മറക്കരത്. ഗർഭസ്ഥ ശിശു ആൺകുട്ടി എന്ന് ഗണിച്ച് പറയുകയും പെൺകുട്ടി എന്ന് കതകിനു പിന്നിൽ രഹസ്യമായിക്കുറിച്ചിടുകയും ചെയ്യുന്ന പ്രശ്ന ക്കാരന്റെ സന്ദർഭോചിത നിറംമാറ്റം അപൂർവ്വമായെങ്കിലും ചില പ്രവാചകന്മാരെ വെട്ടിലാക്കാറുണ്ട്. അവരവർക്കു തന്നെ മെനയാ വുന്ന മറ്റു ചിലരുടെ കുശാഗ്രബുദ്ധി ഇനി ഒരു പ്രവചനത്തിന് വഴി യൊരുക്കാതെ അവരുടെ വായ് അടപ്പിക്കാറുമുണ്ട്. പ്രവചനം തുച്ഛീ കരിക്കാത്ത നാം തൊട്ടടുത്തുള്ള വാക്യങ്ങൾ കണ്ടില്ലെന്ന് നടിക്കു ന്നുവൊ?

[1] "...സകലവും ശോധന ചെയ്തു നല്ലത് മുറുകെപ്പിടിപ്പിൻ; സക ലവിധദോഷവും വിട്ടകലുവിൻ." ശോധന ചെയ്യേണ്ടതിന്റെ ആവ ശ്യകതയും ശോധന ചെയ്യേണ്ടതു നാം സ്വയമെന്നും വളരെ വ്യക്ത മായി ദൈവാത്മാവ് ചൂണ്ടിക്കാണിക്കുന്നു. ശോധന ചെയ്തു നല്ലതു ഏതെന്ന് തിരിച്ചറിയാനുള്ള പരിജ്ഞാനം ദൈവം നമുക്ക് തന്നിട്ടു ണ്ട്; ഇല്ലായെങ്കിൽ ഉടയവനോട് ചോദിച്ചു വാങ്ങണം. "നല്ലത്" എന്ന് എടുത്തു പറഞ്ഞിരിക്കുന്നതിനാൽ 'തീയതു' ഉണ്ട് എന്നത് സ്പഷ്ടം. ചപ്പും ചവറും ആയിരിക്കുന്ന സകലവിധ ദോഷവും നാം വിട്ടകലേണ്ടിയിരിക്കുന്നു എന്ന് ഓർത്തുകൊൾക. പൗലോ സിന്റെയും ശീലാസിന്റെയും സുവിശേഷ ഘോഷണയാത്രയിൽ ബെരോവയിലെത്തിയ അവർ, ബെരോവക്കാരെ തെസ്സലൊനിക്ക ക്കാരെക്കാൾ 'ഉത്തമന്മാരായി' എണ്ണിയതിന്റെ കാരണം പ്രവർത്തി കളുടെ പുസ്തകം 17-ാം അദ്ധ്യായം 11-ാം വാക്യത്തിൽ വ്യക്ത മായി രേഖപ്പെടുത്തിയിരിക്കുന്നതു ദയവായി ശ്രദ്ധിക്കുക. "അവർ തെസ്സലോനിക്യയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങ നെതന്നെയൊ എന്ന് ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു." അപ്പൊസ്തലന്മാരും, ഇടയന്മാരു, സുവിശേഷകരു മൊക്കെ നമ്മോട് പറയുന്ന ദൂതിന്റെ നിജസ്ഥിതി വചനത്തിൽ പരി

ശോധിച്ചു നോക്കേണ്ട ആവശ്യകതക്കു ഇവിടെ പരിശുദ്ധാത്മാവ് ഊന്നൽ നൽകിയിരിക്കുന്നു. അങ്ങനെയുള്ളവരെ ഉത്തമന്മാരായി കണക്കാക്കുന്നു. വേദപസ്തകവിരുദ്ധമായതൊ വ്യാജമായതൊ ആയ ഉപദേശങ്ങൾ ഇടയശ്രേഷ്ഠരുടെ വായിൽ നിന്നും വരാനുള്ള സാധ്യത തള്ളിക്കളയാനാവില്ല എന്ന സത്യം ഈ വേദഭാഗം വിളിച്ചുപറയുന്നു. കേട്ട വചനം അവഗണിക്കാതെ അതു പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടശേഷമാണ് അവർ പരിശോധനയ്ക്കു മുതിർന്നത് എന്നുകൂടി പ്രത്യേകം ശ്രദ്ധിക്കുക. പ്രവചനം കേട്ടാലുടൻ അതിനെ തുച്ഛീകരിക്കാൻ ശ്രമിക്കാതെ ശോധന ചെയ്യണമെന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. വചനം പരിശോധിക്കുന്നവർ ഉത്തമരും പ്രവചനം ശോധന ചെയ്യുന്നവർ അത്യുത്തമരുമല്ലോ!

പരിശോധനയും ശോധനയും ദൂത് കേൾക്കുന്ന വിശ്വാസികളിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യവും കടമയും ഉത്തരവാദിത്തവുമാകയാൽ, “ഞങ്ങൾ ചപ്പും ചവറും പറയും; നിങ്ങൾ പരിശോധിച്ചുകൊൾക, ഞങ്ങൾ വായിൽ വരുന്നത് കോതയ്ക്കു പാട്ടെന്ന രീതിയിൽ പ്രവചിക്കും; നിങ്ങൾ ശോധന ചെയ്തുകൊൾക, ഞങ്ങൾ പലതും പുലമ്പും; നിങ്ങൾ നല്ലത് മുറകെപ്പിടിച്ചുകൊൾക, ദോഷം വിട്ടകലേണ്ടത് നിങ്ങളുടെ കാര്യം.” എന്നീ മനോഭാവത്തോടെ ദൈവദാസന്മാർ ശുശ്രൂഷിച്ചാൽ പ്രവചനാത്മാവ് നിങ്ങളെ വിട്ടോടിപ്പോകും. ഉയരത്തിൽനിന്നും പ്രവചനവരം പ്രാപിച്ചിട്ടില്ലെങ്കിൽ മിണ്ടാതെയിരിക്കട്ടെ! പ്രവചനത്തിന്റെ അഭാവം കൊണ്ട് താൻ കുറഞ്ഞുപോകുമെന്നുകരുതി മുഖലക്ഷണവും അവസ്ഥകളും വിലയിരുത്തി, മാനുഷികബുദ്ധിയിൽ കണ്ടതും കേട്ടതും വിളിച്ചു പറഞ്ഞ് സ്വയം ഇളിഭ്യരാകേണ്ട. ഒരു പരിധിവരെ, നാം, വിശ്വാസികൾ തന്നെയാണ് ഇത്തരം വ്യാജപ്രവചനാത്മാക്കളുടെ പിന്നിലെ പ്രചോദനാത്മാക്കൾ. ദൂതിനോടിത്തിരി എരിവും, പുളിയും, മധുരവും, കയ്പും കലർന്ന മസാലക്കൂട്ട് ചേർത്തില്ലെങ്കിൽ ഇറങ്ങില്ല! നമ്മുടെയും നമ്മുടെ തലമുറയുടെയും ഭാവി വെറ്റിലയിൽ മഷിതൂത്ത് നോക്കിയില്ലെങ്കിൽ ഉറങ്ങില്ല! ഇനിയും നിനക്കൊരുയർച്ചയില്ല എന്ന ഭാവത്തിൽ വേദഭാഗം മിന്നൽ വേഗത്തിൽ എടുത്ത്, വിശ്വാസികളുടെ കർണ്ണപുടങ്ങളെ തുളയ്ക്കുന്ന വന്യശബ്ദത്തിൽ അബദ്ധങ്ങൾ മാത്രം ഉരുവിട്ട്, സർവ്വസഭായോഗങ്ങളിലും തന്നെ കടത്തിവെട്ടുന്ന ചിന്നമ്മ സഹോദരിക്ക് ദൈവദാസൻ കണക്കിന് കൊടുക്കുന്നതിൽ ആത്മീയ നിർവൃതികണ്ടെത്തി അനസ്യൂതം ഉച്ചത്തിൽ സ്തോത്രം

കരേറ്റുന്ന അന്നമ്മ സഹോദരിക്ക്, യോഗശേഷം ദൈവദാസനെ ഒറ്റക്ക് കണ്ട് ആലോചനകേട്ടും സന്തോഷം പങ്കിട്ടും കൂട്ടുസഹോദരിയോടുള്ള രഹസ്യ രോഷം ശമിപ്പിക്കാൻ സാധിച്ചതിലുള്ള പരമാനന്ദം! തന്റെ നീണ്ട സാക്ഷ്യംകൊണ്ട് പതിവുപോലെ ക്ഷമയുടെ നെല്ലിപ്പലകനിരത്തി വിശ്വാസികളെ എണ്ണം പഠിപ്പിക്കുന്ന, സ്വതവെ ഘനഗാംഭീര്യനും, പുതുമടിശ്ശീലക്കാരനും, സഭയുടെ വേലിക്കല്ലുമായ സഹോദരൻ പരിയാരത്ത് പൗലൊച്ചൻ മുതലാളിക്കു, ബുദ്ധിയുടെ കാര്യത്തിൽ മാത്രം പിശുക്കു കാട്ടുന്ന തന്റെ ഇളയമകൻ 'പ്രെയിസ്മോനു' 60 ലക്ഷം കൊടുത്ത് 'കൃപയാൽ' മെഡിസിന് അഡ്മിഷൻ തരപ്പെടുത്തിയ തന്റെ മിടുക്ക് വിനയപുരസരം "എളിയ സാക്ഷ്യത്തിൽ" എടുത്തു പറയാൻ മറന്നതിലുള്ള നഷ്ടബോധത്തിൽ, ദൈവദാസനെ വീട്ടിലേക്ക് ക്ഷണിച്ചു, 'മാനിച്ച്', സഭായോഗം അലക്ഷ്യമായി കാണുന്ന മൂത്തമകൻ ബ്ലസ്സന്റെ ബന്ധനം ഉടനടി അഴിക്കാൻ തിടുക്കം! ഇങ്ങനെ എന്തിനും ഏതിനും പ്രവാചകന്റെ പാദാരബിന്ദുക്കളിൽ തെന്നിയടിച്ച് കമിഴ്ന്നു വീഴാനുള്ള നമ്മുടെ എരിവും വ്യഗ്രതയും അദ്ദേഹത്തെ മൂന്നാം സ്വർഗ്ഗത്തിലേക്കു കൈപിടിച്ചുയർത്തും!

ദൈവവിളിയില്ലാത്ത സുവിശേഷ ദർശനവും, ധനത്തോടും മാനത്തോടുമുള്ള ഒടുങ്ങാത്ത മോഹങ്ങളും, കപടതയും, വിശ്വാസവഞ്ചനയും, നടനവും, ആട്ടവും എല്ലാം ചേർന്ന് 1500-കളിലെ കത്തോലിക്കാ സഭയേക്കാൾ ദുർഗന്ധം വമിക്കുന്ന ശവപ്പറമ്പിന്റെ ദുരവസ്ഥയിലേക്ക് പെന്തക്കോസ്തു നേതൃത്വം പാതാളത്തോളം താണിരിക്കുന്നു. "മനുഷ്യ പുത്രാ, ഈ അസ്ഥികൾ ഇനിയും ജീവിക്കുമോ" എന്ന് ഒരുകൂട്ടം നിഷ്കളങ്ക വിശ്വാസികളുടെ അധരങ്ങൾ മന്ത്രിക്കുന്നു. ഇന്നത്തെ പാവക്കൂത്തിനെ നിയന്ത്രിക്കുന്ന അദൃശ്യ ചരടുകളുടെ നിയന്ത്രണം ശക്തമായ കരങ്ങളിലാണ്. അത് "സ്ത്രീയുടെ സന്തതിയുടെ കുതികാൽ തകർത്തവനാണ്" എന്നു മറന്നുപോകരുത്. എന്നാൽ "അവന്റെ തലയെ തകർത്തവൻ" നമ്മോടുകൂടെയുണ്ട്. ഇന്നത്തെ പെന്തക്കോസ്തു സഭയുടെ പോക്കിൽ അസംതൃപ്തരും, അസന്തുഷ്ടരും, അസഹിഷ്ണരും, അക്ഷമരും ഒപ്പം നിശ്ശബ്ദരുമായ ഒരു വലിയ കൂട്ടത്തിന്റെ ശബ്ദമാണിത്. വിലാപമോ, ദീനരോദനമോ അല്ല; കാതങ്ങളെ പ്രകമ്പനം കൊള്ളിക്കുന്ന ഗർജ്ജനത്തിനു മുമ്പുള്ള മുരൾച്ച! ഒരു നവോത്ഥാനം കൂടിയേ തീരു! ഇന്നല്ലെങ്കിൽ നാളെ അത് സംഭവിക്കും... തീർച്ച. [1] "ദർശനത്തിന് ഒരവധി വെച്ചിരിക്കുന്നു... അതു വൈകിയാലും അതിനായി കാത്തിരിക്ക... അതു വരും നിശ്ചയം..."

16

# വിശ്വാസ തീവ്രതയുടെ സീയോൻ പർവ്വതം!

[1] "യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലയാകുന്നു."

എന്റെ കുടുംബത്തിൽ ഇളം തലമുറയിൽ സംഭവിച്ച തികച്ചും ഹൃദയഭേദകവും ഒപ്പം പ്രത്യാശയുടെ മകുടോദാഹരണവുമായ ആദ്യ വേർപാട് എടുത്തുകാട്ടുന്നത്, സ്വർഗ്ഗീയ ഭവനത്തെ നോക്കിപ്പാർക്കുന്ന നാം ഏവരെയും എന്തുകൊണ്ടും വിശ്വാസതീവ്രതയിലേക്കു നയിക്കുന്നതിന് കാരണമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അത്ഭുത രോഗ വിടുതലിനാൽ ആയുസ്സിനോട് ഏതാനും മാസങ്ങൾകൂടി നീട്ടിക്കിട്ടിയെന്ന് അവനും മറ്റുള്ളവരും ഒരുപോലെ വിശ്വസിച്ച, എന്റെ ജ്യേഷ്ഠ സഹോദരന്റെ മകൻ സുദീഷ് എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന ഫിലിപ്പ് മാത്യു, 33-ാമത്തെ വയസ്സിൽ തന്റെ തിളയ്ക്കുന്ന യുവ പ്രായത്തിൽ അവന്റെ മൺകൂടാരം ഇവിടെയുപേക്ഷിച്ച് സ്വർഗ്ഗീയ സീമകളിലേക്കെടുക്കപ്പെട്ടു. അവസാന ദിനങ്ങളിലവൻ കാട്ടിയ വിശ്വാസതീവ്രതയ്ക്കു മുന്നിൽ ഒരു നിമിഷം തരിച്ചു നിന്ന അവന്റെ മാതാപിതാക്കളും അവർക്ക് തുല്യരായവരും ഉൾപ്പെടുന്ന ആത്മീയ ഗോളം ഒന്നാകെ, തങ്ങൾക്കു പലപ്പോഴും കൈമോശം വരുന്ന പ്രത്യാശയുടെ മുൻപിൽ ലജ്ജിച്ചു തലതാഴ്ത്തി.

അതേ, സഹോദരാ, സുദീഷിന്റെ വിശ്വാസം തിളയ്ക്കുന്നതും അവന്റെ പ്രത്യാശ ഘനമേറിയതുമായിരുന്നു! അവന്റെ ശാരീരിക ഉയരം 6 അടി 3 ഇഞ്ച് ആയിരുന്നുവെങ്കിൽ അവന്റെ വിശ്വാസത്തിന്റെ ആഴം മരണത്തോളം ആയിരുന്നു! ക്യാൻസർ എന്ന രോഗാത്മാവ് അവന്റെ കോശങ്ങളെ ഒന്നൊന്നായി കാർന്നു തിന്നപ്പോൾ വേദനകൊണ്ട് പുളഞ്ഞ സുദീഷ്, കല്ലേറിനാൽ മാംസം ചിന്നിച്ചിതറിയ സ്തേഫാനോസിനെപ്പോൽ വിശ്വാസം കാത്തു; സ്വർഗ്ഗീയ ദർശനം കണ്ടു! യേശുവിനെ ശുശ്രൂഷിക്കാനും ബലപ്പെടുത്താനും മരുഭൂമിയിൽ ഇറങ്ങിവന്ന ദൂതന്മാർ 21-ാം നൂറ്റാണ്ടിലും തങ്ങളുടെ

ദൗത്യം മറന്നില്ല! കഷ്ടനഷ്ടങ്ങളുടെ നിലയില്ലാക്കയത്തിലും, വേദ നയാതനകളുടെ നെരിപ്പോടിനുള്ളിലും പുളഞ്ഞ ഇയ്യോബ് തന്റെ ജനന ദിവസത്തെപ്പോലും പഴിച്ചപ്പോൾ സുദീഷിന്റെ നാവു മൗന മായിരുന്നു; അവന്റെ ആത്മാവ് ദൈവസന്നിധിയിൽ വാചാലമായി രുന്നു! "മാൻ നീർത്തോടുകളിലേക്കു പോകുവാൻ കാംക്ഷിക്കുന്ന തുപോലെ" വ്യഗ്രതയിലായിരുന്ന അവന്റെ ഉള്ളം ഒരുപക്ഷേ ശേഷിച്ച നിമിഷങ്ങളെ പഴിച്ചിരിക്കാം! പ്രത്യാശാഗാനത്തോടെ തന്റെ സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിലേക്ക് അത്യാനന്ദത്തോടെ കടന്നുപോയ സുദീഷ്, 70-ലും, 80-ലും അതിലധികത്തിലും അന്ത്യ യാത്രയെ ഭീതിയോടെ നോക്കിക്കാണുന്ന നമ്മുടെ മുമ്പിൽ അച ഞ്ചലവിശ്വാസത്തിന്റെ സീയോൻ പർവ്വതം പോലെ ഇന്നും നില കൊള്ളുന്നു.! ദൈവം അവന്റെ ആയുസ്സിനോടു നീട്ടിക്കൊടുത്ത മാസങ്ങളും, പാലിയേറ്റീവ് കെയറിൽ കഴിച്ചുകൂട്ടിയ ദിനങ്ങളും അവനെ അടുത്തറിയാവുന്നവരുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ പുതുപുത്തൻ കിരണങ്ങൾ പീലിവിടർത്തി, വിശ്വാസത്തിന്റെ വൻ തിരകൾ ഉയർത്തി! ഒരു നിശ്ശബ്ദ സംഗീതം പോലെ വിശ്വാസ തീഷ്ണത അനേകരിലേക്കൊഴുകി! വിജയകരമായി ദൗത്യം പൂർത്തീകരിച്ച സുദീഷ് അവന്റെ നിത്യ ഭവനത്തിലേക്കെന്നെന്നേ ക്കുമായി യാത്രയായി.

സഹോദരാ, താങ്കളും ഞാനും ഇതുപോലെ ഒരു മരണം ആഗ്ര ഹിക്കുന്നില്ലേ? ഒരു പക്ഷേ, ഭീകരവും വേദനാജനകവുമായ രോഗാ വസ്ഥയെ നാം ഭയപ്പെടുന്നുണ്ടാവാം. ഒരു നാളും ഉപേക്ഷിക്കുകയും കൈവെടിയുകയുമില്ലെന്ന് അരുളിച്ചെയ്തവന്റെ അദൃശ്യകരം എല്ലാ യ്പ്പോഴും നിന്നെ താങ്ങും. നിന്റെ രോഗക്കിടക്കയ്ക്കു ചുറ്റും ചിറകു വിടർത്തി നിന്ന് നിന്നെ ബലപ്പെടുത്തുവാൻ അവൻ തന്റെ ദൂതന്മാ രോടു കല്പിക്കും. നിന്റെ അന്ത്യ നിമിഷങ്ങളെ ഭൗമ വാസത്തിലെ ഏറ്റം ആനന്ദദായക നിമിഷങ്ങളായി അവൻ മാറ്റി മറിക്കും. വാഗ്ദ ത്തങ്ങളുടെ ഒരു നീണ്ടനിരതന്നെ നമ്മുടെ മുമ്പിലുണ്ട് എന്ന സത്യം വിസ്മരിക്കരുത്. എത്ര നന്നായി ജീവിച്ചു എന്നവകാശപ്പെട്ടാലും അവസാന നിമിഷങ്ങളിൽ വിശ്വാസവും പ്രത്യാശയും കൈവിട്ടു പോയാൽ പ്രയോജനമേതുമില്ല. അതുകൊണ്ടാണ് "അന്ത്യത്തോളം", 'അവസാനത്തോളം' എന്നീ അർത്ഥവത്തായ പദങ്ങൾക്ക് വചനം ഊന്നൽ നൽകുന്നത്. അന്ത്യനിമിഷത്തേക്കാൾ പ്രാധാന്യമർഹി ക്കുന്ന മറ്റൊരു നിമിഷവും മർത്യന്റെ ആയുസ്സിലില്ല. അതിനു വേണ്ടി സ്വയം ഒരുങ്ങുന്നതിനൊപ്പം മറ്റുള്ളവരെയും ഒരുക്കിയെടു ക്കേണ്ട ഒരു വലിയ ദൗത്യം നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു.

ദിനമ്പ്രതി എത്രയോ ആയിരങ്ങൾ വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചോ, വിശ്വാസമെന്തെന്നറിയാതെയോ ഈ ലോകത്തോടു യാത്രപറയുന്നു. ഭവനങ്ങളിലോ, ആശുപത്രികളിലോ പാലിയേറ്റീവ് കെയർ യൂണിറ്റുകളിലോ, നീട്ടിക്കിട്ടുന്ന ഏതാനും മാസങ്ങളോ, ദിവസങ്ങളോ, ഒരുവന്റെ ആയുസ്സിലെ നിർണ്ണായകവും ഒപ്പം നിസ്സഹായവുമായ മൂഹൂർത്തങ്ങളെങ്കിൽ, ഇതിൽപ്പരം 'ഒരുക്കപ്പെട്ട നിലം' എവിടെ കണ്ടെത്താനാവും? പ്രത്യാശയോടെ മരിക്കുക; വിശ്വാസത്തോടെ മരിക്കാൻ സഹായിക്കുക. ലോകാന്ത്യത്തിനു പ്രാധാന്യം നല്കുന്ന വചനം പഠിപ്പിക്കുന്ന നാം, പണ്ട് നോഹയുടെ കാലത്തെപ്പോലെ വിവാഹത്തിനു കൊണ്ടും കൊടുത്തും, വിരുന്നു സല്ക്കാരങ്ങളിൽ പുളച്ചും, മദിച്ചും, രസിച്ചും, വാദിച്ചും, പൊരുതിയും, വേദികളിൽ മുഖം മൂടിയിട്ടും നമുക്കായിത്തന്നെ ജീവിക്കുന്നു. നടപ്പും ഭാവവും കണ്ടാൽ നാം ഉൾപ്പെടാത്ത ഒരു ലോകമാണ് അതിന്റെ അന്ത്യത്തിലേക്ക് പോകുന്നത് എന്നു തോന്നിപ്പോകും. "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുമ്പോൾ" മദ്ധ്യാകാശത്തിൽ അവനെ എതിരേല്ക്കാൻ കെട്ടിയൊരുങ്ങി നില്ക്കയല്ലേ നാം. നമ്മുടെ പൂർവ്വികർ ആരും തന്നെ ലോകാവസാനത്തിനു സാക്ഷികളാകുവാൻ ജീവിച്ചിരിപ്പില്ല. നാമും മിക്കവാറും അതു പോലെയൊക്കെത്തന്നെ. അങ്ങനെയെങ്കിൽ ലോകാന്ത്യത്തിനു മുമ്പുള്ള ഒരു മനുഷ്യായുസ്സിന്റെ അന്ത്യത്തിന് അതർഹിക്കുന്ന പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. [1] "ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലത്..." ഒരു നല്ല ക്രിസ്തീയ ജീവിതം പോലെ തന്നെയാണ്-ഒരു നല്ല ക്രിസ്തീയ അന്ത്യവും. അതിനായി സ്വയമൊരുങ്ങുന്നത് ആത്മാവിന്റെ രക്ഷയും മറ്റുള്ളവരെ ഒരുക്കുന്നത് ക്രിസ്ത്രീയ ദർശനവുമാണ്.

17

# സ്വർഗ്ഗീയ പാതയിലെ തടങ്കൽ പാറകൾ

പ്രത്യുല്പാദനശേഷി നൈസർഗ്ഗീകമായി നല്കപ്പെട്ട ഒരു വരദാനമാണ്. ഏതൊരു ജീവജാലങ്ങളെയും പോലെ തന്നെ, ഒരു പക്ഷേ, അതിലധികമായും സ്ത്രീപുരുഷബന്ധത്തിലെ സ്വകാര്യമുഹൂർത്തങ്ങൾ ആനന്ദാതിരേകത്തിന്റെയും നിർവൃതിയുടേയും അനർഘനിമിഷങ്ങളാണ്. ഈ വക ലൈംഗിക വികാരങ്ങളും ചേഷ്ടകളും ഉൾപ്പെടുന്ന എതിർ ലിംഗാകർഷണം മനുഷ്യന്റെ കൂടപ്പിറപ്പാകയാൽ, സാന്മാർഗ്ഗികതയുടെ അതിർ വരമ്പുകൾ ലംഘിക്കപ്പെടാതിരിക്കാൻ ഒരുവന് ഏക ഭാര്യയും ഒരുവൾക്ക് ഏക ഭർത്താവും എന്നു വേദപുസ്തകം അസന്നിഗ്ധമായി നിഷ്ക്കർഷിക്കുന്നു.

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്ന് കണ്ട യഹോവയായ ദൈവം, ആദത്തിന് കൂടുതൽ സന്തോഷമായിക്കൊള്ളട്ടെ എന്നു കരുതി ഒന്നിലധികം ഹവ്വമാരെ സൃഷ്ടിച്ചു കൊടുത്തില്ല. അവന്റെ വാരിയെല്ലുകളിൽ "ഒന്ന്" എടുത്ത് അതിനെ "ഒരു" സ്ത്രീയാക്കി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭാഗ്യം! കുറെ അധികം നാരികളെ ഉണ്ടാക്കിയിരുന്നെങ്കിൽ നാം, പുരുഷന്മാർക്കു വാരിയെല്ലുകൾ മൊത്തമായി നഷ്ടപ്പെടുമായിരുന്നു എന്നു മാത്രമല്ല, ഒരു നാരിയുടെ മുമ്പിൽ പോലും നേരെനില്ക്കാനാവതില്ലാത്ത നമുക്ക് നട്ടെല്ലിന്റെ തന്നെ ആവശ്യമുണ്ടാകുമായിരുന്നില്ല. അങ്ങനെയായിരുന്നു എങ്കിൽ ഹവ്വയെ വീഴ്ത്താൻ ഒരു പക്ഷേ, പിശാചു മറ്റൊരു തന്ത്രം കണ്ടുപിടിക്കണമായിരുന്നു! വാരിയെല്ലുകളുടെ അഭാവത്തിൽ അവ ബന്ധിപ്പിക്കേണ്ട നട്ടെല്ല് ആവശ്യമില്ലാത്തപ്പോൾ, അരമുതൽ മേലോട്ട് വഴക്കമുള്ള മാംസപിണ്ഡവും, മുകളറ്റത്ത് 360 ഡിഗ്രി തിരിയുന്ന ഒരു തലയുമുള്ള സ്ഥിതിക്ക്, ആദത്തിന്റെ നോട്ടം എപ്പോഴും ഏതു ദിക്കിലേക്കും എത്തുമെന്നുള്ളതിനാൽ പിശാചിന് ഒതുക്കത്തിൽ കാര്യം സാധിക്കാനാവില്ലായിരുന്നേനേം! കയ്യോടു പിടികൂടി പഴം ശാപ്പിടരുതെന്ന് ഹവ്വയെ വിലക്കുകയും, തദ്വാര പിശാച് ജാള്യതയോടെ മടങ്ങുകയും ചെയ്യുമായിരുന്നു! എന്തു ചെയ്യാം, മറയ്ക്കു പിന്നിൽ അവൻ കാര്യം സാധിച്ചില്ലേ?

സ്ത്രീയുടെ മുമ്പിൽ നട്ടെല്ലു തകർക്കപ്പെട്ട അനകർ നമുക്ക് ദൃഷ്ടാന്തമായുണ്ട്. കടക്കണ്ണെറിഞ്ഞ് വിലക്കപ്പെട്ട കനി വെച്ചു നീട്ടിയ ഹവ്വയുടെ മുന്നിൽ ദൈവത്തിന്റെ കല്പന ആദം മറന്നില്ലെ?" "തിന്നുന്ന നാളിൽ നീ മരിക്കും" എന്നു വരെ കടുകട്ടിയായി കല്പിച്ചിട്ടും മാദകത്വത്തിനു മുമ്പിൽ മരണം മറക്കുന്ന ആദം! വിഷക്കനി എന്നറിഞ്ഞിട്ടും സ്ത്രീയുടെ മുമ്പിൽ വിഷയാസക്തനാകുന്ന നട്ടെല്ലില്ലാത്ത നരൻ! "തന്നു; ഞാൻ തിന്നു" എന്നു നിസ്സാരമായി പറയുന്ന ആദത്തിന് മുമ്പിൽ വിഷപ്പാത്രം മധുചഷകമാകുന്നു.

സാറയുടെ എളുപ്പവഴിക്കു മുന്നിൽ അബ്രഹാം പിതാവിന്റെ നട്ടെല്ല് വില്ലുപോലെ വളഞ്ഞു! യഹോവയായ ദൈവത്തിന്റെ വാഗ്ദത്തം മറന്ന നൂറു വയസ്സുള്ള അബ്രഹാം അപ്പോഴത്തെ ആവശ്യം കണക്കിലെടുത്ത് തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ നട്ടെല്ല് ഊരി ഊന്നുവടിയാക്കി. പെൺമക്കൾ രണ്ടുംകൂടി ചേർന്ന്, വീഞ്ഞു കുടിച്ച് അന്തം വിട്ട് കുന്തം വിഴുങ്ങിക്കിടന്ന വൃദ്ധനായ ലോത്തിന്റെ നട്ടെല്ലൂരി അടുത്ത തലമുറയുടെ കൂടാരത്തിന് കഴുക്കോലാക്കി! ബാലസിംഹത്തെ വലിച്ചു കീറുകയും, കഴുതയുടെ താടിയെല്ലു കൊണ്ട് ഒറ്റയ്ക്ക് അനേകം ഫെലിസ്ത്യരെ കൊന്നൊടുക്കുകയും ചെയ്ത വീരശൂര പരാക്രമിയായ ശിംശോന്റെ നട്ടെല്ല് ദലീലയുടെ വന്യമായ വശ്യതയ്ക്കു മുമ്പിൽ തേരട്ടപോലെ മടിയിൽ ചുരുണ്ടില്ലേ? നട്ടെല്ലുയർത്തി നില്ക്കേണ്ടവൻ ദലീലയുടെ മാസ്മരികതയിൽ ഒതുങ്ങിയപ്പോൾ നായ്ക്കുട്ടിപോലെ നിലംനക്കി! ഊരിയാവിന്റെ ഭാര്യ ആയുസ്സിലാദ്യമായി ഒന്നു കുളിച്ചപ്പോൾ ദാവീദ് രാജാവിന്റെ നട്ടെല്ല് ചതഞ്ഞ ഓട പോലെയായി! ഉപായരൂപേണ നട്ടെല്ലു ചെങ്കോലാക്കിയ രാജാവ് ഊരിയാവിനെ കൊല്ലാനും മടിച്ചില്ല. (പിന്നീട് ദാവീദ് അവളെ ഒരിക്കലും കുളിക്കാൻ സമ്മതിച്ചു കാണില്ല; കുളികണ്ട് ആരെങ്കിലും അടിച്ചുമാറ്റിയാലോ!) ശലോമോനാണ് ചരിത്രം തിരുത്തിക്കുറിച്ച രാജാവ്. സ്വന്തം രാജ്യത്തെ മാദകത്തിടമ്പുകൾ ഒന്നും പോരാഞ്ഞ് അദ്ദേഹം അയൽ രാജ്യത്തുനിന്നുകൂടി സംബന്ധം കൂടി. "ചിന്നവീടു"കളുടെ ബാഹുല്യം മൂലം അദ്ദേഹത്തിന് വളരെ തിരക്കനുഭവപ്പെട്ടു. വർഷത്തിൽ ഓരോ ദിവസം ഓരോ വീടു കയറിയിറങ്ങിയാലും വർഷാവസാനം പിന്നെയും ബാക്കിനില്ക്കുന്നു. (നാം മലയാളികൾ ഇതിന്റെ രഹസ്യം മനസ്സിലാക്കിയിരുന്നിട്ടും ആരോടും മിണ്ടിയില്ല! "ദാവീദിന്റെ അല്ലേ മോൻ; മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കുമോ!")

പഴയനിയമ കാലത്ത് ഇത്തരം നട്ടെല്ലു കൈമോശം വന്ന പലസം

ഭവങ്ങളും എടുത്തുകാട്ടാനുണ്ട്. പുതിയനിയമ കാലഘട്ടത്തോടു കൂടി ഏക ഭാര്യാത്വത്തിനും, ഏക ഭർതൃത്വത്തിനും, ദാമ്പത്യജീവിതത്തിലെ വിശ്വസ്തതയ്ക്കും ഒക്കെ കൂടുതൽ ഊന്നൽ നല്കിയിട്ടും, പാപിനികളായ സ്ത്രീകൾ പല പുരുഷന്മാരുടെയും നട്ടെല്ലുകൾ ഒടിച്ചടുക്കിയിട്ടുണ്ട്. കൊരിന്ത്യ സഭയിൽ അപ്പനും മകനും കൂടി നടത്തുന്ന പങ്കുകച്ചവടത്തെക്കുറിച്ചുപോലും പരാമർശിക്കുന്നു. ഇന്ന് അത്രത്തോളമില്ലെങ്കിലും നാം, പുരുഷന്മാരുടെ നട്ടെല്ലിന് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ക്ഷയം സംഭവിക്കാറുണ്ട്. ആത്മീയ ഗോളത്തിൽ പോലും പലരുടേയും നട്ടെല്ലുകൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ദ്രവത്വം കാണുകയോ, അപൂർവ്വം ചില സന്ദർഭങ്ങളിൽ രഹസ്യമായെങ്കിലും നാട്ടുകാർ ചേർന്ന് നട്ടെല്ലിൽ "വിടുതൽ ശുശ്രൂഷകൾ' നടത്തുകയോ ചെയ്യാറുണ്ട്. ആദം പിതാവിന്റെ വാരിയെല്ലിൽ ഒന്ന് എടുത്തു എന്നു പറഞ്ഞിരിക്കയാൽ ഇത്രയും എഴുതിയെങ്കിലും അന്നുമുതൽ ഹവ്വമാരുടെയും ചരിത്രം വിഭിന്നമല്ല. [1] "യരുശലേം പുത്രിമാരേ വയലിലെ ചെറുമാനുകളാണ, പേടമാനുകളാണ, പ്രേമത്തിനിഷ്ടമാകുവോളം അതിനെ ഇളക്കരുത്, ഉണർത്തുകയുമരുത്" എന്ന് പ്രേമത്തിന്റെ അവസാന വാക്കായ ശലോമോൻ തന്റെ പ്രേമഗീതങ്ങളിൽ മൂന്നു തവണ ആവർത്തിച്ച് അടിവരയിട്ട് ആണയിട്ട് പറയുന്നത് ശ്രദ്ധിക്കുമല്ലോ.

ഉല്പത്തിപ്പുസ്തകം ഒന്നാം അദ്ധ്യായം 27, 28, വാക്യങ്ങളിൽ "ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വന്ത സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു," എന്ന വർണ്ണന മനുഷ്യസൃഷ്ടിയുടെ ഒരു സംക്ഷിപ്ത വിവരണം മാത്രമാണ്. "ദൈവത്തിന്റെ ഒരു ദിവസം ആയിരം സംവത്സരം പോലെ" എന്ന വചനസത്യം ഉൾക്കൊള്ളുന്ന ഒരുവൻ അടുത്ത നിമിഷം തന്നെ, അഥവാ പത്തുമാസത്തിനുള്ളിൽ തന്നെ ഹവ്വ തന്റെ പ്രസവപ്രക്രിയ ആരംഭിച്ചു എന്ന് ചിന്തിക്കുന്നത് ഉചിതമല്ല. ("പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും; അവർ ഒരു ദേഹമായിത്തീരും" എന്നുള്ളതിനാൽ അവരെ സയാമീസ് ഇരട്ടകൾ പോലെ നാം സങ്കല്പിക്കാറില്ലല്ലോ!) ദൈവകല്പനയെ നിരസിച്ച് പാപത്തിനധീനരാ

കുന്നതിന് മുമ്പ് അവർ സന്താനോല്പാദനം നടത്തിയതായും ചിന്തിക്കാനാവില്ല. സൃഷ്ടിമുതൽ ഇരുവരും നഗ്നരായിരുന്നു എങ്കിലും അവർക്ക് നാണം തോന്നിയില്ലായെന്ന് എടുത്തു പറഞ്ഞിരിക്കുന്നതിനാൽ, പാപം ചെയ്യുന്നതിനു മുമ്പ് ലൈംഗിക ചിന്തകളോ വികാരങ്ങളോ ഒന്നും അവർക്കില്ലായിരുന്നു, അഥവാ അവർ പ്രകടമാക്കിയിരുന്നില്ലായെന്ന് വളരെ വ്യക്തമായി മനസ്സിലാക്കാം. തന്നെയുമല്ല, വീഴ്ചയ്ക്കു മുമ്പ് അവർ അമർത്ത്യരായിരുന്നു എന്നും വിസ്മരിക്കരുത്. എന്നാൽ വിലക്കപ്പെട്ട വൃക്ഷഫലം തിന്ന "ഉടനെ, ഇരുവരുടെയും കണ്ണുതുറന്ന് തങ്ങൾ നഗ്നരെന്നറിഞ്ഞ" നമിഷം മുതൽ അതു മറയ്ക്കാനുള്ള വിഫലശ്രമമായി. നഗ്നത അനാവൃതമാക്കപ്പെട്ട മുഹൂർത്തം മുതൽ വിവിധ വികാരങ്ങൾ അവരിൽ ഉണർത്തപ്പെട്ടു. അതിന്നോളം തുടരുന്നു; ലോകാവസാനംവരെ തുടരുകയും ചെയ്യും. [1] "പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു."

"അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു; അവൾ ഗർഭം ധരിച്ച് കയീനെ പ്രസവിച്ചു," "ആദമിനു 130 വയസ്സായപ്പോൾ അവൻ തന്റെ സാദൃശ്യത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചു," പിന്നീട് അബ്രഹാം, ഇസ്ഹാക്ക്, യാക്കോബ് തുടങ്ങിയ പൂർവ്വ പിതാക്കളിൽകൂടി മനുഷ്യരാശി ഇന്നേവരെ പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കുന്നു എന്ന് വായിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ, സൃഷ്ടികലയിൽ പിതാക്കന്മാരുടെയും നമ്മുടെയും പങ്ക് എത്രത്തോളം എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വംശ പാരമ്പര്യങ്ങളിൽ "ജനിപ്പിച്ചു" "ജനിപ്പിച്ചു" എന്ന ആവർത്തനങ്ങളും, എണ്ണൂറ്, അഞ്ഞൂറ് വർഷങ്ങൾ ജീവിച്ചിരുന്ന് "അനേകം പുത്രന്മാരെയും പുത്രിമാരേയും ജനിപ്പിച്ചു." എന്നിത്യാദി വേദപുസ്തക ഭാഗങ്ങളും വായിക്കുമ്പോൾ, ബാബേൽ ഗോപുരം പണിതുയർത്തിയതുപോലെയോ, യരുശലേം പള്ളി നിർമ്മിച്ചതുപോലെയോ ഉള്ള ഒരു മഹത്കാര്യത്തിൽ അവർ പങ്കാളികളായി എന്നു ധരിക്കരുത്. നാം നമ്മുടെ സ്വാർത്ഥമായതും നൈസർഗ്ഗികവുമായ അഭിലാഷനിവർത്തിക്കോ, വികാരശമനത്തിനോ തുടക്കമിട്ടു പൂർത്തീകരിക്കുന്നു എന്നു മാത്രം! ഗർഭപാത്രത്തിനുള്ളിൽ പടിപടിയായി നടക്കുന്ന പ്രക്രിയകളിലോ, ജീവന്റെ തുടിപ്പിലോ, നമുക്ക് തെല്ലുപോലും പങ്കുമില്ല, ഓഹരിയുമില്ല. ഏത് ഏതിനോടു ചേരണമെന്നോ, എന്ത് എവിടെയൊക്കെ എങ്ങനെയൊക്കെ ആവണമെന്നോ, ഏതിന്റെയൊക്കെ തുടക്കവും അന്ത്യവും എവിടെയെന്നോ പുറമെ നിന്ന് എന്തൊക്കെയോ കാട്ടിക്കൂട്ടുന്ന നാം അറിയുന്നില്ല. കൃത്രിമമായതു പലതും നാം കണ്ടുപിടിച്ചു എങ്കിലും ജീവന്റെ ആധാരം നമുക്കിന്നും അജ്ഞാതം!

ഇത്തരുണത്തിൽ അനുഭവത്തിന്റെ ഏടുകളിൽ ഒരല്പം അടർത്തിയെടുത്ത് വായനക്കാരുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു. ബൈപാസ്സ് സർജ്ജറിയെ തുടർന്ന് റിക്കവറിക്കായി ഐ.സി.യുവിൽ കിടക്കുന്ന ദിനങ്ങളിൽ, സർജ്ജറിക്കു ശേഷം അവിടേക്ക് കൊണ്ടുവരുന്ന പല രോഗികളുടേയും അവസ്ഥകൾ നേരിൽ കാണാൻ എനിക്കു സാധിച്ചു. ഒന്നോ, രണ്ടോ, ദിനങ്ങൾക്കു മുമ്പു തന്റെയും അവസ്ഥ ഇങ്ങനെയായിരുന്നല്ലോ എന്ന ചിന്ത ഇടയ്ക്കിടെ നടുക്കം ഉണ്ടാക്കിക്കൊണ്ടിരുന്നു. ഐ.സി.യുവിൽ ആയിരുന്ന കേവലം മൂന്നു ദിനങ്ങൾ ദൈവത്തിന്റെ കരുതലും, ഒരനാളും പിഴവു സംഭവിക്കാത്ത ആ അദൃശ കരങ്ങളുടെ സൂക്ഷ്മ പ്രവർത്തനങ്ങളും കയ്യെത്തും ദൂരത്തു കാണാൻ ഭാഗ്യം ലഭിച്ച എന്റെ മുമ്പിൽ ഒരു തിരിച്ചറിവിന്റെ പുതുജാലകം തുറക്കപ്പെടുകയായിരുന്നു.

ഐ.സി.യുവിൽ ആയതിന്റെ പിറ്റെ ദിവസം ലോകം അറിയപ്പെടുന്ന ഒരു വ്യക്തിയുടെ സഹോദരനെ സർജ്ജറിക്കു ശേഷം എന്റെ തൊട്ടടുത്ത കിടക്കയിൽ കൊണ്ടു വന്നു കിടത്തി. നിരവധി ട്യൂബുകളും വയറുകളും അദ്ദേഹത്തിന്റെ ശരീര ഭാഗങ്ങളേയും സമീപമുള്ള യന്ത്ര സാമഗ്രികളേയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. Stretcher-നെ അനുധാവനം ചെയ്ത Doctor-ഉം. Nurses-ഉം അടങ്ങുന്ന അഞ്ചംഗസംഘത്തിന്റെ മുഖത്ത് മിന്നിമറയുന്ന നിസ്സംഗതയോ, നിർവ്വികാരിതയോ, ആകാംക്ഷയോ എന്തുമാവട്ടെ അത് ക്ഷണനേരം കൊണ്ട് ഉത്ക്കണ്ഠയും പരിഭ്രമവും നിസ്സഹായതയുമായി മാറുന്നത് ഞാൻ കണ്ണിമയ്ക്കാതെ നോക്കിക്കിടന്നു. Heart and Lung Machine പോലെയുള്ള സംവിധാനങ്ങളിൽ നിന്നുമുള്ള ബന്ധം വിഛേദിക്കുന്ന നിമിഷങ്ങൾ ഏറ്റം നിർണ്ണായകവും സങ്കീർണ്ണവുമെന്ന് പിന്നീട് മനസ്സിലാക്കാൻ സാധിച്ചു. ഓപ്പറേഷനേക്കാളധികം അപകടകരമായ മൂഹൂർത്തങ്ങളെ ശരീരം ഏറ്റെടുക്കുകയും തുടർന്നുകൊണ്ടു പോകയും ചെയ്യേണ്ട വിലയേറിയ നിമിഷാംശങ്ങൾ! അല്പം മുമ്പ് നിർജ്ജീവാവസ്ഥയിൽ കീറി മുറിക്കപ്പെട്ട ഹൃദയം ഈ നിമിഷം മുതൽ സ്വയം മിടിക്കേണ്ടിയിരിക്കുന്നു; ശ്വാസകോശം താനെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു, രക്തയോട്ടം പൂർവ്വഗതിയെ പ്രാപിക്കേണ്ടിയിരിക്കുന്നു, തലച്ചോറും ഇന്ദ്രിയങ്ങളും മയക്കം വിട്ട് ഉണരേണ്ടിയിരിക്കുന്നു... അങ്ങനെ എത്ര എത്ര കടമ്പകൾ; മാറ്റങ്ങൾ, മറിച്ചിലുകൾ സ്വീകരിക്കൽ, തിരസ്കരിക്കൽ...! മനുഷ്യന്റെ ജ്ഞാനവും യന്ത്രങ്ങളുടെ സഹായവും നിഷ്ഫലമാവുന്ന നിസ്സഹായ നിമിഷങ്ങൾ! സമയത്തിന്റെ സൂചികപോലും ചലനമറ്റു തരിച്ചു നില്ക്കുന്ന അനശ്ചിത മുഹൂർത്തം; ഒപ്പം ചേതനയറ്റ ശരീരവും!

സർജ്ജറി നടത്തിയ പ്രശസ്ത ഡോക്ടറോടൊപ്പം ഓരോരുത്തരായി ആ അഭിശപ്ത നിമിഷത്തെ പഴിച്ച് മ്ലാനതയോടെ മടങ്ങി; ഒരു Male Nurse ഒഴിച്ച്. അദൃശ്യമായ സ്വർഗ്ഗീയസീമകളിൽ ഒരലൗകിക ചലനമുണ്ടായി! ആ പ്രകമ്പന വീചികൾ ഒരു നേരിയ സ്പന്ദനമായി താഴ്ന്നിറങ്ങി കീറിമുറിച്ച് ജീവനറ്റ ഹൃദയത്തെ മന്ദമായി തട്ടിയുണർത്തി! കിടക്കയ്ക്കരികിൽ നിന്ന നേഴ്സിന്റെ അമ്പരപ്പ് ആനന്ദത്തിന്റെ അലവിളിയായി. എനിക്കു കാണാമായിരുന്ന ക്യാബിനുള്ളിൽ തളർന്ന കരങ്ങളിൽ വിങ്ങുന്ന ശിരസ്സു താങ്ങിയിരുന്ന ഡോക്ടർ ഉത്ക്കണ്ഠയോടെ ഓടിയെത്തുമ്പോഴേക്കും, അതേ കരങ്ങൾ അല്പം മുമ്പ് അതീവ ശ്രദ്ധയോടെ പരിലാളിച്ച ആ ഹൃദയം താളാത്മകമായ ജീവന്റെ സ്പന്ദനങ്ങളേറ്റു വാങ്ങിയിരുന്നു! സന്തോഷത്തിൽ മതിമറന്നു നില്ക്കുന്ന നേഴ്സിന്റെ ചുമലിൽ കൈവെച്ചുകൊണ്ട് അക്രൈസ്തവനായ അദ്ദേഹം സ്നേഹത്തോടെ പറഞ്ഞതും, ഞാൻ വ്യക്തമായി കേട്ടതുമായ വാക്കുകൾ ഇന്നുമെന്റെ ഓർമ്മയിൽ പച്ചപിടിച്ചു നില്ക്കുന്നു. "Don't be over joyous; just thank God."

ആസ്വദിച്ചു കഴിക്കുന്ന രുചികരവും പോഷകമൂല്യങ്ങൾ അടങ്ങിയതുമായ ഭക്ഷണം ഉള്ളിൽ ചെല്ലുമ്പോൾ, കൊള്ളേണ്ടതിനെ കൊള്ളാനും തള്ളേണ്ടതിനെ തള്ളാനും നമുക്കറിയില്ല. വെട്ടിവിഴുങ്ങുന്നു എന്നല്ലാതെ ശേഷം ആമാശയത്തിലോ രക്തത്തിലോ രക്തധമനികളിലോ, ഹൃദയത്തിലോ തലച്ചോറിലോ എവിടെയൊക്കെ എന്തൊക്കെ നടന്നാലും അവയൊന്നും നമ്മുടെ കഴിവുകൊണ്ടോ നമ്മുടെ നിയന്ത്രണത്തിലോ അല്ല. ഗർഭധാരണവും പ്രസവവും ഇതുപോലെ തന്നെ. അമ്മയുടെ ഗർഭത്തിലുരുവാക്കുന്നവൻസൃഷ്ടികർത്താവാണ്. ദമ്പതികൾ അതിനൊരു കാരണമാകുന്നു, അഥവാ അതിന് ഒരു നിമിത്തമാകുന്നു എന്നു മാത്രം. മക്കൾ ദൈവത്തിന്റെ ദാനമാണ്. [1] "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു." ദാവീദ് വീണ്ടും പറയുന്നു, [2] "ഞാൻ രഹസ്യത്തിലുണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്കു മറവായിരുന്നില്ല. ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു..." യഹോവയായ ദൈവത്തിന്റെ ചോദ്യശരങ്ങൾക്കു മുമ്പിൽ ഇയ്യോബിന്റെ ഉത്തരം നാമും ഏറ്റു പറഞ്ഞുകൊൾക, [3] "...ഞാൻ കൈകൊണ്ട് വായ് പൊത്തിക്കൊള്ളുന്നു... ഇനി മിണ്ടുകയില്ല." വീണ്ടും ഇയ്യോബിനോട് ചേർന്നു വിലപിച്ചുകൊൾക, [4] "അറിവു കൂടാതെ ആലോചനയെ മറിച്ചുകളയുന്നോരിവനാർ? അങ്ങനെ എനിക്കറി

ഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയതു ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി."

കറയറ്റ ക്രിസ്തീയ ജീവിതം നയിച്ച് പൗലൊസിനെപ്പോലെ നീതിയുടെ കിരീടത്തിനായി വാഞ്ചിച്ചുകൊണ്ടു പ്രത്യാശയോടെ അന്ത്യയാത്രയ്ക്കൊരുങ്ങുന്നവരെ, അതു പ്രാപിക്കുന്നതിൽ നിന്നു തടയാൻ വേണ്ടിവന്നാൽ വെളിച്ച ദൂതന്റെ വേഷംവരെ കെട്ടാൻ സാത്താൻ തയ്യാറാവുന്നു. നാമധേയ ക്രിസ്ത്യാനികളായി ജീവിച്ചു മരണത്തോടടുക്കുന്നവർ അന്ത്യനിമിഷം വരെ വചനസത്യം മനസ്സിലാക്കാതിരിപ്പാൻ വേണ്ട എല്ലാ കരുക്കളും നിരത്തി അവൻ പോരാടുന്നു. ജീവിതകാലം മുഴുവൻ വെള്ളം പോലെ പാപത്തെ ഊറ്റിക്കുടിച്ചവന്റെ മുമ്പിൽ രക്ഷനേടാനുള്ള എല്ലാ പഴുതുകളും അടച്ച് കുറ്റബോധത്തിന്റെ അങ്കത്തട്ടിൽ വകവരുത്താൻ അവൻ കള്ളച്ചുവടുകൾ പയറ്റുന്നു. ഒരാത്മാവിനെപ്പോലും സ്വർഗ്ഗകവാടം കടത്തിവിടില്ല എന്ന ഉഗ്രശപഥത്തോടെ സാത്താൻ തന്റെ ആവനാഴിയിലെ തീയമ്പുകൾ ഒന്നൊന്നായി തൊടുത്തുവിടുന്നു. അവ അമിത ഉത്ക്കണ്ഠയായും, വിഭ്രാന്തിയായും നമ്മെ വരിഞ്ഞു മുറുക്കി നാശത്തിന്റെ ചതിക്കുഴിയിൽ വീഴ്ത്തി നമ്മുടെ ആത്മാക്കളെ നരകയോഗ്യരാക്കുന്നു. യേശുവിന്റെ മുന്നറിയിപ്പ് ദയവായി ശ്രദ്ധിക്കുക. [1] "സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ."

അപ്രതീക്ഷിതമായ ഏതു ഘട്ടത്തിലും ക്ഷണിക്കപ്പെടാത്ത അതിഥിയെന്നോണം മരണം നമ്മുടെ ജീവിതത്തിലേക്കു കടന്നുവരാമെങ്കിലും, പ്രായം അധികരിക്കുന്നതിനൊപ്പം അന്ത്യത്തിലേക്കടുക്കുന്ന Senior Citizens-ന്റെ മുമ്പിൽ അലറുന്ന സിംഹംപോലെ കടന്നുവരുന്ന പിശാച് ഒരുക്കുന്ന തന്ത്രങ്ങളിൽ ചിലതു പരാമർശിച്ചു, അവരെ വിശ്വാസത്തിലേക്കു മടക്കിക്കൊണ്ടുവരുവാനും അഥവാ വിശ്വാസത്തിൽ ഉറപ്പിക്കാനും, ബലപ്പെടുത്താനും, പ്രത്യാശയിൽ നിലനിർത്താനും, ഇനിയുമുള്ള എന്റെ വാക്കുകൾ അല്പമെങ്കിലും പ്രയോജനം ചെയ്യുമെങ്കിൽ ഞാൻ കർത്താവിൽ കൃതാർത്ഥനാണ്.

## ഉത്ക്കണ്ഠയുടെ മുൾമുന

അമ്മയുടെ ഉദരത്തിലുരുവാകുന്നതിനു മുമ്പ് അവൻ ഓരോ വ്യക്തികളെ അറിയുകയും ഓരോ ഗർഭപാത്രത്തിൽ മെടയുകയും ചെയ്തു എങ്കിൽ, നാം, മാതാപിതാക്കൾക്ക് ഊറ്റം കൊള്ളാൻ എന്താണുള്ളത്? അവനെ ഞാൻ ജനിപ്പിച്ചു, അവളെ ഞാൻ പത്തു മാസം ചുമന്നു, എന്നൊക്കെയുള്ള അഭിമാനമോ അപമാനമോ പരി

മിതികളും പരിധികളും നിറഞ്ഞതാണ്. നമ്മുടെ മക്കൾ നമ്മിൽ പിറക്കാൻ മുന്നമെ നിശ്ചയിച്ചുറപ്പിച്ചതെങ്കിൽ ദമ്പതികളായ നാം വെറും നിമിത്തങ്ങൾ! അവരുടെ ഭൂമിയിലെ മാതാപിതാക്കൾ എന്ന ഉത്തരവാദിത്തത്തിലും കടമയിലും അല്പകാലത്തേക്ക് അവരുടെ Custodians മാത്രമല്ലെ നാം? സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും കരുതലും വാത്സല്യവും നമ്മിൽ കൂടി പ്രതിഫലിപ്പിച്ച്, ഈ ലോക ജീവിതത്തിലൂടെ പരലോകപ്രാപ്തിക്കാവശ്യമായ ഉപദേശങ്ങളും കൊടുത്ത് നമ്മുടെ അവസാനം വരെ ആവോളം പോറ്റിവളർത്താനാണ് സൃഷ്ടികർത്താവ് നമ്മുടെ മക്കളെ നമ്മെ ഏല്പിച്ചിരിക്കുന്നത്. അതിൽ കൂടുതലായുള്ളതെന്തും ദൈവസന്നിധിയിൽ നിന്ന് വരുന്നു. നമ്മെ ഏല്പിച്ച ദൗത്യം നമ്മുടെ മരണത്തോടുകൂടി അവസാനിക്കുന്നു. ഞാനില്ലെങ്കിൽ ഈ ഭൂമിയിൽ അവർ എങ്ങനെ ജീവിക്കും എന്ന ഉത്കണ്ഠയ്ക്ക് ഇടമില്ല.

എന്റെ കാലശേഷം എന്റെ മക്കളും ഭാര്യയും എങ്ങനെ ജീവിക്കും എന്നുള്ളത് വയോധികരായ ഒട്ടു മുക്കാലും വ്യക്തികളെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഒരു പക്ഷെ, കൊട്ടാരതുല്യമായ ഭവനമോ, വസ്തുവകകളോ, ബാങ്കു ബാലൻസൊ, ഒന്നുമില്ലെങ്കിലും ഉപജീവനത്തിനുള്ള ഒരു ഉപാധിയെങ്കിലും അവർക്കുവേണ്ടി തുടങ്ങിവെച്ചിട്ട് ഒരു അന്ത്യയാത്രയ്ക്കു നമുക്കു സാധിച്ചില്ലെന്നു വരാം. തീരാത്തകടങ്ങളും, പൂർത്തീകരിക്കാനാവാത്ത കടമകളും, പ്രാരാബ്ദങ്ങളും ഒക്കെ ആവാം നാം അവർക്കുവേണ്ടി നേടിയിട്ടുള്ളത്. മകൻ ഒരു നല്ല സ്ഥാനത്തു എത്തിപ്പെട്ടില്ലല്ലോ, പെൺമക്കളുടെ വിവാഹം ഇനിയും നടന്നിട്ടില്ലല്ലോ; എന്റെ മരണശേഷം ഭാര്യയെ ആരു സംരക്ഷിക്കും എന്നിത്യാദി ചിന്താകുലങ്ങൾ നമ്മുടെ അന്ത്യനിമിഷങ്ങൾ ദുരിതപൂർണ്ണമാക്കുന്നു. അവരുടെ ആവശ്യങ്ങൾ അറിയുന്ന നാം അവരെ ഓർത്തു ഇത്രമേൽ വ്യാകുലപ്പെടുന്നു എങ്കിൽ അവരെ ഈ ഭൂമിയിലേക്കു അയച്ച സ്വർഗ്ഗസ്ഥപിതാവ് എത്രയധികം. യേശു പറഞ്ഞു [1]"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ലദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും." ദാവീദിൽകൂടി പരിശുദ്ധാത്മാവ് നമ്മോട് ചോദിക്കുന്നു, [2] "ചെവിയെ നട്ടവൻ കേൾക്കയില്ലയോ? കണ്ണിനെ നിർമ്മിച്ചവൻ കാണുകയില്ലയോ?" നമുക്ക് പരിധികളും പരിമിതികളും ഉണ്ട്. എന്നാൽ സ്വർഗ്ഗത്തിൽ ആ വാക്കുകൾ അന്യമാണ്. ഇവിടെ ഒരു അമിത ഉത്ക്കണ്ഠക്കു സ്ഥാനമില്ല എന്ന് ഓർക്കണം. എന്തു തിന്നും എന്തു കുടിക്കും എന്നോർത്ത് വിചാര

പ്പെടേണ്ടന്നോതിയവൻ എന്തൊരുക്കും, എന്തു കൊടുക്കും എന്ന വ്യാകുലചിന്തക്കു സ്ഥാനമില്ലെന്ന് സമർത്ഥിക്കുന്നു. [1] "ആകാശ ത്തിലെ പറവകളെ നോക്കുവിൻ; അവ വിതക്കുന്നില്ല, കൊയ്യുന്നി ല്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ പിതാവ് അവയെ പുലർത്തുന്നു..." അവയെക്കാൾ എത്രയോ വിശേ ഷതയുള്ളവരാണ് നാം എന്ന് വചനം പറയുന്നു. [2] "...കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നു." ഇത്ര യേറെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങൾ നമ്മുടെ അരുമനാഥൻ ഉരചെ യ്തിട്ടുണ്ടെങ്കിൽ വൃഥാ വ്യാകുലപ്പെട്ട് സ്വർഗ്ഗീയ യാത്രയുടെ വഴി മുടക്കുന്നത് സാത്താന്യ തന്ത്രമെന്ന് തിരിച്ചറിയേണ്ട വിശേഷ ബുദ്ധി 60 കഴിഞ്ഞ അനുഭവസ്ഥരായ നമുക്കു ഉണ്ടാവേണ്ടതല്ലേ? സഹോദരാ, ഭാരപ്പെടുകയല്ല, മറിച്ച് മക്കളെത്തന്ന ദൈവം അവർക്കു വേണ്ടി കരുതുമെന്ന വിശ്വാസം നിന്നെ ഭരിക്കട്ടെ. സമാധാന ത്തോടെ തിരശ്ശീലക്കടുത്തേക്ക് സധൈര്യം കടന്നു ചെല്ലുക. അബ്ര ഹാമിന്റെ വിശ്വാസം നീതിയായി കണക്കിട്ട ദൈവം താങ്കളുടെ വിശ്വാസം നീതിയായി കണക്കാക്കി മക്കളുടെ നന്മ കാണ്മാൻ ഒരു പക്ഷേ, താങ്കളുടെ ആയുസ്സു തന്നെ നീട്ടിയേക്കാം. "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്ന, ദൈവവിശ്വസ്തതയുടെ ഉറപ്പിനാൽ മുദ്രയിടപ്പെട്ട വചനം നമുക്കായുണ്ട്.

## കുറ്റബോധത്തിന്റെ ഉമിത്തീയിൽ

കുറ്റബോധം നമ്മെ അനുതാപത്തിലേക്ക് നയിക്കുന്നു. അരുതാ ത്തത് എന്തോ ചെയ്തു എന്ന് മനസ്സു മന്ത്രിക്കുമ്പോൾ നമ്മിൽ കുറ്റബോധം ഉളവാകുന്നു. സാമൂഹ്യചട്ടങ്ങൾക്കോ, വിശ്വാസ പ്രമാ ണങ്ങൾക്കോ വിരുദ്ധമായ പ്രവൃത്തികളെയാണ് മനസ്സാക്ഷി ചൂണ്ടി ക്കാണിക്കുകയോ ഓർമ്മപ്പെടുത്തുകയോ ചെയ്യുന്നത്. വേദപുസ്തക ഉപദേശങ്ങൾക്ക് വിപരീതമായ പാപ പ്രവൃത്തികളെക്കുറിച്ച് ദൈവ ത്തിന്റെ ആത്മാവ് നമുക്ക് ബോധം വരുത്തുന്നു. [3] "അവൻ (പരിശുദ്ധാത്മാവ്) വന്ന് പാപത്തെ ക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും." എന്ന് വചനം പറയുന്നു. ജഡത്താൽ പാപവും പരിശുദ്ധാത്മാവിനാൽ പാപബോധവും, പാപബോധത്താൽ അനുതാപവും, അനുതാപ ത്താൽ പാപമോചനവും, പാപമോചനത്താൽ ആത്മാവിന്റെ രക്ഷയും കൈവരിക്കുന്നു. ആത്മാവിന്റെ രക്ഷയ്ക്ക് പാപത്തെക്കു റിച്ചുള്ള ബോധം അഥവാ കുറ്റബോധം ഉണ്ടാവേണ്ടതാവശ്യം തന്നെ. അനുതാപത്തിന്റെ ഫലമായുള്ള പാപമോചനം നമ്മെ കുറ്റ ബോധമെന്ന ഉമിത്തീയിൽ നിന്ന് വിടുവിച്ച് രക്ഷയുടെ കുളിർമ്മ

യിലേക്കാനയിക്കുന്നു.

ഇത് ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന പ്രതിഭാസ മല്ല. നാം ജിവിക്കുന്നിടത്തോളം കാലം, ചക്രം പോലെ ഇതു കറ ങ്ങിക്കൊണ്ടിരിക്കുന്നു എന്നു മറക്കരുത്. യേശുക്രിസ്തു ഒരിക്കൽ മാത്രം കാൽവറിയിൽ യാഗമായിത്തീർന്നതിനാൽ, നാം കാട്ടിക്കൂ ട്ടുന്ന എല്ലാ പാപങ്ങളും യേശു ഏറ്റെടുത്ത് ഒരു നിമിഷംകൊണ്ട് റദ്ദാക്കുമെന്നോ, ഭാവിയിൽ ചെയ്തുകൂട്ടാനുള്ളതിന് മുൻകൂർ ജാമ്യ മെന്നോ തെറ്റിദ്ധരിപ്പിക്കുന്നത് സാത്താന്റെ തന്ത്രമാണ്. പിതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് വീണ്ടും അടുത്തുചെല്ലുവാൻ ഒരു ഗതിയും പരഗതിയുമില്ലാതെ, വിശാലമോ ഇടുങ്ങിയതോ ആയ ഒരു വഴിയും കാണാതെ, ഗതികെട്ട്, വഴിവിട്ട്, ഉഴന്നു നടന്ന നമുക്ക് തിരശ്ശീലകീറി കൃപാസനത്തിലേക്ക് ഒരു പുതുവഴി തുറന്നു തന്ന വനാണ് പുത്രനായ യേശു. എപ്പോഴും ഏതു നേരത്തും ഏതവ സ്ഥയിലും പുത്രനിൽകൂടി പിതാവിങ്കലക്ക് അടുത്തു ചെല്ലുവാനുള്ള അനുവാദവും അവകാശവും അറുക്കപ്പെട്ട കുഞ്ഞാടു നമുക്കു നേടി ത്തന്നു. [1] "...അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." എന്ന വചനം, മുൻകാല പ്രാബ ല്യത്തോടെയോ, വരുംകാല പ്രാബല്യത്തോടെയോ തിരുവചന വിരുദ്ധമായി നാം എന്തു ചെയ്താലും അവ ഉടൻ തന്നെ പ്രകൃത്യാ മോചിക്കപ്പെടും എന്നല്ലല്ലോ അർത്ഥമാക്കുന്നത്. നാം അനുതാപ ത്തോടെ ക്രൂശിങ്കലേക്ക് അടുത്തു ചെല്ലേണ്ടിയിരിക്കുന്നു; ആ പരി ശുദ്ധ രക്തത്തിൽ വിശ്വസത്തോടെ അഭയം പ്രാപിക്കേണ്ടിയിരി ക്കുന്നു. [2] "അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടു പ്പാനും വന്നതുപോലെ..." എന്നുള്ളതുകൊണ്ട് ചെറിയ തെറ്റുകൾ മൊത്തമായും വലിയ പാപങ്ങൾ ചില്ലറയായും ക്രയവിക്രയം ചെയ്യു മെന്നുമല്ല. [3] "...നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" എന്നാണു വചനം. അതുകൊണ്ട് ഇത്രമേൽ പാപിയായ എനിക്ക് മോചനം ലഭിക്കുമോ എന്ന ആശങ്കയും വേണ്ട. ദൈവദൃഷ്ടിയിൽ എല്ലാ വരും പാപം ചെയ്യുന്നവരാണ്. ദൈവനാമം വൃഥാ എടുത്ത് വായിൽ തോന്നുന്നത് വിളിച്ചു പറയുന്ന സുവിശേഷകനും, മദ്യപിച്ചു ലക്കു കെട്ട് അയൽക്കാരെ പുലഭ്യം പറയുന്ന മദ്യപനും ഒരുപോലെ പാപം ചെയ്യുന്നു. ഒരുവൻ നന്നായി വസ്ത്രധാരണം ചെയ്ത് വേദിയിൽ ചാടിക്കളിച്ചും, മറ്റവൻ മുഷിഞ്ഞ വസ്ത്രം പാതിചുറ്റി ഊടുവഴി യൽ ആടിക്കളിച്ചും "സുവിശേഷം" പറയുന്നു. ഒരിക്കൽ മനഃപൂർവ്വ

മായ മാനസാന്തരത്തോടുകൂടി ദൈവസന്നിധിയിലേക്ക് അടുത്തു ചെന്ന് മോചനം ലഭിക്കുകയും അറിയായ്മയുടെ കാലങ്ങളിൽ ചെയ്തുപോയതും പിന്നീടൊരിക്കലും ആവർത്തിക്കാതിരിക്കുകയും ചെയ്യുന്ന പാപം, അവസരം കിട്ടുമ്പോഴൊക്കെയും കുത്തിപ്പൊക്കി "എന്നാലും എന്നോടു നീയിതു ചെയ്തല്ലോ എന്റെ നീചപാപി" എന്നു നിരന്തരം ഒളിഞ്ഞും പതുങ്ങിയും പറഞ്ഞ് ശവത്തെക്കുത്തുന്ന രീതി നാം മനുഷ്യരുടേതാണ്; ദൈവാത്മാവിന്റേതല്ല. ഒരിക്കൽ മോചിച്ചു കൊടുത്ത പാപം ദൈവം, അഗാധതയിൽ എറിഞ്ഞു കളയുന്നു. ഇനിമേലിൽ അതവിടെ നിന്നും വീണ്ടെടുത്ത് നമ്മിൽ കണക്കിടാൻ സർവ്വശക്തൻ ആഗ്രഹിക്കുന്നില്ല... [1] "അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടു കളയും." തന്റെ ദീർഘക്ഷമയാൽ ദൈവം നമ്മോട് എന്നെന്നേക്കുമായി പൊറുത്ത പാപങ്ങളുടെ പട്ടിക ചികഞ്ഞെടുത്ത് നമ്മുടെ മുമ്പിൽ നിരത്തുന്നത് പിശാചിന്റെ നീചതന്ത്രമാണ്. അവിശ്വാസവും സംശയവും നമ്മിൽ ഉണർത്തി നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കുള്ള അവസാന അവസരംപോലും നഷ്ടമാക്കിക്കളയുന്ന ഇരുട്ടിന്റെ ആത്മാവിന്റെ കുടല തന്ത്രത്തെ നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ഒരു പക്ഷേ, പുറത്തു പറയാൻ മടിക്കുന്ന പല അകൃത്യങ്ങളും നാം ജീവിതത്തിൽ ചെയ്തുകൂട്ടിയിരിക്കാം. അറിവില്ലായ്മയുടെ കാലങ്ങളും, എല്ലാം അറിയാമിയിരുന്നിട്ടും നിഷേധിയുടെ മേലാപ്പണിഞ്ഞ കാലങ്ങളും ഇതിൽപ്പെടുന്നു. മനുഷ്യന് അക്ഷന്തവ്യമായ പലതും ആ പട്ടികയിൽ കണ്ടേക്കാം. ഒരു പക്ഷേ, എല്ലാം ഒന്ന് അനാവരണം ചെയ്യപ്പെട്ടാൽ ഊതിവീർപ്പിച്ച ഇന്നത്തെ പത്രാസ്സും അന്തസ്സും മാനവുമെല്ലാം തീയിൽ മെഴുകു ഉരുകും പോലെ ഒരു നിമിഷം കൊണ്ട് ഉരുകി ഇല്ലാതെയാകും. എന്നാൽ ഒന്നു വിശ്വസിക്കു സഹോദരാ, വാസ്തവമായും താങ്കൾ ദൈവവുമയി ഒരു നിരപ്പിന്റെ അനുഭവത്തിൽ വന്ന മുഹൂർത്തത്തിൽത്തന്നെ ആ ക്ഷമാവാരിധിയിൽ മുങ്ങി പൊറുക്കപ്പെട്ടവനായി താങ്കൾ പൊങ്ങിയിരിക്കുന്നു എന്ന ദൈവനീതി.

ആരാം രാജാവിന്റെ സേനാപതിയായ നയമാൻ പരാക്രമശാലിയെങ്കിലും കുഷ്ഠരോഗിയായിരുന്നു (2 രാജാ. 5) വലിയ പ്രതീക്ഷയോടെ ദൈവപുരുഷനായ എലീശയുട മുമ്പിൽ രോഗശമനത്തിനായെത്തിയ നയമാനെ കാത്തിരുന്നത് ഒരു പിടി മോഹഭംഗങ്ങളായിരുന്നു. രഥത്തോടും കുതിരകളോടും കൂടെ വീട്ടുവാതില്ക്കൽ വന്നു നിന്ന സേനാപതിയായ നയമാന്, ഒരു കടാക്ഷം കൊണ്ടു

പോലും സ്വാഗതമരുളാൻ കൂട്ടാക്കാതെയിരുന്ന എലീശയെക്കുറിച്ചുള്ള കേൾവിയും മതിപ്പും നഷ്ടപ്പെട്ട നയമാന്റെ ക്രോധത്തിന്റെ വാക്കുകൾ 11, 12, വാകൃങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. "നീ ചെന്ന് യോർദ്ദാനിൽ ഏഴു പ്രാവശ്യം കുളിക്ക" എന്ന് എലീശാ ആളെ വിട്ടു പറയിച്ചത് നയമാനെ ഏറെ ചൊടിപ്പിച്ചു. നാടും നാട്ടാരും അറികെ എലീശയുടെ വീര്യപ്രവർത്തികളുടെ പ്രകടനം പ്രതീക്ഷിച്ച നയമാനെ തണുപ്പിക്കാൻ ഭൃത്യന്മാർ മുന്നോട്ടു വരേണ്ടിവന്നു. അവരുടെ അപേക്ഷയെ മാനിച്ച് യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങി കുഷ്ഠം വിട്ടുമാറി ശുദ്ധനായ നയമാൻ, ദമ്മേശെക്കിലെ നദികളേക്കാൾ വിശേഷതയുള്ളതാണ് യിസ്രായേലിലെ യോർദ്ദാൻ എന്നു തെളിയിച്ചു. യോർദ്ദാൻ ന്യായവിധിയുടെ നദിയാണ്; ഒപ്പം ദീർഘക്ഷമയുടെ താഴ്വാരങ്ങളിലേക്കൊഴുകുന്നതും. "ന്യായവിധിയുടെ" യോർദ്ദാൻ, ഏഴു പ്രാവശ്യം വിസ്താരം നടത്തിയ നയമാനെ അനുസരണത്തിന്റെ ആനുകൂല്യം നല്കി "ദീർഘക്ഷമയുടെ" യോർദ്ദാൻ നിരുപാധികം വിട്ടയക്കുന്നു! പാപം എന്ന ഹിമം പോലെ വെളുത്ത കുഷ്ഠത്തിൽ നിന്നും നിത്യമോചനം ലഭിച്ച നയമാന്റെ ദേഹം ഒരു ചെറിയ ബാലന്റെ ദേഹം പോലെ ശുദ്ധിയുള്ളതായിത്തീർന്നു.

നൂറ്റാണ്ടുകൾക്കു ശേഷം ഇതേ യോർദ്ദാൻ നദി തന്നെ ആദ്യം ന്യായവിധിയുടെയും പിന്നീട് ദീർഘക്ഷമയുടെയും വാരിധിയായിത്തീർന്നു. യെശയ്യാപ്രാവചകന്റെ പ്രവചന നിവൃത്തീകരണം യോർദ്ദാന്റെ കരയിൽ വെളിപ്പെട്ടുവരുന്നു. അന്നു യോർദ്ദാൻ നദിയിലാരംഭിച്ച പാപമോചന മാനസാന്തരസ്നാനം ഇരുപത്തൊന്നാം നൂറ്റാണ്ടിലും പരിശുദ്ധാത്മാവ് തുടർന്നുകൊണ്ടേയിരിക്കുന്നു. യേശുവിനോടുകൂടി മരിച്ച്, യേശുവിനോടുകൂടി അടക്കപ്പെട്ടു, യേശുവിനോടുകൂടി ഉയർത്തെഴുന്നേറ്റവരായ നാം അറിവില്ലായ്മയുടെ കാലങ്ങളിൽ ചെയ്തുപോയ പാപങ്ങളെ ഓർത്ത് ജീവിതകാലം മുഴുവൻ ദുഃഖിക്കേണ്ടവരും, അവസാന നിമിഷത്തിൽ കുറ്റബോധത്തിന്റെ നെരിപ്പോടിനുള്ളിൽ നീറി ആത്മാവിനെ കെടുത്തിക്കളയേണ്ടവരും അല്ല! ഒരിക്കൽ പാപമോചനം നേടിയവർ, ജഡത്തിന്റെ ബലഹീനതമൂലം വീണ്ടും പാപത്തിന് അധീനരായെങ്കിൽ, ഇനിയും ഒരു മാനസാന്തരത്തിലൂടെ അവരെ നിത്യജീവന് അവകാശികളാക്കിത്തീർക്കാൻ ഇതാ, ഒരു ജീവജലനദി ഗോൽഗോഥായിലെ മലമുകളിൽ പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. ഞാനിതിന് യോഗ്യനോ, എന്റെ അകൃത്യങ്ങൾ എത്ര വലിയവ, അവ ക്ഷന്തവ്യമോ, ഇനിയുമൊരു രക്ഷ എനിക്കുണ്ടോ, എന്നിത്യാദി കുറ്റപ്പെടുത്തലു

കളാൽ ഭീതിയും സംഭ്രമവും അവിശ്വാസമുണ്ടാക്കുന്ന കുറ്റാരോപകനെ നാം പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു. മരണ നിമിഷത്തിൽ കുറ്റബോധം നമ്മെ തിന്നുകളയാതിരിക്കട്ടെ.

## എനിക്കു ശേഷം ആർ?

"എന്റെ കാലശേഷം ആർ പാർട്ടി നയിക്കും? ആർ അണികളെ നിലയ്ക്കു നിർത്തും? ആർ അവകാശങ്ങൾക്കുവേണ്ടി പോരാടും?" എന്നീ അബദ്ധധാരണകൾ വെച്ചു പുലർത്തുന്ന അനേകം രാഷ്ട്രീയ നേതാക്കന്മാർ നമുക്കുണ്ട്. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി മുതൽ ഇന്നേവരെ നിര്യാതരായ എത്രയോ പ്രധാനമന്ത്രിമാർ, പ്രസിഡന്റുമാർ, മുഖ്യമന്ത്രിമാർ മറ്റു തലവന്മാർ തുടങ്ങി പലരും ഭൂമുഖത്തുനിന്നും മാറ്റപ്പെട്ടിട്ടും ഭാരതമിന്നും ഒരു രാഷ്ട്രമായിത്തന്നെ തുടരുന്നില്ലേ? അവരെല്ലാം തന്നെ ചിന്തിച്ചിരുന്നിരിക്കാം, ഞങ്ങൾ പോയാൽ ഈ ലോകത്തിന് ഒരു നിലനില്പില്ലെന്ന്. തങ്ങളുടെ മരണത്തോടുകൂടി മൂല്യച്യുതി സംഭവിച്ച് എല്ലാം അവതാളത്തിലാകും എന്നു ചിന്തിച്ചിരുന്ന സാംസ്കാരിക സാമൂഹിക നേതാക്കളും വിപ്ലവ നായകന്മാരും കണ്ടേക്കാം. ഈ ഗണത്തിൽ പ്പെടുന്ന രാജാക്കന്മാരും ചക്രവർത്തിമാരും ഏറെയുണ്ട്. അതാതു കാലങ്ങളിൽ, പൊത്തിൽ നിന്നും നീർക്കോലി തലനീട്ടുമ്പോലെ കഴുത്തു നീട്ടുന്ന കുട്ടി ദൈവങ്ങളും ഈ വിഷയത്തിൽ തുല്യ ദുഃഖിതരാണ്. എനിക്കു ശേഷം ഇനി ആരുണ്ട്, ഈ ലോകത്തിന് മോക്ഷമാർഗ്ഗം കാട്ടിക്കൊടുപ്പാനെന്ന് വിചാരപ്പെട്ട് ഇടതടവില്ലാതെ വ്യാകുലപ്പെട്ട് അവരും പോയി. സിംഹാസനം ഒഴിയാൻ കാത്തുനിന്നോ, സിംഹാസനത്തിൽ വെച്ചുതന്നെ സമാധിയാക്കിയോ അടുത്ത കുട്ടിപ്പിശാച് ഊഴം കാത്തു നില്ക്കുന്നു. ക്രിസ്തീയ ഗോളവും വിഭിന്നമല്ല. സാധുക്കളെ സേവിപ്പാനുള്ള ത്വര പല സേവകളിലേക്കും അവരെ നയിക്കുമ്പോൾ "ശുശ്രൂഷി"ക്കാനുള്ള എരിവുകൊണ്ട് പലരും "അന്ത്യകാലൻ" എന്ന പദവി സ്വയമേറ്റെടുക്കുന്നു. "ദാസ"നാകാനുള്ള ദാഹംമൂത്ത് മറ്റു ചിലർ യജമാനന്മാരെപ്പോലും വകവരുത്തുന്നു. ശുശ്രൂഷയുടെ പ്രതീകമായി അരയിൽ കെട്ടിയ ഉറുമാൽ പദവിയുടെ ചിഹ്നമായി ആഡംബരത്തോടെ കഴുത്തിൽ തൂക്കുന്നു. തങ്ങൾ ഒരുനാൾ നിത്യതയിൽ പ്രവേശിച്ചാൽ ആർ സഭയെ നയിക്കും, ആർ സുവിശേഷം അറിയിക്കും?!

പണ്ട് ബോധിധർമ്മ എന്നൊരു ബുദ്ധ സന്യാസി ചൈന സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് ദർശനം അനുവദിച്ച ചീന രാജാവ്

ഒരു പന്തികേട് ദർശിച്ചു. ഒരു ചെരുപ്പു കാലിലും മറ്റെ ചെരുപ്പ് കയ്യിലും ഏന്തി മുടന്തി നടക്കുന്ന സന്യാസിയോട് കാരണം അന്വേഷിച്ചപ്പോൾ അതിനുത്തരമായി കയ്യിലിരുന്ന ചെരുപ്പ് സന്യാസി സ്വന്തം തലയിലേറ്റി നടന്നു. ഇതെന്തു വൈകൃതം എന്നു ചോദിച്ച രാജാവിനുള്ള സന്യാസിയുടെ ഉത്തരം മറു ചോദ്യമായിരുന്നു. "രാജാവ് മാത്രമെന്താണ് തലയിൽ കിരീടം വെച്ചു നടക്കുന്നത്?" രാജാവ് അഹങ്കാരത്തോടെ പ്രതിവചിച്ചു. "ധനം കൊണ്ടും മാനം കൊണ്ടും അധികാരം കൊണ്ടും ഞാനാണ് ഈ രാജ്യത്തെ ഏറ്റവും വലിയവൻ എന്നതിന്റെ ചിഹ്നമാണിത്." വിനയാന്വിതനായ സന്യാസി അതിനുത്തരമായി "എങ്കിൽ ഞാനാണ് ഈ രാജ്യത്തെ ഏറ്റവും ചെറിയവൻ എന്നതിന്റെ പ്രതീകമാണെന്റെ തലയിലിരിക്കുന്ന ചെരുപ്പ്." ശ്രീബുദ്ധന്റെ അനുയായിയായ ബുദ്ധ സന്യാസി അതു ഗ്രഹിച്ചു. യേശുവിന്റെ അനുയായികളായ നമ്മുടെ സുവിശേഷകരിൽ പലർക്കും "ഉറുമാലിന്റെ" പൊരുൾ ഇന്നേവരെ വെളിപ്പെട്ടു കിട്ടിയിട്ടില്ല!

പ്രവാചകനായ ഏലിയാവിനും ഈ സംഭ്രമം പിടിപെട്ടിരുന്നു. ഇസബേലിനെ ഭയന്ന് മരുഭൂമിയിലേക്കോടിപ്പോയി ചൂരച്ചെടിയുടെ തണലിലിരുന്ന് മരിപ്പാനിച്ഛിച്ച ഏലിയാവ്, യാഗവസ്തുവും യാഗപീഠവും അതിരുന്ന മണ്ണും ഒന്നോടേ കത്തിക്കാൻ സ്വർഗ്ഗത്തിൽ നിന്നും തീയിറക്കിയ യഹോവയായ ദൈവത്തിന്റെ മഹാശക്തി ഒരു നിമിഷം മറന്നുപോയി. ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ ഒരു ഗുഹയിൽ രാത്രി ചിലവഴിച്ച ഏലിയാവിനോട് "ഇവിടെ നിനക്കെന്തുകാര്യം" എന്ന് യഹോവ ചോദിച്ചപ്പോൾ ഏലിയാവ് പറഞ്ഞ ബാലിശമായ മറുപടിയാണ് ഇവിടുത്തെ പ്രസക്തഭാഗം. [1] "...ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു." യഹോവയായ ദൈവമേ, നിനക്കുവേണ്ടി ഇനിയും വീര്യപ്രവർത്തികൾ കാട്ടാനോ, നിന്റെ ജനത്തിനുവേണ്ടി പ്രവചിക്കുവാനോ അവർക്ക് നേർവഴി ഓതിക്കൊടുക്കുവാനോ, അശേരാ പ്രവാചകന്മാർക്ക് ഉന്മൂല നാശം വരുത്തുവാനോ, ഞാൻ ഒരുത്തനല്ലാതെ ആരും ഈ ഭൂമിയുടെ മുഖത്ത് ശേഷിച്ചിരിപ്പില്ലല്ലോ എന്ന് അല്പം അഭിമാനം കലർന്ന സ്വരത്തിൽ സർവ്വത്തിന്റെയും നിയന്ത്രിതാവും സൈന്യങ്ങളുടെ ദൈവവുമായ യഹോവയെ ഒരുവിധം പറഞ്ഞു മനസ്സിലാക്കി ഏലിയാവ് വിലപിക്കുന്നു! ഈ സ്വയം പ്രശംസയുടെ വാക്കുകൾ ഒരു വട്ടം ജനത്തിന് മുമ്പാകെയും രണ്ടുവട്ടം യഹോവയുടെ മുമ്പാകെയും, പറഞ്ഞ ഏലിയാവിനുള്ള മറുപടി നമുക്കും കൂടിയുള്ളതാണ്. [2] "...എലിശായെ നിനക്കു പകരം പ്രവാചകനായിട്ട് അഭി

ഷേകം ചെയ്യുകയും വേണം... എന്നാൽ ബാലിനു മടങ്ങാത്ത മുഴ ങ്കാലും അവനെ ചുംബനം ചെയ്യാത്ത വായും ഉള്ളവരായി ആകെ ഏഴായിരം പേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു." താനല്ലാതെ മറ്റൊരുത്തൻ പോലും ശേഷിച്ചിരിക്കാത്ത അവസ്ഥ യിൽ തന്റെ കാലശേഷം നേരിടാൻ പോകുന്ന അനശ്ചിതാവസ്ഥ യുടെ ഗൗരവം എടുത്തു കാട്ടിയപ്പോൾ, ഏലിയാവ് അറിയാത്ത വേറെ ഏഴായിരത്തിന്റെ ശേഷിപ്പ് യിസ്രായേലിൽ തന്നെ ഉണ്ടു പോലും! തനിക്കു ശേഷം തന്നെപ്പോലെ ഒരു പ്രവാചകൻ ഇല്ലല്ലോ എന്ന് പരിതപിച്ചപ്പോൾ ഏലിയാവിനെക്കാളധികം ശുഷ്കാന്തി കാട്ടാൻ, അവന്റെ ആത്മാവിന്റെ ഇരട്ടിപങ്കു കാംക്ഷിക്കുന്ന ഏലീ ശായെ ദൈവം അഭിഷേകം ചെയ്യുന്നു!

ഗൃഹനായകനായ എന്റെ കാലശേഷം ആരുണ്ട് കുടുംബത്തെ ഭരിക്കാനും പോറ്റാനും എന്ന ആശങ്കവേണ്ട സഹോദരാ. തന്റെ മരണശേഷം തന്നോളം ജ്ഞാനിയായ മറ്റൊരുവൻ നാട്ടിലില്ലല്ലോ എന്ന ദുഃഖവും വേണ്ടാ. ശൂന്യതകൾ നികത്തുന്നവനും ഇല്ലായ്മ യിൽ നിന്ന് സൃഷ്ടി നടത്തുന്നവനും ദൈവമാണ്. നമ്മെ ഏല്പി ച്ചിരിക്കുന്ന ദൗത്യത്തിനപ്പുറം ശുഷ്കാന്തിയൊന്നും നാം കാട്ടേ ണ്ടാ. കുടുംബത്തിനോ നാടിനോ, ഈലോകത്തിനു തന്നെയോ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണു നാം എന്ന മിഥ്യാധാരണ അവസാന നിമിഷങ്ങളിൽ നമ്മിൽ സംഘർഷമുളവാക്കും. ഒരു മോശയില്ലെങ്കിൽ ഒരു യോശുവ ഉണ്ടാകും. ഒരു ഏലിയാവു പോയാൽ ഒരു എലീശ വരും. ഒരു യെശയ്യാവിന് പകരം ഒരു യിര മ്യാവ്. ഒരു സ്തേഫാനോസ് ഇല്ലെങ്കിൽ ആ ഫിലിപ്പോസ് എഴുന്നേൽക്കും. ഒരു Centre Pastor-നു പകരം മറ്റൊരു Centre Pastor. സാംകുട്ടി പാസ്റ്റർ പോയാൽ ജയിംസുകുട്ടി പാസ്റ്റർ. എങ്കിൽ നമുക്കു പകരം കരുതുവാൻ പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവും നിയന്ത്രിതാവുമായവൻ ഉണ്ടെന്നുള്ള വിശ്വാസം നമ്മെ ശക്തീക രിക്കട്ടെ. സഭാപ്രസംഗിയുടെ ജ്ഞാനമുള്ള വാക്കുകൾ ശ്രദ്ധിക്കൂ. [1]"ഹാ, മായ, മായാ, എന്ന് സഭാപ്രസംഗി പറയുന്നു... ഒരു തലമുറ പോകുന്നു, മറ്റൊരു തലമുറ വരുന്നു; ഭൂമിയൊ, എന്നേക്കും നില്ക്കു ന്നു." (ദൈവം അതിന്റെ അടിസ്ഥാനം ഇളക്കുംവരെ!)

## അനുഭവിച്ചു തീർക്കുവാനീ ജീവിതം പോരാ!

സമ്പാദിച്ചതും വാരിക്കൂട്ടിയതുമെല്ലാം ഒരു കൂട്ടർക്ക് ചില അവ സരങ്ങളിൽ ഭാരവും ശാപവും ആയിത്തീരാറുണ്ട്. ഒരു പുരുഷായു

സ്സുകൊണ്ട് ആർത്തിയോടു വെട്ടിപ്പിടിച്ചത് അവസാനം തങ്ങളെത്തന്നെ വെട്ടിലാക്കുന്ന വിരോധാഭാസം! നീതിയും ന്യായവും കാറ്റിൽ പറത്തി, മറ്റുള്ളവരുടെ വേദനകൾ കണ്ടില്ലെന്നു നടിച്ച്, സ്വാർത്ഥതയ്ക്കും ദ്രവ്യാഗ്രഹത്തിനും ദൈവത്തോളമോ അതിനപ്പുറമോ ഊന്നൽ നൽകി വരുതിയിൽ വരുത്തിയത് വ്യാളിപോലെ വരിഞ്ഞു മുറുക്കുന്ന ദയനീയാവസ്ഥ! [1] "ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയുടെ കടക്കുന്നത് എളുപ്പം." ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിനോട് ഉപമിച്ച യേശുവിന്റെ വാക്കുകളെത്ര അന്വർത്ഥം. സൂചിക്കുഴ ഒരു ഇടുങ്ങിയ കവാടമോ, സൂചിയുടെ ദ്വാരമോ ആയിക്കൊള്ളട്ടെ, ഒട്ടകത്തിനതിൽകൂടി കടക്കാനാവില്ല. കടക്കണമെന്നുണ്ടെങ്കിൽ ഒട്ടകം നൂൽപോലെ ആയിത്തീരണം. അതായത് ദ്രവ്യാഗ്രഹം കൊണ്ടും ഈ ലോക മോഹങ്ങൾ കൊണ്ടും ദുരഭിമാനം കൊണ്ടും സ്വാർത്ഥത കൊണ്ടും സ്ഥൂലിച്ച നമ്മുടെ ശരീരവും മനസ്സും, ഇവയെല്ലാം നശ്വരമെന്ന ഘനവും ഭാരവുമില്ലാത്ത അവസ്ഥയെ പ്രാപിക്കേണ്ടിയിരിക്കുന്നു. [2] "ഇടുക്കുവാതിലിലൂടെ അകത്തുകടപ്പീൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു."

അനേക പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്ത് കഷ്ടപ്പെട്ടു ഉണ്ടാക്കിയെടുത്തതൊക്കെ അവസാന നിമിഷം അന്യർക്ക് ദാനം ചെയ്യണമെന്നോ, സമ്പത്ത് വർദ്ധിപ്പിക്കരുതെന്നോ, താൻ സ്വരുക്കൂട്ടിയതെല്ലാം താൻ തന്നെ അനുഭവിച്ച് മുടിപ്പിച്ചു കളയണമെന്നോ ഇതിനാൽ അർത്ഥമാകുന്നില്ല. [3] "...മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും, പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും..." തനിക്കു എന്തൊക്കെ എവിടൊക്കെയുണ്ട്, ഉള്ളതൊക്കെ ആരൊക്കെ എങ്ങനെയൊക്കെ നോക്കി നടത്തും, തനിക്കിനിയും ഇതൊക്കെ അനുഭവിക്കാനുള്ള ആയുസ്സു ബാക്കിയില്ലല്ലോ എന്നിത്യാദി ചിന്താകുലങ്ങൾ ഇടുക്കുവാതിൽ കടപ്പാൻ വഹിയാതവണ്ണം നമ്മെ ഇനിയും സ്ഥൂലിപ്പിച്ചു കളയരുത്. [4] "ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം... സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം; സൂക്ഷിച്ചു വെപ്പാൻ ഒരു കാലം, എറിഞ്ഞു കളവാനൊരു കാലം..." സഭാ പ്രസംഗിയുടെ വാക്കുകളുടെ മർമ്മം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ ലോക അനുഗ്രഹങ്ങൾ അനുഭവിക്കാൻ കൃപയാൽ ലഭിച്ച അവസരം പോലെ തന്നെ അവ നിലച്ചു പോകുവാനും സമയങ്ങളും കാലങ്ങളും ചിട്ട

പ്പെടുത്തിയിട്ടുണ്ട്. സമ്പത്തും പ്രഭാവവും പ്രൗഢിയും എല്ലാം നശ്വരമെന്ന് വേദപുസ്തകം ഉടനീളം ഉറക്കെ പ്രഖ്യാപിക്കുന്നു. നമ്മുടെ തലമുറയ്ക്കുവേണ്ടി കരുതുവാൻ നമുക്കവസരം ലഭിക്കുകയും അവസരം വിവേകത്തോടുപയോഗിക്കുകയും ചെയ്തുവെങ്കിൽ അതു ദൈവത്തിന്റെ ദാനം മാത്രമാണ്. മക്കളെ ദാനമായി തന്നവൻ നാം ഓരോരുത്തരിൽ കൂടി അവർക്കു വേണ്ടി കരുതി; നമുക്ക് വേണ്ടി നമ്മുടെ മാതാപിതാക്കൾ കരുതിയതുപോലെ. യാക്കോബിന്റെ ഹൃദയസ്പർശിയായ നന്ദിവാക്കുകൾ ശ്രദ്ധിക്കുക. [1] "... ഒരു വടിയോടുകൂടെ മാത്രമല്ലൊ ഞാൻ ഈ യോർദ്ദാൻ കടന്നത്; ഇപ്പോഴൊ ഞാൻ രണ്ടുകൂട്ടമായി തീർന്നിരിക്കുന്നു."

നമ്മുടെ ബുദ്ധി വൈഭവം കൊണ്ടും പ്രാഗത്ഭ്യം കൊണ്ടും നേടിയെന്ന അഹങ്കാരവും മിഥ്യാബോധവും നമ്മെ ഭരിക്കരുത് ഇത്തരുണത്തിൽ യോനയുടെ അനുഭവം നമുക്കു ദൃഷ്ടാന്തമായുണ്ട്. നാല് അദ്ധ്യായങ്ങൾ മാത്രമുള്ള യോനയുടെ പുസ്തകത്തിൽ യഹോവയുടെ ആജ്ഞയെ നിരസിച്ച് തർശീശിലേക്ക് ഓടിപ്പോകുന്ന യോന അഭിമുഖീകരിക്കുന്ന മരണകരമായ പ്രതികൂല സാഹചര്യങ്ങളും, പ്രവചിച്ചതു നടക്കാതെപോയതിലുള്ള ഒരു പ്രവാചകന്റെ രോഷവും ഒപ്പം ദൈവനീതിയും അർത്ഥഗർഭമായ ചുരുക്കം വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിനവെക്കാർക്കു വരുത്താനിരുന്ന അനർത്ഥത്തെക്കുറിച്ചനുതപിച്ച യഹോവയായ ദൈവത്തിന്റെ ദീർഘക്ഷമയും ദയയും ദർശിച്ച യോന, കോപവും ലജ്ജയും മൂലം മരിക്കുവാനിച്ഛിച്ചു എങ്കിലും നഗരത്തിനെന്തു ഭവിക്കും എന്നു കാണുവോളം കുടിൽകെട്ടി പാർത്തു എന്നാണെഴുതിയിരിക്കുന്നത്. ഇന്നും ഇത്തരം പ്രവാചകന്മാർ നമ്മുടെയിടയിൽ ഉണ്ട്. വിശ്വാസിയുടെ അനുതാപം കൊണ്ടും പ്രാർത്ഥനകൊണ്ടും ദൈവത്തിനു കരുണ തോന്നി പ്രവാചകൻ പ്രതികൂലമായി പ്രവചിച്ചത് വിശ്വാസിക്കനുകൂലമായി ഭവിച്ചാൽ പിന്നെ ഇഷ്ടനു കോപവും നിരാശയുമാണ്. മരിക്കാനാഗ്രഹിക്കില്ലെങ്കിലും അവന് എന്തു സംഭവിക്കും എന്ന് വളരെ ഗോപ്യമായി നോക്കികൊണ്ടും മറ്റുള്ളവരോട് രഹസ്യമായി അന്വേഷിച്ചുകൊണ്ടു മിരിക്കും. താൻ പ്രവചിച്ചത് സംഭവിച്ചാലല്ലേ അടുത്ത കൂട്ടത്തിൽ തന്നെത്തന്നെ ഉയർത്തിക്കാണിക്കാനാവൂ! നാണക്കേടു കാരണം വിശ്വാസിയെ മുഖാമുഖം കാണാനോ സന്തോഷം പങ്കിടാനുള്ള അവന്റെ ഫോൺവിളി ശ്രദ്ധിക്കാനോ വിമുഖത കാട്ടുന്ന പ്രവാചകൻ വിശ്വാസിക്കു ലഭിച്ച ദൈവ നീതിക്കു മുമ്പിൽ കോപാന്ധനും ലജ്ജാവിവശനുമാകുന്നു!

യോനയെ ഒരു പാഠം പഠിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി

അവന്റെ തലയ്ക്കു തണലായിരിക്കേണ്ടതിന് കല്പിച്ചുണ്ടാക്കിയ ആവണക്ക് പിറ്റെ ദിവസം ഉണങ്ങി വാടിയപ്പോൾ കോപം കൊണ്ടു ജ്വലിച്ച യോനയുടെ അഹങ്കാര വാക്കുകൾ ശ്രദ്ധിക്കുക. [1] "ഞാൻ മരണ പര്യന്തം കോപിക്കുന്നത് വിഹിതം തന്നെ." അതിനുള്ള യഹോവയായ ദൈവത്തിന്റെ മറുപടിയാണ് നമ്മുടെ ശ്രദ്ധയെ പിടിച്ചു പറ്റുന്നത്. [2] "നീ അദ്ധ്വാനിക്കയോ, വളർത്തുകയോ ചെയ്യാതെ ഒരു രാത്രിയിൽ ഉണ്ടായിവരുകയും, ഒരു രാത്രിയിൽ നശിച്ചു പോകയും ചെയ്തിരിക്കുന്ന ആവണക്കിനെക്കുറിച്ച് നിനക്ക് അയ്യോ ഭാവം തോന്നുന്നുവല്ലോ." ജീവിതകാലം മുഴുവൻ താങ്കൾ ഒരു പക്ഷേ കഠിനാദ്ധ്വാനം ചെയ്തിരിക്കാം, വളർത്തിക്കൊണ്ടു വന്നിരിക്കാം. എന്നാൽ അതേപോലെ തന്നെ അദ്ധ്വാനിക്കുകയും വളർത്തുകയും ചെയ്ത മറ്റൊരുവന് ലഭിക്കാത്ത പ്രതിഫലം താങ്കൾ ആസ്വദിക്കുന്നുവെങ്കിൽ, അതു താങ്കളോടു കരുണതോന്നിയ ദൈവത്തിങ്കൽ നിന്നു ലഭിച്ച ദാനമത്രെ. അറുപതോ, എഴുപതോ വർഷങ്ങൾ, മറ്റൊരുവനു ലഭിക്കാതെ പോയ ദൈവത്തിന്റെ മഹാദയയാകുന്ന ആവണക്കിന്റെ തണൽ ഈ ലോകത്തിന്റെ സൂര്യതാപത്തിൽ നിന്നും താങ്കൾക്ക് സംരക്ഷണവും കുളിർമ്മയും തന്നുവെങ്കിൽ, മരണം വരെ ആ ശീതളഛായ അവകാശപ്പെടുന്നത് ദുശ്ശാഠ്യവും, ഒരിക്കലതു ഉണങ്ങുമ്പോൾ കോപിക്കുന്നതും മനസ്താപപ്പെടുന്നതും ദൈവമുമ്പാകെ അനീതിയുമാണ്.

ധനവാന്റെ പടിപ്പുരയ്ക്കൽ വ്രണം നിറഞ്ഞവനായി കിടന്ന ദരിദ്രനെ ഓർത്തുകൊൾക. അവൻ ഇയ്യോബിനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും, ദൈവ ഭക്തനും, ദോഷം വിട്ടകലുന്നവനും ആയിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ല എങ്കിലും, മരണശേഷം അബ്രഹാമിന്റെ മടിയിൽ എത്തിച്ചേരുവാൻ തക്കവണ്ണം നീതിയായ എന്തോ ചിലത് ദൈവം അവനിൽ കണ്ടിരുന്നു. ധനവാനോടുള്ള അബ്രഹാമിന്റെ വാക്കുകൾ വിലയിരുത്തുന്നതു നന്ന്. [3] "മകനെ നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്നോർക്ക. ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു." സഭാപ്രസംഗി വീണ്ടും പറയുന്നു, [4] "ഏതു മനുഷ്യനും തിന്നു കുടിച്ച് തന്റെ സകല പ്രയത്നം കൊണ്ടും സുഖം അനുഭവിക്കുന്നതും ദൈവത്തിന്റെ ദാനമാകുന്നു." "മരണപര്യന്തം കോപിക്കുന്നതു വിഹിതം" എന്നു യോനയെപ്പോലെ പറയാതെയും, "മീതെ വളർന്നുപൊങ്ങിയ" ആവണക്കുപോലെ നാം ഈ ലോകത്തേക്ക് കൊണ്ടുവരാതെ ദാനമായിക്കിട്ടിയ ആയുർ ആരോഗ്യത്തിലും, ഭൗതിക അനുഗ്രഹങ്ങളുടെ തണ

ലിലും കുളിർമ്മയിലും ഇക്കണ്ട വർഷങ്ങളോരോന്നും നടത്തിയ വിധങ്ങൾക്കായി ദൈവത്തിന് നന്ദികരേറ്റിക്കൊണ്ട് അന്ത്യനിമിഷങ്ങൾക്കു സ്വാഗതമോതാൻ സ്വയം സജ്ജമായിക്കൊൾക. കായ്ഫലമുള്ള തെങ്ങിൻ കുലകളിൽ തൂങ്ങിക്കിടക്കുകയും, പാൽ ചുരത്തുന്ന റബ്ബർ മരങ്ങളിൽ ചുറ്റിപ്പിടിക്കുകയും, വരമ്പത്തു വീണു പോയ നെന്മണികളെ കമിഴ്ന്നു വീണു ആവാഹിക്കുകയും, അരിഞ്ഞാണച്ചരടിൽ തൂങ്ങുന്ന പണപ്പെട്ടിയുടെ താക്കോൽകൂട്ടം അരയിലുണ്ടാക്കിയ തഴമ്പിൽ കൂടിയിരിക്കുകയും ചെയ്യുന്ന, അറുത്ത കൈക്കുപ്പുതേക്കാത്ത വല്യപ്പച്ചന്റെ ശരീരത്തു നിന്നും വേർപെടാൻ വിമ്മിട്ടം കാട്ടുന്ന ആത്മാവിനെ ഏതു വിധേനയെങ്കിലും എങ്ങോട്ടെങ്കിലും പായിക്കാൻ കൈവെള്ളയിൽ വെള്ളിനാണയം വെച്ചുകൊടുക്കുന്നത് പഴങ്കഥ! “പുഴുക്കുത്തേറ്റാൽ”, “അത്യുഷ്ണമുള്ളൊരു കിഴക്കൻ കാറ്റിൽ” ആരോഗ്യം ക്ഷയിച്ചാൽ “അയ്യോ ഭാവവും”, “മരണപര്യന്ത കോപവും” വേണ്ടാ. പ്രാപിക്കാനുള്ള തോർത്താൽ നഷ്ടമെന്നു കരുതുന്നതേതുമില്ല.

## സ്വയം ദഹിപ്പിക്കുന്ന കോപാഗ്നി

വിശപ്പ്, ദാഹം, സ്നേഹം, ലൈംഗിക പ്രേരണ എന്നിത്യാദി ഭാവങ്ങളോ വികാരങ്ങളോ പോലെ തന്നെ കോപവും ക്രോധവും നീരസവുമെല്ലാം നൈസർഗ്ഗികമായി നമുക്ക് ലഭ്യമായിട്ടുള്ളതാണ്. പലതിന്റെയും ആധിക്യവും കുറവും ഒരുപോലെ ജീവിതത്തിൽ താളപ്പിഴകളുണ്ടാവാൻ കാരണമാവുന്നു എന്നു മാത്രം. പരിജ്ഞാനത്തോടുകൂടിയ ഇവയുടെ ആസ്വാദനം മനുഷ്യജീവിതം ആഹ്ലാദപ്രദമാക്കുമ്പോൾ വിവേകരഹിതവും പക്വതയില്ലാത്തതുമായ സമീപനം വിപരീതഫലങ്ങൾ ഉളവാക്കുന്നു. ജന്മനാ കിട്ടിയ കോപം അഥവാ ക്രോധമെന്ന വികാരത്തിൽ നിന്നും ഒരുവനും മുക്തനല്ല. [1] “... മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കളായിരുന്നു,” കോപാഗ്നിയുടെ അനന്തരഫലങ്ങൾ ശരിക്കും അനുഭവിച്ച പൗലൊസ് എഫസൊസ്സിലെ സഭാവിശ്വാസികളെ ഉപദേശിക്കുന്നതു ശ്രദ്ധിക്കുക. ആദിമുതൽ ദൈവത്തിന്റെ ദീർഘക്ഷമയുടെ ആനുകൂല്യങ്ങളനുഭവിക്കുകയും എന്നാൽ അനാരോഗ്യപരമായ കോപത്തിന്റെ അടിമകളായിത്തീരുകയും ചെയ്യുന്ന നമ്മെ അത് കൊണ്ടെത്തിക്കുന്ന അപകടകരമായ അവസ്ഥയെക്കുറിച്ച് അപ്പൊസ്തലൻ സഭയ്ക്കു മുന്നറിയിപ്പു നൽകുന്നു. [2] “കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യനസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്.” ഒരു പകലിൽ അധികം ആയുസ്സുള്ള കോപം

നമ്മെക്കൊണ്ടു പാപം ചെയ്യിക്കാനുള്ള സാധ്യതകണ്ട പൗലൊസ് കോപമുണ്ടായാലുടൻ വിവേകം കൊണ്ടതിനെ കീഴടക്കണമെന്നു ചൂണ്ടിക്കാണിക്കുന്നു. കോപിക്കുന്നതു സ്വാഭാവികമെന്നും എന്നാൽ അതു നമ്മുടെ ബുദ്ധിയെ കെടുത്തിക്കളയുന്ന അവസ്ഥയിലേക്കും തദ്വാരാ പാപത്തിലേക്കും നമ്മെ നയിക്കുമെന്നുമുള്ള ധ്വനി വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

കോപവും രോഷവുമുളവാക്കുന്ന നിരവധി സന്ദർഭങ്ങൾ ജീവിതത്തിലുടനീളം ഉണ്ടാവാറുണ്ട്. ആത്മീയ രോഷം അവയിലൊന്നു മാത്രമാണ്. ഈ പുസ്തകത്തിലും ആത്മീയ രോഷത്തിന്റെ തീപ്പൊരികൾ അങ്ങിങ്ങായി ചിതറിയിട്ടുണ്ട് എന്ന് ഞാൻ സമ്മതിക്കുന്നു. അതു വായിക്കുന്ന താങ്കളിലും കോപത്തിന്റെ കനലുകളെരിയാം. എന്നാൽ അത് ആളിക്കത്തിച്ച് ആ അഗ്നികുണ്ഡത്തിൽ മറ്റുള്ളവരുടെയും ഒപ്പം നമ്മുടെയും ആത്മീയത ദഹിപ്പിച്ചു കളയാനുള്ളതല്ല. ചൂണ്ടിക്കാട്ടലുകളും വെളിപ്പെടുത്തലുകളും സ്വയം നശിക്കാനോ മറ്റുള്ളവരെ നശിപ്പിക്കാനോ ഉദ്ദേശിച്ചുള്ളതല്ലല്ലോ. വ്യക്തികളോടോ, വ്യവസ്ഥിതികളോടോ ലോകത്തോടോ, ഭരണസംവിധാനങ്ങളോടോ ആദർശങ്ങളോടോ, വിശ്വാസങ്ങളോടോ സ്വയമായോ എന്തിനോടോ ഏതിനോടോ ഒക്കെ കോപവും ക്രോധവും നീരസവും സ്വാഭാവികമായി തോന്നിയാലും അതിനെല്ലാം ഒരു പരിധിയും പരിമിതിയുമുണ്ട്. നമ്മിലുണ്ടാകുന്ന കോപം നമ്മെത്തന്നെ ഒടുക്കിക്കളയുന്നു എങ്കിൽ കോപിക്കാതിരിക്കുന്നത് ഭേദമെങ്കിലും അതിനുള്ള ശക്തി നമ്മുടെ ജഡത്തിനില്ല എന്നതാണ് സത്യം. എന്നാൽ അത് നിയന്ത്രിക്കാനും ശരിയായ പന്ഥാവിൽക്കൂടി കടത്തിവിടാനും നാം പഠിക്കേണ്ടിയിരിക്കുന്നു. എന്തു തന്നെയായാലും സൂര്യനസ്തമിക്കുവോളം അതു വെച്ചുകൊണ്ടിരിക്കരുത് എന്ന് വചനം പറയുന്നു. സഹോദരാ, ജീവനാകുന്ന സൂര്യൻ പടിഞ്ഞാറേ ചുവന്ന ചക്രവാളത്തിൽ അസ്തമിക്കും മുമ്പ്, ജീവിതത്തിന്റെ സായംസന്ധ്യ വന്നണയും മുമ്പ്, കോപത്തെ നീക്കിക്കളക. വീണ്ടെടുപ്പുനാളിനായി നാം മുദ്രയിടപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ് എന്നു വിസ്മരിക്കരുത്. അങ്ങനെയെങ്കിൽ ആ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. പൗലൊസ് അപ്പൊസ്തലൻ വീണ്ടും അടിവരയിട്ടു പറയുന്നു, [1] "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നതു. എല്ലാ കയ്പും, കോപവും, ക്രോധവും, കൂറ്റാരവും, ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ!" പരി

ശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ട സകല മനുഷ്യരുടെയും വീണ്ടെടുപ്പ് മരണത്തോടുകൂടി നടക്കുന്നു എങ്കിൽ, അവനെ ദുഃഖിപ്പിക്കുന്ന കോപത്താലും ക്രോധത്താലും മുദ്രയെ തകർക്കാൻ സ്വയം ഒരുങ്ങാതെയിരിക്കുക. കയ്പും, കോപവും, ക്രോധവും, നീരസവും നീക്കി സ്വസ്ഥതയോടുകൂടി ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ സന്തോഷിപ്പിച്ചുകൊണ്ട് നമുക്ക് നമ്മുടെ വീണ്ടെടുപ്പുനാളിനെ സമീപിക്കാം.

## അതൃപ്തി - ആനന്ദത്തിന്റെ അന്തകൻ

ഇതും നൈസർഗ്ഗികം തന്നെ. എത്ര കണ്ടാലും കേട്ടാലും അനുഭവിച്ചാലും മതിവരാത്ത അവസ്ഥ. ഒന്നു ലഭിക്കുമ്പോൾ മറ്റൊന്നിലേക്ക്, അവിടെ നിന്നും വേറൊന്നിലേക്ക്. എവിടെയും അതൃപ്തി. കുടുംബ ബന്ധങ്ങൾ, ധനസ്ഥിതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ രംഗം, അഭിവൃദ്ധി, പുരോഗതി, രാഷ്ട്രീയം, സാമൂഹ്യം, ആത്മീയം... പട്ടിക അവനവന്റെ ഇഷ്ടത്തിനും അഭിരുചിക്കുമനുസരിച്ച് വലിച്ചു നീട്ടാം. അതുകൊണ്ടാണ് സഭാപ്രസംഗി വിളിച്ചു പറഞ്ഞത്. [1] "... കണ്ടിട്ട് കണ്ണിനു തൃപ്തി വരുന്നില്ല; കേട്ടിട്ടു ചെവി നിറയുന്നതുമില്ല." തൃപ്തി എന്ന മരീചിക തേടി നെട്ടോട്ടമാണ്. അതൃപ്തി ഇല്ലായ്മയിൽനിന്നും വരുന്നതല്ല. നമുക്കിപ്പോഴുള്ളതിന്റെ അഥവാ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ ആകെത്തുകയിൽ നിന്നുളവാകുന്ന ഒരു പ്രതിഭാസമോ വികാരമോ ആണത്. നിലവിൽ സ്വദേശത്തുള്ള ജോലിയിൽ അതൃപ്തി; വിദേശത്തുള്ളതിൽ ഇരട്ടി അതൃപ്തി. ഇപ്പോഴുള്ള വരുമാനത്തിലതൃപ്തി, ഇന്നത്തെ Bank Balance-ൽ അതൃപ്തി, ഇപ്പോൾ കൈവശമുള്ള വാഹനത്തിലതൃപ്തി. ഇപ്പോഴത്തെ ഭരണ സംവിധാനത്തിലതൃപ്തി, ആത്മീയതയിലതൃപ്തി, ഭാര്യയിലതൃപ്തി, ഭർത്താവിലതൃപ്തി, മക്കളിലതൃപ്തി, മാതാപിതാക്കളിലതൃപ്തി. തൃപ്തിതേടിപ്പോകുന്തോറും അതൃപ്തിയുടെ കല്ലുകടി. സഭാപ്രസംഗി എട്ടുദിക്കും പൊട്ടുമാറ് പ്രഘോഷിക്കുന്നു, [2] "ദ്രവ്യപ്രിയന് ദ്രവ്യം കിട്ടീട്ടും ഐശ്വര്യ പ്രിയന് ആദായം കിട്ടീട്ടും തൃപ്തിവരുന്നില്ല; അതും മായയത്രേ" വരുവാനുള്ളത് അനുഭവിക്കാത്തതിനാൽ അതും തൃപ്തി എന്നു പറയാനാവില്ലല്ലോ! അതു കൊണ്ടാണ് പൗലൊസ് അപ്പൊസ്തലൻ എബ്രായസഭയോടു പറയുന്നത്. [3] "നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തത് ആയിരിക്കട്ടെ; ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ..."

വെറും കയ്യോടെ വന്ന്, അല്പകാലജീവിതത്തിനു ശേഷം വെറും കയ്യോടെ മടങ്ങുന്ന നമ്മുടെ ഹ്രസ്വ ആയുസ്സിൽ അതൃപ്തി എന്ന വാക്കിനുപോലും സ്ഥാനമില്ല. കാരണം പൗലൊസ് വ്യക്തമാക്കു

ന്നു, [1] "ഇഹലോകത്തിലേക്ക് നാമൊന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെ നിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല." ഈ സത്യം മനസ്സിലാക്കുമ്പോൾ അതൃപ്തി നമ്മുടെ ജീവിതത്തിൽ നിന്നും മാറിപ്പോകും. ലോകം കണ്ടതിൽ വെച്ച് ഏറ്റം ധനികനായിരുന്ന ശലോമോൻ രാജാവുപോലും ഈ ലോകത്തോടു യാത്ര പറഞ്ഞപ്പോൾ വെറും കൈയ്യായി മടങ്ങിയെങ്കിൽ, കടക്കെണിയിൽ മൂക്കറ്റം മുങ്ങിയ നാം എന്തു കയ്യിൽ കരുതും! ഉള്ളതു മതി എന്നു കരുതാനും അതിൽ സംതൃപ്തി കണ്ടെത്താനും വചനം പഠിപ്പിക്കുന്നു. പൗലൊസ് വീണ്ടും ഉപദേശിക്കുന്നു, [2] "ഉണ്മാനും ഉടുപ്പാനുമുണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക." തന്റെ അനാരോഗ്യത്തിൽ വ്യാകുലനും അസംതൃപ്തനുമായ പൗലൊസിന് യേശു കൊടുത്ത മറുപടി ശ്രദ്ധിക്കുക, "എന്റെ കൃപ നിനക്കു മതി." അവസാന നിമിഷങ്ങളിൽ സാത്താനൊരുക്കുന്ന തന്ത്രങ്ങളിലൊന്നായ അതൃപ്തിയിൽ നിന്നും മുക്തി നേടി, കൃപയാൽ ലഭിച്ചതിൽ സംതൃപ്തിയും സന്തോഷവുമുള്ളവരായി, ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് മരണത്തെ നേരിടാൻ നാം സ്വയം ഒരുങ്ങിക്കൊൾക.

## പരാതിവേണ്ട; പരാക്രമം തലമുറയോട് വേണ്ട !

പരാതികളുടെ ആധിക്യം നമ്മെ പരാതിപ്പെട്ടികളിലും പരാതി പരിഹാരകേന്ദ്രങ്ങളിലും കൊണ്ടെത്തിച്ചു. പരാതിയും പിറുപിറുപ്പുമില്ലാത്ത ഒരു ദിവസം പോലും നമ്മുടെ ആയുസ്സിൽ ഇല്ലാ എന്നു തന്നെ പറയാം. പല സന്ദർഭങ്ങളിലും പരാതി പറയേണ്ടവരോട് ആയിരിക്കില്ല മറിച്ച് ഇതു മായി പുലബന്ധം പോലും ഇല്ലാത്തവരായിരിക്കും നമ്മുടെ നിശിതമായ വാക്കുകൾക്കിരയാവുന്നത്. ഇതിലൊരു നല്ല പങ്ക് നാം, ഭാണ്ഡക്കെട്ടുകളാക്കി വളരെ പ്രാഗത്ഭ്യത്തോടെ ദൈവത്തിന്റെ തോളിലും വെച്ചുകൊടുക്കാറുണ്ട്. യാത്രയുടെ ആരംഭം മുതൽ നീണ്ട 40 സംവത്സരങ്ങൾ പരാതിപ്പെട്ടും, പിറുപിറുത്തും യാത്ര തുടർന്ന ഒരു വലിയ സമൂഹത്തെ വേദപുസ്തകം നമുക്കു മുമ്പിൽ ദൃഷ്ടാന്തമായവതരിപ്പിക്കുന്നു. കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ പൗലൊസ് ഇവരെക്കുറിച്ച് പരാമർശിക്കുന്നു, [3] "അവരിൽ ചിലർ പിറുപിറുത്ത് സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുത്." ഇതെന്തിനു വേണ്ടി എഴുതിയിരിക്കുന്നുവെന്ന് പ്രത്യേകം എടുത്തു പറഞ്ഞിരി

ക്കുന്നു. [1] "ഇത് ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നു." സഹോദരാ, ലോകാവസാനത്തിനു മുമ്പ് നമ്മുടെ അവസാനം സംഭവിക്കുന്നുവെങ്കിൽ ഈ ബുദ്ധിയുപദേശം നമുക്കുവേണ്ടിയുള്ളതല്ലോ? ആദ്യം നമ്മുടെ അന്ത്യമെങ്കിൽ പിന്നീടു നടക്കുന്ന ലോകാന്ത്യത്തിന് നമ്മെ സംബന്ധിച്ചിടത്തോളം പ്രസക്തിയേതുമില്ലല്ലോ! ആയതിനാൽ നമ്മുടെ അന്ത്യനാളുകളിലെങ്കിലും പരാതികൾക്കും പിറുപിറുപ്പുകൾക്കും ഒരന്ത്യം കുറിക്കുക. സ്വന്തം ഇഷ്ടത്താൽ എല്ലാം ഉളവാക്കി, സ്വന്തം ആലോചനയാൽ എല്ലാം നിയന്ത്രിക്കുന്ന സൃഷ്ടികർത്താവിനോട് സൃഷ്ടി എന്തു പരാതി പറയാനാണ്. മൺപാത്രം കുശവനോടു പിറുപിറുക്കുമോ? കലാസൃഷ്ടി കലാകാരനോടു കലഹിക്കുമോ? ശില്പം ശില്പിയോടു പരിഭവിക്കുമോ? നീ എന്തിനെന്നെ ഇങ്ങനെമെനഞ്ഞു എന്നോ, എന്തിന് ഇമ്മാതിരി നിറം പകർന്നു എന്നോ, എന്തിനിങ്ങനെ പണിതെന്നൊ ഞരങ്ങുമോ? മറ്റുള്ളവരോടു പിറുപിറുക്കാനോ പരാതിപ്പെടാനോ നമുക്കെന്തു കാര്യം? അവർ നമ്മുടെ സൃഷ്ടികളോ? നാം അവരുടെ സൃഷ്ടികർത്താക്കളോ? സഹോദരനെ വിധിക്കാൻ നാം ആർ? [2] "സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരേ ഒരുവൻ ഞരങ്ങിപ്പോകരുത്. ഇതാ ന്യായാധിപതി വാതിൽക്കൽ നില്ക്കുന്നു." പരാതി മക്കളോടു വേണ്ട, പരാക്രമം തലമുറയോടു വേണ്ട, പിറുപിറുപ്പ് ഭാര്യയോടും ഭർത്താവിനോടും വേണ്ടേ വേണ്ട. ഞരക്കം മാതാപിതാക്കളോടരുത്., നീരസവും കലഹവും സഹോദരങ്ങളോടും. ഇരുട്ടു വ്യാപിക്കും മുമ്പേ സൃഷ്ടികർത്താവിനോടും സമസൃഷ്ടികളോടുമുള്ള പരാതികളും കന്മഷങ്ങളും ഒഴിവാക്കി നിത്യ വിശ്രാമത്തിന്റെ വഴി തിരഞ്ഞെടുത്തുകൊൾക.

## അസൂയ - അസ്ഥികൾക്ക് ദ്രവത്വം

അസൂയ പോലെ ആരോഗ്യം അപകടപ്പെടുത്തുന്ന മറ്റൊരു വ്യാധിയും ആധിയും ഇല്ലെന്ന് പറയാം. അർബ്ബുദം പോലെ അസൂയ ഒരു നിശ്ശബ്ദരോഗമാണ്. നാമും മറ്റുള്ളവരും അറിയാതെ അതു നമ്മുടെ മനസ്സിനെ ബാധിക്കുന്നു; ശരീരത്തിൽ വ്യാപിക്കുന്നു. [3] "ശാന്തമനസ്സ് ദേഹത്തിനു ജീവൻ; അസൂയയോ അസ്ഥികൾക്കു ദ്രവത്വം" എന്ന് സദൃശവാക്യങ്ങൾ നമ്മെ ഉപദേശിക്കുന്നു ഏറ്റം അടുത്ത സ്നേഹിതൻ പോലും അസൂയബാധിതനൊ എന്ന് നാം അറിയുന്നില്ല. അസൂയാലുവിന്റെ മുഖഭാവം തന്നെ പൈശാചികതയുടെ മൂർത്തീഭാവമാണ്. അവന്റെ അപ്പനായ പിശാ

ചിൽനിന്നും നാം അതു ദത്തെടുത്തു. മറ്റുള്ളവരുടെ നേട്ടത്തിലും വിജയത്തിലും സമ്പൽസമൃദ്ധിയിലും വ്യക്തിത്വത്തിലും സൗന്ദ ര്യത്തിലും ജീവിത സാഹചര്യങ്ങളിലും അസൂയപ്പെടുന്നവൻ അവ നെത്തന്നെ നശിപ്പിക്കുന്നു. മറ്റെന്തിന്റെയും മുമ്പിൽ പിടിച്ചു നില്ക്കു ന്നവർ അസൂയയുടെ മുമ്പിൽ പലപ്പോഴും നിരായുധരും നിസ്സഹാ യരുമാകുന്നു. ശലോമോൻ വീണ്ടും പറയുന്നു, [1] "ക്രോധം ക്രൂരവും കോപം പ്രളയവും ആകുന്നു. ജാരശങ്കയുടെ മുമ്പിലോ ആർക്കു നില്ക്കാം?" വിശ്വത്തിന്റെ ഉടയവന് ഒരുവനോടു പ്രത്യേക കരുണ തോന്നിയാൽ നാം അസൂയപ്പെട്ടിട്ടെന്തുകാര്യം. മറ്റുള്ളവരുടെ ഐശ്വ ര്യത്തിലേക്ക് ഒരെത്തിനോട്ടം നല്ലതു തന്നെ; നമ്മെ അതു പലതും പഠിപ്പിക്കും. എന്നാൽ അസൂയ വേണ്ടാ. അസൂയയുടെ ഹോമകു ണ്ഠത്തിൽ സ്വയം ഹോമിച്ച് നാം നമ്മെത്തന്നെ പിശാചിന് യാഗ വസ്തുവാക്കരുത്.

## മോഹം - പാപത്തിന്റെ മാതാവ്

കഷ്ടതകളുടെ നടുവിൽ നമ്മെ പിടിച്ചുനിർത്തുന്ന പ്രേരക ശക്തി മോഹങ്ങൾ തന്നെ എന്നു പറയാം. മോഹത്തിന്റെ മക്കൾ മോഹഭംഗങ്ങളെങ്കിൽ, അതിമോഹം അപകടം വിളിച്ചു വരുത്തും. എത്ര മോഹഭംഗങ്ങളുണ്ടായാലും മോഹമെന്ന ആസക്തി കുറയു ന്നില്ല; അപകടം ഏറുന്നതുകൊണ്ട് അതിമോഹം നിന്നുപോകു ന്നതുമില്ല. മിസ്രയീമ്യ അടിമത്തത്തിൽ നിന്ന് വിമോചിതരായ യിസ്രായേൽ ജനതയ്ക്ക് യഹോവയായ ദൈവം കൊടുത്ത പത്തു കല്പനകളിലൊന്ന്, [2] "കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടു കാരന്റെ ഭാര്യയെയും... കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹി ക്കരുത്" എന്നായിരുന്നുവല്ലോ. ഇതിനർത്ഥം മോഹങ്ങളും ആഗ്ര ഹങ്ങളും അഭിലാഷങ്ങളും ആശകളും ഒന്നും മനുഷ്യനുവേണ്ടെ ന്നല്ലല്ലോ! ഒരു ഭവനത്തിനുവേണ്ടി ആഗ്രഹിക്കരുത് എന്ന് യഹോ വയായ ദൈവം പറഞ്ഞില്ല. ഒരു ഭാര്യയ്ക്കുവേണ്ടി മോഹിക്കാം. ഒരു ദാസിക്കോ ഒരു ദാസനോ, ഒരു കാളയ്ക്കോ, ഒരു കഴുതയ്ക്കോ വേണ്ടി ആഗ്രഹിക്കുന്നതിൽ അപാകതയില്ല. പക്ഷെ ഇതൊന്നും കൂട്ടുകാരന്റെ അഥവാ അപരന്റെ ആവരുത് എന്ന് നിർബ്ബന്ധമുണ്ട്. 'Covet' എന്ന ഇംഗ്ലീഷ് തർജ്ജമ ഇതിനെ കൂടുതൽ വ്യക്തമാക്കു ന്നു. പ്രത്യേകിച്ച്, മറ്റുള്ളവർക്ക് സ്വന്തമായുള്ളത് നമുക്ക് സ്വന്തമാ ക്കുവാനും നേടിയെടുക്കുവാനുമുള്ള അമിതമായ അഥവാ ശക്ത മായ ആഗ്രഹം. ഈ അത്യാഗ്രഹത്തെക്കുറിച്ചാണ് യാക്കോബിന്റെ ലേഖനത്തിൽ [3] "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു." എന്നു രേഖപ്പെടുത്തിയി

ട്ടുള്ളത്. ഇത്തരം പൈശാചിക മോഹങ്ങൾ സാത്താനിൽ നിന്നു വരുന്നു. ഈ ജഡീകമോഹങ്ങൾ നമ്മെ ഭരിക്കുന്നു. തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു പറഞ്ഞു, [1] "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു... അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു." ഭോഷ്ക്കിന്റെ ആത്മാവ് നമ്മെ വിട്ടൊഴിയേണ്ടിയിരിക്കുന്നു. ഇനിയും പൂർത്തീകരിക്കാനാവാത്ത വിവിധ മോഹങ്ങൾ ഒരു മരീചികയായി ഉള്ളിൽ കിടക്കുമ്പോൾ നമ്മുടെ മനസ്സിനു സമാധാനമോ നമ്മുടെ ആത്മാവിനു സ്വസ്ഥതയോ കിട്ടുക അസാധ്യം. നമ്മുടെ അഭിലാഷങ്ങൾ നിവർത്തീകരിച്ചില്ലല്ലോ എന്ന നീറ്റൽ എപ്പോഴും നമ്മെ അലട്ടിക്കൊണ്ടിരിക്കും. [2] "നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും." ദ്രവ്യാഗ്രഹം ഇവയിൽ മുൻപന്തിയിൽ നിൽക്കുന്നു. [3] "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ; ഇതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്കധീനരായിത്തീർന്നിരിക്കുന്നു." കഴിഞ്ഞ 60, 70, സംവത്സങ്ങൾ നാം മോഹിച്ചു ജീവിച്ചു. സകലവിധ ഭോഷ്ക്കിനും ദോഷത്തിനും പാപത്തിനും അധീനരായിരുന്ന നാം എല്ലാവിധ മോഹങ്ങളോടും എന്നെന്നേക്കുമായി വിടപറയേണ്ട ഒരു മരണദിനം വിദൂരമല്ല എന്ന സത്യത്തോട് പൊരുത്തപ്പെടേണ്ടിയിരിക്കുന്നു. ഈ ലോക മോഹങ്ങളിൽ കുടുങ്ങി വിശ്വാസം വിട്ടുഴന്നാൽ ഇനിയുമൊരവസരം നമുക്കില്ല എന്നോർക്കുക. "ഭോഷ്ക്കിന്റെ അപ്പൻ" നമ്മെ മോഹക്കുരുക്കിൽ കുടുക്കാതെയിരിപ്പാൻ ബുദ്ധിയുപയോഗിച്ചുകൊൾവീൻ.

## നന്ദികേട് - അഹങ്കാരത്തിന്റെ മറുവാക്ക്

നാവുകൊണ്ട് നന്ദി പറയുകയും നിനവുകളിൽ ചതി നിരൂപിക്കയും ചെയ്യുന്ന ഒരേ ഒരു ജീവനുള്ള ദേഹി മനുഷ്യനാണ്. പിച്ച വെയ്ക്കുന്ന കാലം മുതൽ നാം ഇതു പരിശീലിക്കുന്നു. ഒരു പക്ഷേ "അഛൻ, അമ്മ" എന്നു പറയാൻ പഠിപ്പിക്കുന്നതിനു മുമ്പേ നമ്മുടെ കുഞ്ഞുങ്ങളെ നാം പരിശീലിപ്പിക്കുന്ന വാക്കുകൾ 'Hai' എന്നും 'Thank you' എന്നുമാണ്. പാൽ നുണയുന്നതുപോലെ ശിശുക്കളുടെ ജീവിതത്തിന്റെ ഒരു ഭാഗമായി അതു മാറിക്കഴിഞ്ഞു. Nursery Rhyms പോലെ ഇളം നാവിൽ തത്തിക്കളിക്കുന്ന അർത്ഥമില്ലാത്ത ഈ വാക്കുകളിൽ വളരുന്തോറും അഭിനയത്തിന്റെയും അനുനയത്തിന്റെയും കിന്നരികൾ തുന്നിച്ചേർക്കപ്പെടുന്നു. പാശ്ചാത്യസംസ്കാരം കടമെടുത്ത് അനവസരങ്ങളിലും അർഹതയില്ലാത്തവരോടും അർത്ഥശൂന്യമായും ഇത്തരം വാക്കുകൾ ഉച്ചരി

ക്കുന്ന നാം സർവ്വവും നല്കിയ ഉടയവനെ മറക്കുന്നു. വിമോചന സമരങ്ങളിലെ "Quit India" പോലെ മുഷ്ടിചുരുട്ടി ആകാശക്കോട്ട കളെ ഇടിച്ചു നിരത്തുകയും, ആംഗലേയ കവി Wordsworth -ന്റെ കവിതകൾ കാണാതെ പഠിച്ച് ഉരുവിടുകയും ചെയ്യുന്നതുപോലെ "thank you Jesus" എന്ന പതിവു വാഴ്വുകൾ നമ്മുടെ സഭാഹോ ളിനെ ശബ്ദമുഖരിതമാക്കുന്നു. പലപ്പോഴും ചുങ്കക്കാരന്റെ നന്ദിക രേറ്റലോളം നാം തരം താണില്ലേ എന്ന് സ്വയം ചിന്തിക്കുക. നമുക്ക് ദൈവം കൃപയാൽ നല്കിയ നന്മകൾ മറ്റുള്ളവർക്ക് നല്കാതെയി രുന്നതിലുള്ള സന്തോഷംകൊണ്ടും, മറ്റുള്ളവർക്കു ലഭിക്കാഞ്ഞത് നമുക്കു ലഭിച്ചതിന്റെ അഹങ്കാരം കൊണ്ടും അല്ലേ, നാം ദൈവ ത്തിന് നന്ദി പറയാറുള്ളത്? അതു തന്നെ വളരെ അപൂർവ്വമായാ ണ്. ലഭിച്ചതെല്ലാം അവങ്കൽ നിന്നുമാണ് എന്നോ, നമ്മുടെ നന്മ യുടെ വലിപ്പത്താലല്ല, മറിച്ച് തമ്പുരാന്റെ മഹാകരുണയാലാണ് ഇതൊക്കെയും ലഭിച്ചതെന്നോ അറിയാവുന്ന നാം ദൈവത്തെ മഹ ത്വീകരിക്കാൻ തുനിയാറില്ല. പൗലൊസ് റോമർക്കുള്ള ലേഖനത്തിൽ കുറിച്ചിരിക്കുന്നു, [1] "അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവ മെന്നോർത്ത് മഹത്വീകരിക്കുകയോ, നന്ദികാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്ന്, അവ രുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി." വ്യർത്ഥമായ നിരൂ പണങ്ങളാൽ ഇരുണ്ടുപോകുന്ന വിവേകമില്ലാത്ത ഹൃദയം! അന്ത്യ യാത്രയ്ക്കു തയ്യാറെടുത്തുകൊണ്ടിരിക്കുമ്പോൾ ഹൃദയം ഇരുണ്ടു പോയാലുള്ള അവസ്ഥ എത്രമാത്രം ദയനീയമാണ്. കൊഴിഞ്ഞു പോയ നീണ്ട സംവത്സരങ്ങൾ ദൈവമൊരുക്കിയ നന്മകൾ ഗൗനി ക്കാതെ, നടത്തിയ വിധങ്ങളോർക്കാതെ, സർവ്വ മഹത്വവും തനിക്കു തന്നേ അർപ്പിച്ച് അവസാന നിമിഷങ്ങളിൽ സർവ്വശക്തന്റെ മുമ്പിൽ നന്ദികെട്ടവരായി നാം കാണപ്പെടുന്നു എങ്കിൽ സഹോദരാ, ഞാനും താങ്കളും കഴിഞ്ഞ കാലങ്ങളിൽ കണക്കില്ലാത്ത സ്തോത്രം പറഞ്ഞ് സഭാഹോളിന്റെ തുലാങ്ങളെ വിറപ്പിച്ചിരുന്നതുകൊണ്ട് എന്തു പ്രയോജനം! "സ്തോത്രമെന്ന യാഗം" കാലാവസ്ഥയ്ക്കും സാഹ ചര്യങ്ങൾക്കുമനുസരിച്ച് അർപ്പിക്കേണ്ടതല്ല. പൗലൊസ് തന്നെ എഫെസ്യർക്ക് വീണ്ടുമെഴുതുന്നു, [2] "...നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലാ യ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവീൻ." പുതിയ നിയമ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആദ്യയാഗം സ്തോത്രമെന്ന യാഗം ആണ്. നമ്മുടെ അവസാനത്തെ യാഗവും സ്തോത്രം എന്ന യാഗം തന്നെ. ജീവന്റെ നേരിയ കണിക നിലനി

ല്ക്കുവോളം സ്തോത്രം നമ്മുടെ നാവിൽ നിന്നും ഊർന്നുപോകാതെയിരിക്കട്ടെ. [1] "ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം."

18

# മലയെ നീക്കും വിശ്വാസം

[1] "...യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും..." എന്ന യേശുവിന്റെ കല്പനപ്രകാരം കുറഞ്ഞ പക്ഷം കേരളത്തിലും പിന്നീട് ഭാരതമൊട്ടാകെയും ദൈവേഷ്ടമായാൽ ശേഷം ലോകരാഷ്ട്രങ്ങളിലും സുവിശേഷം അറിയിക്കേണ്ടത് നമ്മുടെ കടമയും കർത്തവ്യവും ദൗത്യവുമാണ്. എന്നാൽ ഗുരുവിന്റെ കല്പന മൊത്തമെ മറിച്ചിട്ട് ഘടകവിരുദ്ധമായി ഒടുക്കത്തിൽ തുടക്കം കുറിക്കാനാണ് നാം, സവിശേഷരായ സുവിശേഷകർക്കു പഥ്യം. യരുശലേമിലുള്ള ശിഷ്യന്മാരോട് യരുശലേമിൽ നിന്നും സാക്ഷ്യം ആരംഭിച്ചു ഭൂമിയുടെ അറ്റത്തോളം സുവിശേഷം അറിയിക്കാൻ ആജ്ഞാപിച്ചപ്പോൾ അങ്ങേത്തലക്കലെ ഭൂഖണ്ഡങ്ങളുടെ അറ്റത്തേക്കു വാനരന്മാരെപ്പോലെ ഇടക്കളം ചാടിമറിയാൻ നമുക്കു വ്യഗ്രത. ചിലരുടെ നടുപ്പും ഭാവവും കണ്ടാൽ, കേരളത്തിന്റെ ഓണം കേറാ മൂലയിൽനിന്നും താൻ ഒരുത്തൻ മാത്രം പോകണം അമേരിക്കയിലും മറ്റും Monica Lewinski മുതൽ മേലോട്ടും കീഴോട്ടും ഉള്ളവരെ വചനസത്യം ഗ്രഹിപ്പിക്കാൻ എന്ന് തോന്നിപ്പോകും! ആദ്യം നാടും നാട്ടാരും അറികെ നാലുപേരോടു അന്യഭാഷയിൽ പ്രവചിച്ച് മലയാളത്തിൽ വ്യാഖ്യാനിക്കുക, പിന്നീട് ആരോരും അറിയാതെ അഭിഷേകത്തൈലം നിറച്ച കൊമ്പു സ്വയം തലയിൽ കമഴ്ത്തുക, അതിനുശേഷം ഒരുവിധം അറിയപ്പെടുന്ന ദൈവദാസന്റെ കൈക്കീഴിൽ മുങ്ങി ഈറനണിയുക, ഒടുവിൽ മാനസാന്തരം അവസാനം പാപബോധം എന്ന പുതുപുത്തൻ ദർശനം ആധുനിക ആത്മീയഗോളം ഉൾക്കൊണ്ടു കഴിഞ്ഞു. അവസാനത്തെ പാപബോധത്തിന് മുൻപ് പലരുടെയും ആയുസ്സു ഒടുങ്ങും. കച്ചവടത്തിൽ നഷ്ടമില്ല. അമേരിക്കയിൽ നേടിയ ആത്മാക്കളെ ഉയർത്തിക്കാട്ടി സ്വർഗ്ഗത്തിൽ വിലപേശാമല്ലൊ!

ഇന്ന്, ആത്മീയ ഗോളത്തിലെ അഴുക്കു ചാലുകളും, ആകർഷകമായ വർണ്ണക്കടലാസുകളിൽ പൊതിഞ്ഞ് അതിലൂടെ ഒഴുകിയെത്തുന്ന മാലിന്യക്കൂമ്പാരങ്ങളും കാണുമ്പോൾ, എവിടെ എങ്ങനെ തുടങ്ങണമെന്നും, ആരോടു ചേർന്നു നില്ക്കണമെന്നും ആരെ അനുഗമിക്കണമെന്നും, അനുകരിക്കണമെന്നുമുള്ള ചിന്തകൾ നമ്മെ അലട്ടാറുണ്ട്. വേദപുസ്തകം ശരിയായി ഗ്രഹിക്കുമ്പോൾ ഇതിനെല്ലാം

ഉത്തരമായി. പക്ഷേ, വേദപുസ്തക വിരുദ്ധ ഉപദേശങ്ങൾക്കും, പഠിപ്പീരുകൾക്കും ശുശ്രൂഷകൾക്കുമെതിരെ പ്രതികരിക്കാനുള്ള അനുവാദവും അധികാരവും വിവിധ സഭാതലങ്ങളിൽ നിന്നും വിവിധ രീതിയിലായിരിക്കും ലഭിക്കുക. അവിടെയും നമുക്കാശ്രയമായിരിക്കുന്നത് വചനം തന്നെ. യരുശലേം ദേവാലയത്തിനുള്ളിലെ കച്ചവടക്കാരെയും പൊൻവാണിഭക്കാരെയും അടിച്ചു പുറത്താക്കിയ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുമല്ലോ [1]"എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്." ദേവാലയം എന്റെ പിതാവിന്റെ സ്വന്തമാകയാൽ എനിക്കു സ്വന്തമെന്നും, എനിക്കു സ്വന്തമാകയാൽ എന്റെ പിതാവിനെ ആരാധിക്കുന്നവർക്കു സ്വന്തമെന്നും, അത് കള്ളന്മാരുടെയും കവർച്ചക്കാരുടെയും കേളീരംഗമാക്കാൻ താൻ ഒരുകാലത്തും വിട്ടുകൊടുക്കില്ല എന്നുമുള്ള ആകാശത്തെയും ഭൂമിയെയും കീറിമുറിക്കുന്ന അധികാരത്തിന്റെ ശബ്ദം, ആത്മീയ കപടതയിന്മേലും ദുഷ്ടതയിന്മേലും നിഷ്കരുണം ആഞ്ഞാഞ്ഞു പതിക്കുന്ന രോഷത്തിന്റെ ചാട്ടവാറിന്റെ ഹുങ്കാരശബ്ദമായ് മാറുന്നത് നാം കാണുന്നു. നമ്മുടെ സ്വന്ത ഭവനത്തെ കള്ളന്മാരിൽ നിന്നും കവർച്ചക്കാരിൽ നിന്നും സംരക്ഷിക്കാൻ ഔൽസുക്യം കാട്ടുകയും, നമ്മുടെ ഭാര്യമാരെയും മക്കളെയും പ്രിയപ്പെട്ടവരെയും ദുഷ്ടനു വിട്ടുകൊടുക്കാതിരിപ്പാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന നാം എത്രമാത്രം ശുഷ്കാന്തിയോടുകൂടി നമ്മുടെ പിതാവിന്റെ ഭവനത്തെ അഥവാ ദൈവരാജ്യത്തെ/ദൈവ സഭയെ/ക്രിസ്തീയ ഗോളത്തെ സംരക്ഷിക്കേണ്ടതാകുന്നു എന്നോർത്ത് നോക്കൂ. സ്വന്തമെന്ന ആത്മാർത്ഥമായ ബോധമുണ്ടായാലേ ഇതു സാധ്യമാകൂ. മറ്റു വിശ്വാസഗോളങ്ങൾ വൃത്തിയാക്കും മുമ്പ് ശുചീകരണം ആദ്യം "യരുശലേമിൽ" തുടങ്ങട്ടെ!

ഇത്തരുണത്തിൽ ആരെയും അലട്ടുന്ന കാതലായ വിഷയത്തിലേക്കു കടക്കാം. ഏതാണ്ട് 120 കോടിയിലധികം വരുന്ന ഭാരത ജനസംഖ്യയിലെ ഒരു പ്രാധാന്യവുമില്ലാത്ത എനിക്ക് സ്വയമെ എന്തു ചെയ്യാൻ സാധിക്കും? എനിക്കു മാത്രം ഒരു മാറ്റം സംഭവിച്ചാൽ അതുകൊണ്ടെന്തു പ്രയോജനം? മറ്റുള്ളവരുടെ അവസ്ഥ എന്താകും? എല്ലാവർക്കും മാറ്റമുണ്ടാക്കാൻ ആർക്കു സാധിക്കും? ആദ്യം മറ്റെല്ലാവരുടെയും വീക്ഷണങ്ങൾക്ക് വ്യതിയാനം സംഭവിക്കട്ടെ, അതിനുശേഷം ഞാനും മാറ്റത്തെ സ്വീകരിക്കാം! ജീവിതത്തിൽ പലയാവർത്തി നാം കേൾക്കാറുള്ള പ്രതികൂല ചിന്തകളാണിവ. പ്രശസ്ത ബോളിവുഡ് താരം അമീർ ഖാന്റെ "സത്യമേവ ജയതേ" എന്ന T.V. പരമ്പരയുടെ ഭാഗമായി ദിനപ്പത്രത്തിൽ വന്ന, അക്ഷരങ്ങൾ

കൊണ്ടു ചെറുതും ആശയങ്ങൾ കൊണ്ട് വലുതുമായ ലേഖനം എന്തുകൊണ്ടും നമ്മുടെ ശ്രദ്ധയെ ആകർഷിക്കാൻ പര്യാപ്തമാണ്. അതിലെ ഒരുദാഹരണം എടുത്തു കാട്ടുന്നത് നമ്മുടെ വിശ്വാസത്തെ ഊട്ടി ഉറപ്പിക്കാൻ സഹായകമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ബീഹാർ സംസ്ഥാനത്ത് പർവ്വതപ്രദേശങ്ങളാൽ ചുറ്റപ്പെട്ട Gehlor എന്ന ചെറിയ ഗ്രാമത്തിൽ Dashrath Manjhi എന്നൊരു കർഷകൻ ജീവിച്ചിരുന്നു. കേവലം 5 കിലോമീറ്റർ മാത്രം അകലമുള്ള ഏറ്റവും അടുത്ത പട്ടണത്തിലെത്താൻ വഴി മുടക്കി നില്ക്കുന്ന കരിമ്പാറക്കൂട്ടങ്ങൾ നിറഞ്ഞ മല കാരണം ഈ ഗ്രാമവാസികൾ മല ചുറ്റി 50 കിലോമീറ്റർ നടക്കേണ്ടിയിരുന്നു. യാത്രാക്ലേശം വർഷങ്ങളായി അനുഭവിക്കുന്ന ഈ ഗ്രാമവാസികളിലൊരുവനായ Dashrath, ഒരു സുപ്രഭാതത്തിൽ മലയുടെ നടുവിൽക്കൂടി ഒരു പാത നിർമ്മിക്കാൻ തീരുമാനിച്ചു. തന്റെ ആടുകളെ വിറ്റ് ഉളിയും പാരയും കൂടവും വാങ്ങിയ അദ്ദേഹം ദിവസേന മുടങ്ങാതെ ഒറ്റക്ക് ഈ പാറക്കൂട്ടങ്ങളെ ഉടയ്ക്കാനുള്ള ശ്രമമാരംഭിച്ചു. എല്ലാവരും അവനെ പരിഹസിച്ചു എന്നു പറയേണ്ടതില്ലല്ലോ. ഈ പാഴ്ശ്രമത്തിൽ നിന്നും അവനെ പിന്തിരിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ അവർ അവനെ ഭ്രാന്തൻ എന്നു വിളിച്ചു. എന്നാൽ Dashrath തന്റെ ഉദ്യമത്തിൽ ഉറച്ചുനിന്നു. മലയെ തുളച്ച് ഒരു പാതയൊരുക്കുവാൻ അദ്ദേഹത്തിന് നീണ്ട 22 വർഷങ്ങൾ എടുക്കേണ്ടിവന്നു എങ്കിലും അവസാനം ആ ഒറ്റയാൾ പട്ടാളത്തിന്റെ സ്വപ്നം യാഥാർത്ഥ്യമായി!

നോക്കൂ, ഒരു മനുഷ്യൻ ഏകനായി അസാദ്ധ്യത്തിനെതിരേ നെഞ്ചുവിരിച്ച്, പരിഹാസങ്ങളെയും നിരുൽസാഹപ്പെടുത്തലുകളെയും തൃണവൽഗണിച്ച് അചഞ്ചല വിശ്വാസത്തോടെയുള്ള അശ്രാന്ത പരിശ്രമത്തിലൂടെ മലയെ നീക്കുന്നത്. [1] "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസ മുണ്ടെങ്കിൽ ഈ മലയോട്: ഇവിടെ നിന്ന് അങ്ങോട്ട് നീങ്ങുക എന്ന് പറഞ്ഞാൽ അത് നീങ്ങും; നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല." എന്ന ഗുരുവിന്റെ വചനങ്ങൾ ഏറ്റെടുത്തുവെന്ന് സ്വയം അഭിമാനിക്കുന്ന നാം, ഇവിടെ, നമ്മുടെ സഭാഹോളുകളിൽ പ്രവൃത്തിയില്ലാത്ത വിശ്വാസ പ്രഖ്യാപനങ്ങൾ വാതോരാതെ ഉരുവിടുമ്പോൾ അങ്ങകലെ ബീഹാറിലെ ഒരു കൊച്ചു ഗ്രാമത്തിൽ സാധാരണക്കാരിൽ സാധാരണക്കാരനായ ഒരു കർഷകൻ പ്രവൃത്തിയോടുകൂടിയ വിശ്വാസത്താൽ അഥവാ വിശ്വാസത്തോടുകൂടിയ പ്രവൃത്തിയാൽ ദൈവപുത്രന്റെ മൊഴികളുടെ നിവൃത്തീകരണം മാലോകർക്ക് ദൃഷ്ടാന്തമായി കാട്ടിക്കൊ

ടുക്കുന്നു. തനിക്ക് ഏകനായി ഒന്നും സാധ്യമല്ല എന്നു ചിന്തിച്ച് മാറി നിന്നിരുന്നുവെങ്കിൽ ഈ വലിയ ദൗത്യം നിവർത്തിക്കപ്പെടു കയില്ലായിരുന്നു. തന്റെ ഉളിയും ചുറ്റികയും ദിനന്തോറും അല്പാ ല്പമായി പൊടിച്ചുമാറ്റുന്ന പാറക്കഷണങ്ങളുടെ വലിപ്പത്തിൽ നിരാ ശനാകാതെ, പാറയെ പിളർക്കുന്ന വിശ്വാസത്താൽ തന്റെ ഉദ്യമ ത്തിൽ അവൻ ഉറച്ചുനിന്നു. പ്രതിബന്ധമായി നില്ക്കുന്ന കൂറ്റൻ കരിമ്പാറക്കൂട്ടങ്ങളെയല്ല അവൻ കണ്ടത് മറിച്ച് സുഗമവും വിശാല വുമായ ഒരു പുതുപുത്തൻ പാത അവന്റെ മനോമുകുരത്തിൽ തെളി ഞ്ഞുവന്നു. അത് അചഞ്ചലമായ വിശ്വാസത്തിൽ അടിസ്ഥാനമിട്ട തായിരുന്നു. പരിഹാസങ്ങളൊ വിജയസാധ്യതകളെക്കുറിച്ചുള്ള ഉത്ക്കണ്ഠകളോ, പാറയുടെ കാഠിന്യമോ, ശാരീരികവും മാനസി കവുമായ ക്ലേശങ്ങളൊ അവനെ തെല്ലും പിന്തിരിപ്പിച്ചില്ല. ദിനം പ്രതി ഉലയിൽ പഴുപ്പിച്ച് തല്ലി പതം വരുത്തി മൂർച്ച വരുത്തി പാറ യുടെ ഇടുക്കിൽ തിരുകുന്ന "വിശ്വാസ"മാകുന്ന ഉളിയുടെ മൂർദ്ധാ വിൽ "കഠിനപ്രയത്ന"മാകുന്ന ഭാരമേറിയ കൂടം ഇടതടവില്ലാതെ ആഞ്ഞു പതിച്ചു. നീണ്ട 22 വർഷം! ആത്മീയ പുരോഗതിയുടെ വഴിത്താരയിൽ തടങ്കൽ പാറകളായി കിടക്കുന്ന ദൈവവചന വിരുദ്ധ ഉപദേശങ്ങളും പഠിപ്പീരുകളും, വിശ്വാസികളുടെ ഹൃദയത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ കീഴ്‌വഴക്കങ്ങളും, വെളിച്ച ദൂതന്റെ വേഷം കെട്ടിയ പൈശാചിക തന്ത്രങ്ങളും ധൂളീകരിക്കപ്പെടുവാൻ നമ്മുടെ ചെറു വിരലെങ്കിലും ഒന്നു ചലിപ്പിച്ചാൽ അതു നമ്മുടെയും നമ്മുടെ തല മുറകളുടെയും വിടുതലാണ്. 40 വർഷം സീനായ് മല ചുറ്റിയ നമ്മുടെ പൂർവ്വികരെപ്പോലെയൊ 50 കി.മി. മലചുറ്റിയ ബീഹാറിലെ ഗ്രാമ വാസികളെപ്പോലെയോ നാം ഉഴലാതെയിരിക്കട്ടെ.

ഞാൻ ഒരുവനെക്കൊണ്ടു അല്ലെങ്കിൽ എന്നേപ്പോലെ പത്തു പേരുടെ കൂട്ടായ പരിശ്രമം കൊണ്ടുപോലും ദൈവത്തിന്റെ ആല യത്തെ / ആത്മീയഗോളത്തെ ശുദ്ധീകരിക്കാനാവുമൊ എന്ന ആശ ങ്കവേണ്ട. കടുകു മണി ചെറുതെങ്കിലും അത് വളർന്ന് വൻ വൃക്ഷ മായിത്തീരുന്നു. ഒരുപിടി കടുക് ആയാലോ? അനേകം വൻ വൃക്ഷ ങ്ങൾ! ഒരു ചാക്കു കടുകു എങ്കിലോ? ദേശമെങ്ങും വളർന്ന് പന്ത ലിച്ച വൻ വൃക്ഷങ്ങൾ! ഈ കടുകുമണികളിൽ ഒന്നിനോളം വിശ്വാസം ഉണ്ടായിരുന്നെങ്കിൽ എന്നാണ് യേശു പറഞ്ഞത്. [1]"ദൈവരാജ്യം ഏതിനോടു സദൃശം? ഏതിനോടു അതിനെ ഉപ മിക്കേണ്ടു? ഒരു മനുഷ്യൻ എടുത്ത് തോട്ടത്തിൽ ഇട്ട കടുകുമണി യോടു അത് സദൃശം; അത് വളർന്നു വൃക്ഷമായി ആകാശത്തിലെ പക്ഷികളും വന്ന് അതിന്റെ കൊമ്പുകളിൽ വസിച്ചു." വിശ്വാസ

ത്തിന്റെ ശക്തിയും വലിപ്പവും വർണ്ണിക്കാൻ ഇതിൽപ്പരം ഒരു ഉപമയുണ്ടോ? ഞാൻ മാത്രം സത്യം മനസ്സിലാക്കിയിട്ടു എന്തു പ്രയോജനം, ഞാൻ ഒരുവൻ മാത്രം ശേഷിച്ചിരിക്കുന്നു, മറ്റുള്ളവരെല്ലാം മാനസികമായും ആത്മീയമായും ഈ പോർക്കളത്തിൽ പട്ടുപോയി എന്ന് ഏലിയാവിനെപ്പോലെ താങ്കൾ ചിന്തിക്കുന്നുവോ? നാം അറിയാത്ത വേറെ പതിനായിരങ്ങളേയും ലക്ഷങ്ങളേയും സത്യത്തിന്റെ സാക്ഷികളായി ദൈവം ശേഷിപ്പിച്ചിരിക്കുന്നു എന്ന് ഓർത്തുകൊൾക!

അടുത്തയിടെ ഒരു പഠനം വായിച്ചപ്പോൾ നമ്മുടെ പരിസരശുചീകരണത്തിൽ ഒരു പങ്കുവഹിക്കുകയും എന്നാൽ എല്ലായ്പ്പോഴും നമുക്ക് ഉപദ്രവകാരികളുമായ പാറ്റകളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു. വിക്ഷേപണ ശേഷം Apolo ബഹിരാകാശ പേടകത്തിനുള്ളിൽ സഞ്ചാരികൾ തികച്ചും ഒരു അപ്രതീക്ഷ അതിഥിയെ കണ്ടെത്തി. ഒരു അമേരിക്കൻ പാറ്റ! പേടകം ഭൂമിയിൽ മടങ്ങിവന്നശേഷം സസൂക്ഷ്മം പരിശോധിച്ചെങ്കിലും പാറ്റയുടെ പൊടിപോലും കണ്ടെത്താതിരുന്ന സ്ഥിതിക്ക് അത് ചന്ദ്രനിൽ ഇറങ്ങി എന്ന് സ്വാഭാവികമായും വിശ്വസിക്കേണ്ടതായിവന്നു. ചന്ദ്രോപരിതലം പാറ്റയുടെ ജീവന് ഭീക്ഷണിയല്ലെങ്കിൽ ഏതെങ്കിലും കാലത്ത് നമ്മുടെ മക്കൾ ചന്ദ്രനിൽ പോകുമ്പോൾ അവരെ എതിരേല്ക്കുന്നത് പാറ്റയുടെ ഒരു വൻ സൈന്യം ആയിരിക്കും. ഒരു പാറ്റയിൽ നിന്ന് മാത്രം പ്രജനനം എങ്ങനെ സാധ്യമാവും എന്നല്ലേ ചിന്തിക്കുന്നത്? പെൺ പാറ്റകളിൽ ഭൂരിപക്ഷവും ഒരിക്കൽ ഗർഭം ധരിച്ചാൽ ആയുഷ്ക്കാലം മുഴുവൻ പ്രസവിക്കും പോലും!

രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് മറിയ എന്ന യഹൂദ കന്യകയുടെ ഗർഭത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ഉരുവാക്കപ്പെട്ട ഇമ്മാനുവേൽ അനുനിമിഷം മനുഷ്യരാശിയുടെ ഹൃദയങ്ങളിൽ ലോകാന്ത്യത്തോളം പിറവിയെടുത്തുകൊണ്ടേയിരിക്കും. പിതാവിന്റെ ആകർഷണം മൂലം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഹൃദയത്തിന്റെ ഉള്ളറകളിൽ ഗർഭം ധരിക്കപ്പെട്ട കോടിക്കണക്കിന് വിശ്വാസികളിൽ ഒരു വലിയ പങ്ക് ആധുനിക അശേരബാൽ ദേവന്മാരുടെ മൂർത്തീഭാവമായ വേദപുസ്തകവിരുദ്ധ ആത്മീയ ദുർഭൂതത്തിന് മുന്നിൽ മുഴങ്കാൽ മടങ്ങാത്തവരായി ദൈവം ഇന്നും ശേഷിപ്പിച്ചിരിക്കയാൽ, ഏലിയാവിനെപ്പോലെ വിലപിക്കുന്നത് ആത്മീയ ഷണ്ഡത്വവും സ്വയം രക്ഷപെടലുമാണ്. ഞാൻ വെളിച്ചം ആകുന്നു എന്നും എന്നിൽ ഇരുട്ടു തെല്ലും ഇല്ലെന്നും

അരുളിച്ചെയ്തവനെ സേവിക്കുന്ന നാം ആത്മീയ അന്ധതയിലും അന്ധകാരത്തിലും തപ്പിത്തടയേണ്ടവരല്ല. ഭൂമിയുടെ അറ്റത്തോളം സുവിശേഷവെളിച്ചം എത്തിക്കാൻ ആജ്ഞാപിച്ച യേശുവിനെ പിൻപറ്റുന്ന നാം, ആരൊക്കെ എവിടെയൊക്കെ നശിച്ചാലും, ആരെയൊക്കെ ആത്മീയ കുട്ടിപ്പിശാചുക്കൾ വിഴുങ്ങിയാലും, തലമുറകൾ ആത്മീയ അജ്ഞതയുടെ തണുത്ത നിലയില്ലാക്കയത്തിലും ആഴമുള്ള ചേറ്റിലും മുങ്ങിത്താഴുന്നത് നിർന്നിമേഷരായി നോക്കിക്കണ്ടുകൊണ്ട് യോശുവയ്ക്കൊപ്പം നിസ്സഹായതയോടെ ഏറ്റുചൊല്ലുന്നു, "ഞാനും എന്റെ കുടുംബവുമൊ, ഞങ്ങൾ യഹോവയെ സേവിക്കും."! "പച്ചയായ പുൽപ്പുറങ്ങളും," "സ്വസ്ഥത യുള്ള വെള്ള"വും പോലെ തോന്നിപ്പിക്കുന്നതും എന്നാൽ ആത്മീയ കപടതയുടെ ചതിക്കുഴികളും വാരിക്കുഴികളും നിറഞ്ഞ് അപകടം പതിയിരിക്കുന്നതുമായ "കൂരിരുൾ താഴ്വരകളെയും" ചതുപ്പു നിലങ്ങളെയും കുറിച്ചു തലമുറകൾക്ക് മുന്നറിയിപ്പ് നൽക്കുന്നതിനു പകരം സങ്കീർത്തനക്കാരന്റെ തോളോടുതോൾ ചേർന്ന് സ്വന്തം "രക്ഷയുടെ പാനപാത്രം" ചുമലിലേറ്റി നീതി സൂര്യന്റെ കിരണങ്ങളെ കണ്ണടച്ച് ഇരുട്ടാക്കുകയല്ലെ നാം?

19

# 'വിധിക്കരുത്'!

"വിധിക്കരുത്", എന്ന വചനം പുതിയ നിയമ വേദഭാഗങ്ങളിൽ നിരവധി ആവർത്തി രേഖപ്പെടുത്തിയിരിക്കുന്നതു കാണാം. പലപ്പോഴും സ്വയം ഒളിഞ്ഞിരിക്കാനുള്ള ഒരു ഒളിത്താവളം പോലെയോ, സ്വരക്ഷയ്ക്കുള്ള താമ്രകവചം പോലെയൊ, അപ്രത്യക്ഷമാവാനുള്ള മാന്ത്രിക ദണ്ഡുപോലെയോ നാം പെന്തക്കോസ്തു വിശ്വാസികൾ ഇതിനെ തെറ്റിദ്ധരിക്കാറുണ്ട്. നാം അതീവ ബുദ്ധിയോടെ വചനമർമ്മം ഗ്രഹിക്കുന്നവരല്ലേ! [1] "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും." യേശു അങ്ങനെ പറഞ്ഞു എങ്കിൽ പൂച്ചപോലെ കണ്ണും പൂട്ടി ഉള്ള പാലും കുടിച്ച് മിണ്ടാതെയിരുന്നേക്കാം. നമ്മെയും ആരും വിധിക്കില്ലല്ലോ! അളക്കാൻ ശ്രമിച്ച് അടി വാങ്ങണോ?

[2] "...അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അതു തന്നെ പ്രവർത്തിക്കുന്നുവല്ലോ.'' എന്നാൽ പിന്നെ യാതൊരു ശല്യവുമില്ലാതെ വേലിയിൽ കിടന്നുറങ്ങുന്ന പാമ്പിനെ എടുത്തു ദൈവസഭയിലിടുന്നതെന്തിന്? ആമപോലെ തല ഉള്ളിലേക്കു വലിച്ച് പാറപോലെ ഒരു കോണിൽ കിടക്കാം. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും എന്തൊക്കെ കാണിച്ചാലും എവിടെയൊക്കെ പോയാലും വന്നാലും നാം, സത്യവിശ്വാസികൾ അന്ധരും ബധിരരും മൂകരുമല്ലോ! കാരണം, "വിധിക്കരുത്" എന്ന വചനം ഡമോക്ലസിന്റെ വാൾപോലെ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുന്നു. നോട്ടം ഒന്നു പാളിയാൽ മതി മൂർദ്ധാവു രണ്ടായി പിളരാൻ!

''സഹോദരന്റെ വായ് അടപ്പിക്കാൻ നിന്റെ വായ് പൊത്തിക്കൊൾക. അവന്റെ അണ്ണാക്ക് തുറന്ന ശവക്കുഴിയാകുന്നു; അതു തുറന്നാൽ നീ നാറും. വടികൊടുത്ത് അടിവാങ്ങുകയുമരുത്." ശലോമോൻ ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നു എങ്കിൽ ഇമ്മാതിരി അനേകം സദൃശ്യവാക്യങ്ങൾ കുത്തിക്കുറിക്കുമായിരുന്നു! രാഷ്ട്രീയ പാർട്ടികളുടെ രഹസ്യധാരണപോലെയാണ്. "അഞ്ചുവർഷം നീ ഭരിച്ചു മുടിക്ക്; അടുത്ത അഞ്ചുവർഷം ഞാൻ മുടിച്ചു ഭരിക്കാം." പ്രത്യയശാസ്ത്രം വ്യത്യസ്തമല്ലേ?! ഒരുവൻ ഭരിച്ചു മുടിക്കുന്നു, അപരൻ മുടിച്ചു ഭരിക്കുന്നു. ദാനിയേലിന്റെ പുസ്തകം അടച്ചു മുദ്രയിട്ടതുപോലെ 'വിധിക്കരുത്' എന്ന വചനത്താൽ വിശ്വാസികളുടെ വായ് അടച്ചു മുദ്രയിടപ്പെട്ടിരിക്കുകയാണ്. അറയിൽ കാട്ടുന്നതൊന്നും പുരപ്പുറത്തു ഘോഷിച്ചുകൂടാ. കാരണം പുറത്തുപറയാൻ കൊള്ളാത്തതൊക്കെയല്ലേ കാട്ടിക്കൂട്ടിയിരിക്കുന്നത്! [1] "മിണ്ടാതിരുന്നാൽ ഭോഷനെപ്പോലും ജ്ഞാനിയായും, അധരം അടച്ചുകൊണ്ടാൽ വിവേകിയായും എണ്ണും." ശരിയാണ്. "മൗനം വിദ്വാനു ഭൂഷണം" എന്നല്ലൊ പഴമൊഴി. "എപ്പോഴും മൗനമോ വിഡ്ഢിക്കു കിരീടം" എന്നുകൂടി ചേർത്തുകൊള്ളൂ!

[2] ''...പുറത്തുള്ളവരെ വിധിപ്പാൻ എനിക്കെന്തു കാര്യം?'' കൊരിന്ത്യ സഭയോടുള്ള പൗലൊസിന്റെ ചോദ്യം നമ്മോടും കൂടിയാണ്. റോമാസഭയോട് പൗലൊസ് വീണ്ടും ചോദ്യം ആവർത്തിക്കുന്നു, [3] ''എന്നാൽ നീ സഹോദരനെ വിധിക്കുന്നതെന്ത്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതെന്ത്?" യാക്കോബും ഇതേ ചോദ്യം തന്നെ ചോദിക്കുന്നു, [4] "സഹോദരന്മാരെ അന്യോന്യം ദുഷിക്കരുത്; ...കൂട്ടുകാരനെ വിധിപ്പാൻ നീ ആർ?" ചുരുക്കത്തിൽ ഒറ്റനോട്ടത്തിൽ നമുക്ക് ''പുറത്തുള്ളവരെ''യും അകത്തുള്ള ''സഹോദരന്മാ''രെയും വിധിക്കാൻ അധികാരമില്ല! "അതുകൊണ്ടു നാം ഇനി അന്യോന്യം വിധിക്കരുത്..."

ആരാണ് സഹോദരന്മാർ എന്ന് ഒരു നിമിഷം ചിന്തിക്കൂ. നാം എങ്ങനെയൊക്കെ നിർവ്വചിച്ചാലും; ആത്മീയ പിതാവ്, ആത്മീയ ജനനം, ആത്മീയ മരണം, ആത്മീയ ആഹാരം എന്നിത്യാദി പദങ്ങൾ പോലെ തന്നെ വളരെ പ്രാധാന്യമർഹിക്കുന്നതും അർത്ഥഗർഭവുമായ ഒരു വാക്കാണ് 'സഹോദരൻ' അഥവാ "ആത്മീയ സഹോദരൻ.'' [5] ''...ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും'' ആയിരിക്കുന്ന നാം

അന്യോന്യം ആത്മീയ സഹോദരങ്ങളുമാണ്. ഇവിടെ ''ക്രിസ്തുവിൽ'' എന്ന് അടിവരയിട്ടു പറഞ്ഞിരിക്കുന്നത് യേശുവിന്റെ തിരുവായ്മൊഴികളുടെ പ്രതിധ്വനിയാണ് എന്ന് നാം മനസ്സിലാക്കേ ണ്ടിയിരിക്കുന്നു. യേശുവിന്റെ അമ്മയും സഹോദരന്മാരും അവനോടു സംസാരിപ്പാൻ ആഗ്രഹിച്ച് പുറത്തു നില്ക്കുന്നു എന്നു പറഞ്ഞവനോടുള്ള യേശുവിന്റെ മറുപടി ശ്രദ്ധിക്കുക. അവൻ ശിഷ്യന്മാരുടെ നേരെ കൈ നീട്ടി. [1]"ഇതാ, എന്റെ അമ്മയും സഹോദന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയുമാകുന്നു." എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന എന്റെ ആത്മീയ സഹോദരങ്ങൾ ഇതാ എന്നോടൊപ്പം ഇവിടെ, അകത്തുണ്ട്; പുറത്തുള്ളവർ എനിക്കു പ്രിയരല്ല എന്ന ധ്വനി എത്ര വ്യക്തമായി ഇവിടെ മുഴങ്ങിക്കേൾക്കുന്നു.

പുറമെയുള്ള ആടയാഭരണങ്ങളുടെ ഇരട്ടി അകമേയണിഞ്ഞ, വേർപെട്ടവരും രാജകോലാഹലവുമുള്ള നമ്മുടെയിടയിൽ ഇത്തരം എത്ര സഹോദരന്മാരുണ്ട് എന്ന് മാന്യവായനക്കാർ തന്നെ വിധി എഴുതട്ടെ. ഭക്ഷണം പോലും ഇക്കൂട്ടരുമായി പങ്കിടരുതെന്ന് പൗലൊസ് കർശനമായി നിഷ്ക്കർഷിച്ചിരിക്കുന്ന ഇവരുടെ സ്ഥാനം എവിടെ?, അകത്തോ, പുറത്തോ? പുറത്തുള്ളവരെന്ന് നാം പലപ്പോഴും പറയാറുള്ളത് അയലത്തെ സാമുദായിക സഭാംഗത്തെക്കുറിച്ചാണ്. തീർച്ചയായും അവരെ വിധിക്കാൻ നമുക്ക് അധികാരമില്ല. കാരണം, "നിന്റെ കണ്ണിലെ കോലെടുത്തിട്ട്" മതി ശേഷം അഭ്യാസം. മാത്രമല്ല, ''നമുക്ക് പ്രതികൂലമല്ലാത്തത് നമുക്കനുകൂല"വുമാണല്ലോ. "നില്ക്കുന്നു എന്നു ചിന്തിക്കുന്നവൻ വീഴാതെയിരുപ്പാൻ സൂക്ഷിക്കട്ടെ.'' സത്യത്തിൽ നാം ''നിൽക്കുകയല്ല, നമ്മെ നിർത്തിയിരിക്കുകയാണ്.'' പിന്നെ, "...കർത്താവേ ഇവന് എന്തു ഭവിക്കും" എന്നു ചോദിക്കാൻ നമുക്ക് എന്തധികാരം. "...നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ.'' എന്ന് ഞായറാഴ്ച്ച സഭായോഗത്തിന് മുമ്പ് നസറായനായ യേശു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് പറഞ്ഞു എന്നിരിക്കട്ടെ; എങ്കിൽ JCB വിളിച്ച് കൽക്കൂമ്പാരം മാറ്റണം വിശ്വാസികൾ സഭാഹോൾ വിടണമെങ്കിൽ! അടങ്ങു സഹോദരാ, ക്ഷമിക്ക്, കർത്താവ് വരുവോളം. [2]''...കർത്താവു വരുവോളം സമയത്തിനു മുമ്പ് ഒന്നും വിധിക്കരുത്."

ഏതു മതം എടുത്താലും അതിലെ 95% വിശ്വാസികളും നിശ്ശബ്ദരാണ്. 5% വരുന്ന നേതാക്കളും ശുശ്രൂഷകരും, ദൈവദാ

സന്മാരും ഉൾപ്പെടുന്ന ചെറു സംഘമാണ് വിശ്വാസഗോളത്തെ ചലിപ്പിക്കുന്നത്. ക്രിസ്തീയ ഗോളവും വിഭിന്നമല്ല. ഈ 5% പറയുന്നതെന്തും; അതു സ്വാർത്ഥതയായാലും സ്വന്ത താല്പര്യമായാലും, സ്വജനപക്ഷപാതമായാലും, വേദപുസ്തകവിരുദ്ധമായാലും, വ്യാജവും, കപടവും, പൊള്ളയുമായാലും, അതേപടി വെട്ടിവിഴുങ്ങേണ്ട ദുരവസ്ഥയിലാണ്, പ്രത്യേകിച്ചും 95% born again വിശ്വാസികൾ. നാവനക്കിയാൽ, പണ്ടു പെരുന്തച്ചനുണ്ടാക്കിയ ''അടിക്കുന്നപ്രതിമ" പോലെ '' വിധിക്കരുത്'' എന്ന വചനത്തിന്റെ ഉരുക്കുമുഷ്ടികളുടെ മുഖമടച്ച അടി ഉറപ്പ്. എന്തും, ഏതും വേദവാക്യമായെടുത്ത് പഞ്ചപുഛമടക്കി വായും പൂട്ടിയിരിക്കേണ്ട ''ഫറവോ'' ഭരണം എത്രത്തോളം? ഇതിനൊരന്ത്യവും "പുറപ്പാടുമില്ലേ!" വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാടും, തുള്ളൽ പാവം വിശ്വാസിയുടെ മൂർദ്ധാവിലും! കപടതയുടെ "കാദേശ് മരുവി"നേക്കാൾ ഇഷ്ടിക ച്ചൂളയുടെ ചൂടും, കള്ള പ്രവചനങ്ങളുടെ "മെരീബാ വെള്ള"ത്തെക്കാൾ ഊഴിയ വിചാരകരുടെ ദണ്ഡനങ്ങളും ഭേദമെന്ന് വിശ്വാസ സമൂഹം തിരിച്ചറിഞ്ഞ് പിന്നോക്കം പായുന്നതിനു മുമ്പ് നമ്മുടെയിടയിലെ കാളക്കുട്ടിയെ ഉടച്ചുകളക!

അനീതിയും അന്യായവും കണ്ടില്ലെന്നു നടിച്ചാൽ നാം ദൈവമുമ്പാകെ എങ്ങനെ നീതീകരിക്കപ്പെടും? റേഷൻ കടയിൽ നിന്നും ബ്ലാക്കിൽ ഒപ്പിച്ച പഞ്ചസാരയ്ക്കു സ്തോത്രമെന്നയാഗം അർപ്പിക്കാതിരി ക്കുകയും, വളഞ്ഞവഴി മൊത്തം ചുറ്റി മകൾ സായിപ്പിന്റെ നാട്ടിലെത്തിയ സന്തോഷവാർത്തക്കു ഹല്ലേലുയ്യാകൊണ്ട് ആരതി ഉഴിയാതെയു മിരുന്നാൽ പ്രാസംഗികന്റെ മുഖം ടിപ്പു കിട്ടാത്ത വെയിറ്ററുടെ മുഖം പോലെ ചുളുങ്ങും. ഇതിനിടെ കാണേണ്ടതു പലതും നാം കാണാതെ പോകുന്നു. സദൃശവാകൃകർത്താവ് വിളിച്ചു പറയുന്നു, [1]"നിന്റെവായ് തുറന്നു നീതിയോടെ ന്യായം വിധിക്ക; എളിയവനും ദരിദ്രനും ന്യായപാലനം ചെയ്തുകൊടുക്ക!" സങ്കീർത്തനക്കാരൻ ചൂണ്ടിക്കാണിക്കുന്നു, [2]"നീതിമാന്റെ വായ് ജ്ഞാനം പ്രസ്താവിക്കുന്നു; അവന്റെ നാവ് ന്യായം സംസാരിക്കുന്നു."

500-ഉം, 50-ഉം വെള്ളിക്കാശ് ഇളച്ചുകൊടുത്ത ഉപമ പറഞ്ഞ ശേഷം, ഇവരിൽ ആർ അധികം സ്നേഹിക്കും എന്ന ചോദ്യത്തിനുത്തരം പറഞ്ഞ ശിമോനോടുള്ള യേശുവിന്റെ വാക്കുകൾ ദയവായി ശ്രദ്ധിക്കുക, [3]"...നീ വിധിച്ചതു ശരി..." ഒരുവൻ മറ്റൊരുത്തന്റെ പ്രവൃത്തിയെ വേദപുസ്തക പ്രമാണപ്രകാരം

വിലയിരുത്തി വിധി പറയുന്നു; ആ വിധി ശരിയെന്ന് സ്വർഗ്ഗം വിധിയെഴുതുന്നു! സങ്കീർത്തനക്കാരൻ വീണ്ടും രേഖപ്പെടുത്തുന്നു; [1]"ഞാൻ എന്റെ അധരങ്ങൾകൊണ്ട് നിന്റെ വായുടെ വിധികളെ ഒക്കെയും വർണ്ണിക്കുന്നു." ദൈവത്തിന്റെ വിധികൾ മർത്യന്റെ അധരങ്ങളിൽക്കൂടി പ്രസ്താവിക്കപ്പെടുന്നു! യഹോവയായ ദൈവം യെഹസ്കേലിനോട് അരുളിച്ചെയ്യുന്നു, [2]"...മനുഷ്യ പുത്രാ, നീ ന്യായം വിധിക്കുമോ? രക്തപാതകമുള്ള പട്ടണത്തെ നീ ന്യായം വിധിക്കുമോ? എന്നാൽ നീ അതിന്റെ സകല മ്ലേച്ഛതകളെയും അതിനോടറിയിച്ചു പറയേണ്ടത്..." വിധിക്കാനുള്ള സ്വർഗ്ഗീയ പ്രേരണയും ദൗത്യവും!

വിധി, നീതിയുക്തമായിരിക്കണം. അന്തരേന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവൻ ദൈവമാകയാൽ [3]"കാഴ്ചപ്രകാരം വിധിക്കരുത്; നീതിയുള്ള വിധി വിധിപ്പിൻ." ആത്മീയ ഗോളത്തിലെ ദുഷ്പ്രവണതകൾ എടുത്തുകാട്ടുന്നത് അന്ധകാര ശക്തിയോടുള്ള ചെറുത്തുനില്പും, കപടതകൾ വെളിപ്പെടുത്തുന്നത് ദൈവസഭയുടെ ശുദ്ധീകരണവും, വ്യാജം ചൂണ്ടിക്കാട്ടുന്നത് സത്യത്തിന്റെ പരിരക്ഷയുമാണ്. മാന്യ സുഹൃത്തേ, താങ്കൾ ഒരു ആത്മീയനെങ്കിൽ സകലത്തേയും തിരിച്ചറിയേണ്ടതും തിരുത്തേണ്ടതും താങ്കളുടെ കടമയാണ്. [4]"ആത്മികനോ സകലത്തെയും വിവേചിക്കുന്നു, താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല." ആത്മീയ പാതിയിലെ കൂർത്ത കല്ലുകളും മുള്ളുകളും പെറുക്കിമാറ്റി വഴി സുഗമവും സുന്ദരവുമാക്കുന്നത് വിചാരണയും വിധിയും ആവില്ലല്ലോ! നമ്മെ ആരും വിധിക്കാതിരിപ്പാൻ സ്വയം വിധിച്ചുകൊൾക. [5]"നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല."

# വേദപുസ്തകത്താളുകളിലൂടെ

| പേജ് നമ്പർ | ക്രമ നമ്പർ | വേദഭാഗം | |
|---|---|---|---|
| 19 | 1 | സങ്കീ. | 103:15,16 |
| | 2 | സങ്കീ. | 39:5 |
| 24 | 1 | ലൂക്കൊ. | 12:20 |
| 25 | 1 | യിരെ. | 1:5 |
| | 2 | സങ്കീ. | 139:16 |
| 26 | 1 | വെളി. | 14:13 |
| | 2 | സങ്കീ. | 84:10 |
| | 3 | ഉല്പ. | 25:23 |
| 27 | 1 | മലാ. | 1:3–5 |
| | 2 | റോമ. | 9:13 |
| 28 | 1 | ഉല്പ. | 28:4 |
| 28 | 2 | ഒബ | 1:18 |
| 31 | 1 | 1കൊരി. | 3:6,7 |
| | 2 | ലൂക്കൊ. | 6:41 |
| 32 | 1 | മത്താ | 11:30 |
| | 2 | സംഖ്യ | 23:21 |
| 37 | 1 | സംഖ്യ | 19:12 |
| 39 | 1 | 1കൊരി. | 15:55 |
| | 2 | ലൂക്കൊ. | 22:31,32 |
| 40 | 1 | മർക്കൊ. | 8:33 |
| 42 | 1 | മത്താ. | 27:3,4 |
| | 2 | യോഹ. | 13:2 |
| 43 | 1 | യോഹ. | 21:21 |
| 44 | 1 | സഭാ | 1:2–4 |
| | 2 | സഭാ | 1:8 |
| | 3 | സഭാ | 1:11 |
| 45 | 1 | ഫിലി. | 1:23 |
| | 2 | ഫിലി. | 1:21 |
| | 3 | 1കൊരി. | 13:12 |
| 46 | 1 | ഉല്പ | 6:3 |
| | 2 | സങ്കീ. | 42:1 |
| 47 | 1 | റോമ. | 3:23 |
| | 2 | സങ്കീ. | 18:33, |
| | | ഹബ | 3:19 |
| | 3 | സങ്കീ. | 119:18 |
| 48 | 1 | സങ്കീ. | 18:34, |
| | 2 | സങ്കീ. | 51:14, |
| | 3 | സങ്കീ. | 51:15 |
| 51 | 1 | 1കൊരി. | 2:9 |
| 53 | 1 | മത്താ. | 23:13–15 |
| | 2 | 1കൊരി. | 9:9 |
| | 3 | 1 തിമൊ | 5:18 |
| 54 | 1 | സങ്കീ. | 139:17 |
| 55 | 1 | എബ്രാ. | 9:27 |
| | 2 | യോഹ. | 21:18 |
| 60 | 1 | വെളി. | 14:13 |
| | 2 | യോഹ. | 11:25 |
| | 3 | യെഹെ. | 33:11,18:23 |
| 60 | 4 | സങ്കീ. | 116:15 |
| 61 | 1 | 2 തിമൊ. | 4:8 |
| 63 | 1 | മർക്കൊ | 9:40, |
| | 2 | ലൂക്കൊ.9.50 | |
| | 3 | ലൂക്കൊ. | 18:8 |
| 66 | 1 | റോമ. | 10:15, |
| | | യെശ. | 52:7 |
| 69 | 1 | ലൂക്കൊ | 23:34 |
| 70 | 1 | യോഹ. | 6:44 |
| | 2 | മത്താ. | 16:16 |
| | 3 | മത്താ | 16:17 |
| 72 | 1 | മത്താ | 10:19 |
| | 2 | അപ്പൊ. | 7:60 |
| 74 | 1 | അപ്പൊ. | 13:47 |
| | | യെശ | 42:7 |
| 75 | 1 | ന്യായ. | 14:4 |
| | 2 | ന്യായ | 16:28 |
| 76 | 1 | ന്യായ | 16:30 |

# വേദപുസ്തകത്താളുകളിലൂടെ

| പേജ് നമ്പർ | ക്രമ നമ്പർ | വേദഭാഗം | | പേജ് നമ്പർ | ക്രമ നമ്പർ | വേദഭാഗം | |
|---|---|---|---|---|---|---|---|
| 76 | 2 | ഉല്പ. | 12:3 | | 2 | യോഹ | 1:17 |
| 77 | 1 | സദൃ. | 18:21 | | 3 | യോഹ | 1:31,33 |
| | | മത്താ. | 12:37 | | 4 | ലൂക്കൊ | 10:21 |
| 80 | 1 | സങ്കീ. | 9:10 | | 5 | യോഹ | 1:45 |
| 81 | 1 | യെശ. | 1:6 | | 6 | റോമ | 10:4 |
| 83 | 1 | മത്താ. | 28:9 | | 7 | റോമ | 10:5 |
| 85 | 1 | മത്താ. | 19:28 | | 8 | യോഹ | 14:6 |
| 86 | 1 | സങ്കീ. | 51:5 | 112 | 1 | യോഹ | 3:36 |
| 89 | 1 | സങ്കീ | 19:1 | | 2 | യോഹ | 6:35,48 |
| | 2 | സങ്കീ | 33:6,7 | | 3 | യോഹ | 4:14 |
| 90 | 1 | മലാ. | 4:6 | | 4 | ഉല്പ | 12:2,3 |
| | 2 | മത്താ | 10:34 | | 5 | ഉല്പ | 13:6 |
| 92 | 1 | ലൂക്കൊ | 23:31 | | 6 | ഉല്പ | 13:15,17 |
| 94 | 1 | 1 യോഹ | 1:8 | | 7 | ഉല്പ | 17:4–6 |
| 95 | 1 | റോമ | 10:9 | 114 | 1 | ലൂക്കൊ | 3:8 |
| | 2 | സഭാ. | 7:1 | | 2 | ഗലാ | 2:21 |
| 98 | 1 | എഫെ | 5:26,27 | | 3 | ഗലാ | 3:14 |
| | 2 | 1കൊരി. | 10:12 | 115 | 1 | യാക്കൊ | 2:20–26 |
| | 3 | റോമ | 9:15 | 116 | 1 | കൊലൊ | 3:3,4 |
| | 4 | സങ്കീ | 92:5 | 119 | 1 | 1കൊരി | 14:33 |
| | 5 | റോമ | 7:24 | | 2 | ലൂക്കൊ | 19:40 |
| 98 | 6 | റോമ | 7:18,19 | 123 | 1 | മത്താ | 17:17–20 |
| 99 | 1 | മത്താ | 10:24 | 124 | 1 | സങ്കീ. | 2:12 |
| 101 | 1 | 1പത്രൊ | 3:1 | 126 | 1 | മത്താ. | 10:42 |
| | 2 | 1കൊരി | 13:5 | 128 | 1 | മത്താ. | 6:24 |
| | 3 | മത്താ | 18:8 | | 2 | അപ്പൊ | 19:15,16 |
| 103 | 1 | സദൃ | 3:3 | 129 | 1 | 1തെസ്സ | 5:19,21 |
| 104 | 1 | ലൂക്കൊ | 23:28 | 131 | 1 | ഹബ | 2:3 |
| 105 | 1 | മത്താ. | 23:14,15 | 133 | 1 | സങ്കീ | 125:1 |
| 107 | 1 | ഉല്പ. | 3:21 | 135 | 1 | സഭാ | 7:8 |
| 108 | 1 | ഉല്പ. | 6:3 | 139 | 1 | ഉത്ത | 2:7,3:5,8:4 |
| 109 | 1 | ന്യായ | 2:10 | 140 | 1 | സങ്കീ | 51:5 |
| 111 | 1 | യോഹ. | 1:16 | 142 | 1 | സങ്കീ | 139:3 |

# വേദപുസ്തകത്താളുകളിലൂടെ

| പേജ് നമ്പർ | ക്രമ നമ്പർ | വേദഭാഗം | |
|---|---|---|---|
| | 2 | സങ്കീ | 139:15 |
| | 3 | ഇയ്യോ | 40:4 |
| | 4 | ഇയ്യോ | 42:3 |
| 143 | 1 | 2കൊരി | 2:11 |
| 144 | 1 | മത്താ | 7:11 |
| | 2 | സങ്കീ | 94:9 |
| 145 | 1 | മത്താ | 6:26 |
| | 2 | സങ്കീ | 147:9, |
| | | ഇയ്യോ | 38:41 |
| 145 | 3 | യോഹ | 16:8 |
| 146 | 1 | 1യോഹ | 1:7 |
| | 2 | മത്താ | 20:28 |
| | 3 | യെശ | 1:18 |
| 147 | 1 | മീഖാ | 7:19 |
| 150 | 1 | 1 രാജ | 19:14 |
| | 2 | 1 രാജ | 19:16 |
| 151 | 1 | സഭ | 1:1–4 |
| 152 | 1 | ലൂക്കൊ | 18:25 |
| | 2 | മത്താ | 7:13 |
| | 3 | ലൂക്കൊ | 12:20 |
| | 4 | സഭാ | 3:1–6 |
| 153 | 1 | ഉല്പ | 32:10 |
| 154 | 1 | യോന | 4:9 |
| | 2 | യോന | 4:10 |
| | 3 | ലൂക്കൊ | 16:25 |
| | 4 | സഭാ | 3:13 |
| 155 | 1 | എഫെ | 2:3 |
| | 2 | എഫെ | 4:26 |
| 156 | 1 | എഫെ | 4:30,31 |
| 157 | 1 | സഭാ | 1:8 |
| | 2 | സഭാ | 5:10 |
| | 3 | എബ്രാ | 13:5 |
| 158 | 1 | 1തിമൊ | 6:7 |
| | 2 | 1തിമൊ | 6:8 |

| പേജ് നമ്പർ | ക്രമ നമ്പർ | വേദഭാഗം | |
|---|---|---|---|
| | 3 | 1കൊരി | 10:10 |
| 159 | 1 | 1കൊരി | 10:11 |
| | 2 | യാക്കൊ | 5:9 |
| | 3 | സദൃ | 14:30 |
| 160 | 1 | സദൃ | 27:4 |
| | 2 | പുറ | 20:17 |
| | 3 | യാക്കൊ | 1:15 |
| 161 | 1 | യോഹ | 8:44 |
| | 2 | മത്താ | 6:21 |
| | 3 | 1തിമൊ | 6:10 |
| 162 | 1 | റോമ | 1:21 |
| | 2 | എഫെ | 5:20 |
| 163 | 1 | 1 തെസ്സ | 5:17,18 |
| 165 | 1 | അപ്പൊ | 1:8 |
| 166 | 1 | യോഹ | 2:16 |
| | | മത്താ | 21:13 |
| 167 | 1 | മത്താ | 17:21 |
| 168 | 1 | ലൂക്കൊ | 13:18 |
| 171 | 1 | മത്താ | 7:1,2 |
| | 2 | റോമ | 2:1 |
| 172 | 1 | സദൃ | 17:28 |
| | 2 | 1കൊരി | 5:12 |
| | 3 | റോമ | 14:10 |
| | 4 | യാക്കൊ | 4:11,12 |
| | 5 | റോമ | 12:4,5 |
| 173 | 1 | മത്താ | 12:49,50 |
| | 2 | 1കൊരി | 4:5 |
| 174 | 1 | സദൃ | 31:9 |
| | 2 | സങ്കീ | 37:30 |
| | 3 | ലൂക്കൊ | 7:43 |
| 175 | 1 | സങ്കീ | 119:13 |
| | 2 | യെഹെ | 22:2 |
| | 3 | യോഹ | 7:24 |
| | 4 | 1കൊരി | 2:15 |
| | 5 | 1കൊരി | 11:31 |

# നന്ദി

ആദിയുമന്തവുമായവനാദ്യമേനന്ദിയെങ്കിലു-
മാവില്ലനിങ്ങളെ, മറവിതൻ മാറിലമർത്തിയണക്കുവാൻ.

ബന്ധുവാം, സാഹിത്യകളരിതൻ ഗുരുക്കളെ, സ്വർഗ്ഗീയ-
ബന്ധം പാടിയുറപ്പിക്കുമലൗകികഗായകാ;
മലയാളഭാഷതൻ ഗുരുവായി വന്നയ-
ങ്ങുഴപ്പനാം പൂർവ്വ വിദ്യാർദ്ധിയെ മറന്നില്ല.
സ്വീകരിക്കൂ, ഗുരുദക്ഷിണയായീച്ചെറു-
പുസ്തകത്തിനൊപ്പമൊത്തിരി നന്ദികൂടെ.

ആദ്യമായ്ക്കണ്ടനാളക്ഷണം ദർശിച്ചു,
അന്തരംഗത്തിൽപ്പടരുമഗ്നിയെ സ്പഷ്ടമായ്.
തിരുവചനഘോഷണത്തിരക്കിനിടയിലും,
തിരക്കിട്ടഭിപ്രായം കോറിയ പാസ്റ്ററെ;
സീകരിക്കൂ, നറുമണംതൂകുമൊരുപിടിനന്ദി-
പ്പൂക്കളെ, ആധുനിക നാഥാൻ പ്രവാചകാ.

ശുഭ്രമാം വൈദികവേഷംകൊണ്ടൊരിക്കലും
സത്യത്തെ മൂടുവാൻ ശ്രമിക്കാത്ത വൈദിക-
ശ്രേഷ്ഠനേ, വേദപണ്ഡിതാ, നിർമ്മല-
സുവിശേഷവാഹകാ, നമിപ്പൂയീയ്യെളിയവൻ.
നന്ദിയാലുള്ളത്തിൽത്തിങ്ങിയ വാക്കുകളെ-
ക്കൊണ്ടൊരു നിവേദ്യമർപ്പിപ്പൂ സവിധത്തിൽ.

“ഒരു നിമിഷം” കൊണ്ടൊരായിരം വായനാ-
തൃഷ്ണകളനുവാചകരിലുണർത്തിയ ഡോക്ടറേ,
ഒരേയൊരു ഗർഭപാത്രത്തിനംശിയാമെന്നെ-
യൊരപ്പന്റെ സ്നേഹം തന്നാശ്ലേഷിപ്പൂ.
ഇല്ലെനിക്കൊത്തിരി വാക്കുകൾ പറയുവാ-
നുള്ളതൊരിത്തിരി സ്നേഹം മാത്രം.

സണ്ണി പ്ലാന്തോപ്പിൽ



## സണ്ണി പ്ലാന്തോപ്പിൽ

പേരിന് മുന്നിലോ പിന്നിലോ
പ്രത്യേക യോഗ്യതകളോ പദവികളോ
കൂട്ടിച്ചേർക്കാനില്ലാത്ത ഗ്രന്ഥകാരൻ,
കേവലം ഒരു ബിരുദധാരിയും
അവധിപ്പോയ
ഒരു ബിരുദാനന്തരബിരുദത്തിന്
ഉടമയും മാത്രമാണ്.
പരിശുദ്ധാത്മാവ് അദ്ദേഹത്തിന്റെ
ഉള്ളിൽ ഉണർത്തിയ ആത്മീയ
ചിന്തകൾ വ്യക്തവും ശക്തവുമായ
ഭാഷയിൽ
രേഖപ്പെടുത്തിയിരിക്കുന്നതിനൊപ്പം
തിരുവചനവിരുദ്ധ
പ്രവണതകളെക്കുറിച്ചുള്ള
പച്ചയായ വെളിപ്പെടുത്തലുകളും
പരാമർശങ്ങളും ഈ ചെറു ഗ്രന്ഥത്തെ
തികച്ചും വ്യത്യസ്തമാക്കുന്നു.

Wife : Reji
Children : Divya, Priya, Nidhin
Son-in-law : Subin
Grandson : Jordan

# അന്ത്യശ്വാസം

THE LAST BREATH

### പ്രൊഫ. കോശി തലയ്ക്കൽ

ആഴമേറിയ ആത്മചൈതന്യവും, വചനാധിഷ്ഠിത ധർമ്മബോധവും, അന്യാദൃശമായ ഭാഷാ സൗന്ദര്യവും ഒത്തിണങ്ങി നിൽക്കുന്ന സവിശേഷമായ ഒരു ഗ്രന്ഥമാണ് 'അന്ത്യശ്വാസം'.

ഉള്ളിൽ എരിഞ്ഞുപിടിച്ച ആത്മീയ പ്രവാഹം കൊണ്ട് എഴുതിപ്പോയ ഒരു ഗ്രന്ഥമത്രേ പ്രവാചകനായ യിരമ്യാവിനെപ്പോലെ ഉള്ളിലടക്കിനിർത്തുവാൻ കഴിയാതെ, അസ്ഥികളിൽ അടെക്കപ്പെട്ടിട്ട് ഹൃദയത്തിൽ തീ കത്തും പോലെ എരിഞ്ഞു പടരുന്ന അഗ്നി പ്രവാഹം.

### പാസ്റ്റർ അനീഷ് കാവാലം

നാളെയെക്കുറിച്ചുള്ള ആശങ്ക മനുഷ്യമനസ്സിനെ വല്ലാതെ ഉലച്ചുകളയുമ്പോൾ ഒരു ക്രിസ്തീയ ഭക്തനു മാത്രമേ ഭാവിയോർത്ത് പുഞ്ചിരിക്കുവാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യ പ്രാപ്തിയിലേക്ക് വായനക്കാരെ എത്തിക്കുന്നതിലും ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ക്രിസ്തീയ ഗ്രന്ഥലോകത്തു ഈ പുസ്തകം ഒരു മുതൽക്കൂട്ടാകുമെന്നതിൽ അഭിമാനിക്കാൻ വകയുണ്ട്.

ഏതൊരു വായനക്കാരനും ബോധ്യമാകത്തക്ക വിധത്തിൽ അവതരിപ്പിക്കുന്നതിൽ രചനാശൈലി മികവു പുലർത്തിയിരിക്കുന്നു.

### റവ. ഡോ. കുരുവിള ജോർജ്ജ് തടത്തിൽ

സഭകളിൽ കാണുന്ന ആത്മഹത്യാപരമായ കിടമത്സരവും തൊട്ടുകൂടായ്മയും,... ലൗകികത്വം,... സമൃദ്ധിയുടെ സുവിശേഷമെന്ന വേദവൈപരീത്യം,... പ്രവചനമെന്ന നാട്യത്തിലുള്ള ചൂഷണങ്ങൾ, വ്യാപകമായ അധാർമ്മികത തുടങ്ങിയ ദുഷിച്ച പ്രവണതകളും വഞ്ചനകളും അതിശക്തമായ ഭാഷയും ആക്ഷേപഹാസ്യവുമുപയോഗിച്ച് ഗ്രന്ഥകർത്താവു വിമർശിക്കുന്നു.

ആദ്ധ്യാത്മിക രംഗത്തുള്ള ഇത്തരം നാട്യങ്ങളെയും അപചയങ്ങളെയും വെറുക്കുകയും സംശുദ്ധമായ ആത്മീയ ജീവിതം ആഗ്രഹിക്കുകയും ചെയ്യുന്ന ഏതു സഭാംഗവും, സഭാ ശുശ്രൂഷകനും അവശ്യം വായിക്കേണ്ട ഗ്രന്ഥമാണിത്.

Published By
Gospel Literature Mission
Kodukulanji, Kerala